ക്രമപ്രശ്നം

(2) ബില്ലിലെ അപാകത

ശ്രീ. കെ. സി. ജോസഫ് : സർ, പ്ലാച്ചിമട കൊക്കകോള വിക്റ്റിംസ് റിലീഫ് കോമ്പൻസേഷൻ ക്ലെയിംസ് ട്രൈബ്യൂണൽ ബിൽ-2011 ഇവിടെ അവതരിപ്പിച്ചു. സാധാരണ റിപ്പോർട്ട് വരുമ്പോൾ ഹാജരായ മെമ്പേഴ്സിന്റെ പേര് ആ യോഗത്തിന്റെ മിനിറ്റ്സിൽ ഉണ്ടാകും. കമ്മിറ്റി അംഗങ്ങൾ ആരൊക്കെയാണ്. ഹാജരായവർ ആരൊക്കെയാണ് ; ഡിസന്റുണ്ടെങ്കിൽ അത്, ഇതിൽ അതൊന്നുമില്ല. വളരെ ലാഘവ ബുദ്ധിയോടുകൂടിയാണിത് കൈകാര്യം ചെയ്തിരിക്കുന്നത്. ഇത് ശരിയായ കീഴ്വഴക്കമല്ല.

മി. സ്പീക്കർ : ചെയർ അത് പരിശോധിക്കുന്നതാണ്.

IX ധനകാര്യം

വോട്ട് ഓൺ അക്കൗണ്ട് ചർച്ചയും വോട്ടെടുപ്പും

മി. സ്പീക്കർ : ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അങ്ങേക്ക് ഡിമാന്റ്സ് ഫോർ ഗ്രാന്റ്സ് ഓൺ അക്കൗണ്ട് സംബന്ധിച്ചുള്ള ഉപക്ഷേപം അവതരിപ്പിക്കാവുന്നതാണ്.

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്) : സർ ഈ ഉപക്ഷേപത്തോടനുബന്ധിച്ചുള്ള പട്ടികയിലെ മൂന്നാം കോളത്തിൽ യഥാക്രമം കാണിച്ചിരിക്കുന്ന സംഖ്യകളിൽ കവിയാത്ത തുകകൾ പ്രസ്തുത പട്ടികയിലെ രണ്ടാം കോളത്തിൽ ചേർത്തിട്ടുള്ള അനുയോജ്യമായ ഡിമാന്റ് ഹെഡ്ഡുകൾ സംബന്ധിച്ച് 2011-2012 സാമ്പത്തിക വർഷത്തിന്റെ ആദ്യത്തെ നാല് മാസത്തേക്കുള്ള ചെലവുകൾ നിർവ്വഹിക്കുന്നതിനുവേണ്ടിയോ ചെലവ് ചെയ്യുന്നതിലേക്കോ ഗവർണർക്ക് നൽകണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കാവുന്നതാണ്.

നിയമവും മരാമത്തും പാർലമെന്ററി കാര്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ) : സർ, ഞാൻ ഉപക്ഷേപത്തെ പിൻതാങ്ങുന്നു.

മി. സ്പീക്കർ : ഇനി ഭേദഗതികൾ അവതരിപ്പിക്കാവുന്നതാണ്.

ശ്രീ. എ. എ. ഷുക്കൂർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതിരിപ്പിക്കുന്നു.

(10) തെരഞ്ഞെടുപ്പുകൾ എന്ന IV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 49,36,17,000 ക.യിൽ നിന്ന് ഒരുനൂറു ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ്.

(24) മുദ്രപത്രങ്ങളും രജിസ്ട്രേഷനും എന്ന VII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 43,32,12,000 ക.-യിൽ നിന്ന് ഒരു നൂറു ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(33) വാഹന നികുതികൾ എന്ന IX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 18,31,08,000 ക. യിൽ നിന്ന് ഒരു നൂറു ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ്.

ശ്രീ. കെ. സി. ജോസഫ് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതിരിപ്പിക്കുന്നു.

(19) കാർഷികാദായ നികുതിയും വിൽപ്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 56,83,52,000 ക.യിൽ നിന്ന് ഒരുനൂറു ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ്.

(21) ഭൂനികുതി എന്ന VI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 112,33,54,000 ക. യിൽ നിന്ന് ഒരുനൂറു ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ്.

(50) പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1204,93,94,000 ക. യിൽ നിന്ന് ഒരുനൂറു ഉറുപ്പിക കുറവു ചെയ്യേണ്ടതാണ്.

(55) കുടുംബക്ഷേമം എന്ന XIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 85,84,57,000 ക. യിൽ നിന്ന് ഒരു നൂറു ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ്

(69) ശുദ്ധജലവിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 397,16,76,000 ക. യിൽ നിന്ന് ഒരു നൂറു ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ്.

(89) പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നോക്കവിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 347,66,14,000 ക. യിൽ നിന്ന് ഒരു നൂറു ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ്.

(92) പ്രകൃതിക്ഷോഭംമൂലമുള്ള ദുരിതാശ്വാസത്തിന് എന്ന XXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 93,06,68,000 ക. യിൽ നിന്ന് ഒരുനൂറു ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ്.

(114) ക്ഷീരവികസനം എന്ന XXXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 328184000 ക.യിൽ നിന്ന് ഒരുനൂറു ഉറുപ്പിക കുറവു ചെയ്യേണ്ടതാണ്.

(130) പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 68,24,96,000 ക. യിൽ നിന്ന് ഒരുനൂറു ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ബാബു : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതിരിപ്പിക്കുന്നു.

(23) ഭൂനികുതി എന്ന VI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 112,33,54,000 ക. യിൽ നിന്ന് ഒരുനൂറു ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ്.

(46) സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകക്കൊള്ളിച്ചിട്ടുള്ള 100,10,77,000 ക. യിൽ നിന്ന് ഒരു നൂറു ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ്.

(60) വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 819,27,77,000 ക. യിൽ നിന്ന് ഒരുനൂറു ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ്.

(87) പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നോക്കവിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 347,66,14,000 ക. യിൽ നിന്ന് ഒരുനൂറു ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ്.

(93) പ്രകൃതിക്ഷോഭംമൂലമുള്ള ദുരിതാശ്വാസത്തിന് എന്ന XXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 93,08,69,000 ക. യിൽ നിന്ന് ഒരുനൂറു ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ്.

(95) സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 79,34,55,000 ക.യിൽ നിന്ന് ഒരുനൂറു ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ്.

(104) കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകക്കൊള്ളിച്ചിട്ടുള്ള 486,22,16,000 ക.യിൽ നിന്ന് ഒരുനൂറു ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ്.

(110) മൃഗസംരക്ഷണം എന്ന XXXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 107,88,34,000 ക. യിൽ നിന്ന് ഒരുനൂറു ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ്.

(115) ക്ഷീരവികസനം എന്ന XXXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 32,81,84,000 ക. യിൽ നിന്ന് ഒരുനൂറു ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ്.

ശ്രീ. ജി. കാർത്തികേയൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതിരിപ്പിക്കുന്നു.

(14) തെരഞ്ഞെടുപ്പുകൾ എന്ന IV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 49,35,17,000 ക. യിൽ നിന്ന് ഒരുനൂറു ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ്.

(66) ശുദ്ധജലവിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 397,16,76,000 ക. യിൽ നിന്ന് ഒരുനൂറു ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ്.

(143) വൈദ്യുതപദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 12,27,38,000 ക. യിൽ നിന്ന് ഒരുനൂറു ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ്.

(153) ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 84,21,63,000 ക. യിൽ നിന്ന് ഒരുനൂറു ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ്.

(154) വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 70,64,68,000 ക. യിൽ നിന്ന് ഒരുനൂറു ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ്.

(164) സാമൂഹ്യസുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകക്കൊള്ളിച്ചിട്ടുള്ള 413,68,93,000 ക. യിൽ നിന്ന് ഒരുനൂറു ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതിരിപ്പിക്കുന്നു.

(13) തെരഞ്ഞെടുപ്പുകൾ എന്ന IV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 49,35,17,000 ക. യിൽ നിന്ന് ഒരുനൂറു ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ്.

(70) ഭവനനിർമ്മാണം എന്ന XXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 45,27,65,000 ക. യിൽ നിന്ന് ഒരുനൂറു ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ്.

(139) ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 221,04,54,000 ക. യിൽ നിന്ന് ഒരുനൂറു ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ്.

(162) ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 84,21,63,000 ക. യിൽ നിന്ന് ഒരുനൂറു ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, ഞാൻ ഈ വോട്ട് ഓൺ അക്കൗണ്ടിനെ എതിർക്കുകയാണ്. കേരളത്തിന്റെ മുഖ്യമന്ത്രി സഖാവ് വി. എസ്. അച്യുതാനന്ദന്റെ മുഖംമൂടികൾ ഓരോന്നായി അഴിഞ്ഞു വീഴുന്നത് ഈ സഭ സാക്ഷിയാകുകയാണ്. ഇന്നത്തെ അടിയന്തര പ്രമേയത്തിന് അദ്ദേഹം നൽകിയ മറുപടി അദ്ദേഹത്തിന്റെ ഒരു കുറ്റസമ്മതം തന്നെയായിരുന്നു. ഈ പ്രശ്നത്തിൽ ശ്രീ. കെ. ബാബു അടിയന്തര പ്രമേയം ഉന്നയിച്ചുകൊണ്ട് പറഞ്ഞ ആക്ഷേപങ്ങൾക്ക് മറുപടി പറഞ്ഞുകൊണ്ട് അദ്ദേഹം പറഞ്ഞത് ഈ ആക്ഷേപം ഉന്നയിച്ചയാൾ ഒരു ക്രിമിനൽ ആണ്. അതുകൊണ്ട് അത് അന്വേഷിക്കാൻ കഴിയില്ല എന്നാണ്. ഈ മറുപടി കേൾക്കുമ്പോൾ ഇതിന് മുൻപൊക്കെ ആക്ഷേപം ഉന്നയിച്ച ആളുകൾ മാലാഖമാർ ആയിരുന്നുവെന്ന് നമുക്ക് തോന്നും. ഈ വിഷയത്തിൽ എന്തുകൊണ്ട് ഒരു അന്വേഷണത്തിന് ഉത്തരവിടാൻ കേരളത്തിന്റെ മുഖ്യമന്ത്രി ഭയക്കുന്നു. അന്വേഷണത്തിന് ഉത്തരവിട്ടാൽ അന്വേഷണം അദ്ദേഹത്തിന്റെ മകൻ അരുൺകുമാറിന് നേരെ തിരിയും എന്നതുകൊണ്ടാണ് മുഖ്യമന്ത്രി അന്വേഷണത്തെ ഭയക്കുന്നത് എന്ന് ഞങ്ങൾക്ക് പറയേണ്ടിവരുന്നു. ലോട്ടറി വിഷയവുമായി ബന്ധപ്പെട്ട് കേന്ദ്രമന്ത്രി ചിദംബരം അയച്ച കത്ത് 65 ദിവസം കേരളത്തിന്റെ മുഖ്യമന്ത്രി പൂഴ്ത്തിവച്ചത് എന്തിനുവേണ്ടിയായിരുന്നു. ഇവിടെ അദ്ദേഹം തകർത്താടിയത് നമ്മൾ കണ്ടതാണ്. എൺപതിനായിരം കോടി രൂപയുടെ അഴിമതി; നാല് വർഷക്കാലം കേരളത്തെ കൊള്ളയടിച്ചവരെ വെറുതെ വിടത്തില്ല, അങ്ങോട്ട് പോകാൻ സമ്മതിക്കില്ല എന്നു പറഞ്ഞ മുഖ്യമന്ത്രിക്ക് ഇതിനിടയിൽ എന്തു സംഭവിച്ചു എന്ന് കേരളത്തിലെ ജനങ്ങൾക്ക് അറിയാൻ ആഗ്രഹമുണ്ട്. കേരളത്തിലെ ജനങ്ങൾക്ക് മനസ്സിലാകുന്ന തൃപ്തികരമായ ഒരു മറുപടി നൽകുവാൻ കേരളത്തിലെ മുഖ്യമന്ത്രിക്ക് കഴിഞ്ഞിട്ടില്ല. അങ്ങ് അത് വിശദീകരിച്ചില്ലെങ്കിൽ അങ്ങും ഒരു മൂന്നാംകിട ബ്ലാക്ക് മെയിലിംഗുകാരനായി കേരളത്തിലെ ജനങ്ങൾ കരുതും. കേരളത്തിലെ ചെറുപ്പക്കാർ ഇന്ന് നടക്കുന്ന മന്ത്രിസഭായോഗത്തെ ഭീതിയോടെയാണ് നോക്കിക്കാണുന്നത്. 'മലയാള മനോരമയിൽ പറയുന്നു' പിൻവാതിൽ നിയമനക്കാരെ പരമാവധി സ്ഥിരമാക്കാൻ ഇന്ന് മന്ത്രി സഭാ യോഗം നടക്കുകയാണ്. സി. ഡിറ്റിൽ, അനെർട്ടിൽ, കെ.റ്റി.ഡി.സി.-യിൽ വാട്ടർ അതോറിറ്റിയിൽ, കാപ്പെക്സിൽ, കേപ്പിൽ, സയൻസ് ആന്റ് ടെക്നോളജിയിൽ കൺസ്യൂമർ ഫെഡിൽ എല്ലായിടത്തും പിൻവാതിൽ വഴി കയറിയ താത്കാലികക്കാരെ സ്ഥിരപ്പെടുത്താൻ വേണ്ടി മാത്രം ഒരു മന്ത്രിസഭായോഗം ചേരുകയാണ്. ഇവിടെ ഏറ്റവും വലിയ അനധികൃത നിയമനം നടത്തിയിരിക്കുന്നത് മുഖ്യമന്ത്രിയുടെ മകൻ അരുൺകുമാറിനുവേണ്ടിയാണ്. ഈ അരുൺകുമാർ എങ്ങനെയാണ് ഐ.എച്ച്.ആർ.ഡി.-യിൽ അഡീഷണൽ ഡയറക്ടറായത്. അരുൺകുമാറിന്റെ ക്വാളിഫിക്കേഷൻ എന്താണ്? ഞാൻ വളരെ ഉത്തരവാദിത്തത്തോടുകൂടി പറയുകയാണ്.

ശ്രീ. എം. ചന്ദ്രൻ: ഈ സഭയിൽ ഇല്ലാത്ത അംഗത്തെപ്പറ്റി ആരോപണം ഉന്നയിക്കുന്നത് എഴുതിക്കൊടുത്തിട്ടാണോ; അത് ഓർഡറിലാണോ? അത് സഭാ രേഖകളിൽ നിന്ന് നീക്കം ചെയ്യണം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. സി. വിഷ്ണുനാഥ് : ഐ.എച്ച്.ആർ.ഡി.-യിൽ മൂന്ന് അഡീഷണൽ ഡയറക്ടർമാരെ നിയമിച്ചു. ഒന്ന്, ഡോ. ദേവസ്സി രണ്ട്, ഡോ. സുരേഷ്കുമാർ, മൂന്ന് അരുൺകുമാർ. ഈ അരുൺകുമാറിന് ഡോക്ടറേറ്റില്ല. ഐ.എച്ച്.ആർ.ഡി. കോളേജിലെ പ്രിൻസിപ്പൽമാർക്ക് വരുന്ന ഒരു തസ്തികയാണ് അഡീഷണൽ ഡയക്ടർ. ആ തസ്തികയിലേക്ക് മൂന്നു പേരെ നിയമിച്ചു. ഇതിനുമുൻപ് ഒരു അഡീഷണൽ ഡയറക്ടർ മാത്രമേ ഉണ്ടായിരുന്നുള്ളു. ഇപ്പോൾ അത് മൂന്നാക്കി. അരുൺകുമാറിനെ കൊണ്ടുവരാൻ വേണ്ടി കാറ്റഗറി ചെയ്ഞ്ച് ചെയ്ത് ഇന്റിറീം ഓർഡർ ഇറക്കി അരുൺകുമാറിനെ അഡീഷണൽ ഡയറക്ടറാക്കി. ഇയാളെ ഡയറക്ടറാക്കാൻ വേണ്ടി ഇയാളെക്കൊണ്ട് ഡോക്ടറേറ്റ് എടുപ്പിക്കാൻ ഒരു ശ്രമം നടത്തി. കേരള സർവ്വകലാശാലയിൽ പി.എച്ച്.ഡി.-ക്ക് ഒരു വ്യാജ അഫിഡവിറ്റ് കൊടുത്തു. എന്തിനുവേണ്ടിയാണ് ? ഇയാൾക്ക് ടീച്ചിംഗ് എക്സ്പീരിയൻസുണ്ടെങ്കിൽ ടെസ്റ്റ് എഴുതാതെ പിഎച്ച്ഡി.-ക്ക് പോകാം. പക്ഷേ അവിടത്തെ ഇടതുപക്ഷ സിൻഡിക്കേറ്റ് ഇത് പിടിച്ചു. മാധ്യമങ്ങൾ പുറത്തുകൊണ്ടുവന്നു. ഇദ്ദേഹത്തിന്റെ ഗവേഷണം റദ്ദാക്കി അങ്ങനെ വ്യാജ അഫിഡവിറ്റ് കൊടുത്ത അരുൺകുമാറിന് അത് നടന്നില്ല. ഇനി ഒരു പക്ഷേ ഒരു പത്ത് ദിവസം കൂടി കിട്ടിയാൽ ഇദ്ദേഹത്തെ അഡീഷണൽ ഡയറക്ടറാക്കാൻ വേണ്ടി എങ്ങനെയാണോ കാറ്റഗറി ചെയ്ഞ്ച് ചെയ്തത് അതുപോലെ ഇയാളെ ഡയറക്ടറാക്കാൻ വേണ്ടി ഐ.എ.എസ്.-കാരനാക്കാൻ വേണ്ടിയും ഇന്റിറിം ഓർഡർ ഈ സർക്കാർ ഇറക്കും. അസിസ്റ്റന്റ് ഡയക്ടറായതും ജോയിന്റ് ഡയറക്ടറായതും അനധികൃതമായിട്ടാണ്. ഇപ്പോൾ നവംബറിൽ അഡീഷണൽ ഡയറക്ടറായതും മറ്റ് രണ്ടുപേരും ഡോക്ടർമാരാണ്. ഇയാൾ എങ്ങനെ അഡീഷണൽ ഡയക്ടറായി; ഇതിനെ സംബന്ധിച്ച് ഒരു അന്വേഷണം വേണം.

12.00 Noon] ഇവിടെ 9 പൊതുമേഖലാ സ്ഥാപനങ്ങളുണ്ട്. ആ 9 പൊതുമേഖലാ സ്ഥാപനങ്ങളിലേക്ക് നടക്കുന്ന 1919 നിയമനങ്ങളിൽ വ്യാപകമായ അഴിമതിയാണ് നടക്കുന്നത്. ഒരു ഉദ്യോഗാർത്ഥിയിൽ നിന്നും അഞ്ച് മുതൽ 10 ലക്ഷം രൂപ വരെ വാങ്ങിയിട്ടാണ് പൊതുമേഖലാ സ്ഥാപനങ്ങളിലെ 1919 നിയമനങ്ങൾ നടത്തുന്നത്. വ്യവസായ വകുപ്പുമന്ത്രിയുടെ ഓഫീസ് നേരിട്ടാണ് ഈ ഉദ്യോഗാർത്ഥികളിൽ നിന്നും അഞ്ച് മുതൽ പത്ത് ലക്ഷം രൂപ വരെ വാങ്ങിയത്. ഏതാണ്ട് 16 കോടി രൂപയുടെ അഴിമതി ഈ വ്യവസായ വകുപ്പുമന്ത്രിയുടെ ഓഫീസുമായി ബന്ധപ്പെട്ട് നടന്നിട്ടുണ്ട് എന്ന് ഞാൻ ഉത്തരവാദിത്തത്തോടുകൂടി ഉന്നയിക്കുകയാണ്. ഇതിനെ സംബന്ധിച്ച് ഉചിതമായ ഏജൻസിയെക്കൊണ്ട് അന്വേഷിപ്പിക്കണം. ഇവിടെ 40 ലക്ഷത്തിലധികം ചെറുപ്പക്കാർ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്ത് ജോലിക്കുവേണ്ടി കാത്തുനിൽക്കുന്നു, എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നിയമിക്കാൻ സർക്കാരിന് ഉദ്ദേശമില്ല എന്ന് വ്യാഖ്യാനിക്കാവുന്ന തരത്തിലുള്ള പ്രസ്താവന ധനകാര്യവകുപ്പുമന്ത്രി നടത്തിക്കൊണ്ട് ഇവിടത്തെ ചെറുപ്പക്കാരെ വഞ്ചിക്കുകയാണ്. കൺസ്യൂമർ ഫെഡിലെ നിയമനത്തെ സംബന്ധിച്ച് കോടതിയുടെ ഇന്റിറിം ഓർഡറുണ്ട്. സമയക്കുറവുകൊണ്ട്

വായിക്കാതെ ഹൈക്കോടതിയുടെ ഉത്തരവ് ഞാൻ മേശപ്പുറത്ത് വയ്ക്കുകയാണ്. 8-ാം തീയതിയാണ് ഹൈക്കോടതി ഒരു നിയമനവും പാടില്ലെന്ന് ഉത്തരവ് കൊടുക്കുന്നത്. പ്രിജു, ഷാജി, മുരുകൻ എന്നിവരെ 10-ാം തീയതിയാണ് നിയമിച്ചത്. 8-ാം തീയതി ഹൈക്കോടതി ഇന്റെറിം ഓർഡർ പുറപ്പെടുവിച്ചിട്ടും 10-ാം തീയതി എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി മാത്രമേ നിയമിക്കാൻ പാടുള്ളൂ എന്ന് കൺസ്യൂമർ ഫെഡിന് ബഹു. ഹൈക്കോടതി ഉത്തരവ് കൊടുത്തിട്ടും 10-ാം തീയതി നിയമനം നടത്തിയിരിക്കുകയാണ്. കേപ്പ്-ലേക്ക് നടത്തിയ നിയമനത്തിൽ ഇന്നത്തെ ക്യാബിനറ്റിൽ 350 പേരെ സ്ഥിരപ്പെടുത്തുവാൻ വേണ്ടിയുള്ള ഫയൽ വരാൻ പോവുകയാണ്. കെ.എസ്.ആർ.ടി.സി.-യിലും വാട്ടർ അതോറിറ്റിയിലും നിയമിച്ചവരെ സ്ഥിരപ്പെടുത്തുകയാണ്. ഇവിടെ ഒരു വശത്ത് പാവപ്പെട്ട ചെറുപ്പക്കാർ ജോലിക്കുവേണ്ടി ഈ സർക്കാരിലും പി.എസ്.സി.-യിലും പ്രതീക്ഷ അർപ്പിച്ച് നിൽക്കുമ്പോൾ, മറുവശത്ത് മുഴുവൻ പേരെയും നോക്കുകുത്തികളാക്കിക്കൊണ്ട് പിൻവാതിൽ നിയമനങ്ങളും വ്യാജ നിയമനങ്ങളും നടത്തുകയാണ്. സി.ഡിറ്റ്, മുഖ്യമന്ത്രി നേരിട്ട് നോക്കുന്ന വകുപ്പാണ്. ഇവിടെ ധനകാര്യ വകുപ്പുമന്ത്രി ഒരു അന്വേഷണത്തിന് ഉത്തരവിട്ടു. ശ്രീ. എം. മുരളിക്ക് കൊടുത്ത മറുപടിയാണ്. സി-ഡിറ്റിന്റെ സാമ്പത്തിക അഴിമതികളെക്കുറിച്ച് അന്വേഷിക്കാൻ ധനകാര്യ സമിതിയുടെ സംയുക്ത പരിശോധനയ്ക്ക് ഉത്തരവായിട്ടുണ്ട്. അതിൽ ഉൾപ്പെട്ടിട്ടുള്ള ഒരു ബാലഭാസ്കരനെ നമ്മുടെ ആദർശധീരനായ മുഖ്യമന്ത്രി ഇപ്പോൾ നോർക്കയിൽ കൊണ്ടുവച്ചിരിക്കുകയാണ്. നോർക്കയിൽ അന്ന് ജോലികൊടുത്തത് ആരാണെന്ന് ഞാൻ പറയുന്നില്ല. എപ്പോഴും അദ്ദേഹത്തിന്റെ പിറകിലുള്ള ആളാണ്. അവരുമായി ബന്ധപ്പെട്ട ആളുകൾക്കാണ് നോർക്കയിൽ പിൻവാതിൽ നിയമനം കൊടുത്തിരിക്കുന്നത്. ഈ ബാലഭാസ്കരനെക്കുറിച്ചുള്ള അന്വേഷണം സി-ഡിറ്റിൽ പൂർത്തിയായിട്ടില്ല. അതിനുമുമ്പ് അദ്ദേഹത്തിന്റെ ജോലിയിൽ സംതൃപ്തി രേഖപ്പെടുത്തിക്കൊണ്ട് ബാലഭാസ്കരനുൾപ്പെടെ 300 പേർക്ക് പിൻവാതിലൂടെ നിയമനം നൽകിയിരിക്കുകയാണ്. ഇന്നലെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. മനോജ് കുമാറിന് ഒരു നോട്ടീസ് കൊടുത്ത വിവരം ധനകാര്യ വകുപ്പുമന്ത്രി അറിഞ്ഞിട്ടുണ്ടോ ; മനോജ് കുമാർ നല്ലൊരു ഉദ്യോഗസ്ഥനാണ്. അദ്ദേഹം മുഖ്യമന്ത്രിയുടെ പ്രിൻസിപ്പൽ സെക്രട്ടറി കൂടിയാണെന്ന് തോന്നുന്നു. മുഖ്യമന്ത്രി വേണമെങ്കിൽ നേരിട്ട് ചെയ്തോളൂ. ഞാനായിട്ട് ചെയ്യില്ലായെന്ന് ശ്രീ. മനോജ് കുമാർ പറഞ്ഞു. ഞാൻ പറയുന്നത് കേട്ടാൽ മതി, ഇത് അങ്ങ് നിയമിച്ചാൽ മതി, നിങ്ങളായിട്ട് ഒന്നും ഇങ്ങോട്ട് പറയണ്ട, എന്നുപറഞ്ഞുകൊണ്ട് സി-ഡിറ്റിൽ 300 പേരെ പിൻവാതിലിലൂടെ നിയമിക്കുന്നതിനുവേണ്ടി മുഖ്യമന്ത്രി ഒരു നോട്ട് മനോജ് കുമാറിന് കൊടുത്തിരിക്കുകയാണ്. അന്വേഷണത്തിൽ ഇതിൽ പലരും പ്രായപരിധി കഴിഞ്ഞവരാണ്. ശ്രീ. എം. മുരളിക്ക് നൽകിയ മറുപടിയിൽ സി-ഡിറ്റിൽ 2005-2010 കാലഘട്ടത്തിൽ പ്രായപരിധി കഴിഞ്ഞ ആളുകൾക്ക് നിയമനം നൽകിയിട്ടുണ്ട് എന്ന് ബഹുമാനപ്പെട്ട വി. എസ്. അച്ചുതാനന്ദൻ നിയമസഭയിൽ സമ്മതിച്ചു. അങ്ങനെ പ്രായപരിധി കഴിഞ്ഞ് നിയമനം നൽകിയ ആളുകളെ ഇന്ന് സ്ഥിരപ്പെടുത്താൻ പോവുകയാണ്. മുഖ്യമന്ത്രി തന്നെ മേൽനോട്ടം വഹിക്കുന്നതും ധനകാര്യ വകുപ്പിന്റെ

LIBRARY ARCHIVES Kerala Legislative Assembly

അന്വേഷണം നടക്കുന്നതുമായ ഒരു സ്ഥാപനമാണ് സി-ഡിറ്റ്. സ്ഥിര ജീവനക്കാരെ നിയമിക്കാൻ ഒരു വ്യവസ്ഥയുണ്ട്. മാൻ പവർ അസസ്സ് ചെയ്യാൻ പി.ആർ.ഡി. ഡയറക്ടർ ചെയർമാനായ കമ്മിറ്റി നിലവിലുണ്ട്. മാൻ പവർ അസ്സസ് ചെയ്യാൻ സി.ഡിറ്റിന്റെ എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ ഫയൽ വരണം. അവിടത്തെ ഗവേണിംഗ് ബോഡി പരിശോധിക്കണം. സർക്കാരിന് ലിസ്റ്റ് അയയ്ക്കണം ഇതൊന്നും ചെയ്യാതെ മുഖ്യമന്ത്രി ആ ഗവേണിംഗ് ബോഡിയിലേക്ക് വന്ന് ഇത്രയധികം ആളുകളെ സ്ഥിരപ്പെടുത്താൻ നേരിട്ട് പറയുകയാണ്. കണ്ണൂരിലും കൊച്ചിയിലും സി-ഡിറ്റിന് റീജണൽ ഏജൻസി തുടങ്ങിയിട്ടുണ്ട്. മുഖ്യമന്ത്രിയുടെ പേഴ്സണൽ സ്റ്റാഫിൽപ്പെട്ട വി. കെ. ശശിധരന്റെ മകന് ഇത്തരത്തിൽ പിൻവാതിൽ നിയമനം നൽകിയിരിക്കുകയാണ്. എന്ത് നീതിയാണ് ഇവിടെയുള്ളത്. മുഖ്യമന്ത്രിക്ക് നേരിട്ട് ചുമതലയുള്ള ഈ സ്ഥാപനത്തിൽ നടത്തിയിരിക്കുന്ന പിൻവാതിൽ നിയമനങ്ങൾ നിർത്തിവയ്ക്കാൻ തയ്യാറായില്ലെങ്കിൽ കേരളത്തിലെ പി.എസ്.സി. റാങ്ക് ഹോൾഡേഴ്സിനെ സംഘടിപ്പിച്ചുകൊണ്ട് ഞങ്ങൾ വലിയ പ്രക്ഷോഭം നടത്താൻ പോവുകയാണ്. ഞങ്ങളുടെ മുഴുവൻ തലയ്ക്ക് അടിച്ചു വീഴ്ത്തിയിട്ട് 308-പ്രകാരം കേസെടുത്തു. ഞാൻ സമരത്തിൽ പങ്കെടുത്തിട്ട് ആദ്യമായി ജയിലിൽ പോകുന്ന ആളല്ല. ധനകാര്യ വകുപ്പുമന്ത്രിക്ക് രണ്ടു ദിവസത്തെ ചുമതല കിട്ടിയപ്പോൾ നേരിട്ട് വന്ന് കണ്ട് എന്റെ നെറ്റിയിൽ തടവി എന്റെ മുറിവ് കണ്ടിട്ട് അദ്ദേഹം നേരെപോയി 308 പ്രകാരം കേസ്സെടുക്കുകയാണ് ഉണ്ടായത്. ഞാൻ ഇനിയും ജയിലിൽ പോകാം. പക്ഷേ ഞാൻ ജയിലിൽ കിടന്നാലും കേരളത്തിലെ ചെറുപ്പക്കാർ ജീവൻ കൊടുത്തും ഈ അഴിമതി നിയമനത്തെ തടയും. ഞങ്ങളുടെ ശവത്തിൽ ചവിട്ടികൊണ്ടുമാത്രമേ നിങ്ങൾക്ക് ഈ നിയമനം നടത്താൻ സാധിക്കുകയുള്ളു എന്നുമാത്രം പറഞ്ഞുകൊണ്ട് ഈ വോട്ട് ഓൺ അക്കൗണ്ടിനെ ഞാൻ എതിർക്കുന്നു.

ശ്രീ. എം. എം. മോനായി: സർ, ഞാൻ ഈ വോട്ട് ഓൺ അക്കൗണ്ടിനെ അനുകൂലിക്കുകയാണ്. ഇരമ്പിയാർത്ത്, ഇടിച്ചുപൊളിച്ച്, അടിപൊളിയായി ഓടി വന്ന ബസ്സ് തുടരെ തുടരെ വലിയ ഗട്ടറിൽ വീണ് ആക്സിൽ ഒടിഞ്ഞ് ക്ലച്ച്പോയി ബ്രേക്ക് നഷ്ടപ്പെട്ട അവസ്ഥയിലാണ് യു.ഡി.എഫ്. എത്ര വലിയ ജാക്കി വച്ചാൽ പോലും പൊക്കിയെടുക്കാൻ പറ്റാത്ത കുണ്ടിലാണ് ഇപ്പോൾ യു.ഡി.എഫ്. എന്ന വണ്ടി കിടക്കുന്നത്. ഐക്യജനാധിപത്യ മുന്നണിയിലെ ഐക്യവും ജനാധിപത്യവും നഷ്ടപ്പെട്ട് അനൈക്യ അഴിമതി ആധിപത്യ മുന്നണിയായി അത് മാറിപ്പോയി. നേതൃത്വത്തിനു വേണ്ടി പരസ്പരം പാരവച്ച് മണ്ടിമണ്ടി കാറുന്നവർ സൃഷ്ടിച്ച സ്വസൃഷ്ടിയായ കുഴിയിലാണ് അവർ വീണിരിക്കുന്നത്. ആദരണീയനായ പ്രതിപക്ഷ നേതാവിനെ വീഴ്ത്താൻ കേന്ദ്രത്തിലിരുന്ന് വയലാർ രവിയും ഇവിടെ സുധീരനും സുധീരനെ വീഴ്ത്താൻ ചെന്നിത്തലയും നടത്തുന്ന കരുനീക്കങ്ങളാണ് കേരള രാഷ്ട്രീയത്തിൽ ഇപ്പോൾ സൃഷ്ടികരിച്ച മലിനീകരണം. ശ്രീ. അബ്ദുള്ളക്കുട്ടി സുധീരനെ മുരടൻ എന്നുവിളിച്ച് ആക്ഷേപിച്ചപ്പോൾ അതിൽ സന്തോഷിക്കു

LIBRARY ARCHIVES Kerala Legislative Assembly

കയാണ് കെപിസിസി പ്രസിഡന്റ് ചെയ്തത്. യു.ഡി.എഫ്.-ന്റെ ഭരണകാലത്തെ മിനിമം പരിപാടി അവസരം കിട്ടിയാൽ പൊതുമുതൽ കട്ടുമുടിക്കുക, അഴിമതിപ്പണം കൊണ്ട് കീശവീർപ്പിക്കുക, സകല അനാശാസ്യത്തിലും ഏർപ്പെടുക എന്നതായിരുന്നു. കേന്ദ്ര ഗവൺമെന്റ് അഴിമതിയുടെ കൂട്ടുകെട്ടായി മാറി. കോമൺവെൽത്ത് ഗെയിംസ് അഴിമതി, ആദർശ് ഫ്ളാറ്റ് അഴിമതി, ടു.ജി. സ്പെക്ട്രം അഴിമതി, എസ് ബാന്റ് അഴിമതി അങ്ങനെ ഏഴരലക്ഷം കോടി രൂപയുടെ അഴിമതിയാണ് നടന്നത്. ഓൺ ലുക്ക് എന്ന വാരികയിൽ പ്രമുഖ നിയമജ്ഞൻ പറഞ്ഞത് ഈ ഏഴര ലക്ഷം കോടി രൂപ ഇന്ത്യയിലെ പാവപ്പെട്ട കുടുംബങ്ങൾക്കായി വീതിക്കുകയാണെങ്കിൽ ഓരോ കുടുംബത്തിനും രണ്ട് ലക്ഷം രൂപ വീതം കിട്ടുമായിരുന്നു. യു.ഡി.എഫ്. അകപ്പെട്ട പത്മവ്യൂഹം നിങ്ങൾ തന്നെ ചമച്ചതാണ്. ശ്രീ. കുഞ്ഞാലിക്കുട്ടിയാണ് ആദ്യത്തെ വെളിപ്പെടുത്തൽ നടത്തിയത്. അടുത്തത് അദ്ദേഹത്തിന്റെ പാർട്ടിക്കാരനായ മുനീറിന്റെ ചാനൽ നടത്തിയ വെളിപ്പെടുത്തലുകളായിരുന്നു. തുടർന്ന്, അദ്ദേഹത്തിന്റെ കൂടെ ഉണ്ടും ഉറങ്ങിയും നടന്ന അദ്ദേഹത്തിന്റെ തന്നെ ബന്ധു നടത്തിയ വെളിപ്പെടുത്തൽ. നിങ്ങളുടെ നേതാവ് ശ്രീ. കെ. സുധാകരനാണ് പിന്നീട് വെളിച്ചപ്പാടിനെപ്പോലെ അലറിതുള്ളി വിളിച്ചു പറഞ്ഞത്. സ്വയംകൃതാർത്ഥമായി നിങ്ങൾ തന്നെ നടത്തിയ വെളിപ്പെടുത്തലുകളിൽ അകപ്പെട്ടിട്ട് ഞങ്ങളെപ്പഴിച്ചിട്ട് കാര്യമെന്താണ്? ഐസ്ക്രീം എന്ന് പറയുമ്പോൾ തന്നെ ഇവിടെ എല്ലാവരും ചാടിയെഴുന്നേൽക്കുകയാണ്. ഐസ്ക്രീമിന്റെ പേര് മാറ്റി അത് ചുടൻ ക്രീം എന്നാക്കണമെന്നാണ് എന്റെ ഒരു നിർദ്ദേശം. കിട്ടേണ്ടതു കിട്ടുമെന്ന് മാണി സാർ പറഞ്ഞു. മാണി സാറിന് കിട്ടി. നടുറോഡിലാണ് കിട്ടിയത്. എല്ലാം ശരിക്ക് കിട്ടികഴിഞ്ഞപ്പോൾ യു.ഡി.എഫ്. യോഗത്തിൽ വച്ച് അദ്ദേഹം ഒതുങ്ങിപ്പോവുകയും ചെയ്തു. യു.ഡി.എഫ്.-ന്റെ ഭരണത്തിലും നിങ്ങളുടെ തീവണ്ടിയിലും സ്ത്രീകൾ തീ തിന്നുകയാണ്.

എന്തിന് കൊന്നു പാവമീ മൃഗത്തെ നീ
ശാന്തസുന്ദരമീ ആരണ്യത്തെ
ബൃഹസ്സിൽ ഇണചേർന്നുനിന്നിടും നേരം
കൊന്നതെന്തിനീ ഹരിണത്തെ
മൃഗയവിനോദമാം മന്നവർക്കെന്നാലിന്ന്
മൃഗയവിഷാദമായ് നിന്നക്കെന്നെന്നേക്കും നീ.

ഷൊർണ്ണൂർ തീവണ്ടിയിൽ നിന്ന് താഴെ വീണ കുട്ടിയെ പീഡിപ്പിച്ച ആളുകൾക്ക് സ്വീകരണം നൽകുന്നതുപോലെയാണ് ഇവിടത്തെ പ്രതികളെ യു.ഡി.എഫ്. കൊട്ടിഘോഷിച്ച് കൊണ്ടു നടക്കുന്നത്. നിങ്ങളുടെ ഭരണകാലത്ത്

LIBRARY ARCHIVES Kerala Legislative Assembly

ചില നേതാക്കൾ നടത്തിയ വേട്ടയാണ് ഇപ്പോൾ നിങ്ങളെത്തന്നെ വേട്ടയാടുന്നത് പേ പിടിച്ചോടുന്ന നായ കണ്ണിൽ കണ്ടവരെയൊക്കെ കടിക്കും. ആ അവസ്ഥയിൽപ്പെട്ട യു.ഡി.എഫ്. ഇപ്പോൾ പേ പിടിച്ച പോലെ ആരോപണങ്ങൾ ഉന്നയിക്കുകയാണ്. സൂര്യശോഭയോടുകൂടി നിൽക്കുന്ന ശ്രീ. വി. എസ്. അച്ചുതാനന്ദന്റെ പ്രഭ കെടുത്താനാണ് ശ്രമം. സൂര്യൻ കത്തിനിൽക്കുമ്പോൾ ചൂട്ടുകത്തിച്ചിട്ട് കാര്യമുണ്ടോ ? സൂര്യനുനേരെ ചെളി വാരിയെറിഞ്ഞിട്ട് കാര്യമുണ്ടോ ? നിലാവുദിക്കുമ്പോൾ കുറുക്കന്മാർ ഓരിയിടും, പക്ഷേ, അതൊന്നും നിലാവിന് ബാധകമല്ല. അതുകൊണ്ടൊന്നും ശ്രീ. വി. എസ്. അച്ചുതാനന്ദൻ കുലുങ്ങാൻ പോകുന്നില്ല. ദേശീയ രാഷ്ട്രീയത്തിൽ അഴിമതിക്കെതിരായി പൊരുതുന്ന ധർമ്മയോദ്ധാവാണ് സഖാവ് വി. എസ്. അച്ചുതാനന്ദൻ. ശ്രീ. പി. സി. വിഷ്ണുനാഥ് ഇവിടെ പറഞ്ഞു. തിരുവനന്തപുരം ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതി മുമ്പാകെ എസ്.ടി. 9697-ൽ മേൽ നമ്പർ കേസ്സിലെ വാദി പ്രതികൾ ചേർന്ന്, വാദി ആരാണ് അരുൺകുമാർ, പ്രതി ആരാണ് എം. എം. ഹസൻ ; മേൽനമ്പർ കേസ്സിലെ വാദിപ്രതികൾ ബോധിപ്പിക്കുന്ന താഴെ ഹർജി. ഈ കേസിലെ വാദി അരുൺകുമാറിനെതിരെ പ്രതി എം. എം. ഹസൻ, കെ.പി. സി.സി. വക്താവെന്ന നിലയിൽ 3,6,7 തീയതികളിൽ പ്രസ് കോൺഫറൻസിൽ ഉന്നയിച്ച ആരോപണങ്ങൾ ശരിയല്ലെന്ന് വാദിയുടെ വിസ്താരമദ്ധ്യേ ബോധ്യപ്പെട്ടതിനാൽ ടി ആരോപണങ്ങൾ പ്രസിദ്ധീകരിക്കാൻ ഇടയായതിൽ പ്രതി ഖേദം പ്രകടിപ്പിച്ചിരിക്കുന്നു. എം. എം. ഹസ്സന്റെ പേര് മാപ്പ് മാപ്പ് ഹസ്സനായി മാറിക്കൊണ്ടിരിക്കുകയാണ്.

ഇവിടെ നിങ്ങൾ പറഞ്ഞു, ആദരണീയനായ പ്രതിപക്ഷ നേതാവടക്കം പാഞ്ഞു. പ്രതിപക്ഷത്തിരിക്കുമ്പോൾ ചന്ദന മാഫിയയ്ക്കുവേണ്ടി.... (ബഹളം)... ഞാൻ വഴങ്ങാം.. നിങ്ങൾ പറഞ്ഞില്ല എന്ന് പറഞ്ഞു. വി. എസ്. നടത്തിയിട്ടുള്ള പ്രസംഗം 9 പേജുള്ളതാണ്. അതിൽ അദ്ദേഹം പറയുന്നുണ്ട്. "നിങ്ങൾ ആ സ്ട്രോംഗ് റൂമിൽ സൂക്ഷിച്ചിരുന്ന ഏതാണ്ട് മൂന്നരക്കോടിയോളം രൂപ വിലപിടിക്കുന്ന ചന്ദനത്തൈലം, ചന്ദനത്തടി, ആനക്കൊമ്പ് എന്നിവ മോഷണം പോയിട്ട് ഇപ്പോൾ 9 മാസമായിട്ടും അതിൽ ഒരാളെപ്പോലും അറസ്റ്റ് ചെയ്തിട്ടില്ല. രണ്ട് ഉദ്ദേശമാണ് ഈ മോഷണത്തിന് പിന്നിലുള്ളത് (1) വിലപ്പെട്ട സമ്പത്തുകൾ കൊള്ളയടിച്ചാൽ അത് വിറ്റ് കോടികൾ ഉണ്ടാക്കാം. (2) 35 കേസിലെ തൊണ്ടിമുതലാണെന്നുള്ളതുകൊണ്ട് ആ 35 കേസും ഇൻവാലിഡേറ്റാക്കി അതിലെ പ്രതികൾക്ക് രക്ഷപ്പെടാം. ഈ നിലയിലുള്ള ഉദ്ദേശങ്ങളോടുകൂടി ഒലവക്കോട് സ്ട്രോംഗ് റൂമിൽ നടന്ന മോഷണത്തെപ്പറ്റി യാതൊരു അന്വേഷണവും നടന്നില്ല. 9 മാസമായിട്ടും ഒരാളെയും അറസ്റ്റ് ചെയ്തിട്ടില്ല. അതുപോലെ മറ്റൊരു സ്ട്രോംഗ് റൂമുണ്ട്. അത് തളിപ്പറമ്പിലാണ്. തളിപ്പറമ്പിലെ സ്ട്രോംഗ് റൂമിൽ നിന്ന് 25 കിലോ ചന്ദനം മോഷണം പോയി. ഞാൻ അവിടെ പോയി. ചന്ദനത്തൈലം വരുന്ന ടാങ്ക് പൊട്ടുകയോ

LIBRARY ARCHIVES Kerala Legislative Assembly

അല്ലെങ്കിൽ മോഷ്ടിക്കപ്പെടുകയോ ചെയ്തതായിരിക്കും സാറേ എന്നാണ് ഒരാൾ പറഞ്ഞത്. അപ്പോൾ ആ സാറിനോട് ഞാൻ തിരിച്ചുചോദിച്ചു. ടാങ്ക് പൊട്ടുകയാണെങ്കിൽ ഒരു തുള്ളി ചന്ദനത്തൈലത്തിന്റെ മണം വരില്ലേ? കിലോകണക്കിന് ചന്ദനത്തൈലം പൊട്ടി ഒഴുകുമ്പോൾ ഉണ്ടാകുന്ന മണം അവിടെ ഡസൻ കണക്കിന് ഫോറസ്റ്റ് ഉദ്യോഗസ്ഥന്മാരും പോലീസുകാരും ഉള്ള സ്ഥലത്ത് ഈ ശക്തമായ സുഗന്ധം അനുഭവിക്കുമ്പോൾ കണിശമായും അവർ അനങ്ങാതിരിക്കുമോ? ഇങ്ങനെ പറഞ്ഞ വി. എസ്.-നെ.....ബാക്കി സമയക്കുറവുകൊണ്ട് ഞാൻ വായിക്കുന്നില്ല. .....(ബഹളം)..... ഞാൻ വായിക്കാം.-

മി. സ്പീക്കർ : 5 മിനിറ്റിൽ കൂടുതൽ തന്നിരിക്കുകയാണ്..... Please conclude.

മുഖ്യമന്ത്രി (ശ്രീ. വി. എസ്. അച്യുതാനന്ദൻ) : തങ്ങൾക്ക് താല്പര്യമുള്ള അഴിമതി വീരന്മാരായിട്ടുള്ള ഉദ്യോഗസ്ഥന്മാർക്ക് എല്ലാവിധ സംരക്ഷണവും നൽകുന്നു. സംസ്ഥാനത്തിന്റെ താൽപ്പര്യവും വനത്തിന്റെ താല്പര്യവും വനസമ്പത്ത് സംരക്ഷിക്കുന്ന താൽപ്പര്യവും ഉയർത്തിപ്പിടിക്കുന്ന സത്യസന്ധരായ ഉദ്യോഗസ്ഥന്മാർക്ക് അങ്ങേയറ്റം പീഡനം. ഇതാണ് ഇവിടെ നടന്നുകൊണ്ടിരിക്കുന്നത്. അതിനാൽ സത്യവും നിഷ്ക്കളങ്കവുമായിട്ടുള്ള നിലയിലാണ് സ്ഥലം മാറ്റത്തിന്റെ കാര്യവും ഒലവക്കോട്ടെയും തളിപ്പറമ്പിലെയും സ്ട്രോംഗ് റൂമിലെ മോഷണവുമെല്ലാം നടന്നിട്ടുള്ളതെന്ന് ഒരു തരത്തിലും കരുതാൻ പറ്റുകയില്ല. ഇതിനെല്ലാം പിറകിൽ വൻ കോഴയുടെ അഴിമതിയാണ് നടന്നിട്ടുള്ളതെന്ന് ഞാൻ ശക്തിയായി ഉന്നയിക്കുകയാണ്. അന്വേഷണം നടത്താൻ തയ്യാറുണ്ടെങ്കിൽ ഇത് സംബന്ധിച്ച് തെളിയിക്കാൻ തയ്യാറാണെന്ന് ഈ അവസരത്തിൽ ഞാൻ അറിയിക്കുകയാണ്." എന്ന് പറഞ്ഞ വി. എസ്.-ന്റെ നേരെയാണോ നിങ്ങൾ,.... ഇവിടെ നമ്മുടെ പൊതുജീവിതത്തിൽ ധർമ്മത്തിന്റെ മൂർത്തിയായിട്ട് നിൽക്കുന്ന വി. എസ്.-നെതിരായിട്ടാണോ നിങ്ങൾ പറഞ്ഞുകൊണ്ടിരിക്കുന്നത്. .....(ബഹളം)..... ഞാൻ വഴങ്ങിത്തരാം.....വഴങ്ങിത്തരാം.....

ശ്രീ. കെ. വി. കുഞ്ഞിരാമൻ : വലിയ ചന്ദനമാഫിയയുടെ പ്രതിനിധിയായ ചന്ദന മുതലാളിയാണ് അരുൺ കുമാറിന് പണം കൊടുത്തതെന്നാണല്ലോ ഇന്ന് രാവിലെ അടിയന്തര പ്രമേയത്തിന്റെ ഭാഗമായി ഉന്നയിച്ചത്. ഒരു ആയിരം രൂപ ഒന്നിച്ച് എടുക്കാനില്ലാത്ത ഒരു ഫ്രാഡാണ് ഈ ഖാദർ പാലോത്ത്. കഴിഞ്ഞ തവണ ബ്ലോക്ക് പഞ്ചായത്തിലെ മെമ്പർ ആയിരുന്നു. ഒരാൾക്കും കണ്ടുകൂടാത്തതുകൊണ്ട് ഇത്തവണ സ്ഥാനാർത്ഥിയാക്കാൻ ലീഗ് പോലും മടികാണിച്ച ആളാണ് ഈ ഖാദർ പാലോത്ത്. 3 മാസത്തേക്ക് ജില്ലാ പഞ്ചായത്തിന്റെ പ്രസിഡന്റ് സ്ഥാനം ഇതന്നുവാങ്ങിയ മുസ്ലീംലീഗിന്റെ നേതാവ് അബ്ദുൾ റസാക്കിന്റെ വീട്ടിലാണ് ഖാദർ പാലോത്തിനെക്കൊണ്ട് ഈ ഗൂഢാലോചന ഇവർ നടത്തിയത്. അതാണ് ഇവിടെ കൊട്ടിഘോഷിച്ച് ഈ അടിയന്തര പ്രമേയത്തിന് ആവശ്യമായിട്ടുള്ള ഒരു സാഹചര്യം ഒരുക്കിയതെന്നുള്ളത് അങ്ങേക്ക് അറിയാമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ബാബു : 2003 ജൂലൈ 7-ാം തീയതി അന്നത്തെ പ്രതിപക്ഷ നേതാവും ഇന്നത്തെ മുഖ്യമന്ത്രിയുമായ ശ്രീ. വി. എസ്. അച്ചുതാനന്ദൻ നടത്തിയ പ്രസംഗം ബഹുമാനപ്പെട്ട മോനായി ഇവിടെ വായിച്ചു. ഞാൻ പറഞ്ഞതും അത് തന്നെയാണ്. എല്ലാ കാര്യങ്ങളെക്കുറിച്ചും പ്രതിപക്ഷ നേതാവ് അന്ന് പ്രതിപാദിച്ചു. പക്ഷേ തലേ ദിവസം വരെ ചന്ദന ഫാക്ടറികൾ അടച്ചുപൂട്ടണമെന്ന് പറഞ്ഞ നിലപാട് ആ പ്രസംഗത്തിൽ ഇല്ല. അതാണ് പ്രശ്നം. അതെന്താണ് വിട്ടുപോയത്. ?

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്) : പ്രസക്തമായ ഭാഗം ശ്രീ. മോനായി വായിക്കണം, അവിടെ എന്താണ് അന്നത്തെ പ്രതിപക്ഷ നേതാവ് പ്രതിപാദിച്ചിരുന്നതെന്ന്. ഇവിടെ പ്രവർത്തിക്കുന്ന ചന്ദനഫാക്ടറികൾ. ആ ഫാക്ടറികളിൽ എൽ.ഡി.എഫ്.-ന്റെ പഞ്ചായത്തിലുണ്ടായിരുന്നവയെല്ലാം അടച്ചുപൂട്ടി. ഏലപ്പുള്ളി പഞ്ചായത്തിൽ ഹൈക്കോടതിയുടെ ഉത്തരവ് ഉണ്ടെന്ന് പറഞ്ഞ് പ്രവർത്തിച്ചിരുന്നത് തെറ്റാണെന്ന് കണ്ടിട്ട് അത് ഞങ്ങൾ അടച്ചുപൂട്ടിക്കുന്നു. 'അടച്ചുപൂട്ടിക്കുന്നു' എന്നുതന്നെയാണ് പറയുന്നത്.

ശ്രീ. എം. എം. മോനായി : ഇനി വഴങ്ങുന്നില്ല.....ഇനി വഴങ്ങുന്നില്ല... ഞാൻ വി. എസ്.-ന്റെ ഭാഗം വായിക്കുകയാണ്. "മൂന്നാമതായി എനിക്ക് ഈ സഭയുടെ ശ്രദ്ധയിൽപ്പെടുത്തുവാനുള്ളത്, കേരളത്തിൽ നടന്നുകൊണ്ടിരിക്കുന്ന ചന്ദനഫാക്ടറികളെ സംബന്ധിച്ചാണ്. അതിനെ സംബന്ധിച്ച് കഴിഞ്ഞ 23-ാം തീയതി സഭയിൽ ചോദിച്ചപ്പോൾ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത്, ഏറിയകൂറും ചന്ദന ഫാക്ടറികൾ അടയ്ക്കുന്നത് എൽ.ഡി.എഫ്. നേതൃത്വത്തിലുള്ള പഞ്ചായത്തുകളുടെ സാങ്ഷനോടുകൂടിയെന്നാണ്. എൽ.ഡി.എഫ്. ഇതിന് സാങ്ഷൻ പിൻവലിച്ചാൽ ചന്ദന ഫാക്ടറികളിൽ ഒരെണ്ണവും തുറക്കില്ലെന്നായിരുന്നു. അദ്ദേഹം പറഞ്ഞതനുസരിച്ച് എൻ.ഡി.എഫ്.-ന്റെ നേതൃത്വത്തിലുള്ള പഞ്ചായത്തുകളിൽ എത്ര ചന്ദന ഫാക്ടറികൾ നടത്തുന്നുണ്ടെന്ന് ഞാൻ അന്വേഷിച്ചു. അതിൽ നിന്ന് എനിക്ക് മനസ്സിലാക്കാൻ കഴിഞ്ഞത്, കാസർഗോഡ് ജില്ലയിൽ 7 ഫാക്ടറികൾ നടക്കുന്നുണ്ട്. അതിൽ ചെങ്ങള പഞ്ചായത്ത്, ലീഗ് ഭരിക്കുകയാണ്. മംഗൽപാടി പഞ്ചായത്ത്, ലീഗ് ഭരിക്കുകയാണ്. ബദിയടുക്ക പഞ്ചായത്ത്, കോൺഗ്രസ്സും ലീഗും കൂടി ഭരിക്കുകയാണ്. മധൂർപഞ്ചായത്ത്, ലീഗ് പ്രസിഡന്റാണ് ഭരിക്കുന്നത്. ചെമ്മനാട് പഞ്ചായത്ത്, ലീഗ് ഭരിക്കുന്നു. അപ്പോൾ ഭരണ കക്ഷിയിൽപ്പെട്ട യു.ഡി.എഫ്. പഞ്ചായത്തുകളിലാണ് ചന്ദന ഫാക്ടറികൾ നടന്നുകൊണ്ടിരിക്കുന്നതെന്ന സത്യം മന്ത്രിക്ക് നിഷേധിക്കുവാൻ കഴിയുമോ ? ഞാൻ വെല്ലുവിളിക്കുന്നു. പാലക്കാട് ജില്ലയിൽ 13 ചന്ദന ഫാക്ടറികൾ ഉണ്ടായിരുന്നു. അതിൽ 6 എണ്ണം അടച്ചുപൂട്ടിക്കഴിഞ്ഞുവെന്ന് പാലക്കാട് ഫ്ളൈയിംഗ് സ്കാഡ് ഡി.എഫ്.ഒ.പി. മോഹനചന്ദ്രൻ കോഴിക്കോട് ഫോറസ്റ്റ് കൺസർവേറ്റർക്ക് ജൂൺ മാസം 26-ന് നൽകിയ റിപ്പോർട്ടിൽ പറയുന്നു." നിങ്ങൾ ഇവിടെ ....(ബഹളം)....അത് ഞാൻ വായിക്കാം. "ബാക്കി 7 എണ്ണം ഭാഗികമായി പ്രവർത്തിക്കുന്നു എന്ന് ആ റിപ്പോർട്ടിൽ പറയുന്നു. ഇതിൽ 4 എണ്ണം എൽ.ഡി.എഫ്. പഞ്ചായത്തുകളാണ്. പെരുമാട്ടി പഞ്ചായത്ത്, 1999 ജൂലൈ 29-ന് ആ ഫാക്ടറികളുടെ ലൈസൻസ് ക്യാൻസൽ ചെയ്തു. അതുപോലെ പുതുശ്ശേരിയിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന ഫാക്ടറിയുടെ ലൈസൻസ് പഞ്ചായത്ത് കാൻസൽ ചെയ്തു. അതിനുശേഷം ഹൈക്കോടതിയുടെ ഓർഡറുമായി വന്ന് മറ്റൊരു ഫാക്ടറി ആ പഞ്ചായത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നുണ്ട്.

ആ ഹൈക്കോടതി ഉത്തരവ് വെക്കേറ്റ് ചെയ്യാൻ മുൻകൈ എടുക്കേണ്ടത് ഗവൺമെന്റാണ്. അതിന് പഞ്ചായത്തുകൾക്ക് ഒന്നും ചെയ്യാൻ കഴിയില്ല. എൽഡിഎഫ് ഭരിക്കുന്ന ഇലപ്പുള്ളി പഞ്ചായത്തിൽ ഒരു ഫാക്ടറി പ്രവർത്തിക്കുന്നുണ്ട്. ആ ഫാക്ടറി ഹൈക്കോടതിയുടെ ഉത്തരവുണ്ടെന്ന് തെറ്റിദ്ധരിപ്പിച്ച് പഞ്ചായത്തിൽ നിന്ന് പ്രവർത്തിക്കുവാൻ അനുവാദം വാങ്ങി പ്രവർത്തിച്ചുകൊണ്ടിരിക്കുകയായിരുന്നു. എന്നാൽ അവർ വിശദമായി പരിശോധിച്ചപ്പോൾ ആ പഞ്ചായത്തിലെ ഫാക്ടറിക്ക് ബാധമായിട്ടുള്ള നിലയിലാണ് ആ ഹൈക്കോടതി വിധിയെന്ന് മനസ്സിലാക്കിയതിനെത്തുടർന്ന് അത് അടച്ചുപൂട്ടുന്നതിനുവേണ്ടിയുള്ള നടപടി എൽ.ഡി.എഫ്. പഞ്ചായത്ത് സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. അപ്പോൾ ....” (ബഹളം)....ഇതിൽ ...ഞാൻ വഴങ്ങുന്നില്ല...ഞാൻ വഴങ്ങുന്നില്ല. നിങ്ങൾ.....

മി. സ്പീക്കർ : മോനായി അങ്ങയുടെ സമയം കഴിയുന്നു.

ശ്രീ. എം. എം. മോനായി : ....(ബഹളം).... ഇല്ല ഞാൻ വഴങ്ങുന്നില്ല. നിങ്ങളുടെ കാലഘട്ടത്തിൽ ഇപ്പോൾ യു.ഡി.എഫ്. ചെന്നെത്തിയിട്ടുള്ള അഴിമതിക്കുണ്ടിൽ നിന്ന് രക്ഷപ്പെടാൻ വേണ്ടി വി. എസ്.-നെപ്പോലെയുള്ള, ധർമ്മത്തിനുവേണ്ടി പൊരുതുന്ന ഒരാളുടെ നേരെ നിങ്ങൾ കൈ ഉയർത്തിയിട്ട് കാര്യമുണ്ടോ ? നമ്മുടെ ചരിത്രത്തിൽ, സത്യം പറഞ്ഞതിന് സോക്രട്ടീസിന് വിഷം കൊടുത്തതാണ് നമ്മുടെ സമൂഹം, സത്യം പറഞ്ഞ ക്രിസ്തുവിനെ കുരിശിൽ തറച്ചു. ഇവിടെ ഇരിക്കുന്നവരിൽ മഹാത്മാഗാന്ധിയെ ആക്ഷേപിച്ച വരുണ്ട്. മഹാത്മാഗാന്ധി പറഞ്ഞു, അദ്ദേഹം പറഞ്ഞ ഏഴ് സാമൂഹ്യതിന്മകളെ കുറിച്ച് അറിയുമോ എന്ന് അറിയില്ല. മഹാത്മാഗാന്ധി പറഞ്ഞ 7 പ്രധാനപ്പെട്ട സമൂഹ്യതിന്മകളിൽ അദ്ദേഹം ആദ്യം പറഞ്ഞത്, politics without principles എന്നാണ്, ആദർശമില്ലാത്ത രാഷ്ട്രീയം കൈകാര്യം ചെയ്യുന്ന നിങ്ങൾക്ക് വി. എസ്.-ന്റെ ആദർശശുദ്ധി മനസ്സിലാക്കുവാൻ സാധിക്കില്ല. ജനം തിരിച്ചറിയും എന്നുപറഞ്ഞുകൊണ്ട് വോട്ട് ഓൺ അക്കൗണ്ടിനെ പിന്തുണച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. ജോസഫ് എം. പുതുശ്ശേരി : സർ, ഞാൻ ഈ വോട്ട് ഓൺ അക്കൗണ്ടിനെ ശക്തമായി എതിർക്കുന്നു. ഇവിടെ ദുർവ്യയവും ധൂർത്തും നടത്തുന്ന സർക്കാരാണ് ഇന്ന് കേരളം ഭരിക്കുന്നത്. പത്രമെടുത്താൽ എല്ലാ ദിവസവും പരസ്യം. .....(ബഹളം)... ഇപ്പോൾ പേസ്റ്റ് വാങ്ങിച്ചാൽ ഒരു ബ്രഷ് ഫ്രീ കിട്ടും. ചില കടകളുടെ പരസ്യമുണ്ട്. ഒരു ഷർട്ട് വാങ്ങിച്ചാൽ ഒരു ഷർട്ട് ഫ്രീ ; ഒരു സാരി വാങ്ങിച്ചാൽ ഒരു സാരി ഫ്രീ. ഇപ്പോൾ ഒരു മന്ത്രിയെ വിളിച്ചാൽ ഒരു പരസ്യം ഫ്രീ. നാട്ടിൽ ഉദ്ഘാടനത്തിന് ഒരു മന്ത്രിയെ വിളിച്ചാൽ ഒരു പരസ്യവും ഒരു സപ്ലിമെന്റുമായി മന്ത്രി അങ്ങ് വരും. ഇതല്ലേ സാർ ഇപ്പോഴത്തെ സ്ഥിതി ? നാണമുണ്ടോ സർ ? പരസ്യച്ചെലവിന് ചെലവില്ലാത്ത പരിപാടിയാണ് ഉദ്ഘാടനം. കഴിഞ്ഞ ദിവസം പത്രത്തിൽ ഒരു പരസ്യം ഒരു കെട്ടിടത്തിന്റെ രണ്ടാം നിലയുടെ ഉദ്ഘാടനം. ഒരു കെട്ടിടം ഒരു അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് ഉദ്ഘാടനം ചെയ്യുന്നത് കേട്ടിട്ടുണ്ടോ ? ഘട്ടംഘട്ടമായിട്ടേ പണി തീരൂ. അപ്പോഴൊക്കെ ഉദ്ഘാടനം ചെയ്യുന്നത് എങ്ങനെയാണ് ? ....(ബഹളം)....ഞാൻ അതാണ് പറഞ്ഞുവരുന്നത് ? .....(ബഹളം).... ഇപ്പോൾ പാലം പൊളിക്കുന്നതിനുവരെ ഇവിടെ ഉദ്ഘാടനം നടക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ബാബു : സർ, നമ്മൾ ഓരോ പരിപാടിക്ക് ചെല്ലുമ്പോൾ സുവനീർ പ്രകാശനം വയ്ക്കും. അപ്പോൾ സംഘാടകർ അത് പൊളിച്ച് നോക്കണ്ട എന്ന് പറയും. കാരണം അകത്ത് ഒന്നുമില്ല കവർ മാത്രമേയുള്ളു. അതുപോലെയാണ് കെട്ടിടം ഉദ്ഘാടനം ചെയ്യുന്നത്. കെട്ടിടത്തിന്റെ അകത്തോട്ട് കയറണ്ട എന്നു പറഞ്ഞാൽ കെട്ടിടത്തിന്റെ അകത്തും ഒന്നുമില്ല. അത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. ജോസഫ് എം. പുതുശ്ശേരി : സർ, ഞാൻ പറഞ്ഞുവരുന്നത് അത് തന്നെയാണ്. നടപടിക്രമങ്ങൾ പൂർത്തിയാക്കി എഗ്രിമെന്റുകൾ വയ്ക്കാത്ത പണികൾ ഉദ്ഘാടനം ചെയ്യുകയാണ്. കോട്ടയത്ത് ഒരു ഉദ്ഘാടനം കണ്ടു. പാലം പണിയുടെ നടപടിയൊന്നുമായില്ല, നോട്ടിഫിക്കേഷൻ വന്നാലോ എന്ന് കരുതി, അതിന്റെ അപ്പുറത്തുള്ള പഴയ പാലത്തിന് പകരമാണ് പുതിയ പാലം പണിയേണ്ടത്. പാലം പൊളിക്കുന്നതിന് ഉദ്ഘാടനം, ഇത് കേട്ട് കേൾവിയുള്ള കാര്യമാണോ ? കാരാപ്പുഴയിൽ പാലം പൊളിക്കുന്നത് ഉദ്ഘാടനം ചെയ്യുകയാണ്. പുതിയ പാലത്തിന്റെ ശിലാസ്ഥാപനമാണെങ്കിലോ ഉദ്ഘാടനമാണെങ്കിലോ മനസ്സിലാക്കാം. ഇത് രണ്ടും പറ്റാത്തതുകൊണ്ട് പഴയ പാലം പൊളിക്കുന്നതിന്റെ ഉദ്ഘാടനം നടത്തുന്ന മന്ത്രിമാരാണ് ഇവിടെയുള്ളത്. ഗവൺമെന്റ് മന്ത്രിമാർ എന്നു പറഞ്ഞാൽ ജനങ്ങൾക്കുള്ള സങ്കൽപ്പം ഇവർ കളഞ്ഞുകുളിക്കുകയാണ്. ഐക്യ കേരളം ഉണ്ടായതിനുശേഷം ഇന്നുവരെ കേട്ട് കേൾവിയില്ലാത്ത കാര്യങ്ങളാണ് ഇവിടെ നടക്കുന്നത്. വാർഷികമൊക്കെ വരുമ്പോൾ പരസ്യം കൊടുത്താൽ മനസ്സിലാക്കാൻ കഴിയും. ഇവിടെ മന്ത്രിമാരൊക്കെ വലിയ വീരവാദം പറഞ്ഞ് നടക്കുകയാണ്. ഞങ്ങൾ ജയിലിൽ സൗകര്യം കൂട്ടിയത് യു.ഡി.എഫ്.-ന്റെ നേതാക്കന്മാരെ അയയ്ക്കാനാണെന്ന് ആഭ്യന്തര വകുപ്പുമന്ത്രി പറഞ്ഞു. അച്ഛന്റെ ആഭ്യന്തരവകുപ്പുമന്ത്രി എന്നുള്ള പദവി ദുരുപയോഗം ചെയ്ത് 13 കേസ്സുകൾ പിൻവലിച്ചില്ലായിരുന്നെങ്കിൽ ആഭ്യന്തര മന്ത്രിയുടെ മകനായിരുന്നേനെ പുതിയ ജയിൽ സൗകര്യം ആദ്യം നുകരുന്നത്. എന്ന കാര്യത്തിൽ വല്ല സംശയമുണ്ടോ ? 13 കേസ്സുകൾ..... പിൻവലിച്ചു.

ആ ആഭ്യന്തര വകുപ്പുമന്ത്രി.....(ബഹളം).....ഞാൻ പറയട്ടെ.....ഞാൻ സംസാരിക്കട്ടെ.....

മി. സ്പീക്കർ : ശ്രീ. ശിവൻകുട്ടി.....

(ശ്രീ. ജോസഫ് എം. പുതുശ്ശേരി) : അങ്ങ് മറുപടി പറഞ്ഞാളു, ഞാൻ സംസാരിക്കട്ടെ.....എനിക്ക് പ്രൊട്ടക്ഷൻ തരണം.....എനിക്ക് സംസാരിക്കാൻ പ്രൊട്ടക്ഷൻ തരണം.....

മി. സ്പീക്കർ : യെസ്.....അങ്ങ് ഇങ്ങോട്ട് നോക്കി പറഞ്ഞാൽ മതി അങ്ങോട്ട് പറയണ്ട.....

ശ്രീ. ജോസഫ് എം. പുതുശ്ശേരി : സർ, ശ്രീ. മോനായി മുഖ്യമന്ത്രിയെ കുറിച്ച് വലിയ സൂര്യശോഭയൊക്കെ പറഞ്ഞു. മുഖ്യമന്ത്രി വീരശൂര പരാക്രമിയായി കഴിഞ്ഞ ദിവസം ഇടപെട്ടു. ഇടപെട്ടതിന് ഞങ്ങൾക്ക് പരാതിയൊന്നുമില്ല. തച്ചങ്കരിയുടെ പേരിൽ കേസുണ്ട്. കേസ്സുള്ളതുകൊണ്ട് പാസ്പോർട്ട് പുതുക്കാൻ പോലീസ് ക്ലിയറൻസ് കൊടുത്തിട്ടില്ല. അതുകൊണ്ട് സിംഗ്ൾ പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റ് കൊടുത്തു മാറ്റി. നടപടിക്രമം അതാണ്. പക്ഷേ, മുഖ്യമന്ത്രിയോട് ഞാൻ വിനയപൂർവ്വം ചോദിക്കുകയാണ്. അങ്ങയുടെ കസേരയുടെ തൊട്ട് ഇപ്പുറത്തിരിക്കുന്ന ആഭ്യന്തര വകുപ്പുമന്ത്രിയുടെ മകന്റെ പേരിൽ 18 കേസ്സുകൾ നിലവിലുള്ളപ്പോഴാണ്, ആഭ്യന്തര മന്ത്രിയുടെ മകന് പാസ്പോർട്ട് പുതുക്കാൻ പോലീസ് ക്ലിയറൻസ് കൊടുത്തത്. ഇതിൽ എന്ത് നീതിയാണ് നിങ്ങൾ അവകാശപ്പെടുന്നത് ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആനത്തലവട്ടം ആനന്ദൻ : സർ, പോയിന്റ് ഓഫ് ഓർഡർ.....

മി. സ്പീക്കർ : യെസ്..... ശ്രീ. പുതുശ്ശേരി....പോയിന്റ് ഓഫ് ഓർഡർ...

ശ്രീ. ആനത്തലവട്ടം ആനന്ദൻ : സർ, ഇവിടെ ആഭ്യന്തരമന്ത്രിയുടെ മകന്റെ പേരിലുണ്ടായിരുന്ന കേസ് തെറ്റായി വ്യാഖ്യാനിക്കുകയാണ്. ഇവിടെ കളവ് കേസ്സിനും സർക്കാർ മുതൽ മോഷ്ടിച്ചതിനുമൊക്കെയാണ് ഓരോരുത്തർ അകത്ത് കിടക്കുന്നത്. ഇവിടെ ശ്രീ. കോടിയേരിയുടെ മകൻ വിദ്യാർത്ഥി നേതാവായിരുന്ന അവസരത്തിൽ വിദ്യാർത്ഥി പ്രക്ഷോഭണങ്ങൾക്ക് പങ്കെടുക്കുന്നതിന്റെ ഫലമായിട്ടാണ് കേസ്സുണ്ടായത്. സുബാഷ് ചന്ദ്രബോസിന്റെ പേരിൽ കേസ്സുണ്ടായിരുന്നു. ആ കേസ് പിൻവലിച്ചിട്ടുണ്ടാകാം. അങ്ങനെ രാഷ്ട്രീയ നേതാക്കൻമാരുടെ പേരിൽ കേസ് ഉണ്ടാക്കാം. അത് ഇതുപോലെ മോഷണം നടത്തിയതിനും സർക്കാർ മുതൽ കൊള്ളയടിച്ചതിനും ശിക്ഷിക്കപ്പെട്ട് ജയിലിൽ കിടക്കുന്നതിനോട് തുലനം ചെയ്യുന്നത് ഓർഡറിലാണോ ? രണ്ടും രണ്ടാണ്, ആ നിലയ്ക്ക് തുലനം ചെയ്യുന്ന നടപടി മേലിൽ നിന്ന് നീക്കം ചെയ്യണ്ടതാണ്.

മി. സ്പീക്കർ : കേസ് രണ്ടാണ്.....

ശ്രീ. കെ. ബാബു : സുബാഷ് ചന്ദ്രബോസ് സ്വാതന്ത്ര്യ സമരത്തിന് ഒരുപാട് സംഭാവന ചെയ്തയാളാണ്. അദ്ദേഹത്തെ ഒരു ക്രിമിനലുമായി തുലനം ചെയ്തത് ശരിയാണോ ?

മി. സ്പീക്കർ : ശ്രീ. ജോസഫ് എം. പുതുശ്ശേരി അങ്ങയുടെ സമയം.... നഷ്ടപ്പെടുകയാണ്.

ശ്രീ. ജോസഫ് എം. പുതുശ്ശേരി : സർ, എന്റെ സമയം എങ്ങനെയാണ് പോകുന്നത്. പോയിന്റ് ഓഫ് ഓർഡറാണ്..... ഞാൻ സൂചിപ്പിച്ച് വന്നത്, ഇവിടെ എനിക്ക് അദ്ദേഹത്തോട് സഹതാപമുണ്ട്. അദ്ദേഹം സുബാഷ് ചന്ദ്രബോസിനെ ശ്രീ. കോടിയേരിയുടെ മകനുമായി ഉപമിച്ചിരിക്കുകയാണ്. അദ്ദേഹത്തിന് സമാധാനിക്കാം കാരണം അദ്ദേഹത്തിന്റെ നേതാവ് യശശരീരനായ ഇ.എം.എസ്. മഹാത്മാഗാന്ധിയും മദനിയും ഒരുപോലെയാണ് എന്ന് പറഞ്ഞയാളാണ്. അതുകൊണ്ട് എന്റെ നാക്ക് വാക്ക്. അത്രയേ എനിക്ക് അതുമായി ബന്ധപ്പെട്ട് പറയാനുള്ളു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി വീരശൂര പരാക്രമിയാണ് ? അദ്ദേഹം അനധികൃതമായി വിദേശയാത്ര നടത്തിയ തച്ചങ്കരിയുടെ ചെവിക്ക് പിടിച്ചു. നല്ല കാര്യം സർക്കാരിന്റെ അനുമതിയോടുകൂടിയേ വിദേശയാത്ര പാടുള്ളു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ മകൻ അരുൺകുമാർ കയർ ഫെഡ് എം. ഡി. ആയിരിക്കെ 13 തവണയാണ് വിദേശത്ത് പോയത് മുഖ്യമന്ത്രിയുടെ മകന് 13 തവണ വിദേശത്ത് പോകാൻ അനുമതി വേണ്ട ? തച്ചങ്കരിക്ക് മാത്രം അനുമതി വേണം അരുൺകുമാറിന് വേണ്ട. നിയമം തച്ചങ്കരിക്ക് മാത്രമാണോ ബാധകമാകുന്നത്.....(ബഹളം)....ഞാൻ സംസാരിക്കട്ടെ, ഇങ്ങനെ അസ്വസ്ഥനായാൽ എങ്ങനെയാണ്, കയർ ഫെഡ് എം.ഡി. കയർ സംബന്ധിച്ച് പഠിക്കാൻ പോയിപ്പോയി മക്കാവു എന്ന് പറയുന്ന സ്ഥലത്ത് വരെ പോയി. മക്കാവു എന്ന് പറഞ്ഞാൽ എല്ലാവർക്കും അറിയത്തില്ല. അറിയാവുന്നവർക്കൊക്കെ അറിയാം. ഏതായാലും മക്കാവുവിൽ എന്താണ് നടക്കുന്നതെന്ന് പറയാൻ എന്റെ സംസ്ക്കാരം അനുവദിക്കുന്നില്ല. മക്കാവുവിന്റെ പ്രസിദ്ധിയെക്കുറിച്ച് പറയാൻ എനിക്ക് പറ്റില്ല. മക്കാവുവിൽ കയർ ഫെഡ് എം.ഡി. പോയത് എന്തിനായിരുന്നുവെന്ന് ഒന്ന് വ്യക്തമാക്കണം. എന്നിട്ട് വെളിപ്പെടുത്തലിന്റെ അടിസ്ഥാനത്തിലെടുത്ത കേസ്സുകൾ എന്നാണ് പറയുന്നത്.

വെളിപ്പെടുത്തലാണെങ്കിൽ, വെളിപ്പെടുത്തലിന്റെ പേരിൽ കേസ്സെടുക്കണം. ശ്രീ. കെ. ബാബു രാവിലെ ഇവിടെ അടിയന്തര പ്രമേയം അവതരിപ്പിച്ചു. ശ്രീ. എം. എം. മോനായി ഒരു സഹായം ചെയ്തു. ശ്രീ. ബാബു വായിച്ചത് സംഗ്രഹമാണെന്ന് മുഖ്യമന്ത്രി പറഞ്ഞു. ശ്രീ. മോനായി പ്രസംഗം മുഴുവൻ വായിച്ചു. ആ പ്രസംഗം മുഴുവൻ വായിച്ചിട്ട് അതിനകത്ത് ഫാക്ടറി അടച്ച് പൂട്ടണമെന്ന് ഒറ്റ വാചകമില്ല. അതാണ് ഞങ്ങൾ പറഞ്ഞത്. ഈ നിയമസഭയ്ക്ക് പുറത്ത് ചന്ദന ഫാക്ടറികൾ അടച്ച് പൂട്ടണമെന്ന് വാദമുയർത്തിയ കേരളത്തിലെ അന്നത്തെ പ്രതിപക്ഷ നേതാവ് നിയമസഭയിൽ പ്രസംഗിച്ചപ്പോൾ ഒരു വാക്കുപോലുമില്ല. വെളിപ്പെടുത്തലിന്റെ പേരിൽ കേസ്സെടുക്കണ്ടേ ? ഇവിടെ റൗഫിന്റെ മൊഴിയെടുക്കാം. റൗഫ് ഇപ്പോൾ വെളിപ്പെടുത്തിയതനുസരിച്ചാണെങ്കിൽ റൗഫിന്റെ ഒരു ചിത്രം ജനങ്ങളുടെ മനസ്സിൽ വന്നിരിക്കുന്നത് ഇത്തരം നടപടികളുടെയൊക്കെ ഒരു കൂട്ടിക്കൊടുപ്പുകാരൻ എന്നാണ് ആ റൗഫിന്റെ മൊഴിയെടുത്ത് വിൻസെന്റ് എം. പോൾ കേസ് നടത്തുന്നു. മറ്റൊരു കാര്യം പറയാം. അഡ്വക്കേറ്റ് രാംകുമാർ വെളിപ്പെടുത്തൽ നടത്തിയിരിക്കുന്നു. കലാകൗമുദി ഈ ലക്കത്തിൽ അദ്ദേഹം പറഞ്ഞിരിക്കുന്നത് എറണാകുളത്തിനടുത്ത് വെണ്ണലയിലുള്ള ടി. ജി. നന്ദകുമാർ എന്നയാളാണ് ശ്രീ. അച്ചുതാനന്ദന്റെ ഡൽഹിയിലെ വ്യവഹാര ദല്ലാൾ ഇയാൾക്ക് പല സുപ്രീം കോടതി ജഡ്ജിമാരുമായും വളരെ അടുത്ത ബന്ധമുണ്ടെന്ന് എനിക്ക് നേരിട്ട് ബോദ്ധ്യപ്പെട്ടിട്ടുണ്ട്.

ശ്രീ. എം. പ്രകാശൻ മാസ്റ്റർ : പോയിന്റ് ഓഫ് ഓർഡർ.....

മി. സ്പീക്കർ : പോയിന്റ് ഓഫ് ഓർഡറാണ്.....ശ്രീ. ജോസഫ് എം. പുതുശ്ശേരി.....

ശ്രീ. എം. പ്രകാശൻ മാസ്റ്റർ : ശ്രീ. പുതുശ്ശേരി ഉപയോഗിക്കുന്നത് അദ്ദേഹത്തിന്റെ മാന്യതയ്ക്ക് യോജിച്ചതാണ്. എന്നാൽ കൂട്ടിക്കൊടുപ്പുകാർ എന്ന വാക്ക് അത് സഭ്യേതരമായിട്ടുള്ള വാക്കാണ്. അത് ഒരു കാരണവശാലും സഭയുടെ രേഖയിൽ ഉണ്ടാകാൻ പാടില്ല അത് ഡെലീറ്റ് ചെയ്യണം.

ശ്രീ. ജോസഫ് എം. പുതുശ്ശേരി : ഞാൻ അത് പിൻവലിക്കുന്നു. ഞാൻ ആ അർത്ഥത്തിലല്ല സൂചിപ്പിച്ചത്. ഞാൻ അത് പിൻവലിച്ചിരിക്കുന്നു. എനിക്ക് വാക്കുകളുടെ പ്രയോഗത്തിൽ ശ്രീ. പ്രകാശൻ മാസ്റ്ററോളം പ്രാഗല്ഭ്യം ഇല്ലാത്തതുകൊണ്ട് ഞാൻ ഒരു സംസാരഭാഷ പറഞ്ഞതാണ്. ഞാൻ പിൻവലിച്ചിരിക്കുന്നു. രാംകുമാറിന്റെ വെളിപ്പെടുത്തൽ, രാംകുമാർ കേരള ഹൈക്കോടതിയുടെ ഏറ്റവും പ്രമുഖനായ അഭിഭാഷകനാണ്. അദ്ദേഹം എല്ലാ ഉത്തരവാദിത്വവും ഏറ്റെടുത്തുകൊണ്ട് ഈ ആരോപണം ആവർത്തിക്കുന്നു. ചാനലിൽ എല്ലാത്തിലും പറഞ്ഞു. എന്താണ് കേസെടുക്കാത്തത് ? രാംകുമാറിന്റെ മൊഴിയെടുക്കണ്ടേ ? ഇവിടെ ശ്രീ. എം. എം. മോനായിയെ സപ്പോർട്ട് ചെയ്യാൻ ശ്രീ. കെ. വി. കുഞ്ഞിരാമൻ പറഞ്ഞത്, ചന്ദന ഫാക്ടറി കേസുമായി ബന്ധപ്പെട്ട വിവരം വെളിപ്പെടുത്തിയ അദ്ദേഹം ഒരു നയാപൈസക്ക് കൊള്ളാത്ത ഒരുത്തനാണെന്ന്. അങ്ങനെ കൊള്ളാത്ത ഒരുത്തൻ ഇത്തരം ഒരു വെളിപ്പെടുത്തൽ നടത്തിയാൽ അയാളുടെ പേരിൽ കേസ്സെടുത്ത് നടപടിയെടുക്കണ്ടേ ? ആഭ്യന്തര വകുപ്പ് കയ്യിലിരിക്കുകയല്ലേ ; നപടി എടുക്കാനുള്ള ധൈര്യം കാണിക്കണ്ടേ ? എന്താണ് ധൈര്യം കാണിക്കാത്തത് ? ഈ വെളിപ്പെടുത്തലുകൾ

LIBRARY ARCHIVES Kerala Legislative Assembly

നിൽക്കുമ്പോഴാണ്, ചില ആളുകൾ വെളിപ്പെടുത്തിയാൽ കേസ്, വിൻസെന്റ് എം. പോളിന്റെ അന്വേഷണം വിൻസെന്റ് എം. പോളിന്റെ അന്വേഷണത്തിൽ റൗഫ് വെളിപ്പെടുത്തിയത് പെണ്ണുങ്ങളെ പീഡിപ്പിച്ചതാണ് വിഷയമെങ്കിൽ അത്തരം പരാതികളെല്ലാം അതിനകത്ത് പെടുത്തണം. പാർട്ടി കാര്യമാണെന്ന് പറഞ്ഞ് ഒരു കാര്യം മാറ്റി നിർത്താൻ പറ്റുമോ ? അതെങ്ങനെയാണ് പാർട്ടി കാര്യമാകുന്നത് ? ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും മന്ത്രിമാരടക്കം പി. ശശിക്കെതിരായി പാർട്ടി സംസ്ഥാന സെക്രട്ടേറിയറ്റിൽ വായിച്ച് കേട്ട പരാതി ആ കാര്യം എങ്ങനെയാണ് പാർട്ടി കാര്യമാകുന്നത് ? സ്ത്രീകളെ പീഡിപ്പിച്ചാൽ അത് പാർട്ടി കാര്യമാകുമോ ? മാർക്സിസ്റ്റ് പാർട്ടിയിൽപ്പെട്ട ഒരാളെ സംബന്ധിച്ച് അത്തരമൊരു ആരോപണം വന്നാൽ അത് പാർട്ടിക്ക് അകത്ത് അന്വേഷിക്കും. അങ്ങനെയാണെങ്കിൽ കുഞ്ഞാലിക്കുട്ടിക്കെതിരായ ആരോപണം മുസ്ലീം ലീഗ് അന്വേഷിക്കും. കുഞ്ഞാലിക്കുട്ടിക്കെതിരായ ആരോപണത്തിൽ എന്തിനാണ് വിൻസെന്റ് എം. പോളിനെ വെറുതെ വേഷം കെട്ടിക്കുന്നത് ? കുഞ്ഞാലിക്കുട്ടിയുടെ ആരോപണം മുസ്ലീം ലീഗ് അന്വേഷിക്കും.

ശ്രീ. ആനത്തലവട്ടം ആനന്ദൻ : സർ, പോയിന്റ് ഓഫ് ഓർഡർ.....

മി. സ്പീക്കർ : ശ്രീ. പുതുശ്ശേരി, പോയിന്റ് ഓഫ് ഓർഡർ.....

ശ്രീ. ആനത്തലവട്ടം ആനന്ദൻ : ഇവിടെ കുഞ്ഞാലിക്കുട്ടിയുടെ പേരിൽ പോലീസിൽ ഒരാൾ കേസ് കൊടുത്ത്, കേസ് രജിസ്റ്റർ ചെയ്ത് കോടതിയിൽ വിചാരണ വന്ന് നിലവിലുള്ള കേസാണ്. ശശിയുടെ പേരിൽ ഒരു കോടതിയിലോ ഒരു പോലീസ് സ്റ്റേഷനിലോ പരാതിയുള്ള കേസല്ല. ഒരു പാർട്ടി മെമ്പർ അയാൾ ഏതെങ്കിലും പിശക് കാണിച്ചു എന്ന് പാർട്ടിക്ക് പരാതി കിട്ടിയാൽ പാർട്ടി അതിന്റെ നടപടിക്രമം അനുസരിച്ച് അന്വേഷിക്കും. അത് ഗവൺമെന്റുമായി ബന്ധപ്പെടുന്ന പ്രശ്നമേയല്ല. പോലീസിൽ പരാതി കൊടുക്കട്ടെ പരാതി കൊടുത്താൽ പോലീസ് അന്വേഷിക്കും. ഇത് രണ്ടും കൂട്ടി യോജിപ്പിക്കുന്ന നടപടി ശരിയല്ല.

ശ്രീ. കെ. ബാബു : സർ, റൂളിംഗ് വേണ്ട ഒരു കാര്യമാണ്. കാരണം ശ്രീ. ആനത്തലവട്ടം ആനന്ദൻ പി. ശശിക്കെതിരായ പരാതിയെക്കുറിച്ച് ചില കാര്യങ്ങൾ ഇവിടെ പറഞ്ഞു. പക്ഷേ ഇതുവരെ കേരളത്തിലെ ജനങ്ങളോട് എന്താണ് ശശിയുടെമേലുള്ള പരാതിയെന്ന് പറഞ്ഞിട്ടില്ല. അത് പാർട്ടിക്കാർക്കുമായി വച്ചുകൊണ്ടിരിക്കുകയാണ്. എന്നാൽ ഇന്നതാണ് പരാതിയെന്ന് പറയണം. അപ്പോൾ ജനങ്ങൾക്ക് അറിയാമല്ലോ ഇങ്ങനെ തെറ്റിദ്ധരിപ്പിക്കുന്നത് ഓർഡറിലാണോ ?

മി. സ്പീക്കർ : ശ്രീ. ജോസഫ് എം. പുതുശ്ശേരി അങ്ങയുടെ സമയം കഴിഞ്ഞു.

ശ്രീ. ജോസഫ് എം. പുതുശ്ശേരി : ഞാൻ ആവർത്തിക്കുന്നു. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയുടെ പേരിൽ കോടതിയിൽ നിലവിൽ കേസ്സില്ല. ..... (ബഹളം)..... സുപ്രീം കോടതിവരെ കേസ്സുപോയി, സുപ്രീം കോടതിവരെ തള്ളിക്കളഞ്ഞ കേസ്സാണ്.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ : ശ്രീ. ജോസഫ് എം. പുതുശ്ശേരി, ഇത് വോട്ട് ഓൺ അക്കൗണ്ടിന്റെ ചർച്ചയാണ്. അങ്ങ് ഒരു വാക്കുപോലും പറഞ്ഞില്ല.

ശ്രീ. ജോസഫ് എം. പുതുശ്ശേരി : ഞാൻ പറഞ്ഞുവരുന്നത് വോട്ട് ഓൺ അക്കൗണ്ട് ചോദിക്കാൻ ഈ സർക്കാരിന് യാതൊരു അവകാശവുമില്ല എന്നാണ്.

മി. സ്പീക്കർ : അങ്ങ് പറഞ്ഞ് അവസാനിപ്പിക്കണം.

ശ്രീ. ജോസഫ് എം. പുതുശ്ശേരി : കാരണം ഈ പണം ദുരുപയോഗം ചെയ്ത് ഇതുപോലെ ധൂർത്തും ദുർവ്യയവും നടത്തുകയാണ്.....(മൈക്ക് ഓഫ്).....നിയമത്തെ വെല്ലുവിളിക്കുകയാണ്. നിയമ വ്യവസ്ഥയെ ദുരുപയോഗിക്കുകയാണ്. ശ്രീ. പി. കെ കുഞ്ഞാലിക്കുട്ടിക്ക് എതിരായ കേസ് സുപ്രീം കോടതിയടക്കം തള്ളിക്കളഞ്ഞതാണ്.

മി. സ്പീക്കർ : ഒറ്റ വാക്കുപോലും വോട്ട് ഓൺ അക്കൗണ്ടിനെക്കുറിച്ച് പറഞ്ഞില്ല.

ശ്രീ. ജോസഫ് എം. പുതുശ്ശേരി : അങ്ങനെയൊരു കേസ് ഇല്ല. ആ ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിക്കെതിരെ വിൻസെന്റ് എം. പോൾ അന്വേഷിക്കുമെങ്കിൽ.....

മി. സ്പീക്കർ : ശ്രീ. രാജാജി മാത്യു തോമസ്.....

ശ്രീ. ജോസഫ് എം. പുതുശ്ശേരി : വിൻസെന്റ് എം. പോളിന്റെ കയ്യിൽ കൊടുക്കണം. അന്വേഷിക്കട്ടെ ഒരു നാട്ടിൽ രണ്ട് നീതിയാണോ ?.....(മൈക്ക് ഓഫ്).....

മി. സ്പീക്കർ : അങ്ങ് ഒറ്റ വാക്കുപോലും വോട്ട് ഓൺ അക്കൗണ്ടിനെ കുറിച്ച് പറയുന്നില്ല. .....(ബഹളം).....

ശ്രീ. ജോസഫ് എം. പുതുശ്ശേരി : ഞാൻ പറയാം. ഞാൻ പറയുന്നത് സർക്കാർ നടപടിയെക്കുറിച്ചാണ്. ഈ സർക്കാരിന് ഇത്തരത്തിലൊരു അഭ്യർത്ഥന നടത്താൻ അവകാശമില്ലായെന്നുള്ളതാണ്. കാരണം ഇവിടെ നിയമത്തെ വെല്ലുവിളിക്കുകയാണ്. രണ്ടുതരം നീതി. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിക്കെതിരെ റൗഫ് മൊഴി പറഞ്ഞാൽ കേസ്. പി. ശശിക്കെതിരെ ദേശാഭിമാനി ജീവനക്കാരി പരാതി കൊടുത്താൽ കേസ്സില്ല. ഇത് എന്ത് നീതിയാണ്. ? അതുകൊണ്ടാണ് ഞങ്ങൾ ഈ വോട്ട് ഓൺ അക്കൗണ്ടിനെ എതിർക്കുന്നത്. അധികാര ധൂർത്തിന്റെയും .....(മൈക്ക് ഓഫ്)..... ഞാൻ ഇവിടെ അവതരിപ്പിച്ച വോട്ട് ഓൺ അക്കൗണ്ടിനെ ശക്തമായി എതിർക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(അദ്ധ്യക്ഷവേദിയിൽ മി. ചെയർമാൻ ശ്രീ. വി. ശശികുമാർ)

ശ്രീ. മാത്യു തോമസ്: സർ, ഞാൻ ഈ വോട്ട് ഓൺ അക്കൗണ്ടിനെ പിന്താങ്ങുകയാണ്. ഈ ഗവൺമെന്റ് കഴിഞ്ഞ കാലങ്ങളിലൊക്കെ നടത്തി കൊണ്ടുവന്ന ജനോപകാരപ്രദവും ജനക്ഷേമത്തിനും വികസനത്തിലധിഷ്ഠിതവുമായ പ്രവർത്തനങ്ങളുടെ തുടർക്കു വേണ്ടിയാണ് ഈ വോട്ട് ഓൺ അക്കൗണ്ട് ഈ സഭയുടെ ചർച്ചയ്ക്ക് വന്നിരിക്കുന്നതെന്ന് ഞാൻ മനസ്സിലാക്കുന്നു. ശ്രീ. ജോസഫ് എം. പുതുശ്ശേരിക്ക് വോട്ട് ഓൺ അക്കൗണ്ടിനെക്കുറിച്ചൊന്നും പറയാനില്ല. ഈ ഗവൺമെന്റ് നമ്മുടെ സംസ്ഥാനത്ത് നടപ്പാക്കിയ ജനക്ഷേമ പ്രവർത്തനങ്ങളെ കുറിച്ച്, നടപ്പാക്കിക്കൊണ്ടിരിക്കുന്ന അഭൂതപൂർവ്വമായ വികസന പ്രവർത്തനങ്ങളെ കുറിച്ച് ഒരു വിമർശനവും ഉന്നയിക്കാൻ പറ്റാത്തതുകൊണ്ടാണ് ശ്രീ. ജോസഫ് എം. പുതുശ്ശേരിയും സംഘവും ഇത്തരത്തിൽ വോട്ട് ഓൺ അക്കൗണ്ടിനെ കുറിച്ച് ഒന്നും പറയാതെയുള്ള പ്രസംഗത്തിന് മുതിരുന്നത്. ഇന്ന് ഈ സഭ ഇത് ചർച്ച ചെയ്തുകൊണ്ടിരിക്കുമ്പോൾ നമ്മുടെ രാജ്യത്തെ ലക്ഷക്കണക്കിന് തൊഴിലാളികൾ ഡൽഹിൽ വമ്പിച്ച പാർലമെന്റ് മാർച്ചിൽ പങ്കെടുത്തുകൊണ്ടിരിക്കുകയാണ്. 10 ലക്ഷത്തിലധികം തൊഴിലാളികളാണ് ഈ മാർച്ചിൽ പങ്കെടുക്കുന്നത്. തൊഴിലാളികൾ അവരുടെ കക്ഷി രാഷ്ട്രീയത്തിന് അതീതമായി ആശയപരമായ അഭിപ്രായ വ്യത്യാസങ്ങൾക്കുപരിയായി ഒരുമിച്ച് നിന്നുകൊണ്ടാണ് ഈ പ്രകടനത്തിൽ പങ്ക് ചേരുന്നത്. കോൺഗ്രസ്സിന്റെ രാഷ്ട്രീയവും പ്രത്യയശാസ്ത്രവും അംഗീകരിക്കുന്ന ഐ.എൻ.ടി.യു.സി.-യിലെ തൊഴിലാളികൾ അടക്കമുള്ളവരാണ് ചരിത്രപരമായ പാർലമെന്റ് മാർച്ചിൽ പങ്കെടുത്തുകൊണ്ടിരിക്കുന്നത്. നമ്മുടെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് ഇവിടെ ജനക്ഷേമത്തിലധിഷ്ഠിതമായ, വികസനത്തിലധിഷ്ഠിതമായ ഒരു ഭരണം കാഴ്ച വയ്ക്കുമ്പോൾ നമ്മുടെ രാജ്യത്തെ ജനങ്ങളെയാകെ ദ്രോഹിക്കുന്ന തരത്തിലുള്ള നയങ്ങളാണ് കേന്ദ്ര ഗവൺമെന്റ് നടപ്പാക്കി കൊണ്ടിരിക്കുന്നത്. അതുകൊണ്ടുതന്നെയാണ് ഐ.എൻ.ടി.യു.സി. അടക്കമുള്ള കേന്ദ്ര ട്രേഡ് യൂണിയനുകളും അതിലെ തൊഴിലാളികളും ഇന്ന് ഈ പ്രകടനത്തിൽ പങ്കുചേരാൻ തയ്യാറായി വന്നിട്ടുള്ളത്. അനിയന്ത്രിതമായ വിലക്കയറ്റത്തിനെതിരെ തൊഴിൽ നിയമങ്ങൾ നടപ്പാക്കാൻ വിസമ്മതിക്കുന്ന കേന്ദ്ര ഗവൺമെന്റിന്റെ ജനദ്രോഹ നയങ്ങൾക്കെതിരെ, പൊതുമേഖലാ സ്ഥാപനങ്ങളെ സ്വകാര്യവൽക്കരിക്കുന്ന കുത്തക മുതലാളിമാർക്ക് കൈമാറുന്ന കേന്ദ്ര നയത്തിനെതിരെയാണ് അസംഘടിത തൊഴിലാളികളുടെ സാമൂഹ്യ സുരക്ഷ ഉറപ്പുവരുത്തണമെന്നുള്ള ആവശ്യം ഉന്നയിച്ചുകൊണ്ട് ചരിത്രപരമായ പാർലമെന്റ് മാർച്ചിൽ പങ്കുചേരുന്നത്. തീർച്ചയായും ഈ പാർലമെന്റ് മാർച്ച് ലോകത്താകെയുള്ള തൊഴിലാളിവർഗ്ഗവും സ്വാതന്ത്ര്യവും ജനാധിപത്യവും ആഗ്രഹിക്കുന്ന ജനങ്ങളും അഭിമതിക്കും വിലക്കയറ്റത്തിനുമെതിരെ നടത്തിക്കൊണ്ടിരിക്കുന്ന സമരത്തിന്റെ ആവേശം ഉൾക്കൊണ്ടുകൊണ്ടാണ് ഈ മാർച്ച് നടത്തുന്നതെന്ന് പ്രത്യേകം പ്രസ്താവ്യമാണ്. ലോകത്തിന്റെ പല ഭാഗത്തും പ്രത്യേകിച്ചും ഉത്തര ആഫ്രിക്കയിലും പശ്ചിമേഷ്യയിലും വൻതോതിലുള്ള സാമൂഹ്യ മാറ്റങ്ങൾക്കുള്ള വിപ്ലവങ്ങളാണ് ഇന്ന് നടന്നുകൊണ്ടിരിക്കുന്നത്. ഇന്ത്യയിൽ ഇന്ന് കാണുന്നതിന് സമാനമായിട്ടുള്ള പ്രതിഭാസങ്ങളാണ് ആ രാജ്യങ്ങളിൽ കുറച്ചുകാലമായി നടന്നുകൊണ്ടിരിക്കുന്നത്. തൊഴിലാളിദ്രോഹമാണ് ഈ ഗവൺമെന്റുകളുടെയൊക്കെ മുഖമുദ്ര. അതേ

LIBRARY ARCHIVES Kerala Legislative Assembly

തൊഴിലാളിദ്രോഹം തന്നെയാണ് ഇപ്പോൾ കേന്ദ്രം ഭരിക്കുന്ന യു.പി.എ. ഗവൺമെന്റിന്റെയും മുഖമുദ്ര. വിലക്കയറ്റത്തെ നിയന്ത്രിക്കുന്നതിന് ഇന്ത്യാ ഗവൺമെന്റ് ഏത് തരത്തിൽ പരാജയപ്പെട്ടിട്ടുണ്ടോ അതേ തരത്തിലാണ് ഈജിപ്തിലേയും ടുണീഷ്യയിലേയും മറ്റ് പശ്ചിമേഷ്യൻ രാജ്യങ്ങളിലേയും ഉത്തരാഫ്രിക്കൻ രാജ്യങ്ങളിലേയും ഗവൺമെന്റുകൾ പരാജയപ്പെട്ടിട്ടുള്ളത്. ഈ സമരത്തെക്കുറിച്ച് വളരെ വിചിത്രമായ ഒരുപാട് പ്രചരണങ്ങൾ നമ്മുടെ നാട്ടിൽ നടന്നു വരികയാണ്. നമ്മുടെ നാട്ടിൽ മാധ്യമങ്ങൾ നടത്തിക്കൊണ്ടിരിക്കുന്ന പ്രചരണം ഈ പ്രക്ഷോഭങ്ങളൊക്കെ സ്വയംഭൂവായതാണ്, വളരെ spontaneous ആയിട്ടുണ്ടായതാണ് എന്നാണ്. ഇന്റർനെറ്റും മറ്റ് ആധുനിക വിവരവിനിമയ സാങ്കേതിക വിദ്യയുടെയും പ്രയോജനംകൊണ്ടുണ്ടായ സമരങ്ങളാണെന്ന് വരുത്തിത്തീർക്കാനുള്ള വളരെ ബോധപൂർവ്വമായിട്ടുള്ള ശ്രമം നമ്മുടെ നാട്ടിലെ കുത്തക മാധ്യമങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്. എന്നാൽ വസ്തുതകൾ സൂക്ഷ്മമായി പരിശോധിക്കുന്നവർക്ക് തിരിച്ചറിയാൻ കഴിയും ഈ പ്രക്ഷോഭ സമരങ്ങളൊക്കെത്തന്നെ അതാത് രാജ്യങ്ങളിലെ തൊഴിലാളിവർഗ്ഗം നിരന്തരമായി നടത്തിക്കൊണ്ടിരുന്ന വലിയ പ്രക്ഷോഭങ്ങളുടെ തുടർച്ചയായിട്ടാണ് വരുന്നത്. കഴിഞ്ഞ രണ്ടുമൂന്ന് വർഷക്കാലങ്ങൾക്കുള്ളിൽ പശ്ചിമേഷ്യൻ രാജ്യങ്ങളിലൊന്നായ ഈജിപ്റ്റിൽ നടന്ന തൊഴിലാളി സമരത്തിന്റെ അടിത്തറയിൽനിന്നാണ് ഈ പുതിയ പ്രക്ഷോഭസമരം ഉയർന്നു വന്നിട്ടുള്ളത്. ഇന്ത്യയിലും അതുതന്നെ സംഭവിക്കുകയാണ്. ഇന്ത്യയിൽ യു.പി.എ. ഗവൺമെന്റ് നടപ്പാക്കിക്കൊണ്ടിരിക്കുന്ന ജനദ്രോഹ, തൊഴിലാളി ദ്രോഹ നയങ്ങൾക്കെതിരെ വൻതോതിലുള്ള തൊഴിലാളി പ്രക്ഷോഭങ്ങളാണ് വളർന്നു വന്നിട്ടുള്ളത്. നമ്മുടെ രാജ്യത്ത് ഇതിനുമുമ്പ് ഒരിക്കലും കണ്ടിട്ടില്ലാത്ത തരത്തിൽ രാജ്യത്തെ ദശലക്ഷക്കണക്കിന് തൊഴിലാളികൾ പങ്കെടുക്കുന്ന വലിയ പണിമുടക്കിന് സാക്ഷ്യം വഹിച്ചുകൊണ്ട് ഇന്ന് നടന്നുവരുന്ന പാർലമെന്റ് മാർച്ചിനെ തുടർന്ന് ഈ തൊഴിലാളിദ്രോഹ, ജനദ്രോഹ നടപടികൾക്കെതിരെ വമ്പിച്ച പ്രക്ഷോഭങ്ങളാണ് നമ്മുടെ നാട്ടിൽ വളർന്നുവരാൻ പോകുന്നത് എന്ന് മനസ്സിലാക്കണം. ഈ പ്രക്ഷോഭം പ്രധാനമായും വിലക്കയറ്റത്തിന് എതിരായിട്ടുള്ളതാണ്. വിലക്കയറ്റം നിയന്ത്രിക്കാൻ കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് ക്രിയാത്മകമായ ഒട്ടനവധി പദ്ധതികൾ നടപ്പാക്കുന്നതിനെ പരിഹസിക്കുന്ന തരത്തിലാണ് കേന്ദ്ര ഗവൺമെന്റ് പെരുമാറിക്കൊണ്ടിരിക്കുന്നത്. വിലക്കയറ്റം നിയന്ത്രിക്കുന്നതിന് ഒരു നടപടികളും സ്വീകരിക്കുന്നില്ലായെന്ന് മാത്രമല്ല വിലക്കയറ്റം രൂക്ഷമാകുന്നതിന് വഴിവയ്ക്കുന്ന തരത്തിൽ നമ്മുടെ നാട്ടിലെ കോർപ്പറേറ്റ് കുത്തകകൾക്ക് നിത്യോപയോഗ സാധനങ്ങളുടെയും ഭക്ഷ്യവസ്തുക്കളുടെയും ചില്ലറ-മൊത്ത വ്യാപാരങ്ങളുടെ മുഴുവൻ നിയന്ത്രണവും കൈമാറിക്കൊടുക്കുകയാണ്. ഒരർത്ഥത്തിൽ പറഞ്ഞാൽ നിയമാധിഷ്ഠിതമായിട്ടുള്ള പൂഴ്ത്തിവയ്പ്പും കരിഞ്ചന്തയുമാണ് കേന്ദ്ര സർക്കാർ പ്രോത്സാഹിപ്പിച്ചുകൊണ്ടിരിക്കുന്നത്. വൻകിട കോർപ്പറേറ്റ് കുത്തകകൾക്ക് യഥേഷ്ടം ഭക്ഷ്യധാന്യങ്ങൾ വിപണിയിൽ നിന്ന് വിലയ്ക്ക് വാങ്ങാനും അവധി വ്യാപാരമടക്കമുള്ള അധാർമ്മികമായ രീതികളുപയോഗിച്ച് ഭക്ഷ്യവസ്തുക്കൾ സംഭരിക്കാനും കള്ളക്കച്ചവടം നടത്താനും അനുവദിക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly

നയമാണ് കേന്ദ്ര ഗവൺമെന്റ് അനുവർത്തിച്ചുവരുന്നത്. നമ്മുടെ നാട്ടിലെ ജനങ്ങളെ കബളിപ്പിക്കുന്ന വാഗ്ദാനങ്ങളാണ് അവർ മുന്നോട്ടുവച്ചിട്ടുള്ളത്. ഈ കഴിഞ്ഞ ലോക്സഭാ തെരഞ്ഞെടുപ്പിൽ നമ്മുടെ നാട്ടിലെ പട്ടിണി പാവങ്ങൾക്ക് 35 കിലോ ഭക്ഷ്യ ധാന്യങ്ങൾ മൂന്നുരൂപാ നിരക്കിൽ നൽകുമെന്ന് വാഗ്ദാനം നൽകി അധികാരത്തിൽ വന്ന ഈ ഗവൺമെന്റിന്റെ കഴിഞ്ഞ ദിവസം നടന്ന നയപ്രഖ്യാപന പ്രസംഗത്തിൽ ഇന്ത്യയുടെ രാഷ്ട്രപതിക്കു പോലും ആ പദ്ധതി എന്ന് നടപ്പാക്കുമെന്ന് പറയാൻ കഴിയാത്ത സ്ഥിതി വിശേഷമുണ്ടായിരിക്കുന്നു.

നമ്മുടെ നാട്ടിലെ കോർപ്പറേറ്റുകൾക്ക് വൻതോതിലുള്ള ആനുകൂല്യങ്ങൾ നൽകിക്കൊണ്ടാണ് വിലക്കയറ്റവും ജീവിതഭാരവും സാധാരണക്കാരായ മഹാഭൂരിപക്ഷത്തിന്റെയുംമേൽ അടിച്ചേൽപ്പിക്കുന്നത്. ഈ നടപ്പ് സാമ്പത്തിക വർഷത്തിൽ മാത്രം അഞ്ചര ലക്ഷം കോടിരൂപയുടെ നികുതി ഇളവുകളാണ് നമ്മുടെ നാട്ടിലെ വൻകിട കോർപ്പറേറ്റ് സ്ഥാപനങ്ങൾക്ക് യു.പി.എ. ഗവൺമെന്റ് അനുവദിച്ചത്. എന്നാൽ ഈ അഞ്ചരലക്ഷം കോടി രൂപ ചെലവഴിച്ചിരുന്നുവെങ്കിൽ ഈ നാട്ടിലെ മുഴുവൻ പട്ടിണി പാവങ്ങൾക്കും അഞ്ച് വർഷക്കാലം സൗജന്യ നിരക്കിൽ ഭക്ഷ്യധാന്യങ്ങൾ നൽകാൻ കഴിയുമായിരുന്നു. ഈ വസ്തുത തിരിച്ചറിയാനോ അത് നടപ്പാക്കാനോ കേന്ദ്രം തയ്യാറാകുന്നില്ല. അത് നടപ്പാക്കുന്നതിനുവേണ്ടി കേന്ദ്ര ഗവൺമെന്റിന്റെയും തങ്ങളുടെ പാർട്ടിയുടെയും മേൽ സമ്മർദ്ദം ചെലുത്താൻ പ്രതിപക്ഷം തയ്യാറാകുമോ; കോൺഗ്രസ് തയ്യാറാകുമോ? അവർ ഇത്തരത്തിൽ ജനങ്ങളെ ബാധിക്കുന്ന പ്രശ്നങ്ങളെക്കുറിച്ചല്ല സംസാരിക്കുന്നത്. മറിച്ച് എല്ലാ തരത്തിലുള്ള അഴിമതികളെയും പ്രോത്സാഹിപ്പിക്കുകയും സംരക്ഷിക്കുകയുമാണ് അവരുടെ ലക്ഷ്യം. കോൺഗ്രസും യു.പി.എ.-യും ഇന്ന് അഴിമതി പെറ്റുപെരുകുന്ന ഒരു വലിയ ബ്രീഡിംഗ് ഗ്രൗണ്ടായിട്ട് മാറിയിട്ടുണ്ട്. അഴുക്കുചാലുകളിലും, വെള്ളം കെട്ടിക്കിടക്കുന്ന സ്ഥലങ്ങളിലും എങ്ങനെ കൊതുക് പെറ്റുപെരുകുന്നുവോ അതുപോലെയാണ് അഴിമതിയും സ്വജനപക്ഷപാതവും കോൺഗ്രസിന്റെയും യുപിഎ. ഭരണത്തിന്റെയും കീഴിൽ ഉയർന്നുവരുന്നത്. അത്തരമൊരു പശ്ചാത്തലത്തിലായിരിക്കണം കേരളത്തിലെ ഗവൺമെന്റ് നമ്മുടെ സംസ്ഥാനത്ത് നടപ്പാക്കിക്കൊണ്ടിരിക്കുന്ന ജനക്ഷേമകരമായിട്ടുള്ള പദ്ധതികളെ വിലയിരുത്താൻ. അതുപോലെതന്നെ നമ്മുടെ സംസ്ഥാനത്തെ വികസനപ്രക്രിയകളെ വിലയിരുത്തണം. ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന്റെ ഈ നേട്ടങ്ങളെ മറികടക്കാൻ കഴിയില്ല എന്ന് തിരിച്ചറിഞ്ഞു കൊണ്ടാണ് പ്രതിപക്ഷം ഇന്ന് വിറളിപുണ്ടുകൊണ്ട് വിവിധങ്ങളായ കുപ്രചാരണങ്ങളിലേക്ക് പോയ്ക്കൊണ്ടിരിക്കുന്നത്. അവരുടെ അഴിമതി ഈ സംസ്ഥാനത്തിലെയും ഈ രാജ്യത്തിലെയും ജനങ്ങൾ തിരിച്ചറിയുകയാണ്. അവരിൽ ഓരോരുത്തരായി തെരഞ്ഞെടുപ്പാകുമ്പോഴേക്കും ഇരുമ്പഴിക്കുള്ളിലാകുമെന്ന വസ്തുത അവർ തിരിച്ചറിയുന്നു. അതുകൊണ്ടാണ്

LIBRARY ARCHIVES Kerala Legislative Assembly

ഈ അവസാനത്തെ സെഷനിൽ പോലും നമ്മുടെ നിയമസഭ സമാധാനപൂർവ്വം നടത്തിക്കൊണ്ടുപോകുന്നതിനോ നമ്മുടെ രാജ്യത്തെ ജനങ്ങളെ ബാധിക്കുന്ന വിവിധങ്ങളായ പ്രശ്നങ്ങളെക്കുറിച്ച് സജീവമായിട്ടുള്ള ചർച്ചകൾ നടത്തുന്നതിനോ സഹകരിക്കാതെ ക്രിയാത്മകമായ നിയമനിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിന് വിഘാതം സൃഷ്ടിക്കാൻ അവർ ശ്രമിക്കുന്നത്. ഞാൻ ഏറെ ദീർഘിപ്പിക്കുന്നില്ല. ഈ വോട്ട് ഓൺ അക്കൗണ്ടിനെ ഒരിക്കൽ കൂടി പിന്താങ്ങിക്കൊണ്ട് ഞാൻ എന്റെ വാക്കുകൾ നിർത്തുന്നു.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : സർ, ഈ വോട്ട് ഓൺ അക്കൗണ്ടിനെ ഞാൻ എതിർക്കുന്നു. കഴിഞ്ഞതവണ സഭ പാസാക്കിയെടുത്ത പദ്ധതികൾ ഫറവോമാരുടെ ജഡം പോലെ ചെലവഴിക്കാതെ കൺമുമ്പിൽ കിടക്കുകയാണ്. അഴിമതിയിൽ മുങ്ങിത്താഴുന്ന ഈ സർക്കാരിന്റെ അന്ത്യകൂദാശയായി ഈ വോട്ട് ഓൺ അക്കൗണ്ട് മാറുകയാണ്. സംസ്ഥാനത്തിന്റെ രണ്ട് പഞ്ചവത്സര പദ്ധതിക്ക് വിനിയോഗിക്കാവുന്നത്ര തുക 80,000 കോടി രൂപ വ്യാജ ലോട്ടറികൾ കവർന്നെടുത്തപ്പോൾ അവരോടൊപ്പം നിന്ന് സംസ്ഥാനത്തെ ഒറ്റിക്കൊടുത്ത മുഖ്യമന്ത്രിയാണ് നമുക്കുള്ളത്. സംസ്ഥാന സർക്കാർ ചെയ്യേണ്ട പ്രാഥമിക നടപടികൾപോലും സൂചിപ്പിച്ചുകൊണ്ട് കേന്ദ്ര സർക്കാർ എഴുതിയ കത്ത് പൂഴ്ത്തിവച്ച് അതിനുമുകളിൽ രണ്ടുമാസം അടയിരുന്ന മുഖ്യമന്ത്രിക്ക് സി.ബി.ഐ. അന്വേഷണമായിരുന്നില്ല മകൻ സാന്റിയാഗോ മാർട്ടിനുമായി വില പേശാനുള്ള അവസരം സൃഷ്ടിക്കുകയായിരുന്നു ലക്ഷ്യം. വയനാട് റോഡിലെ താമരശ്ശേരി ചുരത്തിൽ വാഹനം കയറി വാൽ നഷ്ടപ്പെട്ട ഒരു കുരങ്ങുണ്ടായിരുന്നു. അതുവഴി കടന്നുവരുന്ന വാഹനങ്ങളിലെ യാത്രക്കാരൻ മുഴുവൻ പ്രതികാരമായി ആക്രമിച്ചു തുടങ്ങിയ ആ കുരങ്ങനെ വനം വകുപ്പിന് നാട് കടത്തേണ്ടിവന്നു. സെൻട്രൽ കമ്മിറ്റിയിലും പോളിറ്റ് ബ്യൂറോയിലും പിണറായി ഗ്രൂപ്പുകാരുടെ പ്രഹരമേറ്റ് വാൽ നഷ്ടപ്പെട്ട നമ്മുടെ മുഖ്യമന്ത്രിയും ഇപ്പോൾ വഴിയിൽ കാണുന്നവരെയൊക്കെ ആക്രമിക്കുകയാണ്. ഈ തെരഞ്ഞെടുപ്പോടെ ജനം അധികാരസ്ഥാന ഭ്രഷ്ടനാക്കിക്കൊണ്ട് ഇതിന് പ്രതികാരം ചെയ്യും. ഹൃദയത്തിന്റെ നന്മ നശിച്ച കാലഹരണപ്പെട്ട ഭരണാധികാരികളെ കടപുഴക്കി പിഴുതെറിയുന്ന പ്രക്രിയ ലോകത്ത് ആരംഭിച്ചുകഴിഞ്ഞു. ടുണീഷ്യയിൽ നിന്ന് തുടങ്ങി നൈലിന്റെ തീരത്തെ ഈജിപ്തിലെ ഭരണാധികാരി ഹുസ്നി മുബാറക്കിലെത്തി നിൽക്കുകയാണ്. നിളയുടെ തീരത്തും ജനാധിപത്യ രീതിയിൽ ഈ പ്രക്രിയ ഈ തെരഞ്ഞെടുപ്പോടെ പൂർത്തിയാകും. കേരളീയ സമൂഹത്തിന്റെ സഹൃദയ നന്മ തകർത്ത ഈ മുഖ്യമന്ത്രിയുടെ അന്ത്യമായി അത് മാറും. യാതൊരു സംശയവുമില്ല. പ്രസംഗങ്ങളും വാക്കുകളും വചനങ്ങളും ഭാവി തലമുറയ്ക്ക് ബാക്കിവച്ച മഹത് വ്യക്തികളായിരുന്നു. കഴിഞ്ഞ കാലങ്ങളിൽ കേരളത്തിന്റെ മുഖ്യമന്ത്രിമാർ. സഖാവ് ഇ.എം.എസ്., ഇ. കെ. നായനാർ, സി. അച്ചുതമേനോൻ, പി. കെ. വാസുദേവൻ നായർ തുടങ്ങിയവരൊക്കെ അത്തരക്കാരായിരുന്നു. നമ്മുടെ മുഖ്യമന്ത്രി നിരന്തരമായി ഉരുവിടുന്ന വചനങ്ങൾ ക്രോഡീകരിച്ചാൽ കൊടുങ്ങല്ലൂർ ഭരണിപ്പാട്ടിന്റെ അനുബന്ധമായല്ലാതെ അത് ചേർക്കാനാകില്ലെന്ന് പറയേണ്ടി വന്നതിൽ ഖേദമുണ്ട്. ഇപ്പോഴാകട്ടെ പെരുന്തച്ചന്റെ

LIBRARY ARCHIVES Kerala Legislative Assembly

തലയിലേക്ക് ഉളി എറിയുന്ന പ്രക്രിയ മകൻ തച്ചൻ തുടരുകയാണ്. ചന്ദന മാഫിയയ്ക്കെതിരെ വാളിളക്കിയിരുന്ന മുഖ്യമന്ത്രി മകൻ അരുൺകുമാറിന് ഏഴ് ലക്ഷം നൽകിയപ്പോൾ മൗനം പാലിച്ച സംഭവം ഇന്നലെ വാർത്താ മാധ്യമങ്ങൾ പുറത്തുവിട്ടു. അബോധാവസ്ഥയിൽ ഒളികൃാമറയിൽ പകർത്തിയ വാക്കുകളല്ല അത്. എവിടെയും തെളിയിക്കാമെന്ന് വെല്ലുവിളിച്ചുകൊണ്ടാണ് ഖാദർ പാലോത്ത് എന്ന് ചന്ദന വ്യവസായി ഇത് വെളിപ്പെടുത്തുന്നത്. പൊതുയോഗത്തിൽ പ്രസംഗിച്ച ശ്രീ. കെ. സുധാകരനെതിരെയും ഒരു ക്രിമിനൽ പറഞ്ഞതനുസരിച്ച് പി. കെ. കുഞ്ഞാലിക്കുട്ടിക്കെതിരെയും കേസെടുത്ത മുഖ്യമന്ത്രി എന്താണ് മകൻ അരുൺകുമാറിനെതിരെ കേസ് എടുക്കാത്തത്. പ്രിവൻഷൻ ഓഫ് കറപ്ഷൻ ആക്ടിന്റെ പരിധിയിൽപ്പെടുന്ന കേസാണിത്. അരുൺകുമാറിനെ പ്രോസിക്യൂട്ട് ചെയ്യാനുള്ള തന്റേടം കാണിക്കണം. ഇന്നു മാത്രമല്ല ഈ സഭയിൽ 2001-ലും ഇതുപോലെ ആരോപണം വന്നതാണ്. 2001-ൽ കണ്ണൂർ പവർ പ്രോജക്ടിനുവേണ്ടി എഴുപത്തിയഞ്ച് കോടി രൂപ ശ്രീ. വി. എസ്. അച്ചുതാനന്ദന്റെ മകൻ അരുൺകുമാർ ആവശ്യപ്പെട്ടു എന്ന് ഇടതുപക്ഷ സഹയാത്രികനും ലോകപ്രശസ്ത ടെക്നോക്രാറ്റുമായ കെ.പി.പി. നമ്പ്യാർ വെളിപ്പെടുത്തിയതാണ്. ഇത് രണ്ടുംകൂടി ചേർത്തുവായിക്കേണ്ടതാണ്. എന്നുമാത്രമല്ല അന്ന് മുട്ടയിൽ നിന്നും വിരിയുന്നതേയുള്ളു. മകനെ ഏജന്റാക്കി അച്ഛൻ നടത്തുന്ന ഈ കച്ചവടം നിറുത്തണം. നിലവാരം കുറഞ്ഞ ഉൽപ്പന്നങ്ങൾ വിൽക്കാൻ വൻതുക മുടക്കി പരസ്യം നൽകുന്ന വ്യാജ കമ്പനികളെ പോലെ അച്ഛന്റെ റേഞ്ച് കൂട്ടാൻ സിനിമ പിടിക്കുന്ന മക്കളുടെ നാടായി ഈ കേരളം മാറിയത് ലജ്ജാകരമാണ്. ഇപ്പോൾ ഒരു പുതിയ കാര്യം കൂടിയുണ്ട്. ആറന്മുള എയർപോർട്ട് പണിയാൻ ഭൂമി വാങ്ങുന്നതിലും വിവാദം കേട്ടുതുടങ്ങുന്നു. യു.ഡി.എഫ്. എയർപോർട്ടിന് എതിരല്ല. പക്ഷേ നടപടിക്രമങ്ങൾ ലംഘിച്ചു കൊണ്ട് ആറന്മുള എയർപോർട്ടിനുവേണ്ടി സ്ഥലം വാങ്ങാൻ ചിലർ ഇറങ്ങിത്തിരിച്ചുവെന്നാണ് കേൾക്കുന്നത്. എന്നുമാത്രമല്ല, കേന്ദ്ര പ്രതിരോധവകുപ്പും ഇന്ത്യൻ നേവിയും എൻ.ഒ.സി. നൽകാനാവില്ലെന്ന് അറിയിച്ച തന്ത്രപ്രധാനമായ ഈ മേഖലയിൽ സ്വകാര്യ ഉടമയുടെ എയർപോർട്ടിനെന്ന പേരിൽ 600 ഏക്കർ ഭൂമി ഏകജാലകം വഴി ഏറ്റെടുക്കാൻ സർക്കാർ ഉത്തരവിട്ടിരിക്കുന്നു. എന്റെ കയ്യിലിരിക്കുന്നത് മിനിസ്ട്രി ഓഫ് ഡിഫെൻസിന്റെ രേഖയാണ്. ഈ രേഖയിൽ പറയുന്നത് 'It was not possible to agree for NOC from Ministry of Defence' എന്നാണ്. നേവിയും, ഡിഫെൻസും ഒരു എയർപോർട്ടിന്റെ റൺവേ പണിയാൻ അവിടെ കഴിയില്ലായെന്ന് പറഞ്ഞിരിക്കുന്നു. എന്നാൽ കേരള സർക്കാർ 600 ഏക്കർ ഭൂമി ഏകജാലകം വഴി ഏറ്റെടുക്കാൻ ഉത്തരവ് നൽകിയിരിക്കുകയാണ്. ഞാൻ പറഞ്ഞല്ലോ യു.ഡി.എഫ്. എയർപോർട്ടിനെതിരല്ല. എയർപോർട്ട് വരണം. പക്ഷേ നടപടിക്രമങ്ങൾ ലംഘിച്ചുകൊണ്ട് സ്വകാര്യ വ്യക്തികളിൽ നിന്നും 600 ഏക്കർ ഭൂമി ഏറ്റെടുത്ത് ഒരു വൻകിട വ്യവസായിക്ക് കൈമാറുന്നതിന് ആരാണ് ചുക്കാൻ പിടിക്കുന്നത് എന്നറിയണം. അത് അന്വേഷിക്കപ്പെടണം. കേരളീയ സമൂഹം ഇതൊക്കെ സംശയത്തോടുകൂടിയാണ് കാണുന്നത്. കാരണം ഈർപ്പം കണ്ടാൽ കുഴിക്കാൻ കാത്തിരിക്കുന്ന മന്ത്രി പുത്രന്മാരുള്ള നാട്ടിൽ ഇതും സംശയത്തിന്റെ കരിനിഴൽ വീഴ്ത്തുന്നു.

LIBRARY ARCHIVES Kerala Legislative Assembly

അഴിമതിയിൽ മുങ്ങിക്കുളിച്ച് ചക്രശ്വാസം വലിക്കുന്ന ഇദ്ദേഹത്തിന്റെ കഴിഞ്ഞകാല അനുഭവം നിങ്ങൾക്കറിയാമല്ലോ ഇത് 2001 ഫെബ്രുവരി 27-ാം തീയതിയിലെ ഹിന്ദു പത്രമാണ്. ഹിന്ദു പത്രത്തിൽ കെ.പി.പി. നമ്പ്യാർ പറയുന്നത്, 'K.P.P. Nambiar on a Press Conference on Sunday alleged that Mr. Arunkumar had demanded ₹ 75 crores for getting the project off cleared.' കണ്ണൂർ പവർ പ്രോജക്ടിനുവേണ്ടി എഴുപത്തിയഞ്ച് കോടി രൂപ 2001-ൽ ശ്രീ. വി. എസ്. അച്ചുതാനന്ദന്റെ മകൻ ആവശ്യപ്പെട്ടുവെന്ന് കെ.പി.പി. നമ്പ്യാർ പറഞ്ഞ രേഖയാണിത്. ഇത് ഇന്ന് തുടങ്ങിയതല്ല. ഇന്നലെ തുടങ്ങിയതല്ല. എത്രയെത്ര കേസുകൾ. ഇത് 2001-ലെ ഹിന്ദു പത്രത്തിൽ വന്ന വാർത്തയും എതിരെ കേസ് കൊടുക്കുമെന്ന് ഭീഷണിപ്പെടുത്തുകയാണ്. നിങ്ങൾ ഐ.എച്ച്.ആർ.ഡി.-യിലും കേസ് കൊടുത്തല്ലോ. ഐ.എച്ച്.ആർ.ഡി.-യിൽ പി.എച്ച്.ഡി.-ക്ക് അഡ്മിഷൻ കിട്ടാൻവേണ്ടി വ്യാജരേഖ ചമച്ച അരുൺകുമാർ അന്നും കേസ് കൊടുത്തു. ആ കേസും കോടതി തള്ളി. കാരണം നിരന്തരമായി ഇങ്ങനെയുള്ള പ്രക്രിയ തുടരുകയാണ്. അഴിമതിക്കും എല്ലാ വൃത്തികേടുകൾക്കും കൂട്ടുനിൽക്കുന്ന ആളുകൾക്ക് യാതൊരു സംശയവും വേണ്ട. വരും കാലങ്ങളിൽ കേരള രാഷ്ട്രീയത്തിൽ നിന്നും അച്ഛനെയും കൂട്ടി മക്കാറ്റായിലേക്ക് പോകേണ്ട ഗതികേട് മകനുണ്ടാകും. കേരളത്തിൽ നിലനിൽക്കാനാവില്ല. അവിടേക്കാണ് കേരളം പോകുന്നത്. എവിടെയാണ് എൽ.ഡി.എഫ്. എത്തിനിൽക്കുന്നത്? എല്ലാ തീതിയിലും അഴിമതിയിൽ മുങ്ങിക്കുളിച്ചു നിൽക്കുന്ന കുറേ ആളുകൾ; അവർ എല്ലാത്തിലും കേസ് എടുക്കുന്ന ആദർശപുരുഷന്മാരാണ്. എല്ലാം അന്വേഷിക്കാൻ നടക്കുകയാണ്. ഒരു മകൻ ഇതാ പ്രതിയായി നിൽക്കുന്നു. ഒരാളല്ല പതിമൂന്നുപേരാണ് രേഖപ്പെടുത്തിയത്. ഇപ്പോൾ ഖാദർ പാലോത്ത് കൊള്ളരുതാത്തവനാണ്. കെ. കെ. നാസർ കൊള്ളരുതാത്തവനാണ്. ജനങ്ങൾ ജനപ്രതിനിധിയായി തെരഞ്ഞെടുത്തവരാണ് അവർ. അവരാരും റൗഫിനെ പോലെ ഒരു ക്രിമിനലല്ല. അവരുടെ പശ്ചാത്തലം നിങ്ങൾ പഠിക്കണം. കെ. കെ. നാസർ കോട്ടയ്ക്കൽക്കാരനാണ്. പതിമൂന്ന് പേർ തെളിവുകൾ ഉദ്ധരിച്ച് പറയുന്നു. അവിടെ മാത്രമല്ല, കേരളത്തിലെ പ്രഗത്ഭനായ അഡ്വക്കേറ്റ് രാംകുമാർ പറയുന്നത്, കംപ്യൂട്ടിന്റ് കുമാറുമായി കൂട്ടുപിടിച്ചാണ് പണി നടത്തുന്നത് എന്നാണ്. ആരാണ് ഈ കംപ്യൂട്ടിന്റ് കുമാർ? അന്വേഷണം നടത്തണം. **** ഒരു സംശയവും വേണ്ട. വരാനിരിക്കുന്ന തെരഞ്ഞെടുപ്പോടുകൂടി ചരിത്രത്തിന്റെ ചവറ്റുകൊട്ടയിലേക്ക് എറിഞ്ഞുകൊണ്ടുതന്നെ ഇത്തരം ആളുകളെ നിഷ്കാസനം ചെയ്യാൻ കേരള സമൂഹം തയ്യാറെടുക്കുമെന്നുള്ള കാര്യത്തിൽ ഒരു സംശയവും വേണ്ട. ഞാൻ ഈ വോട്ട് ഓൺ അക്കൗണ്ടിനെ എതിർക്കുന്നു.

സഹകരണവും കയറും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, പോയിന്റ് ഓഫ് ഓർഡർ. ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രി ധീരനായ സമര നേതാവും കേരളത്തിൽ എല്ലാവരും രാഷ്ട്രീയ കാര്യം ഒഴിച്ച്, എല്ലാവരും അംഗീകരിക്കുന്ന നേതാവുമാണ്. അദ്ദേഹം *** എന്ന് പറഞ്ഞത് ഓർഡറിൽ അല്ല. അത് രേഖയിൽ നിന്നും നീക്കണം.

*** സഭാദ്ധ്യക്ഷന്റെ ഉത്തരവുപ്രകാരം രേഖയിൽ നിന്നും നീക്കം ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

മി. ചെയർമാൻ (ശ്രീ. വി. ശശികുമാർ) : പരിശോധിക്കുന്നതാണ്. ..... (ബഹളം)..... ശ്രീ. സി. എച്ച് കുഞ്ഞമ്പു, അങ്ങേക്ക് സംസാരിക്കാം. ..... (ബഹളം)..... ശ്രീ. കുഞ്ഞമ്പു, താങ്കൾ സംസാരിക്കണം. ഒരു പോയിന്റ് ഓഫ് ഓർഡറുമില്ല. .....(ബഹളം).....

ശ്രീ. സി. എച്ച്. കുഞ്ഞമ്പു : സർ, ഈ വോട്ട് ഓൺ അക്കൗണ്ടിനെ ഞാൻ പിന്തുണയ്ക്കുന്നു. ഇന്നലെയും ഇന്നുമായി പ്രതിപക്ഷ പാർട്ടികളുടെയും അംഗങ്ങളുടെയും സംസാരവും നിലപാടും കണ്ടപ്പോൾ ഒരു കാര്യം വ്യക്തമായി

ശ്രീ. സി. പി. മുഹമ്മദ് : സർ, ...

മി. ചെയർമാൻ : ശ്രീ. സി. എച്ച്. കുഞ്ഞമ്പു സംസാരിച്ച് തുടങ്ങട്ടെ അതു കഴിഞ്ഞ് താങ്കൾക്ക് സംസാരിക്കാം.

ശ്രീ. സി. എച്ച്. കുഞ്ഞമ്പു : പ്രതിപക്ഷ മെമ്പർമാരുടെ പ്രസംഗം കേട്ടപ്പോൾ ഒരു കാര്യം മനസ്സിലായി. പ്രതിപക്ഷത്തിന്റെ സമനില തെറ്റിയിട്ടുണ്ട്. കഴിഞ്ഞ ഒരാഴ്ച മുമ്പുവരെ എങ്ങനെയായിരുന്നുവോ പ്രതിപക്ഷം അതുപോലെയല്ല ഇന്നലെ മുതൽ പ്രതിപക്ഷം.*** സമയമായി .....(ബഹളം)..... കാരണം സമനില തെറ്റിയില്ലായിരുന്നെങ്കിൽ ഒരിക്കലും ഇങ്ങനെ സംസാരിക്കുമായിരുന്നില്ല.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, പോയിന്റ് ഓഫ് ഓർഡർ.

ശ്രീ. സി. എച്ച്. കുഞ്ഞമ്പു : കഴിഞ്ഞ ലോക്സഭയിലും. .....

മി. ചെയർമാൻ : ശ്രീ. സി. എച്ച്. കുഞ്ഞമ്പു, ശ്രീ. സി. പി. മുഹമ്മദിന്റെ പോയിന്റ് ഓഫ് ഓർഡർ.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : ഞാനല്ലേ ആദ്യം ചോദിച്ചത്.

മി. ചെയർമാൻ : അല്ല, അല്ല. ശ്രീ. സി. പി. മുഹമ്മദ് ചോദിച്ചിട്ടുണ്ട്. .....(ബഹളം)..... സി. പി. മുഹമ്മദ് ആദ്യമേ ചോദിച്ചിട്ടുണ്ട്. അദ്ദേഹത്തിന് സംസാരിക്കാം.

ശ്രീ. സി. പി. മുഹമ്മദ് : സർ, മൈക്ക് അവിടെ കൊടുത്തോളൂ. ഞാൻ ചോദിച്ചത് വേറെയാണ്.

മി. ചെയർമാൻ : .....(ബഹളം)..... ഇത് ശരിയല്ല. അങ്ങനെ ശരിയല്ല. ശ്രീ. സി. പി. മുഹമ്മദാണ് ഇവിടെ ആദ്യം ചോദിച്ചത്. അദ്ദേഹത്തിന് കൊടുക്കുന്നതാണ്. ശ്രീ. സി. പി. മുഹമ്മദിനു വേണ്ടെങ്കിൽ വേണ്ട. ..... (ബഹളം)... ശ്രീ. കുഞ്ഞമ്പു, നിങ്ങൾക്ക് സംസാരിക്കാവുന്നതാണ്. ....(ബഹളം)..... ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ അവിടെ ഇരിക്കണം. ഇപ്പോൾ സംസാരിക്കുന്നത് ശ്രീ. കുഞ്ഞമ്പു ആണ്. അങ്ങേക്ക് ഇപ്പോൾ അനുവദിച്ചിട്ടില്ല .....(ബഹളം)..... ശ്രീ. കുഞ്ഞമ്പു താങ്കൾക്ക് സംസാരിക്കാവുന്നതാണ്. ...(ബഹളം).... കുഞ്ഞമ്പുവിന് സംസാരിക്കാവുന്നതാണ്. ഇപ്പോൾ അനുവദിക്കുന്നതല്ല. ....(ബഹളം).... ഇവിടെ ചോദിച്ചത് ശ്രീ. സി. പി. മുഹമ്മദാണ്. സി. പി. മുഹമ്മദിന് അനുവദിച്ചു. അതിനുശേഷം കുഞ്ഞമ്പുവാണ് സംസാരിക്കുന്നത്. അദ്ദേഹം സംസാരിച്ചതിനു ശേഷം നിങ്ങൾക്ക് സംസാരിക്കാവുന്നതാണ്. .....(ബഹളം)....

---

* സഭാദ്ധ്യക്ഷന്റെ ഉത്തരവുപ്രകാരം രേഖയിൽ നിന്നും നീക്കം ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

(ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന് ക്രമപ്രശ്നം ഉന്നയിക്കാൻ അവസരം നൽകാത്തതിൽ പ്രതിഷേധിച്ച് പ്രതിപക്ഷം നടുത്തളത്തിലിറങ്ങി ബഹളം വച്ചു)

മി. ചെയർമാൻ : ബഹുമാനപ്പെട്ട അംഗങ്ങൾ അവരവരുടെ സീറ്റുകളിലേക്ക് പോകണം. ഇപ്പോൾ ശ്രീ. കുഞ്ഞമ്പു ആണ് സംസാരിച്ചത്. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ സംസാരിക്കുന്നതിന് ചോദിച്ചാൽ തരുന്നതാണ്. ....(ബഹളം).... ഇപ്പോൾ താങ്കൾ സീറ്റിലേക്ക് പോകേണ്ടതാണ്. .....(ബഹളം)..... കൊടുക്കാം. ഇപ്പോഴല്ല കൊടുക്കും. ഇപ്പോൾ കൊടുക്കില്ല. ....(ബഹളം).... ശ്രീ. കുഞ്ഞമ്പു താങ്കൾക്ക് സംസാരിക്കാവുന്നതാണ്. ശ്രീ. തിരുവഞ്ചൂർ താങ്കൾക്ക് ഉടനെ തരുന്നതാണ്. .....(ബഹളം).....

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

(ബഹുമാനപ്പെട്ട സ്പീക്കറുടെ അഭ്യർത്ഥനയെത്തുടർന്ന് പ്രതിപക്ഷം അവരവരുടെ സീറ്റുകളിലേക്ക് തിരിച്ചുപോയി.)

മി. സ്പീക്കർ : യെസ്.... യെസ്..... ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ....

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : Sir, I raise a point of order. Rule 307, അങ്ങ് ഈ ചെയറിൽ വരുന്നതിനുമുമ്പ് ഇവിടെ ശ്രീ. സി. എച്ച് കുഞ്ഞമ്പു ഒരു പരാമർശം നടത്തി. ശ്രീ. കുഞ്ഞമ്പു നടത്തിയ പരാമർശം *** ഇതാണ് അദ്ദേഹം നടത്തിയ പരാമർശം. അത് കേരളത്തിന്റെ സംസ്കാരത്തിന് ചേരാത്തതാണ്. ഈ നിയമസഭയിലെ ഇൻഡീസന്റായ പദപ്രയോഗമാണ്. അത് അൺ പാർലമെന്ററിയാണ്. അത് പിൻവലിക്കണം. രേഖയിൽ നിന്നു മാറ്റണം. അതിന് അങ്ങയുടെ പ്രത്യേക റൂളിംഗ് വേണം.

ശ്രീ. സി. എച്ച്. കുഞ്ഞമ്പു : സർ, പ്രതിപക്ഷത്തിന് ഒരു ചികിത്സ ആവശ്യമുണ്ട്. അത് ഇപ്പോൾ തന്നെ ആരംഭിക്കണം. ഇപ്പോൾ ആരംഭിച്ചിട്ടില്ലെങ്കിൽ *** എന്നുള്ള കാര്യത്തിൽ ഞാൻ ഉറച്ചു നിൽക്കുന്നു. കാരണം പ്രതിപക്ഷത്തിനുവേണ്ട ചികിത്സ ഈ രാജ്യത്തെ ജനങ്ങൾ നൽകും. അവർ ഇപ്പോഴും ഉന്നയിക്കുന്നത് എന്താണ്. കഴിഞ്ഞ ലോക്സഭാ തെരഞ്ഞെടുപ്പ്... ....(ബഹളം)....

മി. സ്പീക്കർ : ശ്രീ. കുഞ്ഞമ്പു, അങ്ങ് പറഞ്ഞ ഒരു കാര്യം അത് പിൻവലിക്കുന്നുണ്ടോ ?

ശ്രീ. സി. എച്ച്. കുഞ്ഞമ്പു : സർ, ആദ്യം പറഞ്ഞ ഭാഗം പിൻവലിക്കാം.

മി. സ്പീക്കർ : അത് പിൻവലിച്ചിരിക്കുന്നു. യെസ് അങ്ങ് പ്രസംഗിക്കു.

ശ്രീ. സി. എച്ച്. കുഞ്ഞമ്പു : സർ, ഞാൻ പറഞ്ഞത് പ്രതിപക്ഷത്തിന് ഒരു ചികിത്സ വേണം. ആ ചികിത്സ ഈ രാജ്യത്തെ ജനങ്ങൾ നൽകും. കാരണം പ്രതിപക്ഷത്തിന്റെ സമനില തെറ്റിപ്പോയി എന്നുള്ള കാര്യത്തിൽ യാതൊരു തർക്കവുമില്ല. ഇന്നലെയും ഇന്നുമായി അതാണ് കാണുന്നത്.

* സഭാദ്ധ്യക്ഷന്റെ ഉത്തരവിൻപ്രകാരം രേഖയിൽ നിന്നും നീക്കം ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

ഇന്നലെയും ഇന്നുമായി എന്താണ് ഇവിടെ പറഞ്ഞത്? മുഖ്യന്ത്രിയാണ് ഇപ്പോഴത്തെ ടാർജറ്റ്. മുഖ്യമന്ത്രിക്കുനേരെ ഇന്നലെ മുതൽ യു.ഡി.എഫ്. ആരംഭിച്ച യുദ്ധമാണ്. അഴിമതിയാണ് ആരോപിക്കുന്നത്. ആരാണ് ആരോപിച്ചത്. ഇന്നലെ കാസർഗോഡുകാരൻ എന്റെ നാട്ടുകാരനായ ഒരു ചങ്ങാതി ഖാദർ പാലോത്ത്; ഈ ഖാദർ പാലോത്ത് എന്നു പറയുന്ന ചങ്ങാതി പറഞ്ഞത്, ബഹുമാനപ്പെട്ട മുഖ്യമന്ത്രി അഞ്ചാറുവർഷം മുമ്പ് പ്രതിപക്ഷ നേതാവായിരിക്കുന്ന സമയത്ത് ഏഴു ലക്ഷം രൂപ അദ്ദേഹത്തിന്റെ മകനു കൊടുത്തുവെന്നാണ്. എന്തിനാണ് ഏഴു ലക്ഷമാക്കിയത്. പൈസ കുറഞ്ഞുപോയി. ഏഴു കോടിയോ അല്ലെങ്കിൽ ഇപ്പോഴത്തെ പുതിയ റേറ്റ് അനുസരിച്ച് ഏഴായിരം കോടിയാക്കാമായിരുന്നില്ലേ. ഏഴു ലക്ഷം കോടിയാക്കാമായിരുന്നില്ലേ. ഈ ഖാദർ പാലോത്ത് എന്ന് ചങ്ങാതി എന്തും വിളിച്ചു പറയാൻ തയ്യാറാകുന്നവനാണ്. പഴയ ബ്ലോക്ക് പഞ്ചായത്ത് മെമ്പർ പിന്നീട് ആർക്കും വേണ്ടാതെ മൂലയ്ക്കിരിക്കുന്ന ഖാദർ പാലോത്താണ് മുഖ്യമന്ത്രിക്കെതിരെ ഒരു ദുരാരോപണം ഉന്നയിക്കുന്നത്, എന്തെങ്കിലും പറയുക എന്നതാണ് ഇന്നു രാവിലെ പ്രതിപക്ഷ നേതാവ് പറഞ്ഞത്. ഇത് വെളിപ്പെടുത്തലുകളുടെ കാലമാണ് എന്നാണ്. ശ്രീ. കുഞ്ഞാലിക്കുട്ടിക്കെതിരെയുള്ള വെളിപ്പെടുത്തലുപോലെയാണോ ഇത്. ഐസ്ക്രീം കേസ് പോലെയാണോ ഇത്. ഇപ്പോൾ നിങ്ങളുടെ ഒരു നേതാവ് ശ്രീ. ബാലകൃഷ്ണപിള്ള ജയിലിലായി. അഴിമതി നടത്തി കട്ടുമുടിച്ച് തിന്നതിന്റെ പേരിലല്ലേ അദ്ദേഹം ജയിലിലായത്. നിങ്ങളുടെ നേതാക്കൻമാർ പലരും ഇപ്പോൾ ക്യൂവിലാണ്. അടുത്തത് ആരുടെ ഊഴമെന്ന് കാത്തു നിൽക്കുകയാണ്. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി ഇപ്പോൾ ക്യൂവിലുണ്ട്. ഏതു ദിവസവും ഏതു സമയത്തും ഐസ്ക്രീം കേസിൽ കുഞ്ഞാലിക്കുട്ടി അകത്താകുമെന്ന ഭയമല്ലേ യു.ഡി.എഫിനെ ബാധിച്ചിരിക്കുന്നത്. അവിടെയും തീരുന്നില്ല; ശ്രീ. ടി. എം. ജേക്കബും ഒരുപക്ഷേ അകത്തായിക്കൂടായ്കയില്ല. ചുരുക്കിപ്പറഞ്ഞാൽ, യു.ഡി.എഫ്. നേതാക്കൻമാരിൽ പലർക്കും ഇപ്പോൾ ഹാലിളകിയിട്ടുണ്ട്. യു.ഡി.എഫുകാർ വിചാരിച്ചത്, പഞ്ചായത്ത് തെരഞ്ഞെടുപ്പും ലോക്സഭാ തെരഞ്ഞെടുപ്പും കണ്ടപ്പോൾ കേരളം മുഴുവൻ നമ്മുടെ കൈയിലമർന്നു കിട്ടിയെന്നാണ്. കാറ്റു മാറി വീശി. പഞ്ചായത്ത് തെരഞ്ഞെടുപ്പുപോലെയും ലോക്സഭാ തെരഞ്ഞെടുപ്പു പോലെയുമല്ല അസംബ്ലി തെരഞ്ഞെടുപ്പു വരുമ്പോൾ യു.ഡി.എഫ്. പഴയതിനേക്കാൾ നാണംകെട്ട തോൽവി ഏറ്റുവാങ്ങാൻ പോകുന്നു എന്ന സൂചനയല്ലേ നമ്മൾ കേരളത്തിൽ കാണുന്നത്. നേതാക്കൻമാർ ഇപ്പോൾ മുഖ്യമന്ത്രിയെ ആണെങ്കിൽ കഴിഞ്ഞ ഏതാനും ദിവസം മുമ്പ് ധനമന്ത്രി ഡോ. തോമസ് ഐസക്കിനെതിരെയായിരുന്നു. ഈ കേരളത്തിലെ ധനമാനേജ്മെന്റിനെ ഏറ്റവും ശക്തമായ നിലയിൽ നയിച്ച കേരളത്തിന്റെ പ്രഗല്ഭനായ ധനമന്ത്രിയെ, അദ്ദേഹത്തെ ഒന്ന് ഇടിച്ചുതാഴ്ത്താൻ എന്തെല്ലാം പാഴ്വേലകൾ നിങ്ങൾ നടത്തി നോക്കി. ശ്രീ. എം. എ. ബേബിക്കു നേരെ, ശ്രീമതി പി. കെ. ശ്രീമതി ടീച്ചർക്കു നേരെ, വ്യവസായ വകുപ്പിനെ നല്ല രീതിയിൽ കൊണ്ടുപോയ ശ്രീ. എളമരം കരീമിനും നേരെ, ഓരോരോ ആളെ ടാർജറ്റു ചെയ്തു. ഒടുവിൽ ശ്രീ. വി. എസ്. അച്ചുതാനന്ദനെ. വി. എസ്. അഴിമതിക്കാരൻ; വി. എസ്.-ന്റെ വീട്ടുകാർ അഴിമതിക്കാർ എന്നു പറഞ്ഞാൽ കേരളത്തിലെ

LIBRARY ARCHIVES Kerala Legislative Assembly

ഏതെങ്കിലുമൊരു കുട്ടിപോലുമത് അംഗീകരിക്കുമോ ? ലോകത്ത് ആരെങ്കിലും വിശ്വസിക്കുമോ ? അതെല്ലാം അവജ്ഞയോടെ തള്ളും. ശ്രീ. വി. ഡി. സതീശൻ വെറുതെ വ്യർഥാ ന്യായങ്ങൾ നിരത്തിയിട്ട് കാര്യമില്ല. ശ്രീ. വി. എസ്. അച്ചുതാനന്ദനെന്നു പറയുന്നത് അഴിമതിക്കെതിരായ രാഷ്ട്രീയ പോരാട്ടത്തിന്റെ ഒരു ശക്തി ഗോപുരമാണ്. അദ്ദേഹത്തിന്റെ ഒരു രോമം പോലും തൊടാൻ പ്രതിപക്ഷത്തിന് കഴിയില്ല. ബാലകൃഷ്ണപിള്ളയല്ല വി. എസ്. ടി. എം. ജേക്കബ്ബല്ല വി. എസ്. അതുകൊണ്ട് വി. എസ്. അച്ചുതാനന്ദനു നേരെ ചാടിവീണിട്ട് ഒരു കാര്യവുമില്ല. അതുകൊണ്ട് നിങ്ങൾ ഇപ്പോൾ കാണുന്നത്. അടുത്ത തെരഞ്ഞെടുപ്പിൽ ഇതെല്ലാം വച്ചുകൊണ്ട് പ്രചരിപ്പിച്ചാൽ നാട്ടിലെ ജനങ്ങൾ മുഴുവൻ നിങ്ങളുടെ കൂടെ നിൽക്കുമെന്നാണെങ്കിൽ തെരഞ്ഞെടുപ്പു വരട്ടെ നമുക്ക് കാണാം. ഏതായാലും രണ്ടു മാസം കഴിഞ്ഞാൽ യു.ഡി.എഫിന്റെ ഗതി വീണ്ടും പ്രതിപക്ഷത്തു തന്നെയാകും എന്നതിന് തെളിവാണ് ഇപ്പോൾ നമ്മുടെ നാട്ടിൽ നടന്നുകൊണ്ടിരിക്കുന്നത്.

1.00 PM.] ശ്രീ. പി. കൃഷ്ണപ്രസാദ് : ഇവിടെ പറഞ്ഞ ആരോപണം പ്രതിപക്ഷ നേതാവിന് 7 ലക്ഷം രൂപ കൊടുത്തു എന്നാണ്. യു.ഡി.എഫ്. ഭരിക്കുമ്പോൾ അവരുടെ പ്രതിപക്ഷത്തുള്ള ആളുകൾക്ക് കൊടുത്തു എന്നാണ് പറയുന്നത്. അങ്ങനെയാണെങ്കിൽ ആ ഭരണപക്ഷത്തിലെ മന്ത്രിക്ക് എത്ര കോടി രൂപ കൊടുത്തിട്ടുണ്ടാകും ? പ്രതിപക്ഷത്ത് കോഴ കൊടുത്തു എന്നുള്ള ഒരു ആരോപണം ചരിത്രത്തിൽ എന്നെങ്കിലും ഉണ്ടായിട്ടുണ്ടോ ?

ശ്രീ. സി. എച്ച്. കുഞ്ഞമ്പു : പ്രതിപക്ഷ നേതാവിന് 7 ലക്ഷം രൂപ കൊടുത്തിട്ടുണ്ടെങ്കിൽ ഒരു സംശയവും വേണ്ട അന്ന് ശ്രീ. ഉമ്മൻ ചാണ്ടിക്ക് കോടികൾ കൊടുത്തിട്ടുണ്ടാകുമെന്നതിൽ ഒരു തർക്കവുമില്ല. കാസർഗോഡ് ജില്ലയിലെ ചന്ദന മാഫിയകളെല്ലാം ലീഗ് നേതാക്കന്മാരാണ്. അത് കേരളത്തിൽ മാത്രമല്ല കേരളത്തിന് വെളിയിലുമുണ്ട്. ആന്ധ്രയിലും ഗോവയിലും കർണ്ണാടകയിലും മഹാരാഷ്ട്രയിലും ഒക്കെയുണ്ട്. അവിടെയെല്ലാം ചന്ദന വ്യവസായം നടത്തുന്ന മാന്യന്മാർ ലീഗ് നേതാക്കന്മാരാണ്. 7 ലക്ഷം രൂപയൊന്നും അവർക്ക് ഒരു പ്രശ്നമല്ല. അവർ എത്ര കോടി രൂപ വേണമെങ്കിലും കൊടുക്കും. പ്രതിപക്ഷ നേതാവായിരുന്ന ശ്രീ. വി. എസ്. അച്ചുതാനന്ദൻ അന്ന് അത്രയും കൊടുത്തിരുന്നെങ്കിൽ അന്നത്തെ മുഖ്യമന്ത്രിയായിരുന്ന ശ്രീ. ഉമ്മൻ ചാണ്ടിക്ക് എത്ര കിട്ടിയിരിക്കുമെന്ന് നാട്ടിലെ ജനങ്ങൾ ചിന്തിക്കുകയില്ലേ ? വെറുതെ എന്തെങ്കിലും ആരോപണം ഉന്നയിച്ചിട്ട് കാര്യമുണ്ടോ ?

ശ്രീ. എം. ചന്ദ്രൻ : 7 ലക്ഷം രൂപ കൊടുത്തു എന്ന് ഒരാൾ ചാനലിൽ ആക്ഷേപം ഉന്നയിച്ചു. അതിനുമുമ്പ് ജോസ് ഇല്ലിക്കൽ എന്ന് പറയുന്ന ഒരാൾ 1993-ൽ ബാർ ലൈസൻസ് കിട്ടാൻ വയലാർ രവിക്ക് 10 ലക്ഷം രൂപ, കരുണാകരനുവേണ്ടി ശ്രീമതി പത്മജയ്ക്ക് 10 ലക്ഷം രൂപ, അന്നത്തെ

LIBRARY ARCHIVES Kerala Legislative Assembly

എക്സൈസ് വകുപ്പുമന്ത്രിക്ക് 10 ലക്ഷം രൂപ, റോസക്കുട്ടി ടീച്ചർക്ക് 6 ലക്ഷം രൂപ ഇതെല്ലാം കൊടുത്തു എന്നു പറഞ്ഞിട്ട് ഇതുവരെ പ്രതിപക്ഷം അതിനെ സംബന്ധിച്ച് ഒരു നിഷേധംപോലും ഇറക്കിയിട്ടില്ല എന്നുള്ളത് അങ്ങേക്കറിയുമ്മോ ?

ശ്രീ. സി. എച്ച്. കുഞ്ഞമ്പു : അത്തരം കാര്യത്തെക്കുറിച്ച് ഒരക്ഷരം മിണ്ടിയിട്ടില്ല. ബഹുമാനപ്പെട്ട ഉമ്മൻ ചാണ്ടി പറഞ്ഞത് വെളിപ്പെടുത്തേണ്ട കാര്യമാണെന്നാണ്. വെളിപ്പെടുത്തണ്ട കാര്യമാണെങ്കിൽ കുഞ്ഞാലിക്കുട്ടിക്കെതിരെ ബന്ധുവായ റൗഫ്, ഐസ്ക്രീം കേസിൽ വെളിപ്പെടുത്തിയതുപോലെയാണോ ഖാദർ പാലോത്ത് ഇപ്പോൾ പറഞ്ഞിരിക്കുന്ന വെളിപ്പെടുത്തൽ. ഇത് രണ്ടും ഒരുപോലെയാണോ ? ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് എന്ത് ധാർമ്മികത വച്ചിട്ടാണ് കുഞ്ഞാലിക്കുട്ടിക്ക് പിന്തുണ പ്രഖ്യാപിച്ചത്. പ്രതിപക്ഷ നേതാവിനെങ്കിലും ഒരു ധാർമ്മികതയുണ്ടെന്നാണ് ഞങ്ങൾ കരുതിയത്. പക്ഷേ കുഞ്ഞാലിക്കുട്ടിയെയാണ് നിങ്ങൾ പിന്തുണയ്ക്കുന്നതെങ്കിൽ നിങ്ങളുടെ ധാർമ്മികത ചോദ്യം ചെയ്യപ്പെടും. കുഞ്ഞാലിക്കുട്ടി ചെയ്തത് ഈ നാട്ടിലെ ആർക്കെങ്കിലും അംഗീകരിക്കാൻ കഴിയുന്ന കാര്യമാണോ ? ആ കുഞ്ഞാലിക്കുട്ടിയെ പിന്തുണയ്ക്കുന്നു. ബാലകൃഷ്ണപിള്ളയെ പിന്തുണയ്ക്കുന്നു. ബാലകൃഷ്ണപിള്ള ഈ കേരളത്തെ കട്ടുമുടിച്ചിട്ട് ജയിലിൽ പോയതാണ്. ഇപ്പോൾ പറയുന്നു ശ്രീ. വി. എസ്. അച്ചുതാനന്ദൻ ജയിലിലാക്കിയെന്ന്. ശ്രീ. വി. എസ്. അച്ചുതാനന്ദൻ ആണോ ജയിലിലാക്കിയത് ? സുപ്രീം കോടതിയാണ് ജയിലിലാക്കിയത്. ധാർമ്മിക രോഷംകൊണ്ടിട്ട് ശ്രീ. സുധാകരൻ സുപ്രീം കോടതി പണം വാങ്ങുന്നവരാണെന്ന് ആക്ഷേപിക്കുന്നു. ഇതേക്കുറിച്ചൊന്നും നിങ്ങൾക്ക് ഉരിയാടാനില്ലാതെ, തികച്ചും അടിസ്ഥാനരഹിതമായ ആരോപണമുന്നയിച്ചിട്ടാണ് നിങ്ങൾ അടുത്ത തെരഞ്ഞെടുപ്പിനെ നേരിടുന്നതെങ്കിൽ നിങ്ങൾക്ക് പഞ്ചായത്തിലും നിയമസഭയിലും ഉണ്ടായതുപോലെയല്ല അടുത്ത തെരഞ്ഞെടുപ്പിൽ നിങ്ങൾക്ക് ദയനീയമായ പരാജയമാണ്. ഈ കേരളം സമ്മാനിക്കാൻ പോകുന്നത് എന്ന് കാണാനിരിക്കുന്നതെയുള്ളു. അഴിമതിയെക്കുറിച്ച് വലിയ വാദമുയർത്തുന്ന നിങ്ങളുടെ സ്ഥിതി എന്താണ് ? 2 ജി സ്പെക്ട്രം-1.76 ലക്ഷം കോടി രൂപ എസ്-ബാൻഡ്-2 ലക്ഷം കോടി രൂപ, കോമൺവെൽത്ത് ഗെയിംസ് 40,000 കോടി രൂപ, ആദർശ് ഫ്ളാറ്റ്, എവിടെയാണ് നിങ്ങളുടെ പല നേതാക്കന്മാരും, കേന്ദ്ര മന്ത്രിസഭയിലുണ്ടായിരുന്ന രാജ ഇപ്പോൾ ജയിലിൽ. ചിദംബരത്തെ ജയിലിൽ വയ്ക്കാത്തത് ചിദംബരം കൂടി ജയിലിലായാൽ പ്രധാനമന്ത്രിക്ക് നിൽക്കാൻ കഴിയില്ല. കഴിഞ്ഞ 5 വർഷക്കാലം സത്യസന്ധമായി ഈ നാട്ടിലെ പാവപ്പെട്ട ജനങ്ങൾക്കുവേണ്ടി കാര്യങ്ങൾ ഭംഗിയായി നിർവ്വഹിച്ച ഗവൺമെന്റിനെ ജനങ്ങൾ അംഗീകരിച്ചു. അടുത്ത തെരഞ്ഞെടുപ്പിനെ മുന്നിൽകണ്ടുകൊണ്ട് സമനിലതെറ്റി, ഭ്രാന്തിളകി, ആകെ ഇളക്കി മറിച്ച് കുറേ ആരോപണമുന്നയിച്ചാലൊന്നും നിങ്ങൾ രക്ഷപ്പെടാൻ പോകുന്നില്ല. തെരഞ്ഞെടുപ്പിനുവേണ്ടി ഇങ്ങനെ എന്തെങ്കിലും കുറേ കള്ള പ്രചാരം നടത്തി രക്ഷപ്പെടാം എന്നാണ് പ്രതിപക്ഷം വ്യാമോഹിക്കുന്നതെങ്കിൽ നിങ്ങൾ രക്ഷപ്പെടില്ല എന്നു മാത്രമല്ല നിങ്ങളുടെ ഗതി ഇന്നുള്ളതിനേക്കാൾ അധോഗതിയാകും എന്നുമാത്രം പറഞ്ഞുകൊണ്ട് ഞാൻ ഈ വോട്ട് ഓൺ അക്കൗണ്ടിനെ ഒരിക്കൽകൂടി അനുകൂലിച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. മാത്യു. ടി. തോമസ് : സർ, 34-ാം ദേശീയ ഗെയിംസ് സമാപിച്ചു. പല റിക്കാർഡുകളുമിട്ടു. കേരളത്തിൽ വികസന രംഗത്തും ക്ഷേമ പദ്ധതി രംഗത്തും ലോക റിക്കാർഡിട്ട ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ വോട്ട് ഓൺ അക്കൗണ്ടിനെ ഞാൻ അങ്ങേയറ്റം സന്തോഷത്തോടുകൂടി അനുകൂലിക്കുകയാണ്. പ്രതിപക്ഷത്തിന്റെ ഇപ്പോഴത്തെ മാനസികനില, കാത്തു സൂക്ഷിച്ചൊരു കസ്തൂരി മാമ്പഴം കാക്ക കൊത്തി പോയേ എന്ന ഒരു അവസ്ഥിലാണ്. പാർലമെന്റ് തെരഞ്ഞെടുപ്പ് കഴിഞ്ഞപ്പോൾ അടുത്ത ഭരണം ഞങ്ങളുടേതാണെന്ന് അവർ വ്യാമോഹിച്ചു. തദ്ദേശസ്വയം ഭരണ തെരഞ്ഞെടുപ്പ് കഴിഞ്ഞപ്പോൾ അതിന് അടിവരയിടാൻ കഴിഞ്ഞു. അത് പ്രതീക്ഷിച്ച് ഞങ്ങളുടെ കൂടെയുണ്ടായിരുന്ന കുറേയാളുകൾ അപ്പുറത്തേക്ക് പോയി. ശ്രീ. പി. സി. ജോർജ്, പി. ജെ. ജോസഫ്. 2011-ൽ യു.ഡി.എഫ്.-ന്റെ ഗവൺമെന്റ് വരുമ്പോൾ വകുപ്പൊക്കെ ചോദിച്ചുകൊണ്ട് ചിലയാളുകൾ പോയി. മൂന്നു നാലു വർഷം മനസ്സിൽ താലോലിച്ച് പാലൂട്ടി വലുതാക്കിക്കൊണ്ടു വന്ന സ്വപ്നം തകർന്നടിയുന്ന നിരാശയാണ് പ്രതിപക്ഷത്തിന്റെ സമനില തെറ്റിക്കുന്നതും ഈ ദിവസങ്ങളിൽ അവരുടെ പ്രകടനങ്ങൾ മോശമാക്കുന്നതും. കുറച്ചു ദിവസമായി പ്രതിപക്ഷം കേരളത്തിന്റെ ആരാധ്യനായ മുഖ്യമന്ത്രിയെ ഒറ്റപ്പെടുത്തി ആക്രമിക്കുക എന്ന ഒരു നിലപാടാണ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. അത് ചില മാധ്യമങ്ങൾ ക്രമീകരിച്ചു കൊടുത്ത അജണ്ടയിൽ ആശ്രയിച്ചുകൊണ്ട്, മാധ്യമങ്ങളുടെ കാര്യപരിപാടി നടപ്പിലാക്കി കൊടുക്കുകയാണ് പ്രതിപക്ഷം ചെയ്യുന്നത്. പ്രതിപക്ഷം കുറേനാളുകൾ മനഃപ്പായസമുണ്ട്. സഖാവ് വി. എസ്. അച്ചുതാനന്ദനെ എൽ.ഡി.എഫ്. കയ്യൊഴിയും. മുഖ്യമന്ത്രിയായിരുന്ന കെ. കരുണാകരനേയും എ. കെ. ആന്റണിയേയും പിന്നിൽ നിന്ന് കുത്തി പാരമ്പര്യമുള്ളവർ അങ്ങനെ സ്വപ്നം കണ്ടതിൽ ഞാനവരെ കുറ്റപ്പെടുത്തുന്നില്ല. പക്ഷേ ഇത് ഇടതുപക്ഷ ജനാധിപത്യ മുന്നണിയാണ്. ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ ജനപക്ഷ പരിപാടികൾ ഫലപ്രദമായി നടപ്പിലാക്കുന്ന ഗവൺമെന്റിനേയും അതിന് നേതൃത്വം നൽകുന്ന മുഖ്യമന്ത്രിയേയും കേരളത്തിലെ ജനങ്ങൾ കണ്ണിലെ കൃഷ്ണമണിപോലെ കാക്കും എന്ന കാര്യത്തിൽ പ്രതിപക്ഷത്തിന് യാതൊരു സംശയവും വേണ്ട. പ്രതിപക്ഷം വച്ച വെള്ളം വാങ്ങിവച്ചാൽ മതി എന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

ഇന്നത്തെ അടിയന്തര പ്രമേയത്തിൽ മുഖ്യമന്ത്രിയുടെ മകനുമായി ബന്ധപ്പെടുത്തിക്കൊണ്ട് കാസർഗോഡ് ഒരു ഡാദർഭായി എന്തോ പറഞ്ഞിരിക്കുന്നു. അടിയന്തരപ്രമേയത്തിൽ പ്രതിപക്ഷ നേതാക്കളുടെ പ്രസംഗം എന്താണ് ? ചന്ദനകൊള്ളക്കെതിരെ ശ്രീ. വി. എസ്. അച്ചുതാനന്ദൻ പ്രതികരിച്ചത് പോലാ എന്നാണ് പറഞ്ഞത്. ഇതിൽ നിന്നും എന്താണ് മനസ്സിലാക്കുന്നത് ? യു.ഡി.എഫ്.

LIBRARY ARCHIVES Kerala Legislative Assembly

ഗവൺമെന്റ് നടത്തിയ അഴിമതി ; അത് അവരുടെ അവകാശമാണ്. അവരുടെ അഴിമതി നടത്താനുള്ള അവകാശം നടപ്പിലാക്കുമ്പോൾ വിമർശിക്കാനുള്ള കടമ നമ്മുടേതാണ്. ഞങ്ങൾ ഞങ്ങളുടെ അവകാശം നിർവ്വഹിച്ചിട്ടുണ്ട്. പക്ഷേ നിങ്ങൾ ആക്രമിച്ചത് പോര, കുറച്ചുകൂടി ആക്രമിക്കണമെന്നായിരുന്നു എന്ന തരത്തിലല്ലേ പ്രതിപക്ഷം സംസാരിക്കുന്നത് ? ഇടമലയാർ, പാമോയിൽ, ചന്ദനകേസ്, പെൺവാണിഭകേസ്, ഇതിലൊക്കെ ശ്രീ. വി. എസ്. അച്ചുതാനന്ദന്റെ നേതൃത്വത്തിൽ നടത്തിയ പ്രതിരോധത്തിന് ശക്തി പോരാ എന്നാണോ പ്രതിപക്ഷം ഇവിടെ പറയുന്നത് ? ഈ നടത്തിയ പോരാട്ടത്തിന്റെ ഫലമായി യു.ഡി.എഫ്. നേതാക്കന്മാരിൽ ചിലർ ജയിലിൽപോയി കഠിന തടവിന് ശിക്ഷിക്കപ്പെട്ടില്ലേ, കഠിനതടവ് കിട്ടിയപ്പോൾ കൊട്ടാരക്കര യോഗം നടത്തിയ യു.ഡി.എഫ്. നേതാക്കന്മാർ പറഞ്ഞത് ശ്രീ. വി. എസ്. അച്ചുതാനന്ദൻ വേട്ടയാടുന്നു. വിദ്വേഷം തീർക്കുന്നുവെന്ന്. അത് പറഞ്ഞ നേതാക്കന്മാർ ഇവിടെ വന്ന് പറയുകയാണ് ശ്രീ. വി. എസ്. അച്ചുതാനന്ദന്റെ വിമർശനം പോര. എൽ.ഡി.എഫ്-ന്റെ ആക്രമണം പോര എന്ന്. എന്താണ് ഉദ്ദേശിക്കുന്നത് ? ഇടതുപക്ഷ ജനാധിപത്യ മുന്നണിയും സഖാവ് ശ്രീ. വി. എസ്. അച്ചുതാനന്ദനും നടത്തിയ പോരാട്ടത്തിന്റെ ഫലമായി യു.ഡി.എഫ്-ന്റെ നേതാക്കന്മാർ ജയിലിൽ കഠിന തടവ് അനുഭവിക്കുന്നത് പോര വധശിക്ഷ തന്നെ വാങ്ങിച്ചു കൊടുക്കണം എന്നാണ് യു.ഡി.എഫ്.-കാർ പറയുന്നത്. അങ്ങനെ പോയതിന്റെ പുറകെ പോകാൻ ഞങ്ങൾക്ക് കഴിയില്ല. ഇന്ന് ബഹുമാന്യനായ ശ്രീ. സി. ടി. അഹമ്മദ് അലി പ്രസംഗിക്കുമ്പോൾ ഒരു വാക്ക് പറഞ്ഞത് ഒരു ശക്തിക്കും കുഞ്ഞാലിക്കുട്ടിയെ തകർക്കുവാൻ കഴിയില്ല എന്നാണ്.

ഐഎസ്ആർഒ അഴിമതി 3 ലക്ഷം കോടിരൂപ, ആദർശ് ഫ്ളാറ്റ് അതുപോലെ പലതരത്തിൽ അഴിമതിയുടെ കഥ നീളുകയാണ്. കേന്ദ്രത്തിൽ അഴിമതി നടത്തുന്ന യു.ഡി.എഫ്. കേരളത്തിൽ നടത്തിയ അഴിമതിയുടെ നിമ്പധി കഥകൾ നമ്മൾ കേട്ടുകൊണ്ടിരിക്കുകയാണ്. കുറെ ദിവസമായി ഉയർത്തിക്കൊണ്ടുവന്ന മനക്കോട്ടകൾ മുഴുവൻ തകരുന്നതിന്റെ ഒരു നിരാശയിൽ ഇന്ന് വി. എസ്.-നെ ഒറ്റപ്പെടുത്തിക്കൊണ്ട് പ്രസംഗിക്കുകയും വി. എസ്.-നെ ആക്രമിക്കുകയും ചെയ്യുവാൻ യു.ഡി.എഫ്. തയ്യാറായാൽ നിങ്ങൾ ഒന്ന് മനസ്സിലാക്കണം. യുഡിഎഫ്-കാർ ചെയ്തതുപോലെ കെ. കരുണാകരനെയും എ. കെ. ആന്റണിയെയും തഴഞ്ഞതുപോലെ എൽ.ഡി.എഫ്. എന്ന മഹാപ്രസ്ഥാനം ഈ പോരാട്ടങ്ങൾക്ക് നേതൃത്വം നൽകിയ വി. എസ്. അച്ചുതാനന്ദനെ തഴയുവാനോ അദ്ദേഹത്തെ നിസ്സാരനാക്കാനോ തയ്യാറാവുകയില്ല എന്ന വസ്തുത നിങ്ങൾ വിസ്മരിക്കരുത്.

സർ കേരളത്തിൽ ഏറ്റവുമധികം വികസന പ്രവർത്തനങ്ങളും ഏറ്റവുമധികം ക്ഷേമപദ്ധതികളും നടപ്പാക്കിയ ഒരു കാലഘട്ടമാണ് 2006-2011 കാലഘട്ടം. നേരത്തെ ഇവിടെ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റുകൾ ഉണ്ടായിട്ടുണ്ട്. 1957-ലെ കമ്മ്യൂണിസ്റ്റ് മന്ത്രി സഭ, 1967-ലെ കൂട്ട് മന്ത്രിസഭ, 1980-ലും 1987-ലും 1996-ലും സഖാവ് നായനാരുടെ നേതൃത്വത്തിലുള്ള മന്ത്രിസഭ. ഈ

മന്ത്രിസഭകളൊക്കെ കേരളത്തിന് ദിശാബോധം നൽകിയ ഗവൺമെന്റുകളാണ്. 1957-ലെ ഗവൺമെന്റിൽ ഞങ്ങൾ ഉണ്ടായിരുന്നില്ല. പക്ഷേ 1957-ലെ ഗവൺമെന്റായിരുന്നു ഈ സംസ്ഥാനത്തെ വികസനത്തിന് ശിലാഫലകമിട്ട ഗവൺമെന്റ് എന്ന് എല്ലാവരും തിരിച്ചറിയുന്നു. ഈ ഗവൺമെന്റുകളൊക്കെ ഉണ്ടെങ്കിലും വസ്തുനിഷ്ഠമായി കാര്യങ്ങൾ വിലയിരുത്തുന്ന ആളുകൾ പറയും ഏറ്റവുമധികം വികസന പ്രവർത്തനങ്ങൾ, ക്ഷേമ പദ്ധതികൾ നടന്നത് 2006-നുശേഷം അധികാരത്തിൽ വന്ന ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ ഗവൺമെന്റാണ് എന്ന് നിക്ഷ്പക്ഷമതികളായ നിരവധിപേർ പറയുന്നത് ഈ നാട്ടിലെ ജനങ്ങൾ കേൾക്കുകയല്ലേ. അതിന്റെ ഒരു പ്രതിഫലനമാണ് എൽ.ഡി.എഫ്. നടത്തി കൊണ്ടിരിക്കുന്ന വികസന മുന്നേറ്റ ജാഥയുടെ വൻ ജനകീയ പങ്കാളിത്തം. ആ തിരിച്ചറിവ് ഇനി വരുന്ന നിയമ സഭാ തെരഞ്ഞെടുപ്പിലും പ്രതിഫലിക്കുമെന്ന കാര്യത്തിൽ ആർക്കും സംശയം വേണ്ട. ഇവിടെ എൽ.ഡി.എഫ്. ഒറ്റക്കെട്ടാണ്. എൽ.ഡി.എഫ്.-ന് വ്യക്തമായ നയസമീപനങ്ങളുണ്ട്. ആ എൽ.ഡി.എഫ്.-ന്റെ നയ സമീപനങ്ങളിൽ പ്രധാനം, വികസന പ്രവർത്തനങ്ങളിൽ വിഭാഗീയതയില്ലാതെ, എല്ലായിടത്തും ജനങ്ങൾക്ക് ആവശ്യമായ പശ്ചാത്തല സൗകര്യം ഒരുക്കി കൊടുക്കാൻ ആവശ്യത്തിന് പണം കണ്ടെത്തിക്കൊടുത്ത ഒരു ഗവൺമെന്റാണ് വി. എസ്. അച്ചുതാനന്ദൻ ഗവൺമെന്റ്. അതിൽ ഏറ്റവും വിദഗ്ദ്ധമായ ധനകാര്യ മാനേജുമെന്റ് നടത്തിയ ഒരു മന്ത്രിയാണ് ഡോ. തോമസ് ഐസക്. ഒരു കാലഘട്ടത്തിലും ഇത്ര വിദഗ്ദ്ധമായി വികസന പദ്ധതികൾക്ക് പണം ലഭ്യമാക്കി കൊടുക്കുന്ന ഒരു ധനകാര്യ മന്ത്രിയും ധനകാര്യ വകുപ്പും ഈ സംസ്ഥാനത്ത് ഉണ്ടായിട്ടില്ല. ഒരു വികസന പ്രവർത്തനവും പണം ഇല്ല എന്നതിന്റെ പേരിൽ മുടങ്ങിയിട്ടില്ല. പുതിയ വികസന പ്രവർത്തനങ്ങൾ ഏറ്റെടുക്കുവാൻ എം.എൽ.എ.-മാരെ പ്രേരിപ്പിക്കുന്ന ജനനേതാക്കന്മാർക്ക് പ്രോത്സാഹനം കൊടുക്കുന്ന ഒരു പുതിയ സമീപനം ധനകാര്യ വകുപ്പുമന്ത്രിയുടെ ഭാഗത്ത് നിന്ന് കഴിഞ്ഞ അഞ്ച് വർഷക്കാലം ഉണ്ടായി എന്നുള്ളതുകൊണ്ടാണ് പ്രതിപക്ഷത്തും ഭരണപക്ഷ ത്തുമുള്ള എം.എൽ.എ.-മാരുടെ മണ്ഡലങ്ങളിൽ ഇത്രയധികം വികസന പ്രവർത്തനങ്ങളും ക്ഷേമ പ്രവത്തനങ്ങളും നടന്നത്. കേന്ദ്രഗവൺമെന്റ് സാധാരണക്കാർക്കുള്ള ആനുകൂല്യങ്ങൾ ഒന്നൊന്നായി വെട്ടിക്കുറച്ചുകൊണ്ട് പെട്രോളിയം ഉല്പന്നങ്ങളുടെ വില വർദ്ധിപ്പിച്ചപ്പോൾ സാധാരണക്കാരനുള്ള ആനുകൂല്യങ്ങൾ മെച്ചപ്പെടുത്തിക്കൊടുക്കുവാൻ കഴിഞ്ഞ ഒരു ഗവൺമെന്റാണ് സംസ്ഥാനത്തുള്ളത്. ഒരു പുതിയ നികുതി നിർദ്ദേശം പോലും കൊണ്ടുവരാതെ ജനങ്ങളെ ദുസ്സഹമാക്കുന്ന ഒരു നികുതിഭാരം അടിച്ചേല്പിക്കാതെ, ഇത്രയധികം പണം ക്ഷേമ പ്രവർത്തനങ്ങൾക്കും വികസന പ്രവർത്തന ങ്ങൾക്കും വിനിയോഗിക്കാൻ കഴിഞ്ഞ ഒരു ഗവൺമെന്റ് കേരളത്തിന്റെ ചരിത്രത്തിൽ ഉണ്ടായിട്ടില്ല എന്ന വസ്തുത നമ്മൾ തിരിച്ചറിയണം. യു.ഡി.എഫ്.-ന്റെ ഭരണകാലത്ത് വെറും 110 രൂപ മാത്രം ഉണ്ടായിരുന്ന ക്ഷേമ പെൻഷനുകളിൽ 22 മാസം കുടിശ്ശികയായി കിടന്നിരുന്ന സ്ഥാനത്താണ് 2005-ൽ ഈ എൽ.ഡി.എഫ്. ഗവൺമെന്റ് അധികാരമേറ്റെടുക്കുന്നത്. ആ ക്ഷേമ പെൻഷനുകളെല്ലാം 400 രൂപയായി വർദ്ധിപ്പിക്കുകയും ഒരു മാസംപോലും കുടിശ്ശികയില്ലാതെ കൊടുത്തു തീർക്കാനും കഴിഞ്ഞത് ഇടതുപക്ഷ

LIBRARY ARCHIVES Kerala Legislative Assembly

ജനാധിപത്യ മുന്നണിയുടെ ഏറ്റവും വലിയ നേട്ടങ്ങളിലൊന്നായി ഞാൻ ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുന്നു. റിക്കാർഡ് നേട്ടം വികസ രംഗത്തും ക്ഷേമ പ്രവർത്തന രംഗത്ത് ലോക റിക്കാർഡും സ്ഥാപിച്ച ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് അവതരിപ്പിച്ചിരിക്കുന്ന ഈ വോട്ട് ഓൺ അക്കൗണ്ടിനെ ഞാൻ സർവ്വാത്മനാ പിന്താങ്ങുന്നു.

ശ്രീ. എം. ജെ. ജേക്കബ് : സർ, ഈ വോട്ട് ഓൺ അക്കൗണ്ടിനെ ഞാൻ സർവ്വാത്മനാ പിന്താങ്ങുകയാണ്. വികസന-ക്ഷേമ രംഗത്ത് അദ്ഭുതകരമായ നേട്ടങ്ങളുമായി ഈ ഗവൺമെന്റ് മുന്നോട്ട് പോവുകയാണ്. ഇവിടെ പലരും സൂചിപ്പിച്ചമാതിരി ഈ ഒരാഴ്ചയായിട്ട് പ്രതിപക്ഷാംഗങ്ങളുടെ മുഖം വേറെ രീതിയിലേക്ക് തിരിയുന്ന ഒരു സ്ഥിതിയുണ്ട്. നമുക്കറിയാം കഴിഞ്ഞ പാർലമെന്റ് തെരഞ്ഞെടുപ്പിലും പഞ്ചായത്ത് തെരഞ്ഞെടുപ്പിലും ഇടതുപക്ഷ മുന്നണിക്ക് ക്ഷീണം തട്ടി. അതൊരു സത്യമാണ്. പക്ഷേ ഇനി മൂന്നാമതൊരു തെരഞ്ഞെടുപ്പ് വരാനായി പോകുന്നു. കാര്യങ്ങൾ സത്യാവസ്ഥയിലേക്ക് ജനങ്ങൾ മനസ്സിലാക്കുന്നു. പറയുന്ന കാര്യങ്ങൾ ചെയ്തില്ല എന്ന് പറയാൻ കഴിയില്ല. നമുക്കറിയാം, ക്ഷേമ രംഗത്ത് ഈ ഗവൺമെന്റ് ചെയ്ത കാര്യങ്ങൾ, പെൻഷൻ വർദ്ധിപ്പിച്ചു എന്നു പറഞ്ഞാൽ അത് സത്യമാണ്. 110 രൂപയിൽ നിന്ന് 300 രൂപയാക്കി. അതിന്റെ കുടിശ്ശിക തീർത്ത് കൊടുത്തു. മറ്റ് വികസന രംഗത്ത് ഓരോ മണ്ഡലങ്ങൾ എടുത്ത് പരിശോധിച്ചാലും ഒരു കാലഘട്ടത്തിലുമില്ലാത്തമാതിരി വികസന പ്രവർത്തനം നടന്നിരിക്കുന്നു. അതും ആർക്കും നിഷേധിക്കാൻ കഴിയില്ല. എന്റെ നിയോജക മണ്ഡലം അടക്കം കേരളത്തിലെ 140 നിയോജക മണ്ഡലങ്ങളിലും ഈ വികസന പ്രവർത്തനം നടന്നിട്ടുണ്ട്. ആ സത്യത്തെ ഇല്ലാതാക്കാൻ കഴിയില്ല. ഒരു പാലം പൂർത്തീകരിച്ചു അല്ലെങ്കിൽ ഇന്ന കെട്ടിടങ്ങളുടെ പണി പൂർത്തീകരിച്ചുവെന്നു പറഞ്ഞാൽ ചൂണ്ടിക്കാണിക്കാൻ കഴിയുന്ന രീതിയിലേക്ക് ഇടതുപക്ഷ മുന്നണി ഗവൺമെന്റിന്റെ പ്രവർത്തനങ്ങൾ മാറിയിട്ടുണ്ട്. എല്ലാ മേഖലയിലും അങ്ങനെയാണ്.

ഇപ്പോൾ രണ്ട് രൂപയ്ക്ക് അരി കൊടുക്കുന്നു. രണ്ട് രൂപയുടെ അരി 35 ലക്ഷം ആളുകൾക്ക് കൊടുക്കുന്നു. അതൊരു സത്യമാണ്. അതുപോലെ തന്നെ വിലക്കയറ്റം ഈ രാജ്യത്തുണ്ട് എന്നുള്ളത് യാഥാർത്ഥ്യമാണ്. സംസ്ഥാനം ഇടതുപക്ഷമാണ് ഭരിക്കുന്നത് അതുകൊണ്ട് വിലക്കയറ്റം ഇല്ല എന്ന് പറഞ്ഞാൽ ശരിയാവില്ല. പക്ഷേ ഇന്ത്യയിൽ ആകമാനമുള്ള വിലകയറ്റവുമായി കമ്പയർ ചെയ്യുമ്പോൾ സ്വാഭാവികമായിട്ടും വിലക്കയറ്റത്തെ പിടിച്ചുനിർത്തുന്നതിനുവേണ്ടി ഈ ഇടതുപക്ഷ ഗവൺമെന്റ് വന്നതിനുശേഷം സ്വീകരിച്ചിട്ടുള്ള നടപടികൾ പരിശോധിച്ച് വിലയിരുത്തണം. പക്ഷേ അതിനകത്ത് കഴിഞ്ഞ തെരഞ്ഞെടുപ്പുകളിലൊക്കെ എടുത്ത ഒരു സമീപനം ; പെൻഷൻ കൊടുക്കുമ്പോൾ അർഹതപ്പെട്ട ചില ആളുകൾക്ക് കിട്ടുന്നില്ല. അത് പരിശോധിക്കണം. ഞാനൊരു കോളനിയിൽ ചെന്നപ്പോൾ പെൻഷൻ കിട്ടാത്ത പത്തുപേരുടെ പേര് പറഞ്ഞപ്പോൾ ഏറ്റവും അർഹിക്കുന്ന ഒരാളും ആ കൂട്ടത്തിലുണ്ട്. അയാളെ ചൂണ്ടിക്കാണിച്ചുകൊണ്ട് അയാൾക്കല്ലേ പെൻഷൻ കൊടുക്കേണ്ടത് എന്ന് ചോദിച്ചാൽ അത് ശരിയാണ്. അയാൾക്കാണ് കൊടുക്കേണ്ടത്. അർഹതയുള്ളയാളിന് കിട്ടിയിട്ടില്ല എന്നുള്ളത് യാഥാർത്ഥ്യമാണ്. അതിന്റെ

LIBRARY ARCHIVES Kerala Legislative Assembly

പേരിൽ ഈ കൊടുക്കുന്നതിന്റെ മെരിറ്റ് ഇല്ലാതാവുകയാണ്. അതുപോലെ ഈ രണ്ട് രൂപയ്ക്ക് അരി കൊടുക്കുന്നതിനകത്തും അപാകതകളുണ്ട്. സ്വാഭാവികമായിട്ടും ഈ രണ്ട് രൂപയ്ക്ക് അരി കൊടുക്കുന്നതിന് എ.പി.എൽ., ബി.പി.എൽ. വ്യത്യാസത്തിന്റെ അടിസ്ഥാനത്തിൽ ഏറ്റവും അർഹിക്കുന്ന ചില ആളുകൾക്ക് കിട്ടാത്ത സാഹചര്യമുണ്ട്. ചിലപ്പോൾ അനർഹരായ ആളുകൾക്ക് കിട്ടിയിട്ടുണ്ടാവും അതിന്റെ പേരിൽ മർമ്മരങ്ങൾ ഉണ്ടാകാറുണ്ട്. ഒരു നല്ല കാര്യം ചെയ്യുമ്പോൾ അർഹരായ മുഴുവൻ പേർക്കും ലഭ്യമാക്കണം. അരി രണ്ട് രൂപയ്ക്ക് 35 ലക്ഷം ആളുകൾക്ക് കൊടുക്കുന്നുവെന്നുള്ള സത്യം അവിടെ നിലനിൽക്കുമ്പോൾ, ഈ കഴിഞ്ഞ രണ്ട് തെരഞ്ഞെടുപ്പിലും അതിനെ തെറ്റിദ്ധരിപ്പിച്ചുകൊണ്ട്, കണ്ടോ ഈ ചിന്നമ്മയ്ക്ക് കിട്ടിയോ, അല്ലെങ്കിൽ കൃഷ്ണനല്ലേ കിട്ടേണ്ടത്, അയാൾക്ക് കിട്ടിയോ എന്ന് പറഞ്ഞ് ആളുകളെ തെറ്റിദ്ധരിപ്പിച്ചു. അങ്ങനെ തെറ്റിദ്ധരിപ്പിച്ചപ്പോൾ സ്വാഭാവികമായിട്ടും ചില കേസുകൾ ശരിയാണ്. ഏറ്റവും അർഹിക്കുന്നതായ ചില ആളുകൾക്ക് കിട്ടിയിട്ടില്ല. പക്ഷേ, 35 ലക്ഷത്തോളം പാവപ്പെട്ട ആളുകൾക്ക് രണ്ട് രൂപയ്ക്ക് അരി കൊടുക്കുന്നുവെന്നത് ഒരു പരമാർത്ഥമാണ്. അതിലെ സത്യാവസ്ഥ ആളുകൾ മനസ്സിലാക്കി തുടങ്ങിയിരിക്കുന്നു.

വികസന രംഗത്ത് ഒരു കാലത്തും ചെയ്യാത്ത അത്ര പദ്ധതികൾ നടപ്പിലാക്കി. ഇപ്പോൾ തന്നെ ഈ ബഡ്ജറ്റിൽ 40,000 കോടി രൂപയുടെ റോഡ് വികസനവുമായി ബന്ധപ്പെട്ട് ഒരു പാക്കേജ് പറയുന്നുണ്ട്. നമ്മുടെ റോഡുകൾ പഴയതുപോലെയല്ല, പണ്ട് 10 ടൺ ഭാരമുള്ള ലോറി പോയിരുന്ന സ്ഥാനത്ത് ഇന്ന് 45-ഉം 50 ടൺ ഭാരമുള്ള ലോറികളാണ് നമ്മുടെ നിരത്തിലൂടെ പോകുന്നത്. അതിന്റെ ബെയറിംഗ് കപ്പാസിറ്റി താങ്ങാനുള്ള റോഡുകൾ വേണം. ബിറ്റുമിൻ കോൺക്രീറ്റ് ഒക്കെ ചെയ്ത് ഡ്യൂറബിളായിട്ട് നിലനിൽക്കുന്ന റോഡുകളുണ്ടാക്കണമെങ്കിൽ നമുക്ക് 40,000 കോടി രൂപ വേണം. അതിനുള്ള ഒരു പാക്കേജ് ഈ ബഡ്ജറ്റിലൂടെ പ്രഖ്യാപിച്ചത് ഏറ്റവും ശ്രദ്ധയമായ ഒരു കാര്യമാണ്. ഇപ്പോൾത്തന്നെ സംസ്ഥാനത്തെ റോഡുകൾക്ക് ഒ.ഡി. ആറോ എം. ഡി. ആറോ എന്ന് നോക്കാതെ 720 കോടി രൂപ കൊടുത്തിട്ടുണ്ട്. എന്റെ നിയോജക മണ്ഡലത്തിലെ മിക്ക റോഡുകളുടേയും പണിക്കുള്ള തുക ബ്ലോക്കുകൾക്കും ജില്ലാ പഞ്ചായത്തുകൾക്കും കൊടുത്തു. ഒ.ഡി.ആർ. എന്നോ എം.ഡി.ആർ. എന്നോ വ്യത്യാസമില്ലാതെ വൺ ടൈം എന്ന നിലയിൽ എല്ലാ റോഡുകൾക്കും പണം അനുവദിച്ചു. എന്നാൽ മഴയായതുകൊണ്ട് എല്ലാം ചെയ്തു തീർക്കുവാൻ കഴിഞ്ഞിട്ടില്ല. സത്യാവസ്ഥ ഇങ്ങനെ നിൽക്കുമ്പോൾ ഇടതുപക്ഷ മുന്നണിക്കെതിരെ ആക്ഷേപം ഉന്നയിക്കാനോ ഈ ഗവൺമെന്റിന്റെ വികസന ക്ഷേമ പ്രവർത്തനങ്ങളെ കണ്ടില്ലെന്ന് നടിക്കാനോ ആർക്കും കഴിയില്ല. ജനങ്ങൾക്ക് മനസ്സാക്ഷിയുണ്ട് ജനങ്ങൾ ഇത് അറിയുന്നവരാണ് മനസ്സിലാക്കുന്നവരാണ്. കേരളത്തിലെ ജനങ്ങൾക്ക് ശ്രീ. വി. എസ്. അച്ചുതാനന്ദനേയും ഡോ. തോമസ് ഐസക്കിനേയുമൊക്കെ അറിയാം. ശ്രീ. വി. എസ്. അച്ചുതാനന്ദനെതിരെ അഴിമതി ആരോപണം ഉന്നയിച്ചാൽ ജനങ്ങൾ അത് അങ്ങനെയേ കാണുകയുള്ളൂ. ധനകാര്യ മാനേജുമെന്റുമായി

LIBRARY ARCHIVES Kerala Legislative Assembly

ബന്ധപ്പെട്ട് ഡോ. തോമസ് ഐസക്കിന്റെ പ്രവർത്തനങ്ങൾ കേരളത്തിന് ഒരിക്കലും മറക്കാൻ കഴിയുന്നതല്ല. ഒരു ദിവസം നമ്മുടെ ട്രഷറി പൂട്ടിയിട്ടില്ല. നികുതി വർദ്ധിപ്പിക്കാതെ ഒരു ധനകാര്യ മാനേജ്മെന്റ് കേരളത്തിൽ ഉണ്ടായിട്ടില്ല.

കഴിഞ്ഞ ദിവസം എറണാകുളം ജില്ലയുടെ സമ്പൂർണ്ണ വൈദ്യുതീകരണം പിറവത്ത് നടത്തുകയുണ്ടായി. ഞാൻ പഞ്ചായത്ത് പ്രസിഡന്റ് ആയിരിക്കുമ്പോൾ വയറിംഗ് നടത്തി സി.ഡി. അടച്ച് എത്രയോ ദിവസം നടന്നാലും കണക്ഷൻ കിട്ടുകയില്ലായിരുന്നു. പക്ഷേ, ഇപ്പോൾ വയറിംഗ് ചെയ്ത് അപേക്ഷിച്ച മുഴുവൻ ആളുകൾക്കും കണക്ഷൻ കൊടുത്തിരിക്കുന്നു. അതുപോലെതന്നെ വോൾട്ടേജ് ഇംപ്രൂവ്മെന്റുമായി ബന്ധപ്പെട്ട് നടത്തിയിട്ടുള്ള പ്രവർത്തനങ്ങളും സ്വാഗതാർഹമാണ്. പൊതുമേഖലയെ മെച്ചപ്പെടുത്തുന്നതിനുവേണ്ടിയുള്ള വ്യവസായ വകുപ്പിന്റെ പ്രവർത്തനങ്ങൾ ഇവയൊന്നും നിഷേധിക്കുവാൻ കഴിയുകയില്ല. അങ്ങനെ വസ്തുതാപരമായി ഓരോ വകുപ്പുകളുടേയും പ്രവർത്തനങ്ങളെക്കുറിച്ച് ജനങ്ങൾ ചർച്ച ചെയ്യുമ്പോൾ എല്ലാം യഥാർത്ഥ്യമാണെന്ന കാര്യം അവർ തിരിച്ചറിയും. ഇടതുമുന്നണി സർക്കാരിന്റെ നന്മകൾ തിരിച്ചറിയും എന്ന കാര്യത്തിൽ സംശയമില്ല. പൊതുവിതരണ സമ്പ്രദായം മെച്ചപ്പെടുത്തുന്നതിനും ഈ സർക്കാർ നന്നായി ഇടപെടുന്നുണ്ട്. എന്റെ കോൺസ്റ്റിറ്റ്യൂവൻസിയിൽ സഖാവ് ഇ. എം. എസിന്റെ കാലത്ത് കൃഷ്ണയ്യർ ജലസേചന വകുപ്പുമന്ത്രി ആയിരുന്നപ്പോൾ പണി തുടങ്ങിയ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി ഇതുവരെ സമ്പൂർണ്ണമായില്ല. ഇപ്പോൾ മലബാർ പാക്കേജിൽപ്പെടുത്തി അതിനെ സമ്പൂർണ്ണമാക്കാനുള്ള റിനൊവേഷൻ നടക്കുന്നു. മൂവാറ്റുപുഴ ഇറിഗേഷൻ പദ്ധതി അടക്കം മുടങ്ങിക്കിടന്നിരുന്ന നിരവധി പദ്ധതികൾ കുടിവെള്ള രംഗവുമായി ബന്ധപ്പെട്ട് മുടങ്ങിക്കിടന്നിരുന്ന പദ്ധതികൾ എന്നിവ നബാർഡ് സഹായത്തോടുകൂടി സ്പാൻ പദ്ധതിയിൽപ്പെടുത്തിക്കൊണ്ട് നടപ്പാക്കാനുള്ള ഒരു വലിയ മാറ്റം ഈ സംസ്ഥാനത്ത് ഉണ്ടാക്കിയിരിക്കുന്നു. എന്റെ നിയോജക മണ്ഡലത്തിലെ കോതൻകടവ് പാലം, കുളമ്പുർ പാലം, നെച്ചൂർ കടവ് പാലം എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കി. ഇങ്ങനെ സമസ്ത മേഖലയിലും വികസന ക്ഷേമ പ്രവർത്തനങ്ങൾ നടപ്പാക്കിയ ഈ ഗവൺമെന്റിനെതിരെ വെറുതെ അഴിമതി എന്ന പുകമറ സൃഷ്ടിക്കാം എന്നല്ലാതെ, ശ്രീ. വി. എസ്. അച്യുതാനന്ദനെയും ഡോ. തോമസ് ഐസക്കിനെയും ഈ സമൂഹത്തിന് അറിയാം. നമുക്ക് എല്ലാവർക്കും അറിയാം. ഈ ഗവൺമെന്റിന്റെ സത്യസന്ധമായ വികസന പ്രവർത്തനങ്ങൾ കേരളത്തിലെ ജനങ്ങൾ തിരിച്ചറിയുന്നുണ്ട്. ജനോപകാരപ്രദമായ പ്രവർത്തനങ്ങളുമായി മുന്നോട്ടു പോകുന്നതിനുവേണ്ടിയുള്ള ഈ വോട്ട് ഓൺ അക്കൗണ്ടിനെ ഞാൻ സർവ്വാത്മനാ പിന്താങ്ങുന്നു.

<u>ശ്രീ. എം. കെ. പ്രേംനാഥ്</u> : സർ, ഈ വോട്ട് ഓൺ അക്കൗണ്ടിനെ ഞാൻ എതിർക്കുകയാണ്. ജനാധിപത്യത്തിന്റെ ശ്രീകോവിലായ ഈ നിയമസഭ ഒട്ടനവധി ജനകീയ പ്രശ്നങ്ങൾ കഴിഞ്ഞ അഞ്ചു വർഷക്കാലമായി ചർച്ച ചെയ്തുകൊണ്ടിരിക്കുകയാണ്. നിയമസഭാ അംഗങ്ങളുടേയും പൊതുപ്രവർത്ത

LIBRARY ARCHIVES Kerala Legislative Assembly

കരുടേയും അന്തസ് വർദ്ധിപ്പിക്കുന്ന രീതിയിലുള്ള ചർച്ചകളും നടപടികളും യഥാർത്ഥത്തിൽ നമ്മുടെ നിയമസഭയിൽ ഉണ്ടാകേണ്ടതാണ്. ബഹുമാനപ്പെട്ട യൂത്ത് കോൺഗ്രസ് പ്രസിഡന്റ് ശ്രീ. പി. സി. വിഷ്ണുനാഥിനെതിരായുള്ള ആക്രമണത്തെ സംബന്ധിച്ച് നേരത്തെ ഇവിടെ പരാമർശിക്കുകയുണ്ടായി. അദ്ദേഹത്തിനെതിരായി IPC 308 ചാർജ് ചെയ്തു എന്ന് നേരത്തെ ഇവിടെ പറയുകയുണ്ടായി. ഒരു എം.എൽ.എ-യെ പ്രൊട്ടക്ട് ചെയ്യുന്നതിനുള്ള നടപടി യഥാർത്ഥത്തിൽ സർക്കാർ ചെയ്യേണ്ടതിനു പകരം തികച്ചും ഉത്തരവാദിത്തരഹിതമായിട്ടുള്ള നടപടിയാണ് ഉണ്ടായിട്ടുള്ളത്. കോഴിക്കോട് ഞങ്ങളുടെ പാർട്ടി ഓഫീസ് പോലീസിന്റെ സഹായത്തോടുകൂടി ആക്രമിക്കുകയും ഞാനടക്കമുള്ള ഒട്ടേറെ പാർട്ടി പ്രവർത്തകർക്കെതിരായി നടപടിയെടുക്കുകയും ചെയ്തിട്ടുണ്ട്. എന്റെ സഹപ്രവർത്തകരെ പോലീസ് അന്യായമായി അറസ്റ്റ് ചെയ്ത് ലോക്കപ്പിലിട്ടു. കേരളത്തെ സംബന്ധിച്ചടത്തോളം രാഷ്ട്രീയ സംഘടനങ്ങൾ പല കാലഘട്ടങ്ങളിലായി വളർന്നുകൊണ്ടിരിക്കുകയാണ്. പെരിങ്കുളത്ത് മുൻ മന്ത്രി പി. ആർ. കുറുപ്പിന്റെ മകനും എം.എൽ.എ.-യും ആയ ശ്രീ. കെ. പി. മോഹനന്റെ വീട്ടിൽ രാത്രി കയറി അവരെ ആക്രമിച്ച് പരിക്കേൽപ്പിക്കുന്നതിനു വേണ്ടിയുള്ള നടപടികൾ ഉണ്ടായി. അതിനെതിരായി ആവശ്യമായ ഒരു നടപടി ആഭ്യന്തര വകുപ്പിന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടില്ല. എത്ര എത്ര ക്രിമിനൽ പ്രവർത്തനങ്ങളാണ് കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ ഉണ്ടായിട്ടുള്ളത്? ഇന്നലെ മാഹിയിൽവച്ച് സി.പി.ഐ.(എം.)-ന്റെ ഒരു ജാഥയ്ക്കുനേരെ ബോംബാക്രമണമുണ്ടായി. ബിജെപി-യുടെ ആളുകളാണ് അതിനു പിന്നിലെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അത്തരം സംഭവ വികാസങ്ങളാണ് ഈ സംസ്ഥാനത്ത് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. കഴിഞ്ഞ അഞ്ചു വർഷക്കാലത്തെ രാഷ്ട്രീയത്തെ സംബന്ധിച്ചിടത്തോളം വർഗ്ഗീയതയാണ് നമുക്ക് കാണാൻ കഴിയുന്ന ഏറ്റവും ഗുരുതരമായ സ്ഥിതി വിശേഷം. കുമാരനാശാൻ ഇവിടെ പാടിയിട്ടുണ്ട് സ്നേഹമാണ് അഖിലസാരമുഴിയിൽ. ഇവിടെ സ്നേഹം നഷ്ടപ്പെടുകയാണ്. ഇവിടെ ഗുണ്ടാ വിളയാട്ടമാണ്. കഴിഞ്ഞ രണ്ടു ദിവസം ഞാൻ പത്രത്തിൽ കണ്ടത് തിരുവനന്തപുരത്ത് നമ്മുടെ തലസ്ഥാന നഗരിയിൽ ഒരു ഗുണ്ടയുടെ നേതൃത്വത്തിൽ മറ്റൊരു ഗുണ്ടയെ ആക്രമിച്ച് കൊലപാതകം നടത്തിയിരിക്കുകയാണ്. ഇവിടെ ആത്മഹത്യയെ സംബന്ധിച്ച് വളരെ ഗൗരവമായി ചർച്ച ചെയ്തു. ശരിയാണ് ഇവിടെ ആത്മഹത്യ ഓരോ ദിവസവും വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. തകർന്നു പോകുന്ന ഒരു സമൂഹത്തിന്റെ പ്രതീകമായിട്ടാണ് ഈ ആത്മഹത്യയെ നമ്മൾ മനസ്സിലാക്കുന്നത്.

അനവധി കാര്യങ്ങളെ സംബന്ധിച്ച് കഴിഞ്ഞ ബഡ്ജറ്റുകളിൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ ചർച്ച ചെയ്തിട്ടുണ്ട്. പക്ഷേ മലബാറിനെ സംബന്ധിച്ചിടത്തോളം പുരോഗതിക്കാവശ്യമായ സഹായങ്ങൾ, പൊതുവേ വിലയിരുത്തിയാൽ ചെയ്തിട്ടില്ല എന്നുള്ളതാണ് കാണാൻ കഴിയുന്നത്. റോഡുകളുടെ കാര്യം നമുക്കറിയാം. ആളുകൾക്ക് നടക്കാൻ കഴിയാത്ത വാഹനങ്ങൾ പോകാൻ കഴിയാത്ത സാഹചര്യമാണ് റോഡുകളുടെ കാര്യത്തിൽ നിലവിലുള്ളത്. ആ രംഗത്ത് വലിയ മാറ്റങ്ങൾ നമുക്ക് ആവശ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

അതിനുവേണ്ടിയുള്ള സഹായങ്ങൾ വലിയ പദ്ധതി എന്നുള്ള നിലയിൽ നടപ്പാക്കി വരണം. വടകരയെ സംബന്ധിച്ച് ഇപ്പോൾ പറയുന്നില്ല. ഒരു നാളികേര അധിഷ്ഠിത പാർക്കിനെക്കുറിച്ച് കഴിഞ്ഞ നാലു വർഷക്കാലം ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞിരുന്നു. കഴിഞ്ഞ ബഡ്ജറ്റിൽപ്പോലും അതു സംബന്ധിച്ച് ഒന്നും പരാമർശിച്ചില്ല. നൂറനാട് പാലം നാഷണൽ ഹൈവേയിലെ വളരെ പ്രധാനപ്പെട്ട ഒരു പാലമാണ്. ആ പാലത്തിന്റെ പുനർനിർമ്മാണം ബഹുമാനപ്പെട്ട പി. വിശ്വൻ മാഷ് അടക്കമുള്ള എം.എൽ.എ.-മാർ ആവശ്യപ്പെട്ടതായിരുന്നു. പക്ഷേ അത് കഴിഞ്ഞ ബഡ്ജറ്റിലും ഉൾപ്പെടുത്തിയിട്ടില്ല. റോഡ് വികസനത്തിനു വേണ്ടി 40,000 കോടി രൂപയുടെ പാക്കേജിനെ സംബന്ധിച്ച് ഇവിടെ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. നല്ല കാര്യം തന്നെയാണ്. ബഡ്ജറ്റിൽ ഈ പണം വകയിരുത്തുന്നതിനെ സംബന്ധിച്ചൊന്നും പറഞ്ഞിട്ടില്ല. ഇനി വരാൻ പോകുന്ന സർക്കാർ എവിടെയെങ്കിലും പണം കണ്ടുകൊണ്ട് ഈ പൈസ ചെലവഴിച്ച് റോഡുണ്ടാക്കണമെന്നുള്ളതായിരിക്കാം ബഹുമാനപ്പെട്ട മന്ത്രിയുടെ ആശയമെന്ന് ഞാൻ മനസ്സിലാക്കുന്നു. ഗ്രാമീണ ഹൈവേകൾ ഉണ്ടാക്കുന്നതിനു വേണ്ടിയുള്ള നടപടികൾ ഉണ്ടാകണമെന്ന് ഹൈക്കോടതി ഡിവിഷൻ ബഞ്ചിന്റെ വളരെ പ്രധാനപ്പെട്ട ഒരു വിധി പ്രസ്താവിച്ചകാര്യം ഞാൻ ഇവിടെ ഓർമ്മപ്പെടുത്തുകയാണ്.

കഴിഞ്ഞ അഞ്ച് വർഷക്കാലമായിട്ടും നമ്മുടെ സംസ്ഥാനത്തെ ഗ്രാമീണ റോഡുകളുടെ വികസനത്തിനുവേണ്ടിയുള്ള ഒരു നയം ആവിഷ്കരിക്കാൻ നമുക്ക് കഴിഞ്ഞിട്ടില്ലെന്നുള്ളത് തികച്ചും പരാജയം തന്നെയാണ്. ഗ്രാമീണ റോഡുകളെ യഥാർത്ഥത്തിൽ ആരും ശ്രദ്ധിക്കുന്നില്ല. ഗ്രാമ പഞ്ചായത്തും ജില്ലാ പഞ്ചായത്തും നോക്കുന്നില്ല എം.എൽ.എ.-ക്ക് പരിധിയുണ്ട്. ഇതൊക്കെയാണെങ്കിലും, ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണത്തിനുള്ള സാമ്പത്തിക സോഴ്സുകൾ എവിടെ ഉണ്ടാക്കാൻ കഴിയും, എങ്ങനെ ഗ്രാമീണ രംഗത്ത് നമുക്ക് പുരോഗമിക്കാൻ കഴിയും എന്നുള്ളത് സംബന്ധിച്ച് വളരെ ഗൗരവത്തോടുകൂടി നമ്മുടെ ഭരണാധികാരികൾ ചിന്തിക്കേണ്ടതുണ്ട്. സംസ്ഥാനത്തിലായാലും കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സമ്പദ്വ്യവസ്ഥയെ തകർക്കുന്ന കള്ളപ്പണത്തെ ഇല്ലാതാക്കാൻ വേണ്ടിയുള്ള ഒരു നടപടിയും സംസ്ഥാനത്തിലടക്കം ഉണ്ടാകുന്നില്ലെന്നുള്ളത് പൊതുവായിട്ടുള്ള ഒരു പരാജയമാണ്. കള്ളപ്പണം നിയന്ത്രിക്കാനും വിലക്കയറ്റം പിടിച്ചു നിറുത്താനും കഴിയണം. ഈ കള്ളപ്പണത്തിന്റെ ഉറവിടം സംബന്ധിച്ച് സമഗ്രമായിട്ടുള്ള അന്വേഷണം നടത്തുവാൻ ഇവിടുത്തെ രാഷ്ട്രീയ പ്രവർത്തകരും അല്ലാതുള്ള പ്രവർത്തകരും ഭരണാധികാരികളും വളരെ ഗൗരവത്തോടുകൂടി ചിന്തിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ഇന്ന് കേരളത്തെ സംബന്ധിച്ചിടത്തോളം തിരുവനന്തപുരത്തു നിന്ന് കാസർഗോഡ് വരെയുള്ള വലിയ നഗരങ്ങളിൽ കെട്ടിടങ്ങൾ ഓരോ ദിവസവും ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. എവിടെ നിന്നാണ് പണം ലഭിക്കുന്നത്; ആരാണ് ഈ പണം കൊണ്ടുവരുന്നത്? ഇതിന്റെ സോഴ്സ് എന്താണ്? ഭരണാധികാരികൾക്ക് ഉത്തരവാദിത്വമില്ലേ. കഴിഞ്ഞ അഞ്ച് വർഷക്കാലം ഈ നിയമസഭയിലെ ഒരംഗം എന്ന നിലയിൽ

LIBRARY ARCHIVES Kerala Legislative Assembly

ഞാൻ ഉന്നയിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട ഒരു രാഷ്ട്രീയ പ്രശ്നമാണ്. ഇവിടെ കള്ളപ്പണം നിയന്ത്രിക്കുവാൻ ഭരണാധികാരികളുടെ ശക്തമായിട്ടുള്ള പ്രവർത്തനങ്ങൾ ഉണ്ടാകണം. അല്ലെങ്കിൽ രാജ്യത്തിനും ഈ രാജ്യത്തിലെ പാവപ്പെട്ട ആളുകൾക്കും മുന്നോട്ട് പോകാൻ കഴിയില്ല. ഇവിടെ വിലക്കയറ്റം കൊണ്ട് ജനങ്ങൾക്ക് ജീവിക്കാൻ കഴിയാതായി. സാമ്പത്തികമായി വളരെയധികം പിന്നോക്കം നിൽക്കുന്നവർക്കും എൻ.ജി.ഒ.-മാർക്കും മറ്റും ഇതുമായി കോംപീറ്റ് ചെയ്യാൻ കഴിയില്ല. കള്ളപ്പണത്തേയും സാമ്പത്തിക സ്രോതസ്സുകളെ നയിക്കുന്ന ഇത്തരം ശക്തികളേയും നിയന്ത്രിക്കുവാൻ വളരെ ശക്തമായിട്ടുള്ള നടപടി നമ്മുടെ പൊതു ജീവിതത്തിൽ ഉണ്ടാകണമെന്നുള്ളതാണ് എനിക്ക് ചൂണ്ടിക്കാണിക്കാനുള്ളത്.

സഹകരണവും കയറും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ) : കേന്ദ്ര ഗവൺമെന്റ് കള്ളപ്പണം വെളിപ്പെടുത്തിയാൽ അത് വെള്ളപ്പമാക്കുമെന്ന നിലപാട് ചിലപ്പോൾ എടുക്കാറുണ്ട്. അതിനെപ്പറ്റി അങ്ങയുടെ അഭിപ്രായം എന്താണ് ?

ശ്രീ. എം. കെ. പ്രേംനാഥ് : ഞാൻ രാഷ്ട്രീയ പ്രശ്നമല്ല പൊതുവായ സാമ്പത്തിക പ്രശ്നത്തെപ്പറ്റിയാണ് പറഞ്ഞത്.

ശ്രീ. കെ. രാജു : കള്ളപ്പണത്തിന്റെ വൻതോതിലുള്ള നിക്ഷേപം സ്വിസ് ബാങ്കിൽ ഉണ്ടെന്നു കാണിച്ചുകൊണ്ടുള്ള റിപ്പോർട്ടുകളെല്ലാം വരുന്നു. ആ നിക്ഷേപകരുടെ പേര് വിവരം സർക്കാരിന് കൈമാറിയിട്ടുണ്ടെന്ന് പറഞ്ഞിട്ടുപോലും ഒരു നടപടിയും കേന്ദ്രഗവൺമെന്റ് ഈ കള്ളപ്പണം പിടിച്ചെടുക്കുന്നതിന് വേണ്ടി ചെയ്യുന്നില്ലെന്ന വിവരം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. എം. കെ. പ്രേംനാഥ് : കഴിഞ്ഞ അഞ്ച് വർഷമായി പൊതുവിദ്യാഭ്യാസം മെച്ചപ്പെടുത്തുന്നതിനെ സംബന്ധിച്ച് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിയും ചില നേതാക്കൻമാരും ഇവിടെ സംസാരിക്കുകയുണ്ടായി. എന്നാൽ മറുഭാഗത്ത് സ്വകാര്യ വിദ്യാഭ്യാസത്തെ ശക്തിപ്പെടുത്തുന്നതിനുവേണ്ടിയുള്ള നടപടികളും നടക്കുന്നുണ്ട്. സർക്കാർ കോളേജുകളിൽ വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട നല്ല കോഴ്സുകൾ ആരംഭിക്കാനാവശ്യമായ സാമ്പത്തിക സഹായം നൽകാൻ ധനകാര്യ വകുപ്പിന് കഴിഞ്ഞിട്ടില്ല. അത് വളരെ ഗുരുതരമായിട്ടുള്ള പ്രതിസന്ധിയാണ് സൃഷ്ടിച്ചിട്ടുള്ളത്. മൂക്ഷമായ വിലക്കയറ്റവും പെട്രോൾ വില വർദ്ധനയുംകൊണ്ട് എല്ലാ രംഗത്തും ജനങ്ങൾ ബുദ്ധിമുട്ടുകയാണ്. നമ്മുടെ പൊതു ജീവിതം രാഷ്ട്രീയത്തിനതീതമാണ്. പൊതു ജീവിതത്തെ ശക്തിപ്പെടുത്തേണ്ടതായിട്ടുണ്ട്.

ശ്രീ. കെ. വി. അബ്ദുൾ ഖാദർ : അങ്ങ് പെട്രോളിയം വില വർദ്ധനവിനെക്കുറിച്ച് സംസാരിച്ചുകൊണ്ടിരിക്കുകയാണ്. കേന്ദ്ര ഗവൺമെന്റ് ചുരുങ്ങിയ കാലത്തിനുള്ളിൽ ഒരു ലിറ്റർ പെട്രോളിന് 11 രൂപ വില വർദ്ധിപ്പിക്കുകയുണ്ടായി. അങ്ങയുടെ പാർട്ടി യഥാർത്ഥത്തിൽ ഇതിനെ എതിർക്കുന്നുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. കെ. പ്രേംനാഥ് : സംസ്ഥാന സർക്കാർ ഇക്കാര്യത്തിൽ എന്താണ് ചെയ്തതെന്ന് കൂടി നമുക്ക് പരിശോധിക്കാം. ശ്രീ. ജയപ്രകാശ് നാരായണന്റെ "സമ്പൂർണ്ണ വിപ്ലവത്തിൽ" വർഗ്ഗീയതയ്ക്കെതിരായിട്ടുള്ള ഒരു സമൂഹത്തിനു വേണ്ടിയാണ് പറഞ്ഞിട്ടുള്ളത്. അതാണ് യഥാർത്ഥത്തിൽ ഈ സംസ്ഥാനത്തെ സംബന്ധിച്ച് ഇന്ന് ആവശ്യം. ആ രീതിയിലുള്ള രാഷ്ട്രീയം വളർന്നു വരണം.

ശ്രീ. മുരളി പെരുനെല്ലി : സർ, 2011-12 സാമ്പത്തിക വർഷത്തിന്റെ ആദ്യത്തെ നാല് മാസത്തെ ചെലവ് നിർവ്വഹിക്കാനുള്ള വോട്ട് ഓൺ അക്കൗണ്ടിനെ വളരെ അഭിമാനത്തോടുകൂടി ഞാൻ പിൻതുണയ്ക്കുകയാണ്. കഴിഞ്ഞ പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ പത്തനംതിട്ട ജില്ലയിലെ ഏനാദിമംഗലം പഞ്ചായത്തിൽ കോൺഗ്രസ് അധികാരത്തിൽ വന്നപ്പോൾ നമ്മൾ കണ്ടത് സാംസ്കാരിക കേരളത്തിന് വളരെ അപമാനകരമായ കാഴ്ചയാണ്. മുൻ ഭരണത്തിന് അഞ്ച് വർഷം നേതൃത്വം കൊടുത്തത് ഒരു പട്ടികജാതിക്കാരനായ പ്രസിഡന്റായതുകൊണ്ട് ആ പഞ്ചായത്താഫീസ് ചാണകവെള്ളം തളിച്ച് പുണ്യാഹം തളിച്ച് ശുദ്ധീകരിച്ചാണ് കോൺഗ്രസ്സുകാരനായ പ്രസിഡന്റും മറ്റ് ഭരണാധികാരികളും ആ പഞ്ചായത്താഫീസിനകത്ത് കടന്നത്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ പോയിന്റ് ഓഫ് ഓർഡർ, എന്റെ നിയോജക മണ്ഡലത്തിലെ ഒരു പഞ്ചായത്തിന്റെ കാര്യമാണ് പറയുന്നത്. അവിടെ നാരായണൻ എന്നു പറയുന്ന ഒരു സാധുവായ മനുഷ്യൻ ഞങ്ങൾക്കെല്ലാം അദ്ദേഹത്തോട് വലിയ ബഹുമാനമാണ്. പക്ഷേ അവിടെയിപ്പോൾ യു.ഡി.എഫ്.-ന്റെ നേതൃത്വത്തിലുള്ള ശ്രീ. സജി പഞ്ചായത്ത് പ്രസിഡന്റായി. സജിയും പിന്നോക്ക സമുദായത്തിൽപ്പെട്ട വ്യക്തിയാണ്. ശ്രീ. സജി അവിടെ ചാർജ്ജെടുത്തപ്പോൾ ആ പഞ്ചായത്ത് നഷ്ടപ്പെട്ടതിലുള്ള വിരോധം വേറെ രൂപത്തിൽ കൊണ്ടുവരുന്നതിനുള്ള ശ്രമമാണ് നടത്തുന്നത്. ഒരു പിന്നോക്ക വിഭാഗത്തിൽപ്പെട്ട ആളിനെ പീഡിപ്പിക്കാൻ മാർക്സിസ്റ്റ് പാർട്ടി എടുക്കുന്ന സമീപനം ശരിയല്ല. അതുകൊണ്ട് തെറ്റിദ്ധാരണാജനകമായ രൂപത്തിൽ നിയമ സഭയിൽ പറയുന്നത് ശരിയല്ല. അതുകൊണ്ട് ഇത് സഭാ രേഖയിൽ ഉണ്ടാകരുത്.

ശ്രീ. മുരളി പെരുനെല്ലി : ഇത് പത്രമാധ്യമങ്ങളിലൊക്കെ വന്നതാണ്. ഈ കാര്യം ഞാൻ പറഞ്ഞത്, കോൺഗ്രസ്സിന്റേയും യു.ഡി.എഫ്.-ന്റേയും പ്രവർത്തന മാതൃകയാണ് ഇതിൽ നിന്നും മനസ്സിലാകുന്നത്. നിങ്ങളെപ്പോലെ നിയമസഭയ്ക്കകത്ത് വന്നവരല്ല ഞങ്ങൾ. 2006-ൽ എൽ.ഡി.എഫ്. അധികാരത്തിൽ എത്തുമ്പോൾ ഈ സഭയ്ക്കകത്ത് തളംകെട്ടിക്കിടന്നത്, മാഫിയകൾക്ക്, പെൺവാണിഭക്കാർക്ക്, വട്ടിപ്പലിശക്കാർക്ക്, ക്രിമിനലുകൾക്ക് ഒക്കെ തടിച്ചു കൊഴുക്കാൻ സഹായകരമായിട്ടുള്ള, പാവങ്ങളെ ഞെക്കിപ്പിഴിയുന്ന രൂപത്തിലുള്ള യാഥാസ്ഥിതിക നയങ്ങളുടെ ഒഴിഞ്ഞ ഐസ്ക്രീം കുപ്പികളാണ്. ഞങ്ങൾ അതെല്ലാം തൂത്തുമാറ്റി. ഈ സഭയെ ജനങ്ങൾക്കു വേണ്ടിയുള്ള നിയമ നിർമ്മാണ സഭയാക്കി മാറ്റുകയാണ് ചെയ്തത്. യാഥാസ്ഥിതിക ധനമേഖയ്ക്കു പകരം ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനും പുത്തൻ വളർച്ചാ മേഖലകൾക്കും മുൻഗണന നൽകുന്ന ധന വിനിയോഗമാണ് ഈ സർക്കാരിന്റെ

മുഖമുദ്ര. മണ്ണിൽ പിറന്നവർക്ക് എല്ലാം നൽകാൻ കഴിയുന്ന വാഗ്ദത്ത ഭൂമിയിലേക്കുള്ള ധീരമായ യാത്രയിലാണ് ഈ സർക്കാർ. അതുകൊണ്ടാണ് ധനകാര്യ വകുപ്പുമന്ത്രി ബഹുമാന്യനായ ഡോ. തോമസ് ഐസക് അവതരിപ്പിച്ച ഈ വോട്ട് ഓൺ അക്കൗണ്ടിനെ അഭിമാനപൂർവ്വം ഞാൻ പിൻതുണയ്ക്കുന്നത്. സമൂഹത്തിലെ ഒരുപിടി സമ്പന്നർക്കു വേണ്ടി മാത്രം ആയുസ് പാഴാക്കുന്നവൻ പൂർണ്ണനല്ല. ഇവിടെ പ്രതിപക്ഷം ആയുസ് പാഴാക്കുന്നത് സമ്പന്ന വിഭാഗങ്ങൾക്കുവേണ്ടിയാണ്. നമ്മുടെ രാഷ്ട്ര പിതാവായ മഹാത്മാഗാന്ധിയുടെ വാക്കുകൾ നമ്മൾ ഒന്ന് ശ്രദ്ധിക്കണം. "സമൂഹത്തിനു വേണ്ടി ജീവിക്കുമ്പോഴാണ് നാം ഏറ്റവും പൂർണ്ണമായി ജീവിക്കുന്നത്" എന്നാണ് അദ്ദേഹം പറഞ്ഞിരിക്കുന്നത്. എന്നാൽ ഐസ്ക്രീം എന്ന പദം കേൾക്കുമ്പോൾ പോലും ഞെട്ടി വിറയ്ക്കുന്ന ഇന്നത്തെ കോൺഗ്രസുകൾ മഹാത്മാഗാന്ധിയിൽ നിന്നും അദ്ദേഹത്തിന്റെ ആദർശങ്ങളിൽ നിന്നും എത്രയോ കാതം അകലെയാണെന്നുള്ള കാര്യം ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് തന്നെ പരസ്യപ്പെടുത്തിയിട്ടുള്ളത് ഞാൻ ചൂണ്ടിക്കാണിക്കുകയാണ്. ഇവിടെ കോഴിക്കോട് ചെങ്കളത്ത് വലിയ കുഞ്ഞിരാമമേനോൻ അനുസ്മരണ സമ്മേളനം ഉദ്ഘാടനം ചെയ്തുകൊണ്ട് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പറഞ്ഞ വാക്കുകൾ ഞാൻ ഉദ്ധരിക്കുകയാണ്. "ഗാന്ധിസത്തിൽ നിന്ന് താനടക്കമുള്ളവർ അകന്നു പോയി. അധികംപേരും സ്വാർത്ഥത, അഴിമതി, അധികാരം എന്നുള്ളവരായി മാറിക്കഴിഞ്ഞു. സൗകര്യങ്ങൾ ത്യജിക്കാൻ ആരും തയ്യാറാകുന്നില്ല." അധികാരംമൂലം ഗാന്ധിസത്തിൽ നിന്ന് അകന്നതിന്റെ മറ്റൊരു കാര്യം നമ്മൾ കണ്ടു. ബഹുമാനപ്പെട്ട ഉമ്മൻചാണ്ടി മന്ത്രിസഭയിലെ വ്യവസായ വകുപ്പുമന്ത്രിയായിരുന്ന ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയുടെ പത്ര സമ്മേളനത്തിലെ വാചകങ്ങൾ നമ്മൾ കണ്ടു. "സാധാരണക്കാർക്കു വേണ്ടി ചെലവഴിക്കേണ്ട അഞ്ചു വർഷ ഭരണകാലം വട്ടിപ്പലിശക്കാർക്കായി ചെലവഴിച്ചു. ഇനി ഞാനത് ചെയ്യില്ല. എത്ര നിർബന്ധിച്ചാലും" എന്നാണ് കുഞ്ഞാലിക്കുട്ടി പറഞ്ഞത്. എന്നാൽ ഈ കുമ്പസാരത്തെപ്പറ്റി ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞത് ഞാൻ ആ കുമ്പസാരത്തെ പരിപൂർണ്ണമായി അഭിനന്ദിക്കുന്നു എന്നാണ്. ഇതിന്റെ അർത്ഥം യു.ഡി.എഫ്.-ന്റെ അഞ്ച് വർഷത്തെ ഭരണം വട്ടിപ്പലിശക്കാർക്കും അഴിമതിക്കാർക്കും കൊള്ളക്കാർക്കും വേണ്ടിയായിരുന്നുവെന്ന് ആരെങ്കിലും പറഞ്ഞാൽ അത് പരിപൂർണ്ണമായി സമ്മതിക്കുന്നു. അക്കാര്യത്തിൽ തനിക്ക് ദുഃഖമുണ്ട്. അതുകൊണ്ട് തന്നെ ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി കുമ്പസാരം നടത്തി പറഞ്ഞതിനെ ഞാൻ അഭിനന്ദിക്കുന്നു എന്നാണ് അദ്ദേഹം പറഞ്ഞത്. ആ അഞ്ചുവർഷ ഭരണകാലം തീർത്തും ജനവിരുദ്ധ നയമായിരുന്നു എന്നുള്ളത് യു.ഡി.എഫ്. നേതാക്കൻമാർ തന്നെ പരസ്യമായി അംഗീകരിച്ചുകൊണ്ടിരിക്കുകയാണ്. ഗാന്ധിസത്തിൽ നിന്ന് അകന്ന് കോൺഗ്രസ് പോയിട്ട് ഒരുപാട് കാലമായി. അഞ്ചുവർഷം സ്വാർത്ഥതയിൽ മുങ്ങി അഴിമതിക്കാരായി യു.ഡി.എഫ്. ഭരണം മാറി എന്ന് പരസ്യമായി സമ്മതിക്കുന്ന ഒരു നിലപാടിലേക്കാണ് പ്രതിപക്ഷ നേതാവ് ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയുടെ പരസ്യ പ്രസ്താവനയെ അംഗീകരിച്ചുകൊണ്ട് ആ തൂപത്തിൽ പറഞ്ഞതിന്റെ സാരം. അഞ്ച് വർഷം ഇവർ നടത്തിയ ഭരണം നമ്മുടെ സമൂഹത്തിനു വേണ്ടിയായിരുന്നില്ല. അത് സമൂഹത്തിലെ ചെറിയ ന്യൂനപക്ഷത്തിനു

LIBRARY ARCHIVES Kerala Legislative Assembly

വേണ്ടിയായിരുന്നു. നമ്മുടെ കാർഷിക മേഖല തകർന്ന് തരിപ്പണമായി. അതുപോലെ ആത്മഹത്യ ഒരു തുടർക്കഥയായിരുന്നു ആ കാലഘട്ടത്തിൽ. സമസ്ത ക്ഷേമപെൻഷനുകളും തകർത്ത് പാവപ്പെട്ടവരെ ഞെക്കിപ്പിഴിയുന്ന നയമാണ് എടുത്തത്. എല്ലാ വ്യവസായങ്ങളും അടച്ചുപൂട്ടി. ഐസ്ക്രീം പോലെയുള്ള ചില വ്യവസായങ്ങൾ തടിച്ചുകൊഴുത്തു. ആരോഗ്യ മേഖലയെ അനാരോഗ്യമേഖലയാക്കി മാറ്റി. ക്രമസമാധാനം പാടേ തകർത്തു. ക്രിമിനലുകളുടെ വിളയാട്ടം മൂലം വർഗ്ഗീയ സംഘർഷങ്ങളുടെ വിഹാര ഭൂമിയായി കേരളം മാറുകയും ഒരുപാട് വിലപ്പെട്ട മനുഷ്യജീവൻ ആ കാലഘട്ടത്തിൽ വർഗ്ഗീയ സംഘർഷങ്ങളുടെ ഫലമായി നഷ്ടപ്പെടുകയുമുണ്ടായി. എന്നാൽ ഇതിൽ നിന്നെല്ലാം വ്യത്യസ്തമായി സഖാവ് വി. എസ്. അച്യുതാനന്ദന്റെ നേതൃത്വത്തിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഭരണം ഇന്ത്യയ്ക്കുതന്നെ മാതൃകയായി, ഒരു സൂര്യ തേജസ്സായി, ഈ കേരളത്തിൽ ഉയർന്നു നിൽക്കുന്ന കാഴ്ച കാണുമ്പോൾ പ്രതിപക്ഷത്തിന് അല്പം വിരളിയുണ്ട്. കാർഷിക മേഖല നിറകതിരണിഞ്ഞ് നിൽക്കുന്ന കാഴ്ചയാണ് കാണാൻ കഴിയുന്നത്. കൃഷിക്കാർ പൂർണ്ണ മനസ്സോടെ ഈ ഗവൺമെന്റിനെ അംഗീകരിക്കുകയാണ്. ആത്മഹത്യകൾ പഴങ്കഥകളായി മാറിക്കഴിഞ്ഞു. ക്ഷേമപെൻഷനുകൾ 110 രൂപയിൽ നിന്ന് 400 രൂപയാക്കി വർദ്ധിപ്പിച്ചു. 200 രൂപ കൊടുക്കുമെന്ന് പറഞ്ഞ ഗവൺമെന്റ് 400 രൂപയാക്കി വർദ്ധിപ്പിച്ചു. ആനുകൂല്യം കൈപ്പറ്റുന്നവർ ദൈവതുല്യരായിട്ടാണ് ഈ ഗവൺമെന്റിനെ കാണുന്നത്. സമസ്ത മേഖലകളിലും കേരളം ഇന്ത്യയിൽ ഒന്നാം സ്ഥാനം നേടി മുന്നേറുമ്പോൾ ഓരോ മലയാളിയുടേയും അന്തരംഗം അഭിമാനപുരിതമാവുകയാണ്. ഓരോ മലയാളിയുടേയും മനസ്സ് അഭിമാനപൂരിത മാവുകയാണ്. എന്നാൽ കേരളമെന്ന പേര് കേട്ടാൽ മലയാളികളുടെ ചോര തിളയ്ക്കുമ്പോൾ പ്രതിപക്ഷത്തിന് ഐസ്ക്രീം എന്ന പേര് കേൾക്കുമ്പോഴാണ് ചോര തിളച്ചുകൊണ്ടിരിക്കുന്നത്. ഈ കാര്യത്തിലല്ല കേരളം, ഇന്ത്യയിൽ ഒന്നാം സ്ഥാനത്ത് വരുമ്പോൾ ഒരു മലയാളി അഭിമാനിക്കണ്ടേ ? ആ നിലയിൽ ഇവരുടെ ചോര തിളയ്ക്കുന്നത് ഈ വാദം കേൾക്കുമ്പോഴാണ്. അത് കേൾക്കുമ്പോൾ അവർക്ക് ഹാലിളക്കമാണ്. യു.ഡി.എഫ്. ഭരണ കാലഘട്ടത്തിലെ മന്ത്രിമാർ ഓരോരോന്നോരോന്നായി അധികാരത്തിൽ നിന്ന് മോചനം തേടി മോചനയാത്രയായി ജയിലുകളിലേക്ക് പോകുന്ന കാഴ്ചയാണ് ഇപ്പോൾ കേരളത്തിൽ കാണുന്നത്. ഏതായാലും ഈ ജയിൽ യാത്രയിൽ ഇനിയും പലരുമുണ്ടെന്ന് മനസ്സിലാക്കി ജയിലുകളുടെ സൗകര്യങ്ങൾ മെച്ചപ്പെടുത്താൻ കേന്ദ്ര സർക്കാർ തന്നെ തയ്യാറായിക്കൊണ്ടിരിക്കുന്ന വാർത്തയാണ് ഇന്നത്തെ പത്രത്തിൽ കാണാൻ സാധിക്കുന്നത്. ഈ സഭയുടെ കാലാവധി തീരുന്നതുവരെ ഇവിടെ ഇരുന്നാൽ തങ്ങളുടെ സഹപ്രവർത്തകരിൽ പലരും ജയിലിൽപ്പോകുന്ന കാഴ്ച കണ്ട് വിഷമം തോന്നുമെന്നുള്ളതുകൊണ്ട് ആ കാഴ്ച കാണാൻ തയ്യാറാവാതെ ചിലർ ഇവിടെ നിന്ന് പാർലമെന്റിലേക്ക് പോയി. അതിലൊരു മെമ്പറാണ് ശ്രീ. കെ. സുധാകരൻ. അദ്ദേഹം ജയിൽപ്പുള്ളികളോട് പെരുത്ത് സ്നേഹമുള്ള ആളാണ്. സഭയിലെ തന്റെ സഹപ്രവർത്തകർക്കായി ജയിലുകളിലെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് അദ്ദേഹം പാർലമെന്റിൽപ്പോയി പോരടിക്കുകയാണ്. അഞ്ച് ചോദ്യങ്ങളാണ് അദ്ദേഹം ഇന്നലെ പാർലമെന്റിൽ ചോദിച്ചിരിക്കുന്നത്. ഒന്ന്, രാജ്യത്തെ ജയിലുകളിൽ തടവുകാരുടെ ആധിക്യമുണ്ടോ ? ജയിലുകൾ

LIBRARY ARCHIVES Kerala Legislative Assembly

വികസിപ്പിക്കുന്നിലെ വേഗതയുടെ അവസ്ഥ എന്താണ് ? ജയിലുകളുടെ ശേഷി വർദ്ധിപ്പിക്കുവാൻ എന്ത് നടപടി സ്വീകരിച്ചു ? ശ്രീ. കെ. സുധാകരനാണ് ചോദിക്കുന്നത്. കേരളത്തിന് 25 കോടി രൂപ ജയിൽ നവീകരണത്തിനുവേണ്ടി അനുവദിക്കുമെന്നാണ് ആഭ്യന്തര സഹമന്ത്രി കാമത്ത് ശ്രീ. കെ. സുധാകരന് നൽകിയ മറുപടി. ഇപ്പോൾ കിടക്കുന്നവരടക്കം ഇനിയും ചില നേതാക്കൾക്കും അവിടെ സുഖമായി ജയിൽവാസമനുഷ്ഠിക്കാൻ കേന്ദ്രം സൗകര്യമൊരുക്കുന്നതിൽ കോൺഗ്രസ്സുകാർ ശ്രീ. കെ. സുധാകരനോട് അല്പം നന്ദി കാണിക്കണം. അദ്ദേഹം അതിനുവേണ്ടിയുള്ള ശ്രമങ്ങളാണ് പാർലമെന്റിൽ നടത്തുന്നത്. ഒരു കാര്യംകൂടി ശ്രീ. കെ. സുധാകരന്റെ ശ്രദ്ധയിൽപ്പെടുത്തിയാൽ നന്നായിരിക്കും. തടവു കഴിഞ്ഞ് പുറത്തു വരുന്നവരെ സ്വീകരിക്കാനുള്ള സന്നദ്ധത നമ്മുടെ സമൂഹത്തിൽ കുറഞ്ഞു വരികയാണെന്ന കാര്യം ജസ്റ്റിസ് ചന്ദ്രശേഖര മേനോൻ പത്തുവർഷം മുമ്പ് പറഞ്ഞത് ഓർമ്മ വരികയാണ്. അതുകൊണ്ട് ജയിലിൽ പോകുന്നവരുടെ കാലാവധി കഴിയുമ്പോൾ പുനരധിവാസത്തിന് ഒരു പദ്ധതി തയ്യാറാക്കാനും കുറച്ചു പണം കേന്ദ്രത്തിൽ നിന്ന് നേടിയെടുക്കാനും ശ്രീ. കെ. സുധാകരൻ വഴി അതിനാവശ്യമായ നടപടിയെടുക്കുന്നത് എന്തുകൊണ്ടും സഹായകരമാകും. ന്യായാധിപന്മാർക്ക് കോഴ കൊടുക്കുമ്പോൾ കാഴ്ചക്കാരനായി നിൽക്കുന്ന സുധാകരനോട് പറഞ്ഞ് ഇക്കാര്യവും ഒപ്പിച്ചെടുത്താൽ പുറത്തുവരുന്നവർക്ക് പുനരധിവാസ പദ്ധതിയുണ്ടാക്കുന്നത് എന്തുകൊണ്ടും വളരെ പ്രയോജനകരമായിരിക്കും. കാരണം, ഇനി ആൾക്കാരുടെ എണ്ണം കൂടാൻ പോകുകയാണ്.

ഈ ധനവിനിയോഗത്തിൽ കേരളം, ഡോ. തോമസ് ഐസക്കിന്റെ നേതൃത്വത്തിൽ പശ്ചിമഘട്ട മലനിരകൾ കടന്നും മുന്നേറുകയാണ്. യു.ഡി.എഫ്. ഭരണകാലത്തിലെ സർക്കാർ ചെലവ് വെറും 63 ശതമാനമാണ്. എന്നാൽ 2006-2011 കാലഘട്ടത്തിൽ എൽ.ഡി.എഫ്. ചെലവഴിച്ചത് നൂറുശതമാനത്തിൽ ഏറെയാണ്. ധനവിനിയോഗത്തിൽ വളരെ മുന്നേറ്റമുണ്ടായിട്ടുണ്ട്. 19,522 കോടി രൂപയിൽ നിന്ന് 39790 കോടി രൂപയായി കൂടിയിരിക്കുകയാണ്. അതുകൊണ്ട് മൂലധനച്ചെലവിൽ ഗുണപരമായ മാറ്റം വന്നിട്ടുണ്ട്. കാർഷിക മേഖലയിലും അനുബന്ധ മേഖലയിലും 224 കോടി രൂപയിൽ നിന്ന് ഇപ്പോൾ 705 കോടി രൂപയായി അത് വർദ്ധിച്ചിരിക്കുകയാണ്. അതുപോലെ സാമൂഹ്യ സുരക്ഷാ പദ്ധതിയിൽ ചരിത്ര വർദ്ധനവാണ് ഈ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ കേരളത്തിൽ കാണാൻ കഴിയുന്നത്. അതുപോലെ പ്രധാനപ്പെട്ട പല മേഖലകളിലും ശരാശരി വാർഷിക ചെലവിനെക്കാൾ വലിയ വർദ്ധനവാണ് ഉണ്ടായിട്ടുള്ളത്. യു.ഡി.എഫ്. ഭരണത്തിൽ നിന്നും വലിയ വർദ്ധനവാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഭരണത്തിൽ കാണാൻ കഴിയുന്നത്. ക്ഷേമ പെൻഷൻ 134 കോടി രൂപയിൽ നിന്നും 359 കോടി രൂപയായി വർദ്ധിച്ചു. ഭക്ഷ്യ സബ്സിഡി 34 കോടി രൂപയിൽ നിന്ന് 235 കോടി രൂപയായി ശരാശരി വാർഷിക ചെലവ് പട്ടികജാതി/പട്ടികവർഗ്ഗ മേഖലയിൽ 385 കോടി രൂപയിൽ നിന്ന് 840 കോടി രൂപയായി വർദ്ധിച്ചിരിക്കുകയാണ്. അങ്ങനെ സമസ്ത മേഖലകളിലും മൂലധനച്ചെലവിൽ മുന്നേറ്റമുണ്ടാക്കിക്കൊണ്ട് ഈ ഗവൺമെന്റ് മുന്നോട്ടു പോകുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ചിക്കൻഗുനിയ പരത്തുന്ന ഈഡിസ് കൊതുകുകളുണ്ട്. ഞാൻ ഇതിനു മുമ്പ് പറഞ്ഞതാണ്. ബഹുമാന്യനായ മെമ്പർ എംഎം. മോനായിയുടെ ഇന്നലത്തെ വാക്പയറ്റിൽ അത് ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. അതിന്റെ പ്രത്യേകത ഒരാളെ കുത്തിക്കഴിഞ്ഞാൽ പിന്നെ വേറൊരാളെ കുത്തും. ഈ കഴിഞ്ഞ അഞ്ചു വർഷങ്ങളായി ഈ മന്ത്രിസഭയിലെ ഓരോ അംഗത്തേയും മാറി മാറി കുത്തി. പക്ഷേ കുത്തുമ്പോൾ സ്വന്തം കൊമ്പ് ഒടിയുമെന്നല്ലാതെ മറ്റ് പ്രയോജനമുണ്ടാകുന്നില്ല. അവസാനമായി ആരെ കുത്തിയിട്ടും പ്രയോജനമില്ലാത്തതിനാൽ മുഖ്യമന്ത്രിയെ കുത്തുകയാണ്. മുഖ്യമന്ത്രിയെ കുത്തുമ്പോഴും കൊമ്പൊടിഞ്ഞ് മരിച്ചു വീഴുന്ന ലജ്ജാകരമായ കാഴ്ചയാണ് ഈഡിസ് കൊതുകുകളായ ഈ പ്രതിപക്ഷത്തിന്റെ ഭാഗത്തുനിന്ന് കാണാൻ കഴിയുന്നത്. ഏതായാലും വളരെ ന്യായമായി കേരളത്തിന്റെ താത്പര്യങ്ങൾ സംരക്ഷിക്കുന്ന ഈ ധനവിനിയോഗം മുന്നോട്ടു കൊണ്ടുപോകാനാവശ്യമായ നടപടിയെടുത്ത് ചെയ്യുമ്പോൾ കാസർഗോഡ് കാദർഭായിയെപ്പോലുള്ള ചിലരൊക്കെ ഇല്ലാ പ്രചരണങ്ങളൊക്കെ നടത്തിക്കൊണ്ട്, മന്ത്രിസഭയെ നയിക്കുന്ന പുന്നപ്ര വയലാർ സമര സേനാനി, കേരളത്തിന്റെ സാമൂഹ്യ മാറ്റത്തിൽ വളരെ നിർണ്ണായകമായ പങ്കു വഹിച്ചു. കയ്യൂർ സമരം പോലെ മറ്റ് നിരവധി പോരാട്ടങ്ങളെപ്പോലെ പുന്നപ്ര വയലാർ സമരത്തിന് നേതൃത്വം കൊടുത്ത ഒരു വിപ്ലവകാരി നേതൃത്വം കൊടുക്കുന്ന ഈ ഗവൺമെന്റിന്റെ നേതൃ പദവിയെ ആക്രമിച്ചു കഴിഞ്ഞാൽ ഈ ഗവൺമെന്റിനെ താറടിച്ചു കാണിക്കാമെന്നും വരുന്ന നിയമസഭാ തെരഞ്ഞെടുപ്പിൽ, പഞ്ചായത്ത് ലോക്സഭാ തെരഞ്ഞെടുപ്പിൽനിന്നും വ്യത്യസ്തമായി ജനങ്ങൾ പിന്തുണ നൽകിയിരിക്കുന്ന സമര പദ്ധതിയെ ആ രൂപത്തിൽ തകർക്കാമെന്ന കണക്കുകൂട്ടൽ വച്ചുകൊണ്ട് മുന്നോട്ടു പോകുന്നവർ ഓരോരുത്തരായി ജയിലിലേക്ക് പോകുമെന്നല്ലാതെ ജനങ്ങൾ അവരെ രക്ഷിക്കാൻ പോകുന്നില്ലെന്ന് മാത്രം പറഞ്ഞുകൊണ്ട് ഈ ധനവിനിയോഗ വോട്ട് ഓൺ അക്കൗണ്ടിനെ പരിപൂർണ്ണമായി പിന്തുണച്ചുകൊണ്ട് നിർത്തുന്നു.

<u>ശ്രീ. അൽഫോൺസ് കണ്ണന്താനം</u>: സർ, ഞാൻ ഈ വോട്ട് ഓൺ അക്കൗണ്ടിനെ പിന്താങ്ങുന്നു. കഴിഞ്ഞ അഞ്ചു വർഷത്തോളം ഈ കേരളത്തിൽ ഏതാണ്ട് 60,000 കോടി രൂപയുടെ വികസന പദ്ധതികൾ ഇവിടെ നടത്തിക്കൊണ്ട് ധനകാര്യമന്ത്രി ഈ സർക്കാർ സാധാരണക്കാരന്റെ സർക്കാരാണെന്ന് തെളിയിച്ചുകഴിഞ്ഞു. അതിൽ രണ്ട് കാര്യങ്ങൾ മാത്രം എനിക്ക് പറഞ്ഞാൽ മതി. കേരളത്തിലെ 22 ലക്ഷം വീടുകളിൽ വൈദ്യുതി എത്തിച്ചു. ഏകദേശം ആറു ലക്ഷം വീടുകൾ പണിയുന്നു. രണ്ടു കാര്യം മാത്രമേ പറയുന്നുള്ളു. ഞാൻ ഇക്കണോമിക്സ് പഠിച്ച ആളും ഇക്കണോമിക്സ് പഠിപ്പിച്ച ആളുമാണ്. എന്നിട്ടും ഞാൻ ഈ സഭയിൽ നിന്നും ധാരാളം കാര്യങ്ങൾ പഠിച്ചു. ഡോ. തോമസ് ഐസക്കിന്റെ കയ്യിൽ നിന്ന് പുതിയ പുതിയ അറിവുകൾ നേടി. എങ്ങനെ ഒരു സർക്കാരിന് സാധാരണക്കാരനുവേണ്ടി ഭരിക്കാം എന്ന അറിവ് നേടി. അത് തിയറി മാത്രമല്ല. വെറും അറിവ് മാത്രമല്ല, സാധാരണക്കാരിലേക്ക് ഇറങ്ങിച്ചെന്ന് മുടക്കുന്ന ഓരോ പൈസയും അവിടെ എങ്ങനെ എത്തിക്കാമെന്ന് അദ്ദേഹം കാണിച്ചുകൊടുത്തു. ഞങ്ങൾ കത്തോലിക്കരുടെ പള്ളിയിൽ

LIBRARY ARCHIVES Kerala Legislative Assembly

കുർബ്ബാന കഴിയുമ്പോൾ അവസാനത്തെ സെന്റൻസ് ഇങ്ങനെയാണ്. "ഞാനൊരു ബലിയർപ്പിക്കുവാൻ ഇനി വരുമോ ഇല്ലയോ എന്ന് എനിക്ക് അറിഞ്ഞുകൂടാ" ഇത് ഈ അസംബ്ലിയിലെ എന്റെ അവസാനത്തെ പ്രസംഗമാണെന്ന് എനിക്കറിയാം. ഞാൻ തിരിച്ച് ഈ അസംബ്ലിയിൽ വരുമോ ഇല്ലയോ എന്ന് എനിക്കറിഞ്ഞുകൂടാ.

<u>ശ്രീ. പി. ടി. എ. റഹീം</u>: അങ്ങ് ഇനി അസംബ്ലിയിൽ തിരിച്ചു വരുമോയെന്ന് അവർക്ക് സംശയമാണ്. ഇന്റർചർച്ച് കൗൺസിലിന്റെ ചെയർമാൻ മാർ ജോസഫ് പൗവ്വത്തിൽ തിരുമേനി അങ്ങയെ കണ്ടു പഠിക്കാനും അങ്ങയെ മാർഗ്ഗ ദർശിയാക്കാനും വേണ്ടി ശ്രീ. പി. സി. ജോർജ് ഉൾപ്പെടെയുള്ള ആളുകളോട് ശിപാർശ ചെയ്തത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

<u>ശ്രീ. അൽഫോൺസ് കണ്ണന്താനം</u>: സർ, ഞാൻ എന്നെപ്പറ്റി പറയുന്നത് ശരിയല്ലല്ലോ എന്നതുകൊണ്ട് ഞാൻ തുടങ്ങാതിരുന്നതാണ്. ഇന്നലത്തെ പത്രത്തിൽ, ... ഇത് ദേശാഭിമാനിയല്ല, മംഗളം പത്രവും മാധ്യമം പത്രവുമാണ്. (പത്രം ഉയർത്തിക്കാണിച്ചു) ഞാൻ മംഗളം പത്രത്തിലെ തലക്കെട്ട് വായിക്കുകയാണ്. "കണ്ണന്താനത്തിന്റെ വികസന പ്രവർത്തനം മാതൃകയാക്കണം." -മാർ പൗവ്വത്തിൽ. "ചുരുങ്ങിയ കാലത്തിനുള്ളിൽ മുന്നൂറു കോടി രൂപയുടെ വികസനം സ്വന്തം നിയോജക മണ്ഡലത്തിൽ എത്തിക്കാൻ കഴിഞ്ഞ അൽഫോൺസ് കണ്ണന്താനം എം.എൽ.എ.-യെ വികസന മാതൃകയാക്കണമെന്ന് ഇന്റർ ചർച്ച് കൗൺസിലിന്റെ എഡ്യൂക്കേഷൻ കൗൺസിൽ ചെയർമാൻ മാർ ജോസഫ് പൗവ്വത്തിൽ പ്രഖ്യാപിച്ചിരിക്കുന്നു. ചങ്ങനാശ്ശേരി നിയോജക മണ്ഡലം വികസന സമിതി പത്താമത് വാർഷിക സമ്മേളനം ചങ്ങനാശ്ശേരി എസ്. ബി. കോളേജിൽ മോൺസിഞ്ഞോർ കാളശ്ശേരി ഹാളിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു മാർ ജോസഫ് പൗവ്വത്തിൽ. കേരള കോൺഗ്രസ്സ് (എം) പാർട്ടി ഡെപ്യൂട്ടി ലീഡറും ചങ്ങനാശ്ശേരി എം.എൽ.എ.-യും ആയിരുന്ന സി. എഫ്. തോമസിന്റെകൂടി സാന്നിദ്ധ്യത്തിലായിരുന്നു ഇടതുപക്ഷത്തെ എക്കാലവും വിമർശിച്ചിട്ടുള്ള മാർ പൗവ്വത്തിൽ ഇടതുമുന്നണി എം.എൽ.എ. കൂടിയായ അൽഫോൺസ് കണ്ണന്താനത്തെ പ്രശംസിച്ചത്" ബാക്കി ഞാൻ വായിക്കുന്നില്ല. ഞാൻ വലിയ വലിയ ആശയക്കുഴപ്പത്തോടെ ഈ സഭയിൽ വന്നു. ഞാൻ ഇവിടെനിന്ന് ഒത്തിരി കാര്യങ്ങൾ പഠിച്ചു. ഇവിടെ ഭരണകക്ഷിയിലുള്ള ആൾക്കാരിൽ നിന്നും പ്രതിപക്ഷത്തിരിക്കുന്ന ആൾക്കാരിൽ നിന്നും ധാരാളം പഠിച്ചു. ഇവിടെ ഭരണ-പ്രതിപക്ഷത്തിലിരിക്കുന്ന മിക്കവാറും പേർ ജനങ്ങളോട് പ്രതിബദ്ധതയുള്ള എം.എൽ.എ.-മാരാണ്. അതുപോലെ മിക്കവാറും പേരും ലളിത ജീവിതം നയിക്കുന്ന ആൾക്കാരാണ്. രണ്ടു പക്ഷത്തും ഇരിക്കുന്നവരിൽ മിക്കവാറും പേർ സത്യസന്ധരാണെന്ന് എനിക്ക് മനസ്സിലായി. ഈ കാര്യങ്ങളൊക്കെ ഞാൻ പഠിച്ചത് ഇവിടുത്തെ പ്രസംഗത്തിൽ നിന്നാണ്. ഞാൻ ഈ സഭയിൽ വന്നപ്പോൾ എനിക്ക് മലയാളം പ്രസംഗം പറയാൻ അറിയില്ലായിരുന്നു. ഇന്നും ഞാൻ മലയാളത്തിൽ വലിയ പ്രാസംഗികനാണെന്ന് അവകാശപ്പെടുന്നില്ല. ഞാനൊരു രാഷ്ട്രീയ ശിശുവാണ്. പക്ഷേ ഇവിടത്തെ നല്ല പ്രബന്ധങ്ങളും

LIBRARY ARCHIVES Kerala Legislative Assembly

പ്രസംഗങ്ങളും കേട്ട് രണ്ട് സൈഡിൽ നിന്നും എനിക്ക് ധാരാളം പഠിക്കാൻ സാധിച്ചു. ഞാൻ പല സിദ്ധാന്തങ്ങളും തെറ്റാണെന്ന് തെളിയിക്കാൻ വേണ്ടിയാണ് എന്റെ ജീവിതം നയിച്ചിരുന്നത്. 1979-ൽ നീളൻ മുടിയുള്ള ബെൽബോട്ടം പാന്റിട്ട, cowboy boots ഇട്ടുനടന്ന ഞാൻ Missouri Academy-ൽ ചേർന്നതിനു ശേഷം ഞാൻ മുടി വെട്ടി, കറുത്ത സ്യൂട്ടും ടൈയ്യും ഇട്ടപ്പോൾ ഒരു കാര്യം തീരുമാനിച്ചു. ഞാൻ നട്ടെല്ലുള്ള ഒരു ഐ.എ.എസ്. ഉദ്യോഗസ്ഥൻ ആയിരിക്കുമെന്ന് 2006-ൽ എന്റെ ഐ.എ.എസ്. പദവി 8 വർഷം ബാക്കിയിരിക്കെ രാജിവച്ചു. എന്റെ ബാച്ചിലെ ടോപ്പർ ആയിരുന്നു ഞാൻ, ചീഫ് സെക്രട്ടറിയാകേണ്ട ഞാൻ രാജി വച്ചപ്പോൾ എല്ലാപേരും പറഞ്ഞു ഇയാൾക്കെന്തൊക്കെയോ കുഴപ്പമുണ്ട്, എന്റെ ബാച്ചുകാർ രണ്ടുവർഷം ചീഫ് സെക്രട്ടറിയായി. ഞാൻ ചില സിദ്ധാന്തങ്ങൾ തെറ്റാണെന്ന് തെളിയിക്കാൻ വേണ്ടിയാണ് ഇറങ്ങിത്തിരിച്ചിരിക്കുന്നത്. എന്താണ് ആ സിദ്ധാന്തങ്ങൾ. ഒന്ന്, ഇലക്ഷനിൽ ജയിക്കണമെങ്കിൽ കാശ് കൊടുക്കണം, കള്ള് വാങ്ങിക്കൊടുക്കണം, നമ്മുടെ എതിരാളിയെ തേജോവധം ചെയ്യണം എന്നൊരു വിശ്വാസമുണ്ട്. ഞാൻ ഒരൊറ്റയാൾക്കും കാശ് കൊടുത്തില്ല. ഒരു തുള്ളി കള്ളും വാങ്ങിക്കൊടുത്തില്ല, എന്റെ എതിരാളിയെപ്പറ്റി ഒരു വാക്കുപോലും പറഞ്ഞില്ല. എന്റെ എതിരാളിയെ എവിടെയൊക്കെ വച്ചു കണ്ടോ അവിടെ വച്ച് കെട്ടിപ്പിടിച്ച് ഞങ്ങൾ സൗഹൃദം പുലർത്തിയിരുന്നു. ഇന്നും എന്റെ ഏറ്റവും നല്ല സുഹൃത്താണ് അദ്ദേഹം. രണ്ടാമത്തേത്, ഇവിടെയൊന്നും നടക്കൂല, കേരളത്തിലും ഇന്ത്യയിലും ഒന്നും നടക്കൂലയെന്നുള്ള പൊതുവിശ്വാസം ഞാൻ കാണിച്ചുകൊടുത്തു. ഞാൻ മാത്രമല്ല ഇവിടിരിക്കുന്ന പല എം.എൽ.എ.-മാരും കാണിച്ചുകൊടുത്തിട്ടുണ്ട്. നൂറുകണക്കിന് ഉദാഹരണം എന്റെ മണ്ഡലത്തിൽ ഉണ്ടെങ്കിൽത്തന്നെയും ഒരു ഉദാഹരണം മാത്രം പറയാം. 730 ദിവസം തീരേണ്ട കാഞ്ഞിരപ്പള്ളി മിനി സിവിൽ സ്റ്റേഷൻ 427 ദിവസം കൊണ്ടുതീർത്തുവെന്നു മാത്രമല്ല ഇന്ത്യയിലെ ഏറ്റവും മനോഹരമായ കെട്ടിടം, ഏതാണ്ട് 60 ശതമാനം സമയം കൊണ്ട് തീർത്തു. ഒരു വർഷം കൊണ്ട് തീരേണ്ട പാലം.... ഞങ്ങൾ അവിടെ ബോർഡ് വച്ചു. ഈ പാലം ഉദ്ഘാടനം ചെയ്യാൻ ഇനി 100 ദിവസം എന്നു വച്ചു. രണ്ടാമത്തെ ദിവസം അത് 99 ആയി. കൃത്യം പൂജ്യം ദിവസം ആയപ്പോൾ ഉദ്ഘാടനവും ചെയ്തു. മൂന്നാമത്തേത്, ജയിച്ചുകഴിഞ്ഞപ്പോൾ ഞാൻ തന്നെ തീരുമാനിച്ചു. ഞാൻ സ്വതന്ത്രനാണ്, എൽ.ഡിഎഫ് സപ്പോർട്ടുകൂടി ജയിച്ചതാണ്. എൽഡിഎഫ്.-കാർ എനിക്ക് സീറ്റ് തന്നു. ഞാനിതാ ജയിച്ചു. എൽ.ഡി.എഫ്.-ന്റെയോ യു.ഡിഎഫ്-ന്റെയോ എം.എൽ.എ. അല്ല ജനങ്ങളുടെ എം.എൽ.എ. ആയിരിക്കുമെന്ന് ഞാൻ സ്വയം തീരുമാനിച്ചു. പഞ്ചായത്ത് പര്യടനം നടത്തി. പഞ്ചായത്തിലെ എല്ലാ മെമ്പർമാരേയും എല്ലാ രാഷ്ട്രീയപാർട്ടികളിലേയും അംഗങ്ങളെ വിളിച്ച് രാവിലെ മുതൽ വൈകുന്നേരം വരെ നോട്ടീസ് അടിച്ച് എട്ട്-എട്ടര എന്ന് സമയം വച്ച് ഓരോ പഞ്ചായത്തിലും പോയി പര്യടനം നടത്തി. വൈകുന്നേരം പഞ്ചായത്ത് ഓഫീസിലിരുന്ന് എല്ലാവരോടും സംസാരിച്ച് എം.എൽ.എ. ഫണ്ട് ചെലവാക്കാൻ തീരുമാനിച്ചു. ആർക്ക് വേണമെങ്കിലും ശിപാർശയില്ലാതെ കയറിവരാം. നാലാമത്തെ സിദ്ധാന്തം വരുന്നവരെയെല്ലാം പ്രീതിപ്പെടുത്തണമെന്നതാണ്. എല്ലാവരോടും നോക്കാം എന്ന് പറയും.....സോറി.... പറയില്ല. നടക്കുന്ന കാര്യം അവിടെ വച്ചുതന്നെ

LIBRARY ARCHIVES Kerala Legislative Assembly

പരിശോധിച്ച് നടക്കുമെങ്കിൽ നടക്കുമെന്ന് പറയും. നടക്കാത്ത കാര്യം നടക്കില്ലെന്ന് പറയും. അഞ്ചാമത്തെ സിദ്ധാന്തം ഇന്ത്യ ടു-ഡേയുടെ ഒരു സർവ്വേയിൽ കണ്ടതാണ്. ആരും എന്നെ കുറ്റം പറയരുത്. ഇന്ത്യ ടുഡേ കഴിഞ്ഞ വർഷം ജനങ്ങളുടെ ഇടയിൽ നടത്തിയ സർവ്വേയിൽ 91 ശതമാനം ആളുകളും പറഞ്ഞ് കണ്ടത് രാഷ്ട്രീയക്കാരെല്ലാം കള്ളന്മാരാണ് എന്നാണ്. രാഷ്ട്രീയക്കാർ കള്ളന്മാരല്ലേ എന്ന് ഇവിടെ ഭരണകക്ഷിയിലിരിക്കുന്നവരും പ്രതിപക്ഷത്തിരിക്കുന്നവരും തെളിയിച്ചുകാണിച്ചിട്ടുണ്ട്. അതുപോലെ ഞാനും തെളിയിച്ചുകാണിച്ചു. ആറാമത്തെ സിദ്ധാന്തം എം.എൽ.എ. ഒരു മരണ-കല്ല്യാണ എം.എൽ.എ.-യാണ് എന്നതാണ്. ജയിച്ചുകഴിഞ്ഞപ്പോഴെ എന്റെ അടിസ്ഥാനപണിയെന്താണ് എന്നതിനെപ്പറ്റി ഞാൻ പത്രത്തിൽകൊടുത്തു. എന്റെ അടിസ്ഥാനപണി രണ്ട് കാര്യങ്ങൾ ആണ്. ഒന്ന്, ഞാൻ അസംബ്ലിയിൽ ജനങ്ങളുടെ ശബ്ദമായിരിക്കും, സാധാരണക്കാരന്റെ ശബ്ദമായിരിക്കും. രണ്ടാമത് എന്റെ അടിസ്ഥാന ഉത്തരവാദിത്വം മണ്ഡലത്തിൽ വികസനങ്ങൾ കൊണ്ടുവരിക, ശാശ്വതമായ സന്തോഷം നിലനിറുത്തുക, ദുഃഖത്തിന് ശാശ്വതമായ പരിഹാരം കാണുക എന്നിവയാണ്. ഞാൻ പത്രത്തിൽ മബ്രാക്സ് ന്യൂസ് കൊടുത്തു. അൽഫോൺസ് കണ്ണന്താനം കല്ല്യാണ-മരണ എം.എൽ.എ. അല്ല. ഞാൻ കല്ല്യാണങ്ങൾക്കും മരണങ്ങൾക്കും പോകുകയില്ല. കാഞ്ഞിരപ്പള്ളി ടി.ബി.-യിൽ ഒരു ചെറിയ മുറിയിൽ, അവിടെ മൂർഖൻ പാമ്പുകളൊക്കെയുണ്ട്. അവിടെ താമസിച്ചു. ഒരു ഗ്ലാസ് വെള്ളം പോലും കിട്ടാതെ, ആ റ്റി.ബി.-യിൽ താമസിച്ച് രാവിലെ 6 മണിക്ക് ഇറങ്ങി സ്വയം വണ്ടിയോടിച്ച് നടക്കുന്ന ഞാൻ തീരുമാനിച്ചു. ഇവിടെ വ്യത്യസ്തനാകാമെന്ന്. ഒന്നുകിൽ എനിക്ക് കല്ല്യാണം, മരണം എന്നിവയിലൊക്കെ പങ്കെടുത്ത് നടക്കാം. ഒരു ദിവസം 25 കല്ല്യാണം വീതം കാണും. 25 മരണം കാണും, നാളെ എം.എൽ.എ.-യുടെ പടം കാണും. പക്ഷേ എന്റെ ഉദ്ദേശം ശാശ്വതമായ പരിഹാരം കാണുക, ശാശ്വതമായ സന്തോഷം മണ്ഡലത്തിൽ കൊണ്ടുവരിക എന്നതായിരുന്നു. എന്തുകൊണ്ടാണ് മാർ പവ്വത്തിൽ ഇങ്ങനെ പറഞ്ഞത് ? കാരണം ഞാൻ സമയം കണ്ട്, രാവിലെ മുതൽ വൈകുന്നേരം വരെ വണ്ടിയോടിച്ച് അവിടത്തെ മനുഷ്യരുടെ പ്രശ്നങ്ങൾ മനസ്സിലാക്കി അവിടെ കാര്യങ്ങൾ ചെയ്യുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ : അങ്ങയുടെ സമയം കഴിഞ്ഞു. ശ്രീ. എം. കെ. പുരുഷോത്തമൻ.....

ശ്രീ. അൽഫോൺസ് കണ്ണന്താനം : ഞാൻ തീരുമാനിച്ചു എം.എൽ.എ. എന്ന ജീവിതവും.

മി. ഡെപ്യൂട്ടി സ്പീക്കർ : (തടസ്സം)..... അങ്ങ് സഹകരിക്കണം.

ശ്രീ. അൽഫോൺസ് കണ്ണന്താനം : അർജ്ജുനൻ ഇതാ യുദ്ധം ചെയ്ത് മടുത്തിരിക്കുന്നു. അമ്പും വില്ലും താഴെ വച്ച് അദ്ദേഹം അവിടിരുന്നപ്പോൾ കൃഷ്ണൻ പറഞ്ഞു. ....എടുക്കു നിങ്ങൾ അമ്പും വില്ലും ....ഇതൊരു ധർമ്മയുദ്ധമാണ്, നിന്റെ പണി ധർമ്മയുദ്ധം ആണെന്ന്. കഴിഞ്ഞ ദിവസം അസംബ്ലിയിൽ ധർമ്മത്തെപ്പറ്റി പ്രസംഗിച്ചപ്പോൾ ആരൊക്കെയോ പറഞ്ഞു ഈ അസംബ്ലിയിൽ .....(തടസ്സം)....

LIBRARY ARCHIVES Kerala Legislative Assembly

മി. ഡെപ്യൂട്ടി സ്പീക്കർ : അങ്ങ് സഹകരിക്കണം.

ശ്രീ. അൽഫോൺസ് കണ്ണന്താനം : ഈ അസംബ്ലിയിൽ ധർമ്മത്തെപ്പറ്റി പ്രസംഗിച്ചില്ലെങ്കിൽ എവിടെയാണ് ധർമ്മത്തെപ്പറ്റി പ്രസംഗിക്കേണ്ടത് ? അങ്ങ് പറയൂ....ധർമ്മത്തിനുവേണ്ടിയുള്ള ഒരു യുദ്ധമാണ് ....(തടസ്സം)....ഇവിടെ വന്നിരിക്കുന്ന ഞാനും ഇവിടെ വന്നിരിക്കുന്ന പലരും ധർമ്മത്തിനുവേണ്ടി യുദ്ധം ചെയ്യുന്നുവെന്ന് അറിയുന്നു. ഞാൻ വിടവാങ്ങുന്നു. അടുത്ത അസംബ്ലിയിൽ ഞാനുണ്ടോ ഇല്ലയോയെന്ന് തീരുമാനിക്കേണ്ടത് ജനങ്ങളാണ്. ജനങ്ങൾ തീരുമാനിച്ചാൽ തീർച്ചയായും അടുത്ത അസംബ്ലിയിൽ ഞാൻ കാണും. ജനങ്ങൾ തീരുമാനിച്ചില്ലെങ്കിൽ ഞാൻ ഇവിടെ കാണില്ല ...(തടസ്സം)...എന്നു പറഞ്ഞുകൊണ്ട് വാക്കുകൾ നിർത്തുന്നു.

ശ്രീ. എം. കെ. പുരുഷോത്തമൻ : സർ, സമാനതകളില്ലാത്ത വികസനവും ജനക്ഷേമരംഗത്ത് അഭിമാനകരമായ നേട്ടവും ഈ സർക്കാരിന് നേടിയെടുക്കാൻവേണ്ടി സാധിച്ചുവെന്ന ചാരിതാർത്ഥ്യമാണ് എനിക്കുള്ളത്. ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ സർക്കാർ 5 വർഷം പൂർത്തീകരിക്കുമ്പോൾ അഭിമാനത്തോടുകൂടി ഈ നാട്ടിലെ ജനങ്ങളെ നേരിടാൻവേണ്ടി കഴിയും. സമസ്ത മേഖലകളിലും നേട്ടങ്ങൾ കൈവരിക്കാനും സമസ്ത വിഭാഗം ജനങ്ങളുടേയും താൽപ്പര്യങ്ങൾ സംരക്ഷിക്കാനും ഈ സർക്കാരിന് സാധിച്ചുവെന്നത് രാഷ്ട്രീയ എതിരാളികൾപോലും സമ്മതിക്കുന്ന ഒരു കാര്യമാണ്. വ്യാവസായിക രംഗത്തും കാർഷിക രംഗത്തും ഈ സർക്കാർ നേടിയ നേട്ടങ്ങൾ അത്ഭുതകരമായിത്തന്നെ ഇപ്പോഴും നിൽക്കുകയാണ്. അഴിമതിയില്ലാത്ത ഒരു സംശുദ്ധമായ ഭരണം കേരളത്തിന് സംഭാവന ചെയ്യാൻ വി. എസ്. സർക്കാരിന് സാധിച്ചുവെന്നതും നിസ്തർക്കമായ കാര്യമാണ്. യു.ഡി.എഫ്.-ന്റെ 5 വർഷത്തെ ഭരണം ഉണ്ടാക്കിയ വിനകളും നാശങ്ങളും ഈ സംസ്ഥാനത്തിന്റെ സമസ്ത മേഖലകളേയും തകർത്ത് തരിപ്പണമാക്കി, അഴിമതിയുടെ കൂത്തരങ്ങാക്കി മാറ്റി. ഗതികെട്ട അവസ്ഥയിൽ നിന്ന് കേരളക്കരയെ മോചിപ്പിക്കാനും കേരളത്തിന്റെ സമ്പദ്ഘടനയിൽ അഭിമാനകരമായ വളർച്ച കൈവരിക്കാനും സാധിച്ചുവെന്നതും സത്യമാണ്. ഈയൊരു സ്ഥിതിയിൽ കേരളത്തിലെ ജനങ്ങൾ വരാനിരിക്കുന്ന തെരഞ്ഞെടുപ്പിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണിയെത്തന്നെ അധികാരത്തിൽ കൊണ്ടുവരും എന്നൊരു ബേജാർ യു.ഡി.എഫ്. സ്നേഹിതന്മാർക്കുണ്ട്. മോചനയാത്ര സംഘടിപ്പിച്ചുകൊണ്ട് എൽ.ഡി.എഫ്.-ന്റെ ആഫീസ് പൂട്ടിക്കാം എന്ന രീതിയിൽ കേരളത്തിൽ എന്തോ വലിയ ഭൂകമ്പം ഉണ്ടാകാൻ പോകുന്നുവെന്ന് വീമ്പിളക്കി വന്ന യു.ഡി.എഫ്.-ന്റെ സ്ഥിതി എന്തായിയെന്ന് പരിശോധിക്കണം.

എലിപ്പെട്ടിയിൽ വീണ എലിയെപ്പോലെ യു.ഡിഎഫ്. മരണവെപ്രാളത്തിലാണ്.
2.00 PM] അങ്ങോട്ടുമിങ്ങോട്ടും പാഞ്ഞുകൊണ്ടിരിക്കുകയാണ്. ഈ ഒരു സ്ഥിതിയിലാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണിക്ക് നേതൃത്വം നൽകുന്ന വി. എസ്. -ന് എതിരായിട്ടുള്ള ഏകപക്ഷീയമായ യുദ്ധം

LIBRARY ARCHIVES Kerala Legislative Assembly

ഇവിടെ പ്രഖ്യാപിച്ചിരിക്കുന്നത്. അഴിമതിയില്ലാത്ത, സംശുദ്ധമായ വിശുദ്ധിയുടെ പ്രതീകമായ വി.എസ്.-ന് എതിരായും ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരിനുമെതിരായി ആരോപണമുന്നയിച്ചിട്ടുള്ളവർ സ്വയം വിശുദ്ധന്മാരായി ചമയുന്നവരാണ്. വെറുതെ കല്ലിൽ കടിച്ച് പല്ല് കളയരുതെന്നാണ് എനിക്ക് മാന്യ യു.ഡി.എഫ്. സ്നേഹിതൻമാരോട് ചൂണ്ടിക്കാണിക്കാനുള്ളത്. ഇത് ഇടതുപക്ഷ ജനാധിപത്യ മുന്നണിയാണ്. ഒട്ടേറെ സമര പോരാട്ടങ്ങൾക്കും അഴിമതിക്കെതിരായിട്ടുള്ള പോരാട്ടത്തിനും ഉജ്വലമായ നേതൃത്വം നൽകി, ഈ കേരളക്കരയിലും ഇന്ത്യയിലും അന്തസ്സോടുകൂടി ഉയർന്ന് നിൽക്കുന്ന കേരളീയ ജനസമൂഹം നെഞ്ചേറ്റി ലാളിക്കുന്ന, കേരളത്തിന്റെ മുഖ്യമന്ത്രി വി. എസ്. അച്ചുതാനന്ദനെ ഒറ്റപ്പെടുത്തിക്കൊണ്ട് ഈ മുന്നണിയുടെ ശോഭ തല്ലിക്കെടുത്താൻ കഴിയുമോ എന്ന ദുഷ്ടലാക്ക് കേരളത്തിൽ വിലപോകില്ല എന്ന് ഓർക്കുന്നത് നന്നായിരിക്കും. ഇപ്പോൾ യു.ഡി.എഫ്.-ന്റെ ചർച്ച മുഴുവനും ജയിലുകളിലെ സൗകര്യം വർദ്ധിപ്പിക്കണം, നിലവിലുള്ള ജയിൽ സൗകര്യങ്ങൾ പോരാ, എ-ക്ലാസ് ആക്കണോ ബി-ക്ലാസ് ആക്കണോ സി-ക്ലാസ് ആക്കണോ എന്നതുമാത്രമാണ്. അതാണ് മോചന യാത്രയുമായി പോയവർ ഇപ്പോൾ യാചന പാത്രവുമായി ജയിൽവാസ ഘോഷയാത്രയ്ക്ക് പോകുന്നത്. ഇപ്പോൾ ജയിലിലാണ് വാസം. ആ ജയിലിൽ നാളെ അല്ലെങ്കിൽ വരും നാളുകളിൽ തങ്ങളിൽ പലരും വരേണ്ടവരാണ് എന്നുള്ള ഒരു ബേജാറ് ഇപ്പോഴേ ഇവരെ അലട്ടുന്നുണ്ട്. 1.76 ലക്ഷം കോടി രൂപ മോഷ്ടിച്ച രാജയ്ക്ക് തീഹാർ ജയിലിൽ തിണ്ണയിലാണ് കൊടുത്തിരിക്കുന്നത്. തിണ്ണ നിരങ്ങുകയാണ്. പൂജപ്പുര ജയിലിൽ തണുപ്പും ചൂടും മാത്രമല്ല കട്ടിലും തൊട്ടിലും ഒരുക്കിവച്ചിട്ടുണ്ട്.

<u>ശ്രീ. പി. ടി. എ. റഹീം</u> : ജയിലിലെ സൗകര്യങ്ങൾ സംബന്ധിച്ചാണ് സംസാരിച്ചുകൊണ്ടിരിക്കുന്നത്. ജയിലിലുള്ളവർക്ക് നല്ല ഭക്ഷണം കൊടുക്കുന്നതിന്റെ കൂടെ ഐസ്ക്രീം കൂടി കൊടുക്കുവാനുള്ള പരിപാടിയുണ്ടാകുമോ ?

<u>ശ്രീ. എം. കെ. പുരുഷോത്തമൻ</u> : അത് പരിഗണിക്കപ്പെടേണ്ടതാണ്. അപ്പോൾ ഡോക്ടർമാരുടെ ശുശ്രൂഷയുണ്ട്. ടി.വി. കാണാം വായിക്കാം. അപ്പോൾ യു.ഡി.എഫ്. സ്നേഹിതൻമാർ ബേജാറാകേണ്ട കാര്യമില്ല. അങ്ങനെ ജയിലിൽ പോയാലും ജയിൽ വാസം അനുഭവിക്കുന്നവർക്ക് മെച്ചപ്പെട്ട സൗകര്യം ഒരുക്കുവാൻ കേരളത്തിൽ ഇടതുപക്ഷ ജനാധിപത്യമുന്നണി സഖാവ് കോടിയേരി ബാലകൃഷ്ണൻ നടപടി സ്വീകരിച്ചിട്ടുണ്ട്. അപ്പോൾ പിന്നെ അവിടെ പോയി രാജയുടെ സ്ഥിതിയുണ്ടാകുമെന്ന് പേടിക്കേണ്ട. ഒരു കാസർഗോഡ് കാദർഭായി സ്വന്തമായി നൂറു രൂപപോലും വരുമാനം ഇല്ലാത്ത, വണ്ടിക്കൂലിക്ക് പോലും പാങ്ങില്ലാത്ത കാസർഗോഡ് കാദർഭായി ചന്ദന ഫാക്ടറി ഉടമയാണത്രേ. ഒരു ഉടമയുമല്ല, വാടകയ്ക്ക് എടുത്ത ആളുകളെക്കൊണ്ട്, ഉജ്ജ്വലവും രാഷ്ട്രീയ നേതൃഗുണങ്ങളാൽ സമ്പന്നരുമായ നേതാക്കളെ ഇങ്ങനെ തേജോവധം ചെയ്താൽ കേരളം അംഗീകരിക്കാൻ പോകുന്നില്ല. കേരളത്തിലെ ജനങ്ങൾക്ക് വി. എസ്. ആരാണ് കുഞ്ഞാലിക്കുട്ടി ആരാണ് എന്നൊക്കെ തിരിച്ചറിയാം. സഖാവ് വി.എസ്.-ന് എതിരായി ഉണ്ടയില്ലാത്ത വെടികൾ പൊട്ടിച്ചുകൊണ്ട്, അഴിമതിക്കാരനും ജീർണ്ണതയുടെ മേലാളനുമായി

LIBRARY ARCHIVES Kerala Legislative Assembly

ചിത്രീകരിക്കാൻ ശ്രമിച്ചാൽ, സംശയം വേണ്ട, ആ പ്രചാരണം നടത്തുന്ന നിങ്ങളായിരിക്കും കേരളീയ സമൂഹത്തിന് മുൻപിൽ ഒറ്റപ്പെടുക. ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ ഗവൺമെന്റ് അല്ലാതെ വികസന രംഗത്തും ജനക്ഷേമ രംഗത്തും ഇത്രമാത്രം നാടിന്റെയും ജനങ്ങളുടെയും താത്പര്യം സംരക്ഷിച്ചുകൊണ്ടിരുന്ന ഒരു ഗവൺമെന്റ് കേരളത്തിലുണ്ടായിട്ടില്ല എന്ന യാഥാർത്ഥ്യം ജനങ്ങൾ തിരിച്ചറിയുന്നുണ്ട്. അതുകൊണ്ട് ഒരു സംശയവുമില്ല, വരുന്ന നിയമസഭാ ഇലക്ഷനിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ ഗവൺമെന്റ് വമ്പിച്ച ഭൂരിപക്ഷത്തോടുകൂടി കേരളത്തിൽ വീണ്ടും അധികാരത്തിൽ വരുന്ന രാഷ്ട്രീയ സാഹചര്യമാണ് കേരളത്തിലുള്ളത് എന്ന് സൂചിപ്പിച്ചു കൊണ്ട് അവസാനിപ്പിക്കുന്നു. വോട്ട് ഓൺ അക്കൗണ്ടിനെ പിൻതാങ്ങുന്നു.

ശ്രീ. എം. എ. വാഹീദ്: സർ, ഞാൻ ഈ വോട്ട് ഓൺ അക്കൗണ്ടിലെ ധനകാര്യ നിർദ്ദേശങ്ങളെ എതിർക്കുകയാണ്. ഒരു ബഡ്ജറ്റിന് പിന്നാലെ വരുന്ന മൂന്നു മാസത്തെ നിത്യനിദാന ചെലവിനുള്ളതാണ് ഈ വോട്ട് ഓൺ അക്കൗണ്ട്. അങ്ങനെ ഒരു ചെലവിന് പണം അനുവദിക്കാൻ സാഹചര്യമില്ലാത്ത സ്ഥിതിയിൽ കേരളം എത്തിച്ചേർന്നിരിക്കുകയാണ്. അവസാനത്തെ ബഡ്ജറ്റ്, വോട്ടിനുവേണ്ടി പൊള്ളയായ വാഗ്ദാനങ്ങളുടെ പെരുമഴക്കാലം സൃഷ്ടിച്ച് അന്തരീക്ഷത്തിൽ ഒരു പുകമറ സൃഷ്ടിച്ചിരിക്കുകയാണ്. 1970-കളിൽ പഞ്ചായത്ത് തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് ഇറങ്ങിയ സ്ഥാനാർത്ഥി സാറാമ്മ എന്ന ഒരു സിനിമയുണ്ട്. അതിൽ ഹാസ്യ നടനായ അടൂർ ഭാസിയുടെ തെരഞ്ഞെടുപ്പ് പ്രചരണത്തിന്റെ പാട്ടുകൾ ഒരു പ്രകടന പത്രികപോലെയാണ്. പഞ്ചായത്തിൽ കുരുവി ജയിച്ചാൽ പൊന്നോണം, നാടാകെ, കൃഷിക്കാർക്ക് കൃഷിഭൂമി, പണക്കാർക്ക് മരുഭൂമി. എൻ.ജി.ഒ.-മാർക്കെല്ലാം ഇന്നത്തെ ശമ്പളം നൂറ് നൂറിരട്ടി. പിന്നെയും പറയുന്നുണ്ട് തോട്ടിൻകരയിൽ വിമാനമിറക്കാൻ തറവളമുണ്ടാക്കും എന്നാണ്. ഇവിടെ ആറന്മുള തോട്ടിന്റെ കര വരെ എയർപോർട്ട് ഉണ്ടാക്കുമെന്നാണ് ഈ ബഡ്ജറ്റിൽ പറഞ്ഞിരിക്കുന്നത്. നമ്മുടെ നാട്ടിൽ വഴിവാണിഭ വൈദ്യൻമാരുണ്ട്. വഴിവാണിഭ വൈദ്യൻമാർ അറിയപ്പെടുന്നത് ലാടവൈദ്യൻമാരെന്നാണ്. ആ ലാടവൈദ്യൻമാരുടെ മരുന്ന് ഗുണവുമില്ല, മണവുമില്ലാത്ത മരുന്നാണ്. ആ മരുന്ന് ചെലവാകാൻ വേണ്ടി അവർ മരുന്നിന്റെ മേൻമകളെക്കുറിച്ച് ഒരുപാടൊരുപാട് പ്രചരണം നടത്തും. അതുപോലെ ഗുണവും മണവുമില്ലാത്ത ഈ ബഡ്ജറ്റ്. ആ ബഡ്ജറ്റിന്റെ തുടർച്ചയായിട്ടുള്ളതാണ്. കെടുകാര്യസ്ഥതയുടെ കഴിവുകേടിന്റെ പിടിപ്പുകേടിന്റെ അഞ്ചുവർഷമാണ് കടന്നുപോയത്. അതിനെത്തുടർന്നാണ് സ്വജനപക്ഷപാതവും അഴിമതിയും പാർട്ടി ഭരണവും പാർട്ടി സെൽഭരണവുമൊക്കെ വരുന്നത്. കഴിഞ്ഞ യു.ഡി.എഫ്.ന്റെ അഞ്ച് വർഷക്കാലത്തെ തെറ്റുകുറ്റങ്ങൾ കണ്ടുപിടിക്കാനാണ് നാലേമുക്കാൽ വർഷം ചെലവഴിച്ചത്. ഇനി മുന്നേമുക്കാൽ നാഴിക കൂടി മാത്രമേ ഈ സർക്കാരിന് അവശേഷിക്കുന്നുള്ളു. ആ സമയം കൊണ്ട് എന്തൊക്കെയോ ചെയ്തുകളയുമെന്നാണ് ബഡ്ജറ്റിൽ പറഞ്ഞിരിക്കുന്നത്. ഈ സർക്കാർ എന്ത് ചെയ്താലും ശാസ്ത്രീയമായി അഴിമതി നടത്താനുള്ള ഒരു വശം കണ്ടെ ചെയ്യുകയുള്ളു. അതിന് ഇടതുപക്ഷ ജനാധിപത്യമുന്നണിക്ക് ഒരു ഗവേഷണ വിഭാഗമുണ്ട് എ.കെ.ജി. സെന്ററിൽ. ഓരോ സ്കീമിലും എങ്ങനെ അഴിമതി

LIBRARY ARCHIVES Kerala Legislative Assembly

നടത്താം എന്ന് ഗവേഷണം നടത്തുന്നതുകൊണ്ട് പെട്ടെന്ന് കണ്ടുപിടിക്കാൻ ഒക്കുകയില്ല. ശാസ്ത്രീയമായി ഗവേഷണം നടത്തി അഴിമതി നടത്തുന്നവരാണ് മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി എന്നുപറയാതിരിക്കാൻ കഴിയില്ല. അതിൽ നിന്ന് വ്യത്യസ്തനാണ് മുഖ്യമന്ത്രി. മുഖ്യമന്ത്രി നടത്തുന്ന കാര്യം പെട്ടെന്ന് വെളിയിൽ വരികയാണ്. അദ്ദേഹത്തിന്റെ മുഖംമൂടി അഴിഞ്ഞുവീഴുന്ന ഒരു സമയമാണ്. ഇത് ഞാൻ പറഞ്ഞതല്ല. നമ്മുടെ എറണാകുളം ഹൈക്കോടതിൽ പ്രാക്ടീസ് ചെയ്യുന്ന സീനിയർ വക്കീലൻമാരിൽ ഒരാളായ ശ്രീ. രാംകുമാർ കലാകൗമുദിയുടെ ഇന്റർവ്യൂവിൽ പറഞ്ഞതാണ്. അതിൽ മുഴുവനും വന്നിട്ടില്ല. അതിനകത്ത് പറഞ്ഞിരിക്കുന്നത് ഒരുപാട് ഒരുപാട് അഴിമതികാണിച്ചിട്ടുള്ള ആളാണ് മുഖ്യമന്ത്രി എന്നും ജുഡീഷ്യറിയേയും അതുപോലെ ജുഡീഷ്യറിയുമായി ബന്ധപ്പെട്ട എല്ലാ മേഖലയേയും ഒരു കുമാർ എന്നുപറയുന്ന ഏജന്റുവഴി സ്വാധീനിച്ചിട്ടുണ്ടെന്ന് അദ്ദേഹം തെളിവുസഹിതം പറഞ്ഞിരിക്കുന്നു. ഏത് വെളിപ്പെടുത്തലിനിടിയിലും കേസ് കൊടുക്കുന്നവരാണ് നിങ്ങൾ. രണ്ട് പേരുടെ പേരിൽ മാത്രം കേസ് കൊടുത്തിട്ടില്ല. ശ്രീ. രാംകുമാറിനെതിരെ ഒരു കേസെടുത്ത് അന്വേഷിക്കുവാൻ ഇടതുപക്ഷ ജനാധിപത്യമുന്നണി തയ്യാറുണ്ടോ എന്നാണ് എന്റെ ചോദ്യം. റൗഫ് എന്നുപറയുന്ന ഇന്റർനാഷണൽ ക്രിമിനൽ പറഞ്ഞ ഒരു കാര്യത്തെക്കുറിച്ച് നിങ്ങൾ കേസെടുത്ത് അന്വേഷിക്കുന്നു. ആരെങ്കിലും എവിടെയെങ്കിലും പറയുന്നതിനെക്കുറിച്ച് നിങ്ങൾ കേസെടുക്കുന്നു. മുഖ്യമന്ത്രിയുടെയും മുഖ്യമന്ത്രിയുടെ മകന്റെയും അഴിമതിയെ സംബന്ധിച്ച്. വ്യക്തമായ തെളിവുകൾ സഹിതം രാംകുമാർ പത്രത്തിലും വാർത്താ മാധ്യമങ്ങളിലും പറഞ്ഞിരിക്കുന്നു. കുമാർ എന്നുപറയുന്ന ഒരു ബ്രോക്കർ എറണാകുളത്തുണ്ട്. നക്കാപ്പിച്ചാ പൈസപോലും കയ്യിലില്ലാത്ത വണ്ടിക്കൂലിക്ക് പൈസയില്ലാത്ത കുമാർ ഇന്ന് കോടീശ്വരനാണ്. ആ കുമാർ ദുബായിൽ പോയാൽ താമസിക്കുന്നത് ബുർജ് അറബ് എന്നുപറയുന്ന കടലിന് നടുക്കുള്ള ഒരു ഹോട്ടലിലാണ്. അത് സെവൻ സ്റ്റാർ ഹോട്ടലാണ്. അവിടെ ഒരു ദിവസം താമസിക്കുന്നതിന് കുറഞ്ഞത് രണ്ട് ലക്ഷം രൂപ വേണം. അവിടെയാണ് ഈ അരുൺ കുമാറും പലപ്പോഴും താമസിക്കാറുള്ളത്. നന്ദകുമാർ എന്നുപറയുന്ന കുമാറിന്റെ നാലഞ്ച് ടെലഫോൺ നമ്പരുണ്ട്. ഞാനത് മേശപ്പുറത്ത് വയ്ക്കാം 09312310727, 09847095080, 9847031542, 09995444127, 04842333333, 01165826239, 048465212....

മി. ഡെപ്യൂട്ടി സ്പീക്കർ: പോയിന്റ് ഓഫ് ഓർഡർ.

സഹകരണവും കയറും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, ഇവിടെ ഒരാളുടെയും ടെലഫോൺ നമ്പരിനെപ്പറ്റി ആരും തർക്കമുന്നയിച്ചില്ല. ഏതെങ്കിലും പ്രശ്നത്തെപ്പറ്റി തർക്കമുന്നയിക്കുമ്പോഴാണ് അത് തെളിവായിട്ട് മേശപ്പുറത്ത് വയ്ക്കുന്നത്, ഈ രാജ്യത്തുള്ള ഫോൺ നമ്പരുകളൊക്കെ മേശപ്പുറത്ത് വയ്ക്കുന്നത് ഓർഡറിലാണോ.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. എ. വാഹീദ് : സർ, ഞാൻ പറഞ്ഞുവരുന്നതേയുള്ളു. സഹകരണമന്ത്രിയെ ഞാൻ വെല്ലുവിളിക്കുന്നു. മുഖ്യമന്ത്രിയുടേയും ശ്രീ. അരുൺ കുമാറിന്റെയും ഫോണിൽ ഈ നമ്പരുകളിൽ നിന്ന് ഫോൺ വന്നിട്ടുള്ളതായി തെളിവുണ്ട്. അവിടെ നിന്ന് തിരിച്ച് ഈ നമ്പരിൽ വിളിച്ചിട്ടുള്ളതായി തെളിവുണ്ട്. അതാണ് ഇതിനകത്തുള്ള അഴിമതിയുടെ കാതലായ ഭാഗം. സംശയമുണ്ടോ, ഞാൻ വെല്ലുവിളിച്ച് പറയുന്നു. ഇവിടെ മന്ത്രി എഴുന്നേൽക്കട്ടെ. അങ്ങോട്ടുമിങ്ങോട്ടും ഫോൺ വിളിച്ചിട്ടുണ്ട്. അരുൺകുമാറിന്റെ ടെലഫോണിൽ നിന്ന് വിളിച്ചിട്ടുണ്ട്. മുഖ്യമന്ത്രിയുടെ വീട്ടിൽ നിന്ന് വിളിച്ചിട്ടുണ്ട്. ശ്രീ. രാംകുമാർ പ്രബലമായി വച്ചിട്ടുള്ള തെളിവുകളിലൊന്ന് ഇതാണ്.

ശ്രീ. വി. ഡി. സതീശൻ : സർ, അങ്ങിവിടെ പറഞ്ഞുവരുന്നത് വളരെ കുപ്രസിദ്ധനായ, ഒന്നുമില്ലായ്മയിൽ നിന്നും കോടീശ്വരനായി വളർന്ന ഒരു ദല്ലാളിനെക്കുറിച്ചാണ്. അയാൾ ഒരു ഇന്റർനാഷണൽ ഫ്രോഡാണ്. ആ ഇന്റർനാഷണൽ ഫ്രോഡും കേരളത്തിലെ മുഖ്യമന്ത്രിയും അദ്ദേഹത്തിന്റെ മകനുമായിട്ടുള്ള ബന്ധത്തിനുപിന്നിലുള്ള രഹസ്യമെന്താണ് എന്നല്ലേ ശ്രീ. വാഹീദ് ചോദിച്ചത് ?

ശ്രീ. എം. എ. വാഹീദ് : സർ, തീർച്ചയായിട്ടും ഞാൻ അതുതന്നെയാണ് സൂചിപ്പിച്ചത്. അത് അവിടെ തീരുന്നില്ല. സ്മാർട്ട് സിറ്റി നാലേമുക്കാൽവർഷം നീണ്ടുപോയതിന്റെ കാര്യമെന്താണ് ? സ്മാർട്ട് സിറ്റിയുമായി ബന്ധപ്പെട്ട ഒരു വിഷയമുണ്ട്. അതിൽ ഒരു എഗ്രിമെന്റ് വച്ചിട്ടുണ്ട്. പന്ത്രണ്ടര ശതമാനം. ഫ്രീഹോൾട്ട് കൊടുക്കണമെന്ന് പറഞ്ഞിട്ടുണ്ട്. ആ ഫ്രീഹോൾട്ട് നൽകാനായി ടീകോമിൽ നിന്ന് കോടാനുകോടി രൂപ ആവശ്യപ്പെട്ടത് ഈ കുമാർ വഴിയാണ്. അത് ദുബായിൽ വച്ചാണ്. അതുകൊണ്ടാണ് ഈ സ്മാർട്ട് സിറ്റി നാലേമുക്കാൽ വർഷം നീണ്ടത്. ഈ നാലേമുക്കാൽ വർഷം കഴിഞ്ഞ് പ്രതിപക്ഷത്തുനിന്ന് ആക്ഷേപം വന്നപ്പോഴാണ് മുഖ്യമന്ത്രി ഒരു വ്യവസായിയെ അയച്ചത്. അദ്ദേഹത്തിന്റെ പേര് കംപ്ലയിന്റ് കുമാർ എന്നാണ്. ഈ കംപ്ലയിന്റ് കുമാറാണ് ഗൾഫിൽ വച്ച് ടീകോമുമായി സംസാരിച്ച് ഈ തർക്കമുണ്ടാക്കുകയും സ്മാർട്ട് സിറ്റി എന്നുപറയുന്ന, കേരളം എന്നും സ്വപ്നം കാണുന്ന, കേരളത്തിലെ ചെറുപ്പക്കാർ ആഗ്രഹിക്കുന്ന, കേരളത്തിലെ വ്യവസായ വികസനത്തിനും ഐടി വികസനത്തിനും നാന്ദികുറിക്കുന്ന ഈ വലിയ പ്രോജക്ടിനെ തകർത്തതിൽ മുഖ്യമന്ത്രിക്ക് പങ്കുണ്ട്. മുഖ്യമന്ത്രി, മകൻ വഴി, ഈ കുമാറുമായി ദുബായിൽ രഹസ്യ ഗൂഢാലോചന നടത്തിയാണ് ഈ 5 വർഷം കേരളത്തിന് നഷ്ടമായത്. അത് നിഷേധിക്കാൻ കഴിയുമെങ്കിൽ നിഷേധിക്കട്ടെ. ഇങ്ങനെ ഓരോ കാര്യത്തിലും ഇതേപോലുള്ള അഴിമതിയും സ്വജനപക്ഷപാതവും നടത്തിക്കൊണ്ട് പോകുകയാണ്. എന്തുകൊണ്ട് യു.ഡി.എഫ്. ഇതൊന്നും നേരത്തെ പറഞ്ഞില്ല എന്നാണ്. ഇത് ഐ.സി.യു-വിൽ കിടക്കുന്നതാണ്. എപ്പോൾ വേണമെങ്കിലും മൂക്കിൽ പഞ്ഞി വയ്ക്കാം. പഞ്ഞിവച്ചുകഴിഞ്ഞാൽ ഇത് എപ്പോൾ എടുക്കും എപ്പോൾ എടുക്കും എന്നാണ് ചോദിക്കുന്നത്. ഇത് കുഴിയിലേക്ക് പോകാനിരിക്കുന്ന സർക്കാരാണ്. അവസാന നിമിഷമെങ്കിലും ചെയ്യുകയാണെങ്കിൽ ചെയ്യട്ടെ എന്നുള്ളതാണ് യു.ഡി.എഫ്.-ന്റെ ആഗ്രഹം. ഈ 5 വർഷം നഷ്ടപ്പെടുത്തിയ കുറ്റകരമായ

അനാസ്ഥയിൽ നിന്ന് ഈ സർക്കാരിനോ ഇടതുപക്ഷജനാധിപത്യമുന്നണിക്കോ പുറകോട്ട് പോകാൻ സാധിക്കില്ല. ഇതുപോലെ ഒരുപാട് അഴിമതികൾ ഈ സർക്കാരിന്റെ കാലത്ത് നടത്തിയിട്ടുണ്ട്. അത് ഓരോന്നോരോന്നായി ഓരോരോ എം.എൽ.എ.-മാർ പല പ്രാവശ്യമായി പറഞ്ഞിട്ടുണ്ട്. ശ്രീ. കെ. കെ. ഷാജു, ശ്രീ. വി. ഡി. സതീശൻ, ശ്രീ. ടി. എൻ. പ്രതാപൻ, എന്നിവർ ഉന്നയിച്ചിട്ടുണ്ട്. ഇവിടെ ഈ അഴിമതി എന്നുപറഞ്ഞ് ഞങ്ങൾ കൊട്ടിഘോഷിച്ചുകൊണ്ട് നടക്കാറില്ല അഴിമതി എന്നുപറഞ്ഞ് സർക്കാരിനെ തകർക്കുന്ന ഒരു നടപടി നമുക്കില്ല. അഴിമതിയുടെ പേരുപറഞ്ഞ് ആക്ഷേപമുന്നയിച്ച് ഒരു പ്രോജക്ടിനെ തകർക്കുന്ന പ്രശ്നമില്ല. എങ്ങനെയെങ്കിലും സ്മാർട്ട് സിറ്റി വേണം, എങ്ങനെയെങ്കിലും വല്ലാർപാടം പദ്ധതിവേണം, എങ്ങനെയെങ്കിലും വിഴിഞ്ഞം തുറമുഖം വേണം. ഇതെല്ലാം ഈ നാടിന്റെ വികസനത്തിന്, ഈ നാട്ടിലെ ചെറുപ്പക്കാർക്ക് ആവശ്യമാണെന്നുള്ളതുകൊണ്ടാണ് ആരോപണം ഉന്നയിക്കുകയല്ലാതെ ആരോപണത്തിന്റെ പുറകേ നടന്ന് ഭരണത്തെ സ്തംഭിപ്പിക്കുകയും ഭരണത്തെ ഇല്ലാതാക്കുകയും ചെയ്യുന്ന നടപടിയിലേക്ക് യു.ഡി.എഫ്. ഒരു കാലവും പോയിട്ടില്ല. ഈ വോട്ട് ഓൺ അക്കൗണ്ടിനെ ഞാൻ എതിർക്കുന്നു.

திரு எஸ். இராஜேந்திரன்: சர், கேரளம் Gods own country. இதுபோலே பொய் சொல்லக்கூடிய எதிர்க்கட்சி ஆட்களை நான் இது வரையிலும் பார்த்ததில்லை.

திரு பி.ஸி. ஜோர்ஜ்: ஒன்றுமே புரியவே.

திரு எஸ். இராஜேந்திரன்:

"நன்றி மறப்பது நன்றன்று நன்றல்ல
அன்றே மறப்பது நன்று"

இது ஒரு மகான் சொல் வைத்தது. யு.டி.எப். என்றாலே நம்பிக்கையில்லாமல் பொது ஜனங்கள் கேரள இடது சாரி முன்னணிக்கு ஆட்சி அதிகாரத்தை கொடுத்த சந்தர்ப்பத்தில் கடந்த ஐந்து ஆண்டு காலத்தில் கேரளத்தில் செய்து இருக்ககூடிய மிகபெரிய நல்ல விஷயங்கள் எல்லாம் அதே மாதிரி திரும்பவும் இடதுசாரி ஜனநாயக முன்னணியினுடைய ஆட்சி மீண்டும் கேரளாவில் நிலவும் என்பதில் வந்தவித மான சந்தேகம் யாருக்கும் இருக்கமுடியாது. இப்போது நமது பிரியப்பட்ட திரு வாகீது சில காரியங்கள் சொன்னார். ஒரே ஒரு சந்தேகம், இந்த Gods own country -யிலே வியர்ப்பினுடைய விலையை தெளிவாகச் சொன்னால் நன்றாக இருக்கும். இடதுசாரிகள் எழுபது கோடி மக்களுடைய வியர்ப்பினுடைய விலையின் சரியான அர்த்தத்தை நம்முடைய யு.டி.எப். நண்பர்கள் தெளிவாக சொன்னால் நன்றாக இருக்கும்.

LIBRARY ARCHIVES Kerala Legislative Assembly

காரணம் இடதுசாரிகள் தெரிந்திருக்கக்கூடிய வியர்ப்பினு டைய விலை இன்றைக்கு..... எதிர்க்கட்சி தலைவர்களு டைய பேரக்குழந்தைகள் கூட பவர்கட் இல்லாமல் பாடம் படிப் பதற்கு தருந்த வெளிச்சத்தைக்கொடுக்ககூடிய electricity board மந்திரியும் அரசாங்கமும் இன்றைக்கு கேரளாவில் இருக்கி றது. யு.டி.எப். அரசாங்கம் இருந்த சந்தர்ப்பத்தில் ஒன்றரை ம ணிநேரம் பவர்கட், லோட் ஷெட்டிங்.....இப்போதும் இந் தியாவில் காங்கிரஸ் ஆளக்கூடிய மாநிலங்களில் எங்கெல் லாம் பவர்கட் இருக்கின்றது என்று தெளிவாக எடுத்தால் தெரியும் காங்கிரஸினுடைய நண்பர்கள் இந்த சட்டசபையிலே என்னவது பெரிய பொய் சொல்லுகிறார்கள் என்று தெளிவாக தெரியும். அதினாலே வியர்ப்பினுடைய விலை இன்னும் தெளிவாக சொல்ல அவர்களுக்கு முடியுமா என்பது தெரிய வில்லை. அப்படிப்பட்ட மூத்த தலைவர்கள் எல்லாம் இருக்கக் டிய காங்கிரஸினுடைய நிலைமையை இன்றைக்கு பரிசோ தித்து பார்த்தால் தென் இந்தியாவிலே கேரளாவிலே மதத்தி னுடைய உதவிகள் இல்லாமல் காங்கிரஸிற்க்கு நிலைநிற்க முடியாது, தேர்தலில் போட்டிபோடவும் முடியாது. ஏதாவது ஒரு தேர்தலே காங்கிரஸ் மட்டும் தன்னந்தனியாக போட் டியிட்டு தன்னுடைய தனிதிறமையை காட்டுவதற்க்கு ஏதா வது வாய்ப்பு இருந்தால் அது ஒரு சவாலாக காங்கிரஸ் கட்சி ஏற்றுக்கொள்ளவேண்டும் என்பது என்னுடைய வேண் டுகோள். அதேமாதிரி இன்றைக்கு விலைவாசி உயர்வுகள் பலவிதமான கேள்விகளை எழுப்புகின்றது. நம்முடைய கேர ளாவிலே இருக்ககூடிய காங்கிரஸ் முன்னணி தலைவர்கள் வெளிமாநிலங்களுக்கு போக வேண்டும். கேரளாவிலே கிராமபுறங்களில் சென்றால் இருபது இருபத்தைந்து ரூபாய்க் கு முழு சாப்பாடு கிடைக்கும். நல்ல தரமான உயர்தரமான சாப்பாடு வேண்டுமானால் ஐம்பது ரூபாய் வரை போதும். ஆனால் வெளிமாநிலங்களில் சாப்பிடபோனால் கறி வைக் கு கூட காசு கொடுக்க வேண்டிய நிலைமை. நூறு ரூபாய் கொடுத்தாலும் வயிறு நிறையாத நிலைமை. அறுபத்திநான் கு வருடகால சுதந்திர இந்தியாவில் கேரளாவைவத்தவிர வேறே எங்கேயாவது யாராவது வயிறு நிறைய குறைந்த விலையில் சாப்பாடு போடக்கூடிய அளவிற்க்கு ஏதாவது காங் கிரஸின் ஆட்சிக்காலத்தில் நடைமுறைக்குகொண்டுவந்தார் களா என்று பரிசோதித்து பார்த்து தெளிவான விவக்கம் காங் கிரஸ்காரர்கள் சொல்ல வேண்டும். காரணம் கேரளாவில் நிதி அமைச்சர் டாக்டர் ஐசக் அவர்களும் இடதுசாரி அரசாங்கத்தி னுடைய சப்சிடி சலுகையின் காரணமாக இன்றைக்கு உணவு

LIBRARY ARCHIVES Kerala Legislative Assembly

പൊരുട്കളും മറ്റു ചരുക്കുകളും ഇരുക്കിന്റ കാരണത്തിനാൽ താൻ വിലൈകുറൈവും ഏകദേശം കുറ്റിപ്പാട്ടിതുക്കുൾ നിറുത്തക്കൂടിയ ഒരു കുഴ്നിലൈ കേരളാവിൽ ഇരുക്കിന്റതു. അതേമാതിരി റേഷൻ അരിശിയായിരുന്താലും സരി കൊടുക്ക വേണ്ടിയ റേഷൻ അരിശിയെ കൊടുക്കാമൽ, എപ്പോതുമേ അരശിയൽ നെരുക്കടിയെ പൊരുളാതാരത്തിൽ കൊണ്ടുവരുവതുക്കുപ്പിൽ റേഷൻ അരിശിയിൽ കൊണ്ടുവരുവതുക്കു തുടിക്കവും APL BPL മുലമാക സാതാരണകാരുടൈയ വരിപ്പിൽ അവരുക്കു വരക്കൂടിയ നിരച്ചിനൈയിൽ പൊരുളാതാര പിന്നാക്കുമൈയ ഉരുവാക്കുവതുക്കു തുടിക്കക്കൂടിയ ഒരു കാങ്കിരസിൻ നിലൈമൈ മികവും കൊടുമൈയാനതു എല്ലാതൈ മക്കൾ എച്ചരിക്കൈയോടു കുറ്റിക്കാട്ടുവോർകൾ എന്പതിൽ എന്ത വിതമാന സന്തേകവും ഇല്ലൈ. അതേമാതിരി ഇന്നൈക്കു ഇരണ്ടു രൂപായുക്കു കൊടുക്കക്കൂടിയ അരിശി, ഇപ്പോതു സമ്പ കാലത്തിൽ കേട്കക്കൂടിയ ചില വാർത്തൈകൾ അതിരുടൈയ സെയ്തികൾ മക്കളുക്കു ഒരു സന്തോഷമാന നിലൈയിൽ..... എല്ലോരുക്കും വേണ്ടിടം എൻറ സൊല്ലക്കൂടിയ കുറ്റമൈതവിര മീതി എല്ലോരുക്കും കരുണൈ സെയ്യക്കൂടിയ ഒരു തിറ്റം ഇടതുചാരി കുലൈനായക മുൻനൈണിയുടൈയ കുറ്റിക്കാലത്തിൽ ഇന്നൈക്കു കേരളാവിൽ നടൈമുറൈക്കു കൊണ്ടു വന്തിരുക്കിറതു. ഇൻറവരു പെരിയ വാക്കുവാതങ്കൾ നടത്തക്കൂടിയ യു.ടി.എഫ്. നൺപർകൾ മികപെരിയ തലൈവരാക ഇരുപ്പവർകൾ എല്ലാം മത്തിയ അരചിൻ കുറ്റിക്കു കട്ടിട്ടവർകൾ എൻറു സൊല്ലക്കൂടിയ കുറ്റുകൾ APL BPL വിത്തിയാചമില്ലാമൽ എല്ലോരുക്കും ചമമാന തൻമൈയിൽ കേരള അരച നടൈമുറൈപടുത്തക്കൂടിയ അതേ ചട്ടത്തിട്ടങ്കളൈ നടൈമുറൈപടുത്തുവതുക്കു ഏതാവതു ഒരു തുണിയ വരു തിരമൈയിരുക്കിറതാ എൻറു ചവാൽ വിടക്കൂടിയ ഒരുചന്തർപ്പമാക നാൻ എടുത്തുകൊൾകിറേൻ. APL BPL വിത്തിയാചമിൽലാമൽ കേരളാവിൽ..... കേരളാവിൽ മട്ടുമല്ലാതു അവർകളുക്കു ചമാതിക്കമുടിയുമേ എൻറു കൊൾവതൽ അതു ഉൺമൈയിലേ കാങ്കിരസിൻതുടൈയ ഒരു അതികാരം മത്തിയിലേ കേരള കാങ്കിരസിൻതുടൈയ ഒരു കൊൾകൈക്കു ഇരുക്കിൻറതു എൻപതു നമക്കു തെളിവുപടുത്തമുടിയും. ആനാൽ കേരളാവിൽ ഇരുക്കക്കൂടിയ അരചാങ്കം എൻനാലോ കിരമത്തിൻകിഴൈയിൽ എല്ലോരുക്കും APL BPL വിത്തിയാചമില്ലാമൽ എല്ലാവിത ചരുകൈയും എല്ലോരുക്കും കൊടുപ്പതുക്കു തുണിന്തിരുക്കക്കൂടിയ ചന്തർപ്പത്തിലും..... ഇന്നൈക്കു INTUC ആട്കൾ കൂട പിരമുകുമൻമന്ത്രിക്കു മുൻനാലേ പോരാട്ടം. INTUC യൂണിയൻ തൊഴിലാൺകളും കാങ്കിരസിൻകു എതിരാക പോരാട്ടം. provident fund എൻ.ജി.ഒക്കുമൈത്ത ചമ്പ ളങ്കൾ, തൊഴിലാ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

സർക്കാരിന്റെ ഉദ്യോഗസ്ഥരുടെയും വിദ്യാഭ്യാസത്തിൽ, അതിന്റെ വിദ്യാഭ്യാസത്തിൽ വരുകൂടിയ ഉദ്യോഗസ്ഥരിലേക്ക് വന്ന provident fund deposit ബാലൻസുകൂടിയ പണത്തിന്റെയും ഷെയർ കുറഞ്ഞ സർവ്വീസുകാർ മന്ത്രിയിൽ ഇരുന്നുകൂടിയ കാണിച്ചുകൊണ്ടിരിക്കുകയാണ്. അവർക്ക് വേണ്ടി പാവപ്പെട്ട ഇടത്തിലും ഒഴുകുവെന്നാണ് പറയുന്നത്. ഉദ്യോഗസ്ഥരിലേയ്ക്ക് ഏതെങ്കിലും ഒരു തൊഴിലിലേയ്ക്ക് ഈ ഭരണത്തിന്റെ കാലത്ത് പെട്ടെന്ന ഒരു MLA ഉണ്ടോ? എല്ലാവർക്കും അവസരത്തിനുള്ള മന്ത്രിമാരുടെയും പിൻവാതിൽ നടന്നു എല്ലാം വാങ്ങി കൊണ്ടു പോകുന്നുണ്ട് പിന്നെ ഇങ്ങോട്ട് വന്നു ഏതെങ്കിലും പറയുന്നുണ്ട്, അവരും പോയി അഭിപ്രായം ചോദിക്കുന്നുണ്ട്. ഇന്ന് നാടകത്തിന്റെയും മുഖ്യ ഉദ്യോഗസ്ഥരിലേയ്ക്ക് പൊരുത്തപ്പെടാത്ത ഒരു വിഷയം സർ. അതിനാലേ പകൽ ഒന്നും, രാത്രിയിൽ ഒന്നും, ആഴ്ചവട്ടത്തിൽ ഒന്നും, സന്ദർശനത്തിനുള്ള ഒന്നും ഇവിടെ സന്ദർശകരുടെ തരുന്ന അവരിലേയ്ക്ക് .....point of order ..... സമയം കൊടുക്കണം സർ.

ശ്രീ. പി. സി. വിഷ്ണുനാഥ് : മലയാളത്തിലെ ചോദിക്കാൻ പറ്റുകയുള്ളു. ഇവിടെ ശ്രീ. രാജേന്ദ്രൻ ഇപ്പോൾ ഉന്നയിച്ചത് ഇവടത്തെ മുഴുവൻ എം.എൽ.എ.-മാരുടെ ഐഡന്റിറ്റിയെ കസ്റ്റ്യൂൻ ചെയ്യുകയാണ്. ഞങ്ങൾ മന്ത്രിമാരുടെ പുറകേ നടന്ന് എരന്നു വാങ്ങുന്നതൊന്നുമല്ല ഇത്. ഞങ്ങൾ അങ്ങനെ ഇറങ്ങി വന്നവരല്ല. ജനങ്ങൾ ജയിപ്പിച്ച എം.എൽ.എ.-മാരുടെ അവകാശം മന്ത്രിമാർ തരുന്നത് ഞങ്ങൾ പുറകേ നടന്ന് എരന്ന് വാങ്ങുന്നുവെന്നു പറഞ്ഞാൽ നിങ്ങൾ ഒരു എം.എൽ.എ. അല്ല, അങ്ങനെ പറയാൻ പാടുണ്ടോ ? അത് ഓർഡറിലാണോ സർ ?

മി. ചെയർമാൻ : ശ്രീ. എസ്. രാജേന്ദ്രൻ അങ്ങനെ പറഞ്ഞിട്ടുണ്ടോ ?

ശ്രീ. എസ്. രാജേന്ദ്രൻ: സർ ഇതു ഭരണക്കാർക്കു തന്നെ ചിന്തനീയമാണ്. നാലര വിദ്യാഭ്യാസ മന്ത്രിമാർ നിന്നേ പോയാൽ. മന്ത്രിമാരുടെ പിന്നാലേ പോകേണ്ടിവരുമോ? നിങ്ങളെ വലുതാക്കുന്നതു വരെ പിന്നാലേ പോകുന്നതു വരെ. ഇതു പാടുകയേയുള്ളു. സർ എന്റെയും സമയം പോകുന്നു. എന്റെയും തൊഴുത്തിൽ നാലിരുവരെയില്ലാത്ത കാര്യങ്ങൾ, കേരളത്തിൽ എല്ലാ തെരുത്തിലും നടന്നിരുന്നുവെന്നതിൽ യാതൊരു വിധത്തിലുള്ള സംശയവും ഇല്ലാതെ. ഇന്ത്യാ ഭരണഘടന അനുഛേദം നൂറ്റിഎഴുപത്തിനാലിന്റെ അടിസ്ഥാനത്തിൽ ഒരു policy matter എടുത്തിരിക്കുന്നു. 1957-ൽ EMS ഭരണകാലം കേരളത്തിൽ എല്ലാവർക്കും കൽവിത്തിട്ടം കൊണ്ടു വന്നതുകൊണ്ടാണ് ചട്ടക്കൂടിൽ ഉടമസ്ഥൽ നിലനിൽക്കുന്നു. കേരള മന്ത്രിസഭയിലേയ്ക്ക് കൽവിത്തിട്ടത്തിൽ അധ്യാപകരിൽ

1957-ൽ സിന്തിച്ച സിന്തനൈ ഇൻറൈക്കു ഇന്തിയാവിൽ അറുപത്തുമൂന്റു വരുടം കഴിന്തു സിന്തിക്കിൻറതർക്കു അവർകളുടൈയ കാലതാമതത്തിർകു എൻന കാരണം? ഇന്തിയാവിലേ കാങ്കിരസിൻ ഒരു നീണ്ട കാലമാക്ചിയിൽ ഏൻ ഒരു സാതാരണമാനവരുടൈയ കൽവിത്തിട്ടത്തൈപ്പറ്റി സിന്തിപ്പതർകു മനസിൽലൈ എൻപതുതാൻ എൻതുടൈയ കേൾവി. സാപ്പാടു വിഷയത്തിൽ ആണാലും സരി, കൽവിത്തിട്ടത്തിൽ ഇരുന്താലും സരി, കഷ്ടതാരത്തിൽ ഇരുന്താലും സരി ഇതെൽലാം സിന്തിക്ക തെരിയാത കാങ്കിരസിർകു മാത്തൽ മട്ടും എപ്പടി അട്ചേപ്തിൽ ആക മുടിന്തതു. മുതൽ സിൻന സിൻന അവവിൽ ഇരുന്തതു. ഇന്താവിരുന്തു വന്ത ഇരണ്ടു പേർ അറുപത്തിനാൻകു കോടി രൂപായ് പോപർസ് മാമൂ ലേ വാങ്കിക്കൊൺടുപോൻ കാണ്ട്രാക്ടൈ കൻസൽ വിട്ടിരുക്കിറീർകൾ. അറുപത്തിനാൻകു കോടി രൂപായ്.....എൻത കോൺഗ്രസ് ആട്ചിയുൻതാൻ പുരട്ചിയിരുന്തപോതും സരി. അറുപത്തിനാൻകു കോടി രൂപായൈ വിട്ടതു ഇൻറൈക്കു ഒൻറേമുക്കാൽ വട്ചം കോടി രൂപായർകു പോൻസിട്ടതു. ഇരണ്ടു വട്ചം കോടി രൂപായർകു പക്കത്തിലേ അടുത്ത മാതൽ, ഇതൈപ്പറ്റി മറൈത്തു വൈപ്പതർകാക വേൺടി സാതാരണമാക ഒരു കേൾവി, ഇടതുസാരി ജനനായക അരചിൻ ആട്ചിയിൽ ഇരുക്കക്കൂടിയ മന്തിരിമാർ യാരാവതു മാതൽ സൊൽലിയിരുക്കിറീർകൾ എൻറു.....

ശ്രീ. രാജു എബ്രഹാം : എസ്. ബാൻറ് കേമക്കേടിലും 2 ജി സ്പെക്ട്രത്തിലുമുള്ള മൂന്നേമുക്കാൽ ലക്ഷം കോടിയിൽ ഒരു വലിയ പങ്കും ഇറ്റലിയിലേക്ക് പോയി എന്നുള്ള വാർത്ത വന്നിട്ടുള്ള കാര്യം അങ്ങേക്ക് അറിയാമോ ?

തിരു എൻ. രാമചന്ത്രൻ: അതിനാലേതാൻ ഇന്താ മെയ്പ്പത്തി സൊൽലാൽ ചില ആട്കൾ സങ്കടപ്പടുവാർകൾ, അന്ത അമ്മാ മേലേ മേലേ ഇരുക്കു..... ഒരു പോയിൻറ് കൂട സർ, ഇടതുസാരി ജനനായക അരചിൻ ആട്ചിയിൽ ഇരുക്കക്കൂടിയ മന്തിരിമാർ മാതൽ സെൻറാത ആട്കൾ എൻറു സൊൽവതിലാലേ ഏതാവതു ഒരു മാതൽ..... തിരു ചെൻനിത്തലാ അൻറൈക്കു പേവിയിൽ സൊൻനാർ, വരുത്, കൂടലേ വരുത്, കൂടലേ വരുത് എൻറു, അതർകാഗ്വുറം താൻ മുതൽ അമൈച്ചർ മകൻ മീതു ഇപ്പോതു പിരച്ചിനൈ. ഇതർകാകവേൺടി ഒരു കൂടൈ ചെട്അപ് പൽലൈ അതർകും ഒരു കൂടേഷൻ, ഇപ്പടിപ്പൊൽലാം പിരച്ചിനൈകളൈ ഇന്ത അരചിർകു നേരാക കൊൺടു പിരച്ചിനൈകളൈ കലൈ കൽലൂരിയർകളുതർകു..... ഇൻൺട്രുവരൈക്കും ഇപ്പടിപ്പട്ട പാരപ്പോക്കാണ തിട്ടങ്കളൈ നടൈമുറൈപ്പടുത്തക്കൂടിയ അര

LIBRARY ARCHIVES Kerala Legislative Assembly

சங்கத்திலுடைய நிதி கோரிக்கைகளை அலைக்குவதற்கான அனுமதி அளிக்கவேண்டும் என்று கேட்டுகொண்டு இந்த அரசாங்கம் நீண்டும் வரை எல்லாவிதமான வாழ்த்துக்களையும் கூறிகொண்டு விடை பெறுகின்றேன், வாழ்த்துக்கள், நன்றி.

<u>ശ്രീമതി ഇ. എസ്. ബിജിമോൾ</u>: സർ, ഈ വോട്ട് ഓൺ അക്കൗണ്ടിനെ ഞാൻ അനുകൂലിക്കുകയാണ്. കാലങ്ങൾ പലതുണ്ട്; വേനൽക്കാലം, മഴക്കാലം, മാമ്പഴക്കാലം, 'കാലം മോശമായാൽ കാലൻ വരും' എന്നാണ് ചൊല്ല്. ഇത് യാത്രകളുടെ കാലമാണ്, തുടങ്ങിയത് പ്രതിപക്ഷ നേതാവ് ശ്രീ. ഉമ്മൻചാണ്ടിയാണ്. രാഹുവിലാണ് അദ്ദേഹത്തിന്റെ യാത്ര തുടങ്ങിയത്. വിശ്വാസപ്രകാരം രാഹുവിൽ ശുഭകർമ്മങ്ങൾ ചെയ്തുകൂടാ, ചെയ്യേണ്ടിവന്നാൽ മറ്റ് കർമ്മങ്ങൾ അനുഷ്ഠിക്കേണ്ടിവരും. ഇതിനൊന്നും കഴിയാതെ പോയതുകൊണ്ടാവാം അദ്ദേഹത്തിന് കഷ്ടകാലം വന്നത്. ശത്രുക്കൾ കൂടെയുണ്ട്. അങ്ങ് സൂക്ഷിക്കണം അവരുടെ ക്ഷുദ്രപ്രയോഗങ്ങൾ വേറെയും നടക്കുന്നുണ്ടോ എന്നൊരു സംശയം. ഒന്ന് പ്രശ്നം വയ്ക്കുന്നത് നല്ലതാണ്. അങ്ങേക്ക് അതിൽ വിശ്വാസമില്ലെങ്കിൽ വിശ്വാസമുള്ള ദൈവത്തോട് പ്രാർത്ഥിക്കാം. അങ്ങനെയാണെങ്കിൽ ഞാൻ റെക്കമെന്റ് ചെയ്യുകയാണ്, സെന്റ്. ആന്റണി അതിന് പറ്റിയ ആളാണ്. അദ്ദേഹം Mediator of impossible things, അസാദ്ധ്യ കാര്യങ്ങളുടെ മദ്ധ്യസ്ഥനാണ്. അദ്ദേഹത്തോട് പ്രാർത്ഥിക്കാം. ലക്ഷണപ്രകാരം, ജീവൻപോലും അപകടത്തിലാണെന്ന് ദോഷൈകദൃക്കുകൾ അല്ല. അദ്ദേഹത്തോട് സ്നേഹമുള്ള ആളുകൾ പറയും. അങ്ങേക്ക് പനി പിടിച്ചു കിടന്നപ്പോൾ എനിക്ക് സങ്കടം വന്നു. കരച്ചിലും വന്നു. ഒരു കർമ്മം കൂടിയേ തീരൂ. നിഷ്ക്കളങ്കനായ അങ്ങയെ ശ്രീ. മുസ്തഫ പിന്നിൽ നിന്ന് കുത്തി. കത്തി മുസ്തഫയുടെ സ്വന്തം അല്ലെന്ന് ഉറപ്പാണ്. കത്തി ആരോ പിടിപ്പിച്ചതാണ്. പിടിപ്പിച്ചത് ആരാണെന്ന് പരിശോധിക്കുന്നത് നല്ലതാണ്. പ്രതിപക്ഷ നേതാവിനോട് ഒരു അപേക്ഷയുണ്ട്, അങ്ങയുടെ മോചന യാത്ര ഒന്ന് അവസാനിപ്പിക്കണം. ഇതുവരെ യാത്രയ്ക്ക് മോചനം കൊടുത്തിട്ടില്ല. യാത്രയോട് അങ്ങ് ഒരു നീതി കാണിക്കണം. കൃത്യം 1 കോടി ഒപ്പ് ശേഖരിച്ച് ഗവർണ്ണർക്ക് കൊടുക്കുന്ന വിദ്യ ഒന്ന് പറഞ്ഞുതരികയും വേണം. മനുഷ്യൻ ബുദ്ധികൂടിയ ജീവിയാണെങ്കിലും മനുഷ്യനില്ലാത്ത ഒരുപാട് ഗുണങ്ങൾ മൃഗങ്ങൾക്കും പക്ഷികൾക്കുമുണ്ട്. രാത്രിയിലും കാണുവാൻ കഴിവുള്ള പക്ഷികളും ജീവികളുമുണ്ട്. അമ്പിളി അമ്മാവനെ പിടിച്ചുതരണം, കുട്ടികൾ കരയുന്നു. ഇപ്പോൾ വി. എസ്. അച്ചുതാനന്ദനെ പിടിച്ചുകൊടുക്കണമെന്ന് പറഞ്ഞാണ്. യു.ഡി.എഫ്.-കാർ കരയുന്നത്. പിടിച്ചുകൊടുക്കാമെന്ന ഉറപ്പിന്റെ അടിസ്ഥാനത്തിൽ രണ്ട് ദിവസമായി പ്രതിപക്ഷം ഇവിടെ കാട്ടിക്കൂട്ടുന്ന വിക്രിയകൾ ചെറുതല്ല. അഴിമതിരഹിതനായി, സൂര്യനെപ്പോലെ കത്തിനിൽക്കുന്ന വി.എസ്. ആ പ്രകാശത്തിന്റെ വെളിച്ചത്തിൽ സർവ്വ അഴിമതികളും പുറത്തുവന്നുകൊണ്ടിരിക്കുന്നു. ബുദ്ധിമുട്ടുണ്ടാകും. സൂര്യപ്രകാശത്തിൽ തെറ്റുകൾക്ക് ഒളിച്ചിരിക്കാൻ കഴിയില്ല. ഇവിടെ ഒരു സി.എഫ്. കൂടെ പിടിക്കുകയാണ്. എന്നിട്ട് അഴിമതിയുടെ കൂടയ്ക്ക് അടിയിലിരുന്ന് അവർ പറയുന്നു.

LIBRARY ARCHIVES Kerala Legislative Assembly

സൂര്യൻ മറഞ്ഞു. സൂര്യൻ മറയില്ല. അഴിമതിയുടെ കുട ആരാണോ പിടിച്ചിരിക്കുന്നത് അവർ സ്വയം മറയ്ക്കപ്പെടുകയാണ് ചെയ്യുന്നതെന്ന വസ്തുത തിരിച്ചറിയുന്നത് നല്ലതാണ്. ഇപ്പോൾ എന്താണ് പ്രശ്നം? യു.ഡി.എഫ്-ൽ നിന്ന് പ്രസംഗിച്ച ബഹുഭൂരിപക്ഷം ആളുകളുടേയും പ്രശ്നം 'മന്ത്രിമാർ ഉദ്ഘാടനം ചെയ്യുന്നു' എന്നത് സംബന്ധിച്ചാണ്. എന്തിനാണ് അസൂയ; കഴിഞ്ഞ യു.ഡി.എഫ്.-ന്റെ ഭരണകാലം അവസാനിച്ചത് എങ്ങനെയാണ്? അഴിമതിയിൽ കുപ്പുകുത്തി മൂക്കുകുത്തിയ യു.ഡി.എഫ്. ഗവൺമെന്റിന്റെ മന്ത്രിമാർക്ക് അന്ന് പുറത്ത് ഇറങ്ങി നടക്കാൻ കഴിയാത്ത സാഹചര്യമുണ്ടായി. മന്ത്രിമാരേയും മുഖ്യമന്ത്രിമാരേയും മാറ്റി മാറ്റി പ്രതിഷ്ഠിച്ചിട്ടും അവർ രക്ഷപ്പെട്ടില്ല. പഴയകാലത്തെ ചില മുശടൻ അമ്മാവന്മാരുണ്ട്, തനിക്ക് പറ്റാത്തത് മക്കളും മരുക്കളും ചെയ്യുന്നത് അവർക്ക് സഹിക്കില്ല. അവർ ചെയ്യാൻ അനുവദിക്കില്ല എന്നുള്ളതാണ് പ്രശ്നം. കുരങ്ങന്റെ വാൽ പോയ കാര്യമിവിടെ പറഞ്ഞു. ശരിയാണ്. കുരങ്ങന്റെ വാൽ പോയിട്ടുണ്ട്. വസ്തുതകളിൽ ചെറിയൊരു വ്യത്യാസമുണ്ട്. കുരങ്ങന്റെ വാൽ പെൺവാണിഭ കേസിൽപ്പെട്ടാണ് പോയത്. വാൽ മുറിച്ചത് സഖാവ് വി. എസ്. അച്ചുതാനന്ദനാണ്. അതുകൊണ്ട് വി. എസ്.-നെ വ്യക്തിപരമായും കുടുംബപരമായും ആക്രമിച്ചാൽ പിടിവിടും എന്ന് വിചാരിക്കരുത്. രാഷ്ട്രീയ അന്തരീക്ഷത്തിൽ സ്ത്രീകളുടെ മാന്യത കാക്കുവാൻ രാഷ്ട്രത്തിന് ബാധ്യതയുണ്ട്, രാഷ്ട്രീയക്കാർക്കുമുണ്ട്. .....(ബഹളം)..... വി.ഐ.പി.-യെ ഞാൻ പറയുന്നില്ല. കൂട്ടുകാർക്ക് ആപത്ത് വന്നാൽ കൂടെ നിൽക്കണമെന്ന കാര്യത്തിൽ തർക്കമില്ല. പക്ഷേ ഉമ്മൻചാണ്ടി സർ ചുമക്കരുത്. അങ്ങ് കേരളത്തിന്റെ മുൻമുഖ്യമന്ത്രിയും ഇപ്പോൾ പ്രതിപക്ഷ നേതാവുമാണ്. രാഷ്ട്രീയ അഭിപ്രായ വ്യത്യാസങ്ങൾക്ക് അപ്പുറം ഉമ്മൻചാണ്ടി എന്ന രാഷ്ട്രീയ നേതാവ് കേരളത്തിന്റെയും രാജ്യത്തിന്റെയും സമ്പത്താണ്. ബാലകൃഷ്ണ പിള്ളയുടെ ഒപ്പം നിന്നത് മനസ്സിലാകും. മുസ്തഫയുടെ ആരോപണത്തിൽ കഴമ്പില്ലാതെ പോകട്ടെ. റജീനയുടെ കേസിൽ ബന്ധപ്പെട്ടവരെ ചുമക്കരുത്. ചുമന്നാൽ അങ്ങ് നാറും. 'കുഞ്ഞാലിക്കുട്ടി തുറന്നു പറഞ്ഞത് നന്നായി' എന്ന അങ്ങയുടെ പ്രസ്താവനയിൽ രാഷ്ട്രീയക്കാരിക്ക് അപ്പുറം ഒരു സ്ത്രീ എന്ന നിലയിൽ ഉള്ളിൽ തോന്നിയ വിഷമം ഈ നാട്ടിലെ സ്ത്രീകളുടെ മനസ്സായി അങ്ങ് പരിഗണിക്കണം. നിരവധി തവണ എം.എൽ.എ.-മാരായി മന്ത്രിമാരായി ഈ സഭയിൽ ഇപ്പോഴും തുടരുന്നവരുണ്ട്. അവരെ ആരെയും കുറിച്ച് ഒരു ആക്ഷേപങ്ങളും ഉണ്ടാകുന്നില്ല. അങ്ങ് മുഖ്യമന്ത്രിയായും പ്രതിപക്ഷ നേതാവായും മന്ത്രിയായും ഒരുപാട് കാലഘട്ടത്തിൽ ഇരുന്ന ആളാണ്. അങ്ങയെ സംബന്ധിച്ച് ആക്ഷേപമൊന്നുമില്ല. മുസ്ലീംലീഗിന്റെ തന്നെ മന്ത്രിമാരായിട്ടുള്ള ആളുകൾ ഇവിടെയുണ്ട്. ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടിയുണ്ട്. അദ്ദേഹത്തെ സംബന്ധിച്ച് ആക്ഷേപങ്ങളില്ല. മന്ത്രിമാരായി അനുഭവ സമ്പത്തുള്ള വർഷങ്ങളുടെ അനുഭവ പാരമ്പര്യമുള്ള ആളുകൾ ഇവിടെയുള്ളപ്പോഴും അവരെ ആരെയും സംബന്ധിച്ച് ആക്ഷേപങ്ങൾ ഉന്നയിക്കപ്പെടുന്നില്ല. ചില ആളുകളെ സംബന്ധിച്ച് മാത്രം ആക്ഷേപങ്ങൾ ഉന്നയിക്കപ്പെടുമ്പോൾ അതിന്റെ വസ്തുതകൾ എന്താണെന്ന് മനസ്സിലാക്കാൻ കഴിയണം. കുഞ്ഞാലിക്കുട്ടി ഐസ്ക്രീമായും ആവിയായും നിയമസഭയ്ക്കുള്ളിലും പുറത്തും വിലസുമ്പോൾ ചർച്ച ഉണ്ടാകുന്നത് രാഷ്ട്രീയക്കാരുടെ മൂല്യച്യുതിയെ

LIBRARY ARCHIVES Kerala Legislative Assembly

കുറിച്ചാണ്. എൽ.ഡി.എഫ് ആയാലും യു.ഡി.എഫ് ആയാലും ജനാധിപത്യത്തിന് ഒരു തുടർച്ചയുണ്ടാകണം. അങ്ങനെ ഒരു തുടർച്ച ഉണ്ടാകണമെങ്കിൽ, ആ രാജ്യത്തിന് നല്ല ഭരണാധികാരികളെ ലഭിക്കണമെങ്കിൽ, മികച്ച രാഷ്ട്രീയ പ്രവർത്തന മാതൃക ഉണ്ടെങ്കിൽ മാത്രമേ നല്ല രാഷ്ട്രീയക്കാരായി നമ്മുടെ കുട്ടികൾ ജനാധിപത്യത്തിന് തുടർച്ചയുണ്ടാക്കൂ എന്ന വസ്തുത നമ്മൾ മറക്കരുത്.

ട്രെയിനിൽ നിന്ന് സൗമ്യ പുറത്തേക്ക് ചാടിയത് ഒരു കോടി രൂപയും 100 പവനും സംരക്ഷിക്കാൻ വേണ്ടിയല്ല. 500 രൂപ വില വരുന്ന ഒരു ചെറിയ മൊബൈൽ ഫോണും ചില്ലറ നോട്ടുകളും മാത്രമുള്ള സൗമ്യ ട്രെയിനിൽ നിന്നും താഴേക്ക് ചാടിയത് കാലാകാലങ്ങളായി നമ്മുടെ രാജ്യം പ്രത്യേകിച്ച് കേരള സംസ്ഥാനം ഉയർത്തിപ്പിടിക്കുന്ന സ്ത്രീയുടെ മാന്യത സംരക്ഷിക്കുന്നതിനാണ്. നമ്മുടെ ദൃഷ്ടിയുടെ ക്രൂരതയും പിറുപിറുക്കലുകളും അറിയാവുന്നതുകൊണ്ട് സൗമ്യയുടെ ജീവൻ തിരിച്ചുകിട്ടുവാൻ പ്രാർത്ഥിച്ചവരോടൊപ്പം എന്റെ പേര് ഇല്ല. റജീനയെ നമ്മുടെ മോഡൽ റോൾ ആക്കേണ്ട. സൗമ്യയെ നമുക്ക് മോഡൽ ഗേളാക്കാം. വിശുദ്ധ മരിയ ഗൊരേത്തിയുടെ ജീവചരിത്രം വായിച്ചാൽ മരിയ ഗോരേത്തി കൊല്ലപ്പെട്ടത് അവരുടെ മാന്യത സംരക്ഷിക്കുന്നതിന്റെ ഭാഗമായിട്ടാണെന്ന് കാണാം. മരിയ ഗൊരേത്തി ഇന്ത്യയുടെ ഭാഗമല്ല. വിദേശ രാജ്യത്തിന്റെ ഭാഗമാണ്. അവിടെ വിശ്വാസത്തിന്റെ ഭാഗമായാണ് മരിയ ഗൊരേത്തി തന്റെ മാന്യത ഉയർത്തിപ്പിടിച്ച് ജീവൻ ബലികൊടുത്തതെങ്കിൽ ഇവിടെ സൗമ്യ നമുക്ക് മാതൃകയാകുന്നു. ഒരു നാടിന്റെ വിശുദ്ധിയും കുടുംബത്തിന്റെ കെട്ടുറപ്പുമാണ് സൗമ്യമാർ സംരക്ഷിക്കുന്നത്. ശാരിയുടെ മകൾ സ്നേഹയ്ക്ക് 2 ലക്ഷം രൂപ കൊടുത്താൽ പോര. ആ കുട്ടിയെ ഗവൺമെന്റ് ദത്തെടുത്ത് സംരക്ഷിക്കണമെന്ന അഭിപ്രായമുള്ളയാളാണ് ഞാൻ. വി.ഐ.പി. ആയാലും വി.വി.ഐ.പി. ആയാലും X or Y എന്നുള്ളതിന് അപ്പുറം നമ്മുടെ നാട്ടിൽ സ്ത്രീകൾക്കുണ്ടാകുന്ന ഗതികേടുകൾ പ്രതിപക്ഷമോ ഭരണ പക്ഷമോ അല്ലെങ്കിൽ വ്യക്തി എന്നുള്ളതിന് അപ്പുറം അതിന്റെ ശരിയും തെറ്റും തിരിച്ചറിയുവാൻ സമൂഹത്തിന് കഴിയേണ്ടതുണ്ട്. ശാരിയുടെ ഗതികേട് മകൾ സ്നേഹയ്ക്ക് ഉണ്ടാകരുത്. ആരാണ് എന്ന ചോദ്യത്തിനപ്പുറം എന്തുകൊണ്ട് എന്ന ചോദ്യം നമുക്ക് ചോദിച്ചുതുടങ്ങാം. ജനാധിപത്യത്തിന്റെ കാവൽക്കാരാണ് ജനപ്രതിനിധികൾ. മൂല്യച്യുതികൾ ഉണ്ടാകരുത്. സ്ത്രീകളുടെ നേരെയുണ്ടാകുന്ന അതിക്രമങ്ങൾ രാഷ്ട്രീയ യുദ്ധത്തിനുള്ള ആയുധമാക്കുന്നതിനുപകരം പൊതുവിഷയമാക്കി കാണുവാൻ നമുക്ക് കഴിയണം. ഏറ്റവും മാന്യമായ രൂപത്തിൽ സ്ത്രീകളുടെ നേരെയുണ്ടായിട്ടുള്ള ചില പ്രശ്നങ്ങളെ സംബന്ധിച്ചാണ് ഞാൻ സഭയിൽ സൂചിപ്പിക്കുന്നത്. അതിനെ അതിന്റെ അർത്ഥത്തിലും ഗൗരവത്തിലും എടുക്കുവാൻ കഴിയണമെന്ന അഭ്യർത്ഥനയാണ് എന്റെ മുമ്പിലുള്ളത്. നീലനും ശാരിയും റജീനയും അവരുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ വ്യത്യസ്തമാണ്. സൗമ്യ നമ്മുടെ മുമ്പിൽ മാതൃകയാകുന്നത് മറ്റൊരു തരത്തിലാണ്.

LIBRARY ARCHIVES Kerala Legislative Assembly

വ്യത്യസ്തമായ നയസമീപനമാണ് ഗവൺമെന്റ് സ്വീകരിക്കുന്നത്. നവ ലിബറൽ സാമ്പത്തിക നയത്തിന്റെ പ്രണയിതാക്കളായ കോൺഗ്രസ്സ്, ഗവൺമെന്റ് കോർപ്പറേറ്റുകളെ സംരക്ഷിക്കുകയും സഹായങ്ങൾ നൽകി സമ്പന്നരെ കൂടുതൽ സമ്പന്നരാക്കുകയും ചെയ്യുമ്പോൾ അതിൽ നിന്ന് വ്യത്യസ്തമായി പാവപ്പെട്ട മനുഷ്യരുടെ സുരക്ഷയ്ക്കുവേണ്ടിയുള്ള സഹായങ്ങളും സംരക്ഷണങ്ങളും നൽകി സാമൂഹ്യ സുരക്ഷാ പദ്ധതികൾ ശക്തമായി നടപ്പാക്കുന്ന സമീപനമാണ് ഈ ഗവൺമെന്റ് സ്വീകരിക്കുന്നത്. കേരളാ ഗവൺമെന്റ് അവതരിപ്പിച്ചിട്ടുള്ള ആറ് ബഡ്ജറ്റുകളും ഇതിന്റെ പ്രകടമായ ഉദാഹരണങ്ങളാണ്. ശരിയായി പറഞ്ഞാൽ, സാമൂഹിക സുരക്ഷാ പദ്ധതികളുടെ പെരുമഴക്കാലമായിരുന്നു കഴിഞ്ഞ നാലേമുക്കാൽ വർഷം. മറിച്ച് കേന്ദ്ര-യു.പി.എ. ഗവൺമെന്റാകട്ടെ ബഹുരാഷ്ട്ര കുത്തകകൾക്കും കോർപ്പറേറ്റുകൾക്കും സഹായങ്ങളും സൗജന്യങ്ങളും പ്രഖ്യാപിക്കുകയും 4 ലക്ഷം കോടിയിലധികം രൂപ അതിനായി വിനിയോഗിക്കുകയും ചെയ്തിട്ടുണ്ട്. ഈ വ്യത്യസ്തത തീർച്ചയായും അടുത്ത തെരഞ്ഞെടുപ്പിൽ ജനങ്ങൾ തിരിച്ചറിഞ്ഞ് വിലയിരുത്തുകതന്നെ ചെയ്യും എന്ന കാര്യത്തിൽ സംശയമില്ല.

വിലക്കയറ്റത്തിന്റെ കെടുതി അനുഭവിക്കാത്ത സാധാരണ മനുഷ്യർ ഇന്ത്യയിൽ ഉണ്ടാകില്ല. അതിനെതിരെ ഒരു പ്രായോഗിക നടപടിയും സ്വീകരിക്കുവാൻ തയ്യാറാകാത്ത കേന്ദ്ര സർക്കാരിന് മാതൃകയാക്കുവാൻ വി. എസ്. അച്യുതാനന്ദൻ ഗവൺമെന്റിന്റെ മുമ്പിൽ ഒരുപാട് കാര്യങ്ങളുണ്ട്. കോടിക്കണക്കിന് രൂപ മുടക്കി പൊതുവിതരണ സമ്പ്രദായം ശക്തിപ്പെടുത്തി ജനങ്ങൾക്ക് ആശ്വാസം നൽകുന്ന ഗവൺമെന്റാണിത്. എന്തുകൊണ്ട് കേന്ദ്രം ഭരിക്കുന്ന കോൺഗ്രസ്സിന് എല്ലാവർക്കും വീട്, എല്ലാവർക്കും വൈദ്യുതി, എല്ലാവർക്കും കുടിവെള്ളം, എല്ലാവർക്കും ഭക്ഷണം എന്ന രൂപത്തിൽ ചിന്തിക്കുവാൻ കഴിയുന്നില്ല എന്ന വസ്തുത അവർ സ്വയം വിലയിരുത്തുകയും മാറ്റങ്ങൾക്ക് വിധേയമാക്കുകയും ഒരു ജനാധിപത്യരാജ്യത്ത് ജനങ്ങൾക്ക് മികച്ച ഭരണസംവിധാനങ്ങൾ നൽകേണ്ടത് തങ്ങളുടെ ഉത്തരവാദിത്വമാണെന്ന് തിരിച്ചറിയുകയും ചെയ്യണം. ഒരു മെച്ചപ്പെട്ട ഭരണം കാഴ്ചവച്ച ഈ ഗവൺമെന്റിന്റെ വോട്ട് ഓൺ അക്കൗണ്ടിനെ പിന്തുണച്ചുകൊണ്ട് നിർത്തുന്നു.

<u>ശ്രീ. സാജു പോൾ</u>: സർ, ഞാൻ ഈ വോട്ട് ഓൺ അക്കൗണ്ടിനെ പിന്താങ്ങുകയാണ്. ഡോ. തോമസ് ഐസക് ഈ നിയമസഭയിൽ 6 ബഡ്ജറ്റുകൾ അവതരിപ്പിച്ചു. അത് കേവലം യാന്ത്രികമായി ഉദ്യോഗസ്ഥർ തയ്യാറാക്കി നൽകുന്ന സ്ഥിതിവിവര കണക്കുകളും അതുപോലെതന്നെ കുറെ പ്രഖ്യാപനങ്ങളും മാത്രമായി, അങ്ങനെയല്ല ഉള്ളിൽതട്ടി തന്റെ തന്നെ കരസ്പർശത്താൽ അല്ലെങ്കിൽ ഡോ. തോമസ് ഐസക്കിന്റെ ഒരു പ്രത്യേകമായ മാന്ത്രിക ശക്തിയാൽ തയ്യാറാക്കി അവതരിപ്പിച്ച ബഡ്ജറ്റുകളായിരുന്നു. നിരവധി ബഡ്ജറ്റുകൾ അവതരിപ്പിച്ച പലരും പ്രതിപക്ഷത്തുണ്ടല്ലോ? ഈ 6 ബഡ്ജറ്റുകൾ പരിശോധിച്ചാൽ അടുത്ത 60 വർഷക്കാലത്തേക്കുള്ള കർമ്മ പദ്ധതികളും ദീർഘവീക്ഷണത്തിലധിഷ്ഠിതമായ പ്രവർത്തന പരിപാടികളും ഈ ബഡ്ജറ്റുകളിൽ കാണാം.

LIBRARY ARCHIVES Kerala Legislative Assembly

കേരളത്തെ ബാധിക്കുന്ന നിരവധിയായ പ്രശ്നങ്ങൾ, ഓരോ ബഡ്ജറ്റ് പ്രസംഗവും അതിന്റേതായ രീതിയിൽ പ്രത്യേകതയാർന്നതാണ് എന്ന് നമുക്ക് നിശ്ചയമായിട്ടും കാണാം. 54 വർഷം കൊണ്ട് 4250 കോടി രൂപയിലെത്തിയ കേരളത്തിന്റെ വാർഷിക പദ്ധതിയാണ് 10025 കോടി രൂപയിലേക്ക് 4 വർഷം കൊണ്ട് എത്തിച്ചത്. ഐക്യ കേരള പിറവിക്ക് ശേഷമുള്ള ഏറ്റവും വലിയ ഒരു മാറ്റമാണിത്. 2005-ൽ പെരുമ്പാവൂരിലെ മര വ്യവസായികൾ ആകെ നൽകിയ നികുതി 5 കോടി രൂപയാണെങ്കിൽ 2010-ാം ആണ്ടിൽ അത് 26 കോടി രൂപയും ഈ സാമ്പത്തിക വർഷം ജനുവരിയിൽ അത് 31 കോടി രൂപ വരെ എത്തി നിൽക്കുകയാണ്. 1980-ൽ ആരംഭിച്ച കർഷകത്തൊഴിലാളി പെൻഷൻ 26 വർഷം പിന്നിട്ടപ്പോഴാണ് 110 രൂപയിൽ എത്തിയത്. ആ 110 രൂപ നാല് വർഷം കൊണ്ട് 400 രൂപയിൽ എത്തിച്ചു. ഡോ. തോമസ് ഐസക്കിന്റെ ഈ ബഡ്ജറ്റും ധന മാനേജ്മെന്റും മെച്ചപ്പെട്ടതാണ് എന്ന് പറയാനുള്ള അല്പമെങ്കിലും ആർജ്ജവത്വം പ്രതീക്ഷിച്ചതിന് പ്രകടിപ്പിക്കാൻ കഴിയണം. നടപ്പാക്കിയ ഓരോ പദ്ധതികളെ കുറിച്ച് ഇവിടെ വിശദമായിട്ട് പറയാൻ ഞാൻ ഉദ്ദേശിക്കുന്നില്ല. പക്ഷേ നമുക്ക് 4 യൂണിവേഴ്സിറ്റികൾ പുതുതായി കേരളത്തിൽ ഈ ഗവൺമെന്റ് കൊണ്ടുവന്നു? ഒരു കേന്ദ്ര സർവ്വകലാശാലയടക്കം കേരളത്തിലാകെ ഉണ്ടായിരുന്ന 7 യൂണിവേഴ്സിറ്റികളുടെ സ്ഥാനത്ത് വലിയ പശ്ചാത്തല സൗകര്യങ്ങളോ ക്ഷേമ പദ്ധതികളോ മാത്രമല്ല 4 പുതിയ സർവ്വകലാശാലകൾ ഒരു സംസ്ഥാനത്ത് സ്ഥാപിക്കാൻ ഒരു ഗവൺമെന്റിന് കഴിഞ്ഞു എന്ന് പറഞ്ഞാൽ അത് ആ സർക്കാരിന്റെ നേട്ടമായിത്തന്നെ കാണണം. അതുപോലെ രണ്ടു രൂപയുടെ അരി വിതരണം കുടിശ്ശികയില്ലാത്ത പെൻഷൻ വിതരണം, വല്ലാർപാടം, വൈറ്റില, വിഴിഞ്ഞം അതുപോലെ കണ്ണൂർ യൂണിവേഴ്സിറ്റി, എൽ.എൻ.ജി. സ്മാർട്ട് സിറ്റി, സമ്പൂർണ്ണ വൈദ്യുതി ഇ.എം.എസ്. ഭവന നിർമ്മാണ പദ്ധതി, എം.എൻ. ലക്ഷം വീട് നവീകരണം, രണ്ട് ശമ്പള പരിഷ്കരണം എന്നിവ ഈ കേരളത്തിൽ നടപ്പാക്കി. യു.ഡി.എഫ്.-ന്റെ കഴിഞ്ഞ 5 വർഷക്കാലയളവിനിടയിൽ 2 മുഖ്യമന്ത്രിമാരും 45 മന്ത്രിമാരുമുണ്ടായി. അതാണ് യു.ഡി.എഫ്. ഭരണനേട്ടം. എൽ.ഡി.എഫ്. ഈ മന്ത്രിസഭയിൽ വച്ച് പൊറുപ്പിച്ച LDF സഹിച്ച കുറെ ആളുകളെ യു.ഡി.എഫ്. അപ്പുറത്തേക്ക് കൊണ്ടുപോയി എന്നുള്ളതൊഴിച്ചാൽ ഈ ഗവൺമെന്റിന് എന്ത് കോട്ടമാണ് ഉണ്ടായത്? എന്ത് വ്യത്യാസമാണ് വന്നത്? ഇങ്ങനെ ഒരു ഭരണസ്ഥിരത നിങ്ങൾ കണ്ടിട്ടുണ്ടോ? ക്രമസമാധാനം തകർന്നു... തകർന്നു... എന്ന് പറഞ്ഞിട്ടല്ലേ യു.ഡി.എഫ്. പ്രചരിപ്പിക്കുന്നത്. ഇവിടെ എന്ത് തകർച്ചയാണ് ഉണ്ടായത്? ഇങ്ങനെ; ഈ പറഞ്ഞ ഓരോരോ നേട്ടങ്ങളായിട്ട് എടുത്ത് പരിശോധിച്ചാൽ, ബഹുമാന്യനായ കെ. ബാബു, ഞങ്ങളുടെയൊക്കെ ജില്ലയിലെ മുതിർന്ന എം.എൽ.എ. അദ്ദേഹമാണ്. അദ്ദേഹം ഇന്ന് ശ്രീ. വി. എസ്. അച്ചുതാനന്ദനെതിരെ അഴിമതി ആരോപണം ഉന്നയിച്ചു. തൃപ്പൂണിത്തറ എം.എൽ.എ. എന്നുള്ള നിലയ്ക്ക് വൈറ്റില ബസ് ടെർമിനൽ യാഥാർത്ഥ്യമാക്കാൻ വേണ്ടി കഴിഞ്ഞ ഗവൺമെന്റിൽ അന്നത്തെ കൃഷി വകുപ്പുമന്ത്രി ബഹുമാന്യയായ കെ. ആർ. ഗൗരിയമ്മയുടെ പിന്നാലെ 5 വർഷക്കാലം നടന്നില്ലേ? അന്ന് സാദ്ധ്യമാകാത്തത് 10 മിനിട്ടുകൊണ്ട് കേരളത്തിന്റെ മുഖ്യമന്ത്രി ശ്രീ. വി. എസ്. അച്ചുതാനന്ദൻ, കൃഷി വകുപ്പുമന്ത്രി

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. മുല്ലക്കര രത്നാകരൻ, ജില്ലയിൽ നിന്നുള്ള മന്ത്രിമാരായ ശ്രീ. എസ്. ശർമ്മ, ശ്രീ. ജോസ് തെറ്റയിൽ എന്നീ നാലുപേരീ കൂടിയിരുന്ന് 10 മിനിട്ടുകൊണ്ട് വൈറ്റില ബസ് ടെർമിനലിന് 25 ഏക്കർ സ്ഥലം കൊടുത്തു. യാഥാർത്ഥത്തിൽ ഉദ്ദിഷ്ട കാര്യത്തിന് ഉപകാര സ്മരണ എന്ന് പറഞ്ഞ് പരസ്യം കൊടുക്കുന്നതുപോലെ ശ്രീ. വി. എസ്. അച്ചുതാനന്ദന്റെ ഫോട്ടോ തന്റെ വീട്ടിൽ വച്ച് പൂജിക്കേണ്ട. ശ്രീ. കെ. ബാബുവാണ് ഇന്ന് ഇവിടെ അദ്ദേഹത്തിനെതിരെ അഴിമതി ആരോപണം ഉന്നയിച്ചത്. ഉന്നയിച്ച ആരോപണം 7 ലക്ഷം രൂപ വാങ്ങിച്ചു എന്ന്. ശ്രീ. വി. എസ്. അച്ചുതാനന്ദനും അദ്ദേഹത്തിന്റെ കുടുംബത്തിലെ ആരെങ്കിലും 7 ലക്ഷം രൂപ വാങ്ങിച്ചു എന്ന് പറഞ്ഞാൽ ജനം വിശ്വസിക്കുമോ ? സഖാവ് എ. പി. വർക്കി സ്മാരക നിർമ്മാണത്തിനുവേണ്ടി 7 കോടി രൂപ ഒറ്റ ദിവസം കൊണ്ട് എറണാകുളം ജില്ലയിൽ പിരിച്ചെടുത്ത പാർട്ടിയുടെ നേതാവാണ് ശ്രീ. വി. എസ്. അച്ചുതാനന്ദൻ. 7 ലക്ഷം രൂപ എന്നു പറഞ്ഞാൽ ശ്രീ. വി. എസ്. അച്ചുതാനന്ദന്, മാർക്സിസ്റ്റ് പാർട്ടി തീരുമാനിച്ചാൽ, എൽ.ഡി.എഫ്. തീരുമാനിച്ചാൽ, ഒരു പഞ്ചായത്തിൽ നിന്ന് പിരിച്ചെടുക്കാവുന്ന തുകയുടെ പേരിൽ അഴിമതി ആരോപണം പറഞ്ഞുകൊണ്ട് ഈ നിയമസഭയിൽ വരാൻ നിങ്ങൾക്ക് നാണമില്ലേ എന്നാണ് എനിക്ക് ചോദിക്കാനുള്ളത് ? കക്കൂസ് കുത്തി ജയിലിൽ പോകേണ്ട കാര്യമുണ്ടോ ? നിങ്ങളാരും നമുക്ക് വഴങ്ങാറില്ല.... ശ്രീ. സതീശന് ഞാൻ വഴങ്ങാം.

ശ്രീ. വി. ഡി. സതീശൻ : ശ്രീ. സാജു ഞങ്ങൾ ശ്രീ. വി. എസ്. അച്ചുതാനന്ദൻ 7 ലക്ഷം രൂപ വാങ്ങിച്ചു എന്നല്ല പറഞ്ഞത്. ശ്രീ. വി. എസ്. അച്ചുതാനന്ദന്റെ മകൻ അരുൺകുമാർ 7 ലക്ഷം വാങ്ങിച്ചു എന്നാണ്. ഈ കൊടുക്കുന്നവരും ആളുടെ റെയിഞ്ച് നോക്കിയിട്ടല്ല പണം കൊടുക്കുകയുള്ളൂ ? അദ്ദേഹം അത് കിട്ടിയാലും വാങ്ങിക്കുന്ന ഒരാളാണ്. ചെറുക്കൻ വാങ്ങി എന്നാണ് പറഞ്ഞത്.

ശ്രീ. ആനത്തലവട്ടം ആനന്ദൻ : ശ്രീ. സതീശൻ ഇവിടെ പറഞ്ഞത് അവരുടെ ഭരണം നടക്കുമ്പോൾ, ശ്രീ. ഉമ്മൻ ചാണ്ടി മുഖ്യമന്ത്രിയായിരിക്കുമ്പോൾ ശ്രീ. സതീശനും കൂട്ടരും ഇവിടെ ഭരണകക്ഷിയുടെ എം.എൽ.എ.-മാരായി ഇരിക്കുന്ന അവസരത്തിൽ, ഒരു ചന്ദന റാക്കറ്റിന് കാര്യം സാധിക്കാൻ പ്രതിപക്ഷ നേതാവിന്റെ മകന് കൈക്കൂലി കൊടുത്തു എന്ന് പറയുന്നതിൽ എന്ത് യുക്തിയാണുള്ളത് ? കാര്യം നടക്കണമെങ്കിൽ ഗവൺമെന്റിലെ ആളുകൾക്ക് കൊടുക്കണ്ടേ ? ഇവരുടെ ആരെങ്കിലും വാങ്ങിച്ചിട്ടുണ്ടാകും. അല്ലെങ്കിൽ അരുൺകുമാർ കാശ് വാങ്ങി അതിന്റെ വിഹിതം ഇവർക്ക് കൊടുത്തിരിക്കണം ; ആരാണ് കാശ് വാങ്ങിയതെന്ന് ഇവർ പറയണം.

ശ്രീ. പി. ജയരാജൻ : സർ, ഇവിടെ ബഹുമാനപ്പെട്ട സതീശൻ പറയുന്നത് ഓരോരുത്തർക്കും അവരുടെ നിലവാരം അനുസരിച്ചുള്ള കാശാണ് കൊടുക്കുകയെന്നാണ്. പഴയ കെ.പി.സി.സി. പ്രസിഡന്റായ ശ്രീ. വയലാർ രവിക്ക് 10 ലക്ഷം രൂപ കൊടുത്തു എന്നാണല്ലോ ഒരു അബ്കാരി ഉന്നയിച്ച ആക്ഷേപം ; അപ്പോൾ ചെറിയ വ്യത്യാസമേയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സാജുപോൾ : സർ, ഇവിടെ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഇന്ന് പറഞ്ഞു. ഇത് വെളിപ്പെടുത്തലുകളുടെ കാലമാണ് എന്ന്. അങ്ങനെയാണെങ്കിൽ ഒരാൾ 7 ലക്ഷം രൂപയുടെ കാര്യം വെളിപ്പെടുത്തി. എന്തുകൊണ്ട് മുനീറിന്റെ ചാനൽ വെളിപ്പെടുത്തിയ കാര്യങ്ങൾ, മറ്റാരുമല്ല സ്വന്തം ഭാര്യയുടെ അനുജത്തിയെ വിവാഹം ചെയ്ത് സന്തതസഹചാരിയായി ഒരുമിച്ച് ഉറങ്ങി, ഒരുമിച്ച് ഉണ്ട്, ഒരുമിച്ച് ജീവിച്ച ആൾ നടത്തിയ വെളിപ്പെടുത്തൽ ജഡ്ജിക്ക് പണം നൽകി എന്ന വെളിപ്പെടുത്തൽ. ജഡ്ജിക്ക് പണം കൊടുത്തത് കണ്ടു എന്ന് കോൺഗ്രസ്സിന്റെ ഒരു എം.പി. നടത്തിയ വെളിപ്പെടുത്തൽ ഇതിനൊക്കെ എന്താണ് അടിയന്തര പ്രമേയം അവതരിപ്പിക്കാതിരുന്നത് ? എനിക്ക് മനസ്സിലായ സംഗതി ഇതാണ് ; ബഹുമാന്യനായ കെ. ബാബു, ഗതികെട്ടാൽ പുലി പുല്ലും തിന്നും എന്ന് പറഞ്ഞതുപോലെ ഈ അവസാന സമയത്ത് എന്റെ വക ഒരു 7 ലക്ഷത്തിന്റെ വെടിക്കെട്ട് ഇരിക്കട്ടെ എന്ന് തീരുമാനിച്ചതാണ്.

ശ്രീ. കെ. ബാബു : റൗഫ് കുഞ്ഞാലിക്കുട്ടിയുടെ ബന്ധുവാണ് കൂടെ കിടന്ന് ആളാണ്; അദ്ദേഹം ആരോപണം ഉന്നയിച്ചു എന്ന് പറഞ്ഞു. മുഖ്യമന്ത്രിയുടെ വിശ്വസ്തനായിരുന്ന ഷാജഹാൻ കുറെ ആരോപണങ്ങളുമായി മംഗത്ത് വന്നിട്ടുണ്ട്. അപ്പോൾ ഈ പറഞ്ഞ വാദങ്ങളനുസരിച്ച് അതെല്ലാം ശരിയല്ലേ ?.....(ബഹളം).....

ശ്രീ. സാജു പോൾ : ആര് എന്ത് അഴിമതി വേണമെങ്കിലും ഉന്നയിച്ചോട്ടെ, കേരളത്തിലെ ജനങ്ങൾക്കറിയാം ; ശ്രീ. വി. എസ്. അച്ചുതാനന്ദനെതിരെ നിങ്ങൾ അഴിമതി ആരോപണവുമായി വരുമ്പോൾ സൂര്യതേജസ്സിനെ പഴമുറം കൊണ്ട് മറയ്ക്കാനുള്ള പാഴ്വേല മാത്രമാണ് അത് എന്ന് മാത്രമേ ഞാൻ പറയുന്നുള്ളു. പുതിയ വ്യവസായ സ്ഥാപനങ്ങൾകൊണ്ട് പൊതുമേഖലയെ സമ്പുഷ്ടമാക്കിയതിന് ശ്രീ. എളമരം കരീമിന് എതിരായി ആരോപണം ഉന്നയിച്ചു. കെ.എം.എം.എൽ. പോലെ ടി.സി.സി. പോലെയൊക്കെയുള്ള സ്ഥാപനങ്ങളുള്ള കേരളത്തിൽ മണ്ണായിമം പേമോട് 75,000 രൂപ വച്ച് വാങ്ങിച്ച് അഴിമതി നടത്താനുള്ള വിവരക്കേട് വ്യവസായ വകുപ്പുമന്ത്രിക്കുണ്ടോ ? അതിനേക്കാളൊക്കെ നിങ്ങൾ തന്നെ തുറന്ന് വച്ചിട്ടുള്ള എത്രയോ അവസരങ്ങൾ കേരളത്തിലുണ്ട്. നിങ്ങൾ ഇവിടെ എച്ച്.എം.ടി. ഭൂമി വിവാദം പറഞ്ഞ് നടക്കുന്നു. സുപ്രീം കോടതി വിധിച്ചത് മലയാള മനോരമയിൽ ഉൾപ്പെടെ വന്നു. ആ ഭൂമി വിവാദമുണ്ടാക്കിയ എച്ച്എം.ടി. വീട്ടുകൊടുത്ത സ്ഥലത്ത് എച്ച്.ഡി.ഐ.എൽ.-ന്റെ സൈബർ പാർക്ക് വന്നു ? ബഹുമാന്യനായ മുൻ വ്യവസായ വകുപ്പുമന്ത്രി വി. കെ. ഇബ്രാഹിം കുഞ്ഞ് സാഹിബ് ഉൾപ്പെടെ ഈ ഇരിക്കുന്ന ശ്രീ. എ. എം. യൂസഫ് ഉൾപ്പെടെയുള്ളവർ പങ്കെടുത്തുകൊണ്ട് സൈബർ സിറ്റിയുടെ പരിപാടി നടത്തി. എത്ര കോടി രൂപയുടെ പദ്ധതിയാണ് അത്. നിങ്ങൾ ആക്ഷേപം ഉന്നയിച്ചുകൊണ്ട് വ്യവസായ വകുപ്പുമന്ത്രിയേയും കേരളത്തിന്റെ ഭരണ സംവിധാനങ്ങളെയും പ്രതിക്കൂട്ടിൽ കയറ്റി. പൊതുമേഖലയെ രക്ഷിക്കുകയും പുതിയ സ്ഥാപനങ്ങൾ ആരംഭിക്കുകയുമൊക്കെ ചെയ്ത കേരളത്തിന്റെ വ്യവസായ വകുപ്പുമന്ത്രിയെ കേന്ദ്ര മന്ത്രി ബഹുമാന്യനായ എ. കെ. ആന്റണി ഉൾപ്പെടെയുള്ളവർ പ്രശംസിച്ചപ്പോൾ നിങ്ങൾ അദ്ദേഹത്തെ മോശക്കാരനാക്കാൻ ശ്രമിക്കുകയാണ്. ഈ ഗവൺമെന്റിന്റെ പ്രധാനപ്പെട്ട ഏറ്റവും വലിയ പദ്ധതികൾ നടപ്പിലാക്കേണ്ട അവസാനത്തെ 6 മാസക്കാലം ഡോ. തോമസ് ഐസക്കിനെതിരെ ലോട്ടറി വിവാദമുയർത്തിക്കൊണ്ട് ശ്രീ. വി. ഡി. സതീശനുൾപ്പെടെയുള്ളവർ ഓരോന്നും തടസ്സപ്പെടുത്തുകയാണ്.

സ്ഥിരമായി മാധ്യമ ചർച്ചകളിൽ പങ്കെടുക്കുകയും നിരൂപക വ്യാഘ്രങ്ങളായി കേരളത്തിലെ ജനങ്ങൾക്ക് മുമ്പിൽ ഏറ്റവും വലിയ ആദർശത്തിന്റെ അപ്പോസ്തോലൻമാരായിരുന്നവരാരും ഈ പറഞ്ഞ റൗഫുമാരുടെയും കെ. സുധാകരന്റെയുമൊക്കെ വെളിപ്പെടുത്തലുകൾക്കെതിരെ ചർച്ചയിൽ പങ്കെടുക്കാൻ പോകുന്നില്ലല്ലോ. അപ്പോൾ ഡോ. തോമസ് ഐസകിനെ പോലെയുള്ള ഒരു ധനകാര്യ വകുപ്പുമന്ത്രി കേരളത്തിൽ നടപ്പാക്കിയ പദ്ധതികളെക്കുറിച്ച് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഒരാത്മ പരിശോധന നടത്തണം. അങ്ങ് ഈ നിയമസഭയിൽ 1970-ൽ പുതുപ്പള്ളിയുടെ കുഞ്ഞുഞ്ഞായി വന്നതാണ്. ഞങ്ങൾക്ക് ആ കാര്യത്തിലൊന്നും ഒരു തർക്കവുമില്ല. എന്റെ പിതാവ് ഉൾപ്പെടെയുള്ള ആളുകൾ അന്ന് ഈ സഭയിലുണ്ടായിരുന്നതാണ്. 1970-ലാണ് എന്റെ പിതാവ് പെരുമ്പാവൂരിനെ പ്രതിനിധീകരിച്ചിരുന്നത്. അങ്ങ് ഈ 36 വർഷക്കാലം 1970 മുതൽ 2006 വരെ, അങ്ങയുടെ പേരുകൊത്തി കേരളത്തിൽ എത്ര ശിലാഫലകം വച്ചു എന്നൊരു കണക്ക് എടുക്കണം. 36 വർഷംകൊണ്ട് ശ്രീ. ഉമ്മൻചാണ്ടിയുടെ പേരുകൊത്തിവച്ച ശിലാഫലകങ്ങളെക്കാൾ കൂടുതൽ ഈ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ 57 മാസക്കാലത്തെ ഭരണത്തിനിടയിൽ കേരളത്തിൽ നടപ്പാക്കിയ വിവിധ വികസന പദ്ധതികളിൽ അങ്ങയുടെ പേരുകൊത്തി വച്ചിട്ടുണ്ടാകും. അത്തരത്തിലുള്ള ഒരു ഗവൺമെന്റിനെ നയിക്കുന്ന മുഖ്യമന്ത്രിയാണ് ശ്രീ. വി. എസ്. അച്യുതാനന്ദൻ, ധനകാര്യ വകുപ്പുമന്ത്രിയാണ് ഡോ. തോമസ് ഐസക്, വ്യവസായ വകുപ്പുമന്ത്രിയാണ് ശ്രീ. എളമരം കരീം എന്ന് ഓർക്കുന്നത് നന്നായിരിക്കും. നിങ്ങൾ ഇവിടെ കുറേ ന്യായവാദം നിരത്തി. അപ്പുറത്തിരിക്കുന്ന ആളുകൾ ഏറ്റവും വലിയ കത്തോലിക്കാ മതവിശ്വാസ സമൂഹത്തിൽ ഉൾപ്പെട്ട ആളുകളുണ്ട്, ബൈബിൾ അരച്ചുകലക്കി കുടിച്ച ആളുകളുണ്ട്. "വിരുന്ന് ഭവനത്തേക്കാൾ വിലാപ ഭവനമത്രേ ഉത്തമമെന്ന്" ബൈബിളിൽ പറഞ്ഞിട്ടുണ്ട്. എ.ഐ.സി.സി. ജനറൽ സെക്രട്ടറിയും ഭാവി പ്രധാനമന്ത്രിയുമായി നിങ്ങൾ ഉയർത്തിക്കാട്ടുന്ന ശ്രീ. രാഹുൽ ഗാന്ധി എന്നു പറയുന്ന മാന്യൻ 102 ചേതനയറ്റ ശരീരങ്ങൾ, അയ്യപ്പസ്വാമിമാർ ശബരിമല പുൽമേട് ദുരന്തത്തിൽപ്പെട്ട് കിടക്കുമ്പോൾ എവിടെയായിരുന്നു എന്ന് പരിശോധിക്കണം.

മി. ഡെപ്യൂട്ടി സ്പീക്കർ : ശ്രീ. സാജു പോൾ.....

ശ്രീ. സാജു പോൾ : ആ 102 അയ്യപ്പഭക്തൻമാരുടെ ചേതനയറ്റ മൃതശരീരങ്ങൾ പുൽമേട് ദുരന്തത്തിൽപ്പെട്ട് കിടക്കുമ്പോൾ ശ്രീ. രാഹുൽ ഗാന്ധി ആലപ്പുഴയിലെ കുമരകത്ത് ഏറ്റവും ആർഭാട സുഖസൗകര്യങ്ങളോടുകൂടിയ ചലിക്കുന്ന കൊട്ടാരങ്ങൾപോലെയുള്ള ഹൗസ് ബോട്ടുകളിലും അവിടുത്തെ റിസോർട്ടുകളിലും സുഖിച്ച് നടക്കുകയായിരുന്നു. മാതൃഭൂമി എഴുതിയതാണ് എനിക്ക് ഏറ്റവും ഇഷ്ടപ്പെട്ടത്. അദ്ദേഹം മലയാളി മങ്കമാരുടെ .....(ബഹളം)..... കൈകൊട്ടിക്കളിയും കണ്ടിട്ടാണ് രാഹുൽ ഗാന്ധി കിടന്നതെന്നാണ് പത്രം റിപ്പോർട്ട് ചെയ്തത്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

മി. ഡെപ്യൂട്ടി സ്പീക്കർ : ശ്രീ. സാജു പോൾ, പോയിന്റ് ഓഫ് ഓഡർ.....

ശ്രീ. സാജു പോൾ : ഒന്ന് ആലോചിച്ച് നോക്കൂ സർ.....

ശ്രീ. കെ. ബാബു : പുല്ലുമേട് ദുരന്തമുണ്ടായപ്പോൾ ശ്രീ. രാഹുൽ ഗാന്ധി ഉല്ലസിച്ച് നടക്കുകയായിരുന്നുവെന്ന് പറഞ്ഞത് അടിസ്ഥാനരഹിതമാണ് .....(ബഹളം)..... .....(ബഹളം)..... ശ്രീ. രാഹുൽ ഗാന്ധി പുല്ലുമേട് സന്ദർശിക്കാനാണ് പ്ലാൻ ചെയ്തിരുന്നത്. പക്ഷേ കാലാവസ്ഥ പ്രതികൂലമായതിനാൽ ഹെലികോപ്റ്റർ അവിടെ ചെന്നിട്ട് ലാന്റ് ചെയ്യാൻ പറ്റാതെ തിരിച്ചുപോന്നതാണ്. യഥാർത്ഥ വസ്തുത ഇതായിരിക്കുമ്പോൾ ശ്രീ. സാജു പോൾ പറയുന്നത് സത്യവിരുദ്ധമാണ്. അടിസ്ഥാനരഹിതമാണ്. .....(ബഹളം).....

മി. ഡെപ്യൂട്ടി സ്പീക്കർ : ശ്രീ. സാജു പോൾ അങ്ങ് കണ്ക്ലൂഡ് ചെയ്യുക.

ശ്രീ. രാജു എബ്രഹാം : കാലാവസ്ഥ മോശമായിരുന്നുവെന്ന ശ്രീ. കെ. ബാബുവിന്റെ വാദം തികച്ചും തെറ്റാണ്. അവിടെ കർണ്ണാടക മന്ത്രിമാർ വന്നു നേവിക്കാർ വന്നു. എല്ലാവരും ഹെലികോപ്റ്ററിലാണ് വന്നത്.

മി. ഡെപ്യൂട്ടി സ്പീക്കർ : ശ്രീ. സാജു പോൾ, അങ്ങ് അവസാനിപ്പിക്കുക.

ശ്രീ. സാജു പോൾ : ഒറ്റ മിനിട്ടുകൊണ്ട് അവസാനിപ്പിക്കാം മലയാളത്തിൽ അതിപ്രശസ്തമായ തിരുവാതിരക്കളിയുണ്ട്.

"ഒർത്താവ് ഈശ്വരൻ എന്നല്ലോ

പണ്ട് മുത്തശ്ശി പഠിപ്പിച്ചു

കാലത്തെഴുന്നേറ്റാൽ വന്ദിക്കണം....

കാലുകഴുകി കുടിക്കണം"

മി. ഡെപ്യൂട്ടി സ്പീക്കർ : ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ, അങ്ങേക്ക് സംസാരിക്കാം,

ശ്രീ. സാജു പോൾ : കാലത്തെഴുന്നേറ്റാൽ വന്ദിക്കണം കാലുകഴുകി കുടിക്കണമെന്നാണ്. ഇത്തരം ആളുകളെ കംബുമടക്കി തൊഴിക്കാനുള്ള തയ്യാറെടുപ്പാണ് കേരളത്തിലെ ജനങ്ങൾക്കുണ്ടാകേണ്ടത്. .....(മൈക്ക് ഓഫ്).....

മി. ഡെപ്യൂട്ടി സ്പീക്കർ : ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ, അങ്ങ് സംസാരിക്കണം.

ശ്രീ. സാജു പോൾ : മോദിയുടെ കുഞ്ഞാടിനെപ്പോലെയാണ് യു.ഡി.എഫ്-ന്റെ പല നേതാക്കൻമാരും നടക്കുന്നത്. പക്ഷേ അവരെ കേരളത്തിലെ ജനത തിരിച്ചറിയും എന്നു പറഞ്ഞുകൊണ്ട് നിറുത്തുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, ഞാൻ ഈ വോട്ട് ഓൺ അക്കൗണ്ടിനെ എതിർക്കുകയാണ്. ഇവിടെ പ്രധാനപ്പെട്ട പ്രശ്നം ശ്രീ. വി. എസ്. അച്ചുതാനന്ദന്റെ നേതൃത്വത്തിലുള്ള ഈ ഗവൺമെന്റിന് യഥാർത്ഥത്തിൽ അഴിമതിയുടെ കൂടാരത്തിന് കാവൽ നിൽക്കുന്ന കാവൽക്കാരനെ പോലെയാണ് നമ്മുടെ മുഖ്യമന്ത്രി നിൽക്കുന്നത്. പുന്നപ്ര വയലാർ സമരത്തിന്റെ നായകനും ത്യാഗധനനുമാണ് ശ്രീ. വി. എസ്. അച്ചുതാനന്ദനെന്ന് പറഞ്ഞു. നിങ്ങളുടെ പോളിറ്റ് ബ്യൂറോയിൽ അതൊന്ന് ബോദ്ധ്യപ്പെടുത്തി അദ്ദേഹത്തെ തിരിച്ച് എടുക്കാൻ കഴിയണം. അത് കഴിഞ്ഞില്ലെങ്കിൽ നിങ്ങൾ ഞങ്ങളോട് തർക്കിക്കാൻ വേണ്ടി ഇതൊക്കെ പറയുന്നതാണ്. അതല്ലാതെ നിങ്ങൾക്ക് ഇതിനകത്ത് ഒരാത്മാർത്ഥതയുമില്ല. അവിടെയും നിങ്ങൾ അദ്ദേഹത്തിനെതിരായി പാര വയ്ക്കുകയാണ്. എന്നിട്ട് ഇവിടെവന്ന് ത്യാഗധനൻ.... സൂര്യനാണെന്ന് ഒക്കെ പറഞ്ഞാൽപിന്നെ ആ സൂര്യനെ പോളിറ്റ് ബ്യൂറോയിൽവച്ച് അതിന്റെ വെളിച്ചമെന്ന് കാണാമെന്ന് നിങ്ങൾ എന്തുകൊണ്ട് തീരുമാനിക്കുന്നില്ല. അപ്പോൾ വെറുതെയുള്ള വർത്തമാനമാണ് ഇവിടെ നിങ്ങൾ പറയുന്നത്. ശ്രീ. വി. എസ്. അച്ചുതാനന്ദൻ നിഷേധിയായ ഒരു പാർട്ടിപ്രവർത്തകനാണ് എന്നാണ് നിങ്ങൾ പറയുന്നത്. അതാണ് നിങ്ങൾ അദ്ദേഹത്തിന് കൊടുത്തിട്ടുള്ള നിർവ്വചനം. അതുകൊണ്ട് ഇവിടെ പറയുന്നതെല്ലാം ഒരു കഥയുമില്ലാത്ത കാര്യങ്ങളാണ്. കിളിരൂർ കേസ്സിലെ കുട്ടിയുടെ രക്ഷിതാക്കൾക്ക് ഏതായാലും ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ തന്നെ മണ്ണുലക്ഷം രൂപ കൊടുക്കുന്നതിന് നേതൃത്വം കൊടുത്തത് നന്നായി. നിങ്ങൾ മണ്ണുലക്ഷം രൂപ കൊടുത്താൽ പോരാ, 25 ലക്ഷം രൂപ കൊടുക്കണമായിരുന്നു. ആ പാവപ്പെട്ട ശാരിയെ കൊന്നതിന് ശാരിയുടെ മകൾ സ്നേഹയെ വളർത്താൻ 26 ലക്ഷം രൂപ കൊടുക്കണം. 26 ലക്ഷം രൂപ കൊടുക്കുന്നതിനോടൊപ്പം സ്നേഹ എന്ന കുട്ടിയുടെ ഡി.എൻ.എ. ടെസ്റ്റ് കൂടി നടത്തണം ; എങ്കിൽ ചില മന്ത്രി മന്ദിരങ്ങൾ അടച്ചിടേണ്ടിവരുമായിരുന്നു. അതുകൊണ്ട് ഡി.എൻ.എ. ടെസ്റ്റ് നടത്തി ആരാണ് ഉത്തരവാദിയെന്ന് കണ്ടെത്തണം. ആ ഉത്തരവാദികളുടെ കയ്യിൽ നിന്ന് .....(ബഹളം)..... ഈ തുക ഈടാക്കുന്നതിനുപകരം ഈ പണിക്ക് പോയതിന്റെ കാശും കൂടി കേരളത്തിന്റെ ട്രഷറിയിൽ നിന്ന് കൊടുക്കണമെന്ന് പറയുന്നത് അപാര തൊലിക്കട്ടിയെന്നല്ലാതെ മറ്റെന്താണ് പറയാൻ കഴിയുന്നത്. .....(ബഹളം)..... ഒരു സംശയവുമില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ : പോയിന്റ് ഓഫ് ഓർഡർ.....

ശ്രീ. ആനത്തലവട്ടം ആനന്ദൻ : സർ, പോയിന്റ് ഓഫ് ഓർഡർ. ഇവിടെ .....(ബഹളം)..... ശാരിയുടെ മകളുടെ ഡി.എൻ.എ. ടെസ്റ്റ് നടത്തിയിരുന്നുവെങ്കിൽ ചില മന്ത്രി മന്ദിരങ്ങൾക്കകത്ത് പോലീസുപോയി അടച്ചിടുമെന്ന് പറഞ്ഞു. അന്ന് യു.ഡി.എഫ്.-കാരായിരുന്നു മന്ത്രിമാർ. ഇതിൽ ഏത് മന്ത്രിയുടെ മന്ദിരത്തിലാണ് പോലീസ് വരുന്നതും അടച്ചിടേണ്ടി വരുന്നതും എന്നുള്ള വിവരം ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ പറയണം. നിങ്ങളുടെ കാലത്താണല്ലോ ഇത് നടന്നത്. ആ മന്ത്രിമാർ ആരാണെന്ന് പറയണം. ഇടതുപക്ഷത്ത് ഇപ്പോൾ ഇവിടെ ഇരിക്കുന്നവരാരും അന്ന് മന്ത്രിമാരായിരുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

മി. ഡെപ്യൂട്ടി സ്പീക്കർ : ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ സംസാരിക്കൂ....

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : അപ്പോൾ ഇതിനകത്ത് ഒരു പോയിന്റുമില്ലായെന്ന് അങ്ങേക്കുതന്നെ ബോദ്ധ്യപ്പെട്ടല്ലോ.

മി. ഡെപ്യൂട്ടി സ്പീക്കർ : സംസാരിച്ച് തുടങ്ങിയില്ല.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : ശ്രീ. ആനത്തലവട്ടം ആനന്ദൻ ചോദിച്ചത് നന്നായി. വി.ഐ.പി. എന്നു പറഞ്ഞത് മുഖ്യമന്ത്രിയാണ്. ആ വി.ഐ.പി.-യാണ് ഇതിന്റെയെല്ലാം ഉത്തരവാദിയെന്ന് പറഞ്ഞിരുന്നോ? ആ വി.ഐ.പി.-യെ പിടിക്കണം. ആ വി.ഐ.പി.-യെ പിടിക്കുന്നതിനുവേണ്ടിയാണ് ഈ നടപടിയെടുക്കണമെന്ന് ഞങ്ങൾ പറഞ്ഞത്.

മി. ഡെപ്യൂട്ടി സ്പീക്കർ : ഒരു മിനിട്ട്..... പോയിന്റ് ഓഫ് ഓർഡർ.... എന്താണ് പറയൂ.....

ശ്രീ. വി. എസ്. സുനിൽ കുമാർ : ബഹുമാന്യനായ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ഇവിടെ പ്രസംഗിച്ചപ്പോൾ കിളിരൂർ പെൺവാണിഭക്കേസ്സിലെ പെൺകുട്ടിക്ക് രണ്ടുലക്ഷം രൂപ കൊടുത്തത് മറ്റു പണിക്കുള്ള കൂലിയായിട്ടാണെന്ന് ഇവിടെ പറയുകയുണ്ടായി. അത് വാസ്തവത്തിൽ ആ സ്ത്രീയേയും കുട്ടിയേയും അപമാനിക്കുന്നതിന് തുല്യമായിട്ടുള്ള വാക്കാണ് അദ്ദേഹം ഉപയോഗിച്ചിട്ടുള്ളത്. അത് രേഖയിൽ നിന്ന് നീക്കം ചെയ്യണം.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, ഞാൻ അങ്ങനെ പറഞ്ഞിട്ടില്ല. 25 ലക്ഷംരൂപ കൊടുക്കണമെന്നാണ് ഞാൻ പറഞ്ഞത്. ഇവിടെ എനിക്ക് രണ്ട് പ്രധാനപ്പെട്ട കാര്യങ്ങൾ പറയാനുണ്ട്. ശ്രീ. വി. എസ്. അച്ചുതാനന്ദനെതിരായി ഞങ്ങൾ ആക്ഷേപം പറയുന്നതല്ല. ശ്രീ. വി. എസ്. അച്ചുതാന്ദന്റെ മകനെതിരായി ആക്ഷേപം പറഞ്ഞിരുന്നത് ശ്രീ. കെ. പി. പി. നമ്പ്യാരാണ്. അദ്ദേഹം അന്ന് ഇവിടെ സയൻസ് ആന്റ് ടെക്നോളജിയുടെ ചെയർമാനായിരുന്ന കാലത്ത് അന്ന് എൽ.ഡി.എഫ്. ഗവൺമെന്റായിരുന്നു. കണ്ണൂർ പവ്വർ പ്രോജക്ടിനു വേണ്ടി 75 കോടി രൂപ അദ്ദേഹത്തോട് പ്രതിഫലം ചോദിച്ചുവെന്നു പറഞ്ഞ ഇൻഡ്യൻ എക്സ്പ്രസ്സിലെ വാർത്തയാണ് ഇത്. ഇതേവരെ നിഷേധിച്ചിട്ടില്ല. "ന്യൂ ഇൻഡ്യൻ എക്സ്പ്രസ് കോഴിക്കോട്" 2004 ഏപ്രിൽ മാസം 13-ാം തീയതിയിലെ പത്രത്തിൽ വന്ന കെ.പി.പി. നമ്പ്യാരുടെ പ്രസ്താവനയാണ്. ....(ബഹളം).... അയൽവക്കത്തല്ലേ, ചോദിക്കാമായിരുന്നല്ലോ. നിങ്ങൾക്ക് ചോദിക്കാമല്ലോ. നിങ്ങൾ ചോദിച്ചില്ലല്ലോ. കെ.പി.പി. നമ്പ്യാർ പറഞ്ഞ ആക്ഷേപമാണ്. അതുകൊണ്ട് ഞങ്ങളാണ് ഈ ആക്ഷേപം പറയുന്നതെന്ന തെറ്റിദ്ധാരണ വേണ്ട. പക്ഷേ എനിക്കൊരു ആക്ഷേപമുണ്ട്. ഇവിടെ ഓൺലൈൻ ലോട്ടറി..... ചെറി എന്റർപ്രൈസസ് പ്രൈവറ്റ് ലിമിറ്റഡ് 22-1-2002-ൽ രജിസ്റ്റർ ചെയ്തതാണ്. അവർ എന്ത് ആക്ടിവിറ്റിക്കു വേണ്ടിയാണ് അത് രജിസ്റ്റർ ചെയ്തത്? 'To do business of innovative marketing like online trading and multi level marketing of all mercantile products.' അതാണ് അവരുടെ മെമ്മോറാണ്ടം ഓഫ് അസോസിയേഷനിൽ

പറഞ്ഞിട്ടുള്ള പ്രധാനപ്പെട്ട ലക്ഷ്യം എന്നു പറഞ്ഞാൽ അവർ ഇത് ഉണ്ടാക്കിയത് ഓൺലൈൻ ലോട്ടറിക്കുവേണ്ടിയാണ്. ചെറി എന്റർപ്രൈസസ് എന്നു പറയുന്ന സ്ഥാപനത്തിലെ ഡയറക്ടർ ബോർഡ് അംഗങ്ങളുടെ പേരടങ്ങുന്ന ഫോട്ടോകോപ്പിയാണ് ഇത്. അങ്ങേക്ക് പരിശോധിക്കണമെങ്കിൽ ഞാൻ ഇത് മേശപ്പുറത്ത് വയ്ക്കാം. ഇത് കമ്പനി രജിസ്ട്രാറുടെ കയ്യിലിരിക്കുന്ന ഡോക്യുമെന്റിന്റെ ഫോട്ടോ കോപ്പിയാണ്.

3.00 P.M] സർ, രജനി ബാലചന്ദ്രൻ എന്ന് പറയുന്ന 22-10-1970-ൽ ജനിച്ച ഒരു പെൺകുട്ടി അതിനകത്ത് ഡയറക്ടറാണ്. ആരാണ് ഈ രജനി ബാലചന്ദ്രൻ. ശ്രീ. വി. എസ്. അച്യുതാനന്ദന്റെ മകൻ അരുൺകുമാറിന്റെ ഭാര്യയാണ് രജനി ബാലചന്ദ്രൻ എന്ന് പറയുന്ന ഈ പെൺകുട്ടി. രേഖ പരിശോധിക്കണമെങ്കിൽ പരിശോധിച്ചോ. ഞാൻ രേഖ ഈ മേശപ്പുറത്ത് വയ്ക്കാം. ഓൺലൈൻ ലോട്ടറി നടത്തുന്നതിനുവേണ്ടിയുള്ള മെമ്മോറാണ്ടം ഓഫ് അസോസിയേഷനകത്ത് പ്രധാനപ്പെട്ട ആക്ടിറ്റിവിറ്റി എന്ന് പറഞ്ഞ് കമ്പനി രജിസ്ട്രാറുടെ മുന്നിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ചെറി എന്റർപ്രൈസസ് എന്ന് പറയുന്ന സ്ഥാപനത്തിന്റെ ഡയറക്ടർ ബോർഡ് മെമ്പർ ആയിരിക്കുന്നത് നമ്മുടെ ഇന്നത്തെ മുഖ്യമന്ത്രിയുടെ daughter-in-law ആത്മാർത്ഥതയെ ചോദ്യം ചെയ്തത് അവിടെയാണ്. ഇതൊക്കെ ഡോക്യുമെന്റാണ്. സംസാരിക്കുന്ന രേഖകളാണ്. ഇതിനെക്കുറിച്ച് അന്വേഷണം നടത്തണം. ഓൺലൈൻ ലോട്ടറി ഈ സംസ്ഥാനത്ത് നിരോധിക്കുന്ന സന്ദർഭത്തിൽ സംസ്ഥാനത്തൊട്ടാകെ ജനങ്ങൾ അതിനനുകൂലമായി നിന്നപ്പോൾ ഈ സംസ്ഥാനത്തെ ഇതുപോലെ വഞ്ചിച്ചിട്ടുള്ള നടപടി മറ്റേതെങ്കിലും ഉണ്ടോ ? ഒന്ന് പരിശോധിച്ചുനോക്കു. നിങ്ങൾ ഈ രേഖ പരിശോധിക്കു. എന്നോട് ചോദ്യം ചോദിക്കുന്ന ആർക്കും ഞാൻ ഈ രേഖ തരാൻ തയ്യാറാണ്. നിങ്ങൾ രേഖ പരിശോധിച്ചു നോക്കു. രേഖ പരിശോധിച്ചതിനുശേഷം വേണം ഈ കാര്യത്തെ കുറിച്ച് പറയാൻ.

ശ്രീ. പി. ജയരാജൻ : ഒന്ന് വഴങ്ങുമോ ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താങ്കൾ പോയിന്റ് ഓഫ് ഓർഡർ ചോദിച്ചോ. എന്റെ സമയത്ത് പറ്റില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ : ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ തന്നെ പറഞ്ഞു പോയിന്റ് ഓഫ് ഓർഡർ ചോദിക്കാൻ.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : അത് എന്റെ ഒരു പരിചയംകൊണ്ട് പറയുന്നതാണ്. അദ്ദേഹത്തോട് എനിക്ക് ഇഷ്ടമാണ്. അങ്ങ് ചോദിച്ചോളൂ.

ശ്രീ. പി. ജയരാജൻ : സർ, ഇവിടെ സഖാവ് വി. എസ്. അച്യുതാനന്ദനുമായി ബന്ധപ്പെട്ട ഈ ആക്ഷേപമൊക്കെ കഴിഞ്ഞ നിയമസഭയുടെ കാലത്ത്, നിങ്ങളൊക്കെ ഭരണപക്ഷത്തുള്ള സമയത്ത് ഉന്നയിച്ചതും സഖാവ് വി. എസ്. അച്യുതാനന്ദൻ വ്യക്തമായിട്ട് മറുപടി പറഞ്ഞതുമാണ്. അന്ന് മറുപടി പറഞ്ഞപ്പോൾ നിങ്ങൾക്ക് ആ മറുപടി ശരിയല്ലെങ്കിൽ നിങ്ങൾ പറയുമായിരുന്നല്ലോ. ഇപ്പോൾ സഖാവ് വി. എസ്. അച്യുതാനന്ദൻ അത് വ്യക്തമായിട്ട് നിഷേധിച്ചിട്ടുള്ളതാണ്. ആ കാര്യങ്ങൾക്ക് അന്ന് തൃപ്തികരമായിട്ടുള്ള മറുപടിയും പറഞ്ഞതാണ്. ഇന്ന് വീണ്ടും അത് ഉന്നയിക്കുന്നതിൽ എന്താ അർത്ഥമുള്ളത് ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : അങ്ങ് പറഞ്ഞപ്പോൾ കറണ്ടുപോലും പോയി. ഞാൻ പറഞ്ഞുവന്നത്, അങ്ങ് ഞങ്ങൾ ഉന്നയിച്ചതുകൂടി കേട്ടുകൊണ്ടാണ് അങ്ങും ഞങ്ങളോട് യോജിച്ചുകൊണ്ട് ശ്രീ. വി. എസ്. അച്ചുതാനന്ദൻ കുങ്കുമം ചുമക്കുന്ന കഴുതയാണെന്ന് നേരത്തെ പ്രസ്താവിച്ചത്. അത് ഈ സഭാ രേഖകളിൽ കിടപ്പുണ്ട്. അത് അവിടെ നിന്നോട്ടേ അത് പാർട്ടി കമ്മിറ്റിയിൽ പറഞ്ഞതാണ്. അതും ഞങ്ങൾ സംസാരിച്ചിട്ടുള്ളതാണ്.

ശ്രീ. പി. ജയരാജൻ : സർ, ഇവിടെ എനിക്കെതിരായിട്ട് വളരെ ഗുരുതരമായിട്ടുള്ള ആക്ഷേപമാണ് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ഉന്നയിച്ചത്. ഈ സഭാരേഖയിൽ സഖാവ് വി. എസ്. അച്ചുതാനന്ദനെ വിമർശിച്ചുകൊണ്ടുള്ള യാതൊരു കാര്യവും ഞാൻ പറഞ്ഞതായി ഞാൻ രേഖപ്പെടുത്തിയിട്ടില്ല. ഇങ്ങനെ തെറ്റായിട്ടുള്ള ഒരു ആക്ഷേപം ഉന്നയിക്കുന്നത് ശരിയല്ല. ഇവിടെ സഖാവ് വി. എസ്. അച്ചുതാനന്ദനെ വിമർശിച്ചുകൊണ്ട് യാതൊരുകാര്യവും സഭയ്ക്ക് അകത്തും പുറത്തും ഞാൻ പറഞ്ഞിട്ടില്ല. ഞാൻ നിഷേധിക്കുകയാണ്. വീണ്ടും ആവർത്തിക്കുന്നത് ശരിയല്ല.

മി. ഡെപ്യൂട്ടി സ്പീക്കർ : യെസ്, ശ്രീ. പി. ജയരാജൻ നിഷേധിച്ചു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, അതുകൊണ്ട് ഞാൻ പറയുന്നു ഞങ്ങൾ ഈ കാര്യങ്ങളൊക്കെ ഈ രൂപത്തിൽ പറഞ്ഞിട്ടുള്ളതാണ്.

ശ്രീ. വി. ഡി. സതീശൻ : സർ, അങ്ങ് ചെറി എന്റർപ്രൈസസ് എന്ന കമ്പനി ഇൻകോർപ്പറേറ്റ് ചെയ്ത കാര്യമാണ് ഇവിടെ പറഞ്ഞുകൊണ്ടിരിക്കുന്നത്. ഇന്നലെ രാത്രി ഏഷ്യാനെറ്റ് ചാനലിൽ ശ്രീ. അരുൺകുമാർ വന്ന് എന്നോടും പ്രേക്ഷകരോടും ചെറി എന്റർപ്രൈസസ് എന്ന് പറയുന്ന സ്ഥാപനം കമ്പ്യൂട്ടറിന്റെ സ്പെയർ പാർട്സ് വിറ്റിരുന്ന സ്ഥാപനമാണെന്ന് പറഞ്ഞു. അവർ ഓൺലൈൻ ലോട്ടറി ബിസിനസ് തുടങ്ങിയപ്പോൾ അദ്ദേഹത്തിന്റെ ഭാര്യ അതിനകത്തു നിന്നും രാജിവച്ചുപോന്നുവെന്നാണ്. അങ്ങ് ഇവിടെ വായിച്ച കമ്പനിയുടെ മെമ്മോറാണ്ടത്തിൽ ആ കമ്പനി ഇൻകോർപ്പറേറ്റ് ചെയ്ത അതേ സമയത്തു തന്നെ ആ കമ്പനിയുടെ പ്രധാനപ്പെട്ട ലക്ഷ്യങ്ങളിലൊന്ന് ഓൺലൈൻ ലോട്ടറി ബിസിനസ് ആണെന്ന് പറഞ്ഞിരിക്കുകയാണ്. ശ്രീ. അരുൺകുമാർ പറഞ്ഞതും ഇതും തമ്മിൽ വല്ല ബന്ധവും ഉണ്ടോ ? യഥാർത്ഥത്തിൽ ഓൺലൈൻ ലോട്ടറി ബിസിനസ് തുടങ്ങാൻ വേണ്ടിയിട്ടാണ് ഈ ചെറി എന്റർപ്രൈസ് എന്ന് പറയുന്ന കമ്പനി ഇൻകോർപ്പറേറ്റ് ചെയ്തതുതന്നെ.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : ശ്രീ. വി. ഡി. സതീശൻ, ഞാൻ ഒരു കാര്യം കൂടി പറയാം. ഇവർ പറയുന്ന മെമ്മോറാണ്ടം ഓഫ് അസോസിയേഷനിലെ അവരുടെ ആദ്യത്തെ ലക്ഷ്യം, 'to do business of innovative marketing like online lottery. ഒന്നാമത്തെ ലക്ഷ്യമാണ്. രണ്ടാമത്തേതല്ല.

ഇവിടെ എനിക്ക് ഒരു കാര്യം കൂടി പറയാനുണ്ട്. നമ്മുടെ സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളെ വിറ്റ് തുലയ്ക്കുന്നത് ശരിയാണോ ? വൈറ്റമിൻ എ പ്ലാന്റ് നമ്മുടെ ധനകാര്യ വകുപ്പുമന്ത്രിയുടെ നിയോജക മണ്ഡലത്തിലാണ്.

ഏതാണ്ട് പതിനേഴ് കോടി രൂപ വൈറ്റമിൻ എ പ്ലാന്റിനും ഫോർമുലേഷൻ പ്ലാന്റിനും വേണ്ടി മുടക്കിയിട്ടുണ്ട്. പിന്നീട് കോംപറ്റീഷൻ കൊണ്ട് ആ കമ്പനിക്ക് പിടിച്ചുനിൽക്കാൻ പറ്റിയില്ല. 300 കോടി രൂപയുടെ പദ്ധതിക്കു വേണ്ടി നാഷണൽ ഡയറി ഡവലപ്മെന്റ് ബോർഡുമായി ചേർന്ന് ഒരു പദ്ധതിയിട്ടു. അന്ന് നമ്മുടെ ഇപ്പോഴത്തെ മുഖ്യമന്ത്രി പറഞ്ഞു ഇതിന് മുപ്പത്തിയെട്ടു കോടി രൂപ വരുന്നതാണ്. അതുകൊണ്ട് ഈ ഏർപ്പാട് പറ്റില്ലായെന്ന്. അതുകൊണ്ട് അവസാനിപ്പിക്കണമെന്ന് പറഞ്ഞു. തൊഴിലാളികൾ ഈ പറയുന്ന മാറ്റത്തിനുവേണ്ടി തയ്യാറായിരുന്നു. ഇരുപത് ഇരുപത്തിരണ്ട് പ്രാവശ്യം തൊഴിലാളികളുമായി ചർച്ച ചെയ്തു. ശ്രീ. വി. എസ്. അച്ചുതാനന്ദൻ അവസാനത്തെ യോഗത്തിൽ എം.എൽ.എ. എന്നുള്ള നിലയിൽ പങ്കെടുത്തു. പങ്കെടുത്തതിനുശേഷം അദ്ദേഹം പറഞ്ഞു ഇത് സാദ്ധ്യമല്ല. ഇത് നടത്താൻ പറ്റില്ല. നടത്തിയില്ല. ഈ പ്ലാന്റിന് ഇപ്പോൾ 25 കോടി രൂപയെങ്കിലും മതിപ്പു വില വരുമെന്നാണ് വിദഗ്ദ്ധൻമാർ പറയുന്നത്. ഈ ഫാക്ടറി 4 കോടി രൂപയ്ക്ക്, സ്ക്രാപ്പ് വിലയ്ക്ക് ഒരു ബോംബെ കമ്പനിക്ക് വിൽക്കാൻ വേണ്ടി ഈ ഗവൺമെന്റ് കച്ചവടം ഉറപ്പിച്ച് അതിന്റെ കരാറിലേക്ക് എത്തിക്കൊണ്ടിരിക്കുകയാണ്. 26 കോടി രൂപ വിലവരും എന്ന് വിദഗ്ദ്ധൻമാർ പറഞ്ഞിട്ടുള്ള ഒരു പൊതുമേഖലാ സ്ഥാപനത്തിന്റെ മെഷീനും എല്ലാം തന്നെ ഒരു ബോംബെ കമ്പനിക്കുവേണ്ടി ഒരു മാർവാഡിക്ക് വിൽക്കാൻ ഏർപ്പാടാക്കുകയാണ്. ഈ മാർവാഡിയെ ഹെൽത്ത് ഡിപ്പാർട്ടുമെന്റിന് അറിയാം. വൈറ്റമിൻ എ ടാബ്ലറ്റ്സും വൈറ്റമിൻ എ ഫ്ളൂയിഡും നമ്മൾ വാങ്ങിക്കുന്നത് അവരുടെ കൈയിൽ നിന്നാണ്. അവരുടെ കച്ചവടം മുറുകി മുറുകി അവസാനം ഈ കമ്പനി തന്നെ അവരെ ഏൽപ്പിച്ച് നാല് കോടി രൂപ വസൂലാക്കുന്നതിനു വേണ്ടിയുള്ള നടപടി നടക്കുകയാണ്. ഇവിടെ ബീറ്റാ ലാക്ടം പ്ലാന്റ് ആരംഭിക്കണം അതിനുവേണ്ടി 36 കോടിരൂപ മുടക്കണം. ആ പ്ലാനുമായിട്ടാണ് അവർ പോയത്. കൺസൾട്ടൻസിയെ നിങ്ങൾ തീരുമാനിച്ചു. ആ കൺസൾട്ടൻസിക്കു വേണ്ടി 119 ലക്ഷം രൂപ കൊടുക്കാമെന്ന് കരാറിനകത്ത് ഒപ്പിട്ടു. ആ കൺസൾട്ടൻസിക്ക് കൊടുക്കാനുള്ള 119 ലക്ഷം രൂപയും നിങ്ങൾ ഇതിനോടകം കൊടുത്തു കഴിഞ്ഞിട്ടില്ലേ ? പത്ത് കോടി രൂപ ചെലവിട്ടാൽ ഈ ബീറ്റാ ലാക്ടം പ്ലാന്റ് ഇപ്പോൾ നിലവിലുള്ള ഈ ഫാക്ടറിയിൽ തന്നെ ഉൽപ്പാദിപ്പിക്കാമെന്നിരിക്കെ ഇത് ഈ ബോംബെ കമ്പനിക്ക് നാല് കോടി രൂപയ്ക്ക് വിറ്റ് നമ്മുടെ ഈ സംസ്ഥാനത്തിന് എത്ര കോടി രൂപയാണ് നഷ്ടമുണ്ടാക്കിക്കൊണ്ടിരിക്കുന്നത്. അതുകൊണ്ട് അങ്ങ് ഇത് നോക്കുക. അങ്ങയെക്കുറിച്ച് ഞാൻ വേറെ ഒന്നും പറയുന്നില്ല. ഞാൻ ഒരു കാര്യം പറയാം. അങ്ങ് കയറിനകത്ത് ഡോക്ടറേറ്റുള്ള ആളാണ്. അങ്ങ് എൽ.ഡി.എഫ്.-നെ തൂക്കാനുള്ള കയറും ഇന്ന് പിരിച്ചെടുക്കും എന്നുതന്നെ എനിക്ക് നല്ല ഉറപ്പാണ്. അതുകൊണ്ട് ഇവിടെ ഈ കച്ചവടം അവസാനിപ്പിക്കണം. ഇറങ്ങുന്നതിന് മുമ്പ് മുപ്പിറക്കി കിട്ടിയതെല്ലാം വിറ്റുതുലച്ച് കയ്യിൽ കിട്ടുന്നതുമായി പോകുന്ന ഒരു സമ്പ്രദായം ശരിയല്ല.

LIBRARY ARCHIVES Kerala Legislative Assembly

നിങ്ങൾ ഇവിടെ പൊതുമേഖലാ സ്ഥാപനങ്ങളുടെ വളർച്ചയെക്കുറിച്ചൊക്കെ പറയുന്നുണ്ട്. നാട്ടകം പോർട്ട് ഏഴ് കോടി നാല്പത് ലക്ഷം രൂപയ്ക്ക് ഇന്ത്യാ ഗവൺമെന്റിന് അസൈഡ് [ASIDE] എന്ന് പറയുന്ന പദ്ധതിക്കകത്ത് കിട്ടിയതാണ്. ആ അസൈഡ് എന്ന് പറയുന്ന പദ്ധതിയിൽ കിട്ടിയ ഏഴ് കോടി നാല്പത് ലക്ഷം രൂപയിൽ 180 ലക്ഷം രൂപ ഷെയറാക്കി നിങ്ങൾ വച്ചു. ഏഴ് സ്വകാര്യ വ്യക്തികൾ ചേർന്നുണ്ടാക്കിയ ഈ പോർട്ടിൽ അവർ മുടക്കിയപ്പോൾ അതിന് തൊട്ടുതാഴെ 180 ലക്ഷം രൂപ ഈ അസൈഡ്-ന് നമുക്ക് കിട്ടിയ തുകയ്ക്കകത്ത് നിന്നും ചേർത്തു വച്ചു. ബാക്കിയുള്ള തുക നിങ്ങൾ എന്തു ചെയ്തു എന്ന് വ്യക്തമാക്കണം. കൊട്ടിഘോഷിച്ച് ഉദ്ഘാടനത്തിന് നടക്കുന്ന ഈ മന്ത്രിമാർക്ക് ചില്ലി പൈസ ഈയിനത്തിൽ ചെലവില്ല. ഈ സംസ്ഥാനത്തെ തെറ്റിക്കുന്ന ചില കഥകളാണ് പുറത്തുവന്നുകൊണ്ടിരിക്കുന്നത്. ഈ സംസ്ഥാനത്തെ ജനങ്ങൾ അറിയാത്ത ഒരു ഭാഗമുണ്ട്. സപ്ലിമെന്റ് മാത്രമേ ആളുകൾ കാണൂ. അതിന്റെ പിന്നിൽ നടക്കുന്ന ഈ ദുർവൃത്തികൾ നാട്ടിലെ ആളുകൾ അറിയണം. അസൈഡ്-ൽ നിന്നും കിട്ടിയ കേന്ദ്ര ഗവൺമെന്റ് ധനസഹായം വ്യത്യസ്തമായ കാര്യങ്ങൾക്കാണ് വിനിയോഗിക്കുന്നത്. പിന്നെ എങ്ങനെ ഈ വോട്ട് ഓൺ അക്കൗണ്ടിനെ പിന്തുണയ്ക്കും, ഈ വോട്ട് ഓൺ അക്കൗണ്ടിനെ പിൻതുണയ്ക്കാൻ സാദ്ധ്യമല്ല. ഇറങ്ങിപ്പോകുന്നതിനുമുമ്പ് മുപ്പിറക്കിക്കൊണ്ടിരിക്കുന്ന ഒരു പുറം കൊള്ള സംഘത്തെ സഹായിക്കുന്നതിനുവേണ്ടി ഉണ്ടാക്കിയിട്ടുള്ള ഈ വോട്ട് ഓൺ അക്കൗണ്ടിനെ ഞാൻ നൂറ് ശതമാനവും എതിർക്കുകയാണ്.

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്) : സർ, തെരഞ്ഞെടുപ്പ് കഴിഞ്ഞ് അടുത്ത സർക്കാർ മേയ് മാസത്തിലാണ് അധികാരമേൽക്കുന്നത്. അതുവരെയുള്ള ഏപ്രിൽ, മേയ്, ജൂൺ മാസത്തേക്കുള്ള സർക്കാരിന്റെ ചെലവുകൾ നടത്താനുള്ള തുകയ്ക്കുള്ള അഭ്യർത്ഥനയാണ് സഭയിൽ പരിഗണിച്ചുകൊണ്ടിരിക്കുന്നത്. ഞാൻ അതിന്റെ വിശദാംശങ്ങളിലേക്ക് പോകുന്നില്ല. കാരണം, അതിന്റെ ചുരുക്കം കാര്യങ്ങൾ മാത്രമേ ആരെങ്കിലും എന്തെങ്കിലും പറഞ്ഞിട്ടുള്ളൂ. പക്ഷേ ഒരു കാര്യം പറയാം. ഇന്ന് ഇപ്പോൾ പ്രതിപക്ഷം പരിഹസിക്കാൻ ശ്രമിക്കുന്ന ഉദ്ഘാടനങ്ങളിൽ എന്തെങ്കിലും ഉള്ളതുകൊണ്ടാണ് ഉദ്ഘാടനം നടത്തുന്നത്. ശ്രീ. ജോസഫ് എം. പുതുശ്ശേരി പറഞ്ഞ പാലത്തിന്റെ കാര്യം നോക്കാം. ഒരു പ്രതിപക്ഷ എം.എൽ.എ. പാലത്തിന്റെ ഇൻവെസ്റ്റിഗേഷന്റെ ഉദ്ഘാടനത്തിന് ബഹുമാനപ്പെട്ട സ്പീക്കറെ ക്ഷണിച്ചു. അത്രയും എനിക്കറിയാം. നിങ്ങൾ എന്തെല്ലാം പറഞ്ഞാലും ചില പത്രങ്ങൾ എത്ര എഡിറ്റോറിയൽ എഴുതിയാലും രണ്ടുമാസം കഴിയട്ടെ, കേരളത്തിൽ പി.ഡബ്ല്യു.ഡി.-യുടെ മെയിന്റനൻസ് നടത്താത്ത, പുതുക്കിപ്പണിയാത്ത ഒരു റോഡും ഉണ്ടാവില്ല. ഇപ്പോൾ ഇവിടെ ഉദ്ഘാടനം ചെയ്യപ്പെടുന്ന കെട്ടിടങ്ങൾ, സ്ഥാപനങ്ങൾ കൂടാതെ ഒരു വർഷം കൊണ്ട് എട്ട് പൊതുമേഖലാ സ്ഥാപനങ്ങൾ പണി തീർത്തു. അത് സമ്മതിക്കണം. തിരുവനന്തപുരത്ത് രണ്ട് വലിയ ഭീമൻ ടവറുകൾ പണിതീർത്തു. ചിലപ്പോൾ അത്യാവശ്യം ഫർണിഷിംഗ് നടത്തിയിട്ടുണ്ടാകില്ല. ആയിക്കോട്ടെ എന്നാലും തീർന്നല്ലോ. കേരളത്തിൽ ഏതെങ്കിലും കാലത്ത് ഒരു ഭരണത്തിന്റെ അവസാനത്തിൽ ഇതുപോലൊരു അനുഭവം ഉണ്ടായിട്ടുണ്ടോ ? ഈ 6-ാം തീയതി ഉദ്ഘാടനം നിശ്ചയിച്ചിരിക്കുന്ന ചമ്രവട്ടം പദ്ധതി 156 കോടി

LIBRARY ARCHIVES Kerala Legislative Assembly

രൂപയുടേതാണ്. ഒന്നര വർഷത്തിൽത്താഴെ സമയമെടുത്ത് പണി തീർത്തതാണ്. ഇതൊക്കെ കേരളം ആകെ മാറിയതിന്റെ തെളിവല്ലേ ? നമ്മുടെ നിർവ്വഹണരംഗത്ത് പ്രശ്നങ്ങളൊക്കെ ഉണ്ടെങ്കിലും ഒരു പുതിയ അദ്ധ്യായം തുറന്നിട്ടുണ്ട്. ഈ ഒരു സമീപനം മുന്നോട്ടുകൊണ്ടുപോകുന്നതിനുള്ള ബഡ്ജറ്റിന്റെ വോട്ട് ഓൺ അക്കൗണ്ടാണ് ഞാൻ ഇവിടെ അവതരിപ്പിക്കുന്നത്.

കഴിഞ്ഞ ദിവസം പാമോലിൻ കേസ് സംബന്ധിച്ച് ധനവകുപ്പിന്റെ നോട്ട് ഫയൽ മേശപ്പുറത്ത് വയ്ക്കാമോ എന്ന് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ചോദിച്ചു. ഞാൻ വയ്ക്കാമെന്ന് പറഞ്ഞു ഇന്ന് വച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ കൈയിൽ അതിന്റെ കോപ്പിയുണ്ട്. ആദ്യം ഞാൻ പറയാൻ ഉദ്ദേശിക്കുന്ന കാര്യം, പ്രതിപക്ഷ നേതാവ് പറഞ്ഞതുപോലെ ദീർഘനാൾ ചർച്ച ചെയ്തിട്ടുള്ള പ്രശ്നമാണ്, ഈ സഭയിൽ നൂറിലേറെ പേജുവരുന്ന ഡിസ്കഷൻ നടത്തിയിട്ടും എന്തുകൊണ്ടാണ് ഫിനാൻസ് ഡിപ്പാർട്ടുമെന്റ് നോട്ട് ഫയൽ സഭയുടെ മേശപ്പുറത്ത് വയ്ക്കാതിരുന്നത്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് വിശദീകരിക്കുമോ ; ആദ്യമറിയിട്ടല്ലേ സഭയിൽ ഇത് വയ്ക്കുന്നത്. ഈ കേസ്സിലെ ഏറ്റവും നിർണ്ണായകമായിട്ടുള്ള ഫയൽ അതാണ്.

പ്രതിപക്ഷ നേതാവ് (ശ്രീ. ഉമ്മൻ ചാണ്ടി) : സർ, ഫിനാൻസിന്റെ നോട്ട് ഫയൽ വയ്ക്കാൻ ആരും ആവശ്യപ്പെട്ടിട്ടില്ല. ഒരു സ്റ്റേജിലും ഇങ്ങനെയൊരു ആവശ്യം ഉന്നയിച്ചിട്ടില്ല. സാധാരണ ഗവൺമെന്റിന്റെ ഫയലേ വയ്ക്കുകയുള്ളൂ. പക്ഷേ ശ്രീ. ബേബിജോൺ, ഞങ്ങൾക്ക് സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ ഫയൽ കൂടി കിട്ടിയാലെ കാര്യങ്ങൾ മനസ്സിലാകുകയുള്ളൂ. എന്നു പറഞ്ഞതനുസരിച്ച് സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ ഫയലും മേശപ്പുറത്ത് വച്ചു. ഫിനാൻസിന്റെ നോട്ട് ഫയൽ വിജിലൻസിന് ആവശ്യമായിരുന്നു. വിജിലൻസ് വന്ന് അന്നേരം തന്നെ എടുത്തുകൊണ്ടുപോയി. ആ ഫയൽ പിന്നീട് വിജിലൻസിന്റെ കൈയിലായിരുന്നു.

ഡോ. ടി. എം. തോമസ് ഐസക് : അങ്ങേക്ക് എന്നെപ്പറ്റിയെന്നെ അറിയാമല്ലോ. ഫിനാൻസ് ഡിപ്പാർട്ടുമെന്റ് നോട്ട്ഫയലിൽ നിന്ന് എന്തെങ്കിലും പുറത്തു കൊടുക്കുകയാണെങ്കിൽ ഫോട്ടോകോപ്പി എടുത്തിട്ടല്ലാതെ കൊടുക്കുകയില്ല. അപ്പോൾ അത് അവിടെയുണ്ട്. അങ്ങ് പറഞ്ഞത് വളരെ സുതാര്യമായിട്ടുള്ള രേഖകളൊക്കെ സഭയിൽ വച്ചു എന്നാണ്. ഞാൻ പറയുന്നത് ഏറ്റവും നിർണ്ണായകമായ രേഖ വച്ചിട്ടില്ല. ഞാൻ പറയാം. കാരണം അഡ്മിനിസ്ട്രേറ്റീവ് ഡിപ്പാർട്ടുമെന്റിന്റെ ഫയലിൽ ഫിനാൻസിന്റെ ഫൈൻഡിംഗ് എഴുതിച്ചേർക്കാൻ സന്ദർഭം കൊടുത്തില്ല. ഫിനാൻസ് ഡിപ്പോർട്ട്മെന്റ് കൃത്യമായി എണ്ണിയെണ്ണി പറഞ്ഞ കാര്യങ്ങൾ ഇന്നു ഞാൻ പറയാം. ഒന്ന് ക്യാബിനറ്റിൽ വയ്ക്കുന്നതിനു മുമ്പ് ഇത് ഫിനാൻസ് കണ്ടില്ല. രണ്ട് വില നിശ്ചയിക്കാതെയും ജി.ഒ. ഇറങ്ങുന്നതിന് മുമ്പ് കരാർ ഒപ്പിട്ടു. Most improper. കേന്ദ്ര സർക്കാർ പറഞ്ഞ ദിവസം എസ്.റ്റി.സി. വാങ്ങിയ വിലയ്ക്ക് അതല്ലെങ്കിൽ മുമ്പുള്ള മൂപ്പതു ദിവസത്തെ ശരാശരി വിലയ്ക്ക് എസ്.റ്റി.സി-യുടെ ഇൻഡികേറ്റീവ് പ്രൈസ് വച്ച് കരാർ ഒപ്പിട്ടു. 15% വരെ കമ്മീഷൻ കൊടുക്കാമെന്നു പറഞ്ഞത് അതിൽ തന്നെ നിശ്ചയിച്ചു. ഈ 15% മൊത്തം സർവ്വീസിനായി നിശ്ചയിച്ചിട്ടും കരാറിൽ

LIBRARY ARCHIVES Kerala Legislative Assembly

പറയാത്ത ഹാന്റ്ലിംഗ് ചാർജസ് നൽകുന്നതിനുവേണ്ടി മാല ഇൻഡസ്ട്രീസിന് 40 ലക്ഷം രൂപ വേറെ കൊടുത്തു. അത് ഈ കരാറിൽ ഇല്ല. ഇതൊക്കെയാണ് ഫിനാൻസ് ചൂണ്ടിക്കാണിച്ചിട്ടുള്ള കാര്യങ്ങൾ. അതിനാൽ ജിഒ ഇറക്കുന്നതിനു മുമ്പ് ഫിനാൻസിനെ കാണിച്ചില്ല. അങ്ങനെ എഗ്രിമെന്റ് വന്നു. റാറ്റിഫിക്കേഷന് വന്നപ്പോൾ ബാക്ക് ഫയൽ വേണമെന്ന് ഫിനാൻസ് ആവശ്യപ്പെട്ടു. അങ്ങനെയാണ് ബാക്ക് ഫയൽ ഫിനാൻസിൽ വരുന്നത്. ബാക്ക് ഫയൽ അയച്ച് രണ്ടു ദിവസം കഴിഞ്ഞപ്പോൾ ഇറക്കുമതി വരികയാണ്, ഫയൽ അടിയന്തരമായി തിരിച്ചുതരണം എന്ന് ഭക്ഷ്യവകുപ്പ് ആവശ്യപ്പെട്ടു. അങ്ങ് പറഞ്ഞു ഏതോ അണ്ടർ സെക്രട്ടറി എഴുതിയ സാധനമാണെന്ന്. അണ്ടർ സെക്രട്ടറി മാത്രമല്ല എൻ. വി. മാധവൻ, എക്സ്പെൻഡിച്ചർ സെക്രട്ടറിയാണ് ഫോർ ഓർഡേഴ്സ്, അങ്ങേക്ക് സമർപ്പിച്ചോട്ടേ എന്നു പറഞ്ഞ് സമർപ്പിച്ചത്. യഥാർത്ഥത്തിൽ എക്സ്പെൻഡിച്ചർ സെക്രട്ടറിക്ക്, നേരിട്ട് ഫയൽ മന്ത്രിക്ക് തരാവുന്നതാണ്. ഫിനാൻസിലെ മുഴുവൻ പ്രോസസിംഗ് പൂർത്തിയാക്കിയിട്ടുള്ള അഭിപ്രായമായിരുന്നു ആ ഫയലിൽ രേഖപ്പെടുത്തിയിരുന്നത്.

ശ്രീ. ഉമ്മൻ ചാണ്ടി : സർ, ഫിനാൻസിന്റെ നോട്ട് ഫയൽ ഏതെങ്കിലും സ്റ്റേജിൽ എനിക്ക് അയയ്ക്കുകയോ ഞാൻ അത് കാണുകയോ ചെയ്തിട്ടുണ്ടെന്ന് അങ്ങേക്ക് പറയാമോ ?

ഡോ. ടി. എം. തോമസ് ഐസക് :അങ്ങനെ അയയ്ക്കാൻ വേണ്ടി തീരുമാനിക്കുന്നു. റിക്വസ്റ്റ് ചോദിക്കുന്നു. ആ സന്ദർഭത്തിൽ ഭക്ഷ്യ വകുപ്പ് ഫയൽ ആവശ്യപ്പെട്ടതനുസരിച്ച് ഫിനാൻസിന്റെ അഭിപ്രായം രേഖപ്പെടുത്താൻ പോലും സമ്മതിക്കാതെ കൊണ്ടുപോയി. അങ്ങ് പറയുന്നത് അങ്ങ് നോട്ട് ഫയൽ കണ്ടിട്ടില്ല, അറിഞ്ഞിട്ടില്ല, നോക്കിയിട്ടില്ല. ആയിക്കോട്ടെ ആ ഫയലിൽ ആദ്യത്തെ നാല് രേഖകൾ സിഐ. കമ്മോഡിറ്റീസ് എന്നു പറയുന്ന സ്ഥാപനം അങ്ങേക്ക് അയച്ച ടെലക്സ് മെസ്സേജുകളാണ്. ആ ടെലക്സ് മെസ്സേജുകളിൽ അവർ പറയുന്നത് നവംബർ 27-ന് ഞങ്ങൾ ടെലക്സ് അയച്ചിരുന്നു. ഒരുപക്ഷേ, അങ്ങേക്ക് പറയാം ഞങ്ങൾ കണ്ടില്ല, അങ്ങ് കണ്ടില്ല. കാരണം ചീഫ് സെക്രട്ടറിക്കാണ് അയച്ചത്. അവിടെ നിന്ന് ചീഫ് മിനിസ്റ്റർക്കാണ് അയച്ചത്. ഫിനാൻസ് മന്ത്രിക്ക് ഇല്ല. അതിൽ ക്വാട്ട് ചെയ്തിരുന്നത് 387 ഡോളറാണ്, ഇപ്പോൾ ക്വാട്ട് ചെയ്യുന്നത് 395-നാണ് അപ്പോൾ 387 ഡോളറിന്റെ ഓഫർ വന്നിരുന്നു. തിരക്കുപിടിച്ച് ഫിനാൻസ് പോലും നോക്കാതെ സെക്രട്ടറി ഒപ്പിടുന്നു. അന്നുതന്നെ ഭക്ഷ്യമന്ത്രി ഒപ്പിടുന്നു. അന്നുതന്നെ നിങ്ങൾ ഒപ്പിടുന്നു. അന്നു തന്നെ ചീഫ് മിനിസ്റ്റർ ഒപ്പിട്ട്, ചീഫ് സെക്രട്ടറി ഒപ്പിട്ട് ഒറ്റ ദിവസം മൂന്ന് മണിക്കൂറിനുള്ളിൽ അത്രയും ചെയ്തത് എന്തിനാണെന്ന് വ്യക്തമാകുകയാണ്. പവർ ആന്റ് എനർജി കമ്പനിയുമായി ഡൽഹിയിലെ ചർച്ചയിൽ നിങ്ങൾ ഒരു ധാരണയിലെത്തി. ആ ധാരണയിൽ നിന്ന് വ്യതിചലിക്കാതിരിക്കുന്നതിനുവേണ്ടി മറ്റേ ടെലക്സ് മെസ്സേജ് വന്ന് ഫയലാകുന്നതിനുമുമ്പ് ചാടിയിറങ്ങി എഗ്രിമെന്റ് ഒപ്പുവയ്ക്കുകയല്ലേ ചെയ്തത്.

ശ്രീ. കെ. ബാബു : ബഹുമാനപ്പെട്ട മന്ത്രി, ഇതേ കാലഘട്ടത്തിൽതന്നെ പശ്ചിമബംഗാൾ ഗവൺമെന്റും പാമോയിൽ ഇറക്കുമതി ചെയ്തു. .....(ബഹളം)..... എന്താണ് ഓ വിളിക്കുന്നത്. മന്ത്രിയോടല്ലേ പറഞ്ഞത്. നിങ്ങൾ ഓ വിളിക്കണ്ട. നിങ്ങൾ ഓ വിളിച്ചുകൂവിയിട്ട് എന്താണ് കാര്യം. പശ്ചിമബംഗാൾ ഗവൺമെന്റ്

LIBRARY-ARCHIVES Kerala Legislative Assembly

ഇതേ കാലഘട്ടത്തിൽത്തന്നെ പാമോയിൽ ഇറക്കുമതി ചെയ്തു. പശ്ചിമബംഗാൾ ഗവൺമെന്റിന്റെ വ്യവസ്ഥയിൽ നിന്നും വ്യത്യസ്തമായി സംസ്ഥാന താത്പര്യം കൂടുതൽ സംരക്ഷിക്കുന്ന വ്യവസ്ഥയാണ് കേരളത്തിലുണ്ടായത്. ഇത് നിഷേധിക്കാൻ പറ്റുമോ ?

ഡോ. ടി. എം. തോമസ് ഐസക് : ഞാൻ പശ്ചിമബംഗാൾ ഗവൺമെന്റിനെ പഠിച്ചിട്ടു വേണമെങ്കിൽ നിഷേധിക്കുകയോ നിഷേധിക്കാതിരിക്കുകയോ ചെയ്യും. ഈ കമ്പനിയുടെ മൂന്ന് ടെലക്സ് മെസേജ് അങ്ങേക്ക് വന്നത് നിങ്ങൾ ഫിനാൻസ് സി.&എസ്.-ന് മാർക്ക് ചെയ്യുകയാണ്. അവർ മൂന്ന് കാര്യങ്ങളാണ് പറയുന്നത്. തുക വയ്ക്കാതെ ഓപ്പണായി ഉണ്ടാക്കിയിരിക്കുന്ന എഗ്രിമെന്റ് 408 ഡോളറിന് നിങ്ങൾ ഫിക്സ് ചെയ്തു. ഇവർ പറയുന്നു. 399 ഡോളറിന് തരാമെന്ന്. അതിന് 15 ശതമാനം കമ്മീഷൻ നിശ്ചയിച്ചപ്പോൾ 14 ശതമാനം മതി, മാലാ എന്റർപ്രൈസസും വേണ്ട, അവർ ഡെലിവർ ചെയ്യും. കൊച്ചിയിലാണ് അവരുടെ ഓഫീസ്. നിങ്ങൾക്ക് ഇത് മാത്രമല്ല സ്കീം. ഈ സ്കീം എന്താണെന്നു വച്ചാൽ ആവശ്യത്തിന് ഫോറിൻ എക്സ്ചേഞ്ചില്ല. അതുകൊണ്ട് ഇറക്കുമതി ചെയ്ത് വിറ്റുകിട്ടുന്ന പണം അതേപടി ഒരു എസ്ക്രൂ അക്കൗണ്ടിൽ നിക്ഷേപിച്ച് അത് എക്സ്പോർട്ടിനുവേണ്ടി ഉപയോഗിക്കുന്നത് ഇൻഡ്യാ ഗവൺമെന്റിന്റെ സ്കീമാണ്. കേന്ദ്ര സർക്കാർ അത് മാർച്ച് വരെ തുടർന്നെങ്കിലും പെട്ടെന്ന് നിർത്തിക്കളയും എന്നുള്ള വേവലാതി നിങ്ങൾക്കുമുണ്ടായിരുന്നു. റഷ്യ, ചെക്കോസ്ലോവാക്യ, റുമേനിയ തുടങ്ങിയവരുമായി ഇൻഡ്യ ഗവൺമെന്റിന് റൂപ്പി ബൈലാറ്റാൽ എഗ്രിമെന്റുണ്ട്. ഇവർ വഴി വാങ്ങുകയാണെങ്കിൽ അതിന്റെ വിലയ്ക്ക് പകരം കേരളത്തിലെ കശുവണ്ടിയോ ചെമ്മീനോ എന്തെങ്കിലും വാങ്ങിച്ച് അങ്ങോട്ട് കൊണ്ടുപോയിക്കോളാം എന്നായിരുന്നു വ്യവസ്ഥ. ഫോറിൻ എക്സ്ചേഞ്ചില്ല. അതിന്റെ ആവശ്യം വരുന്നില്ല. ഇങ്ങനെയുള്ള പോസിബിലിറ്റീസ് ഒക്കെ കയ്യിലുണ്ട്. എന്നിട്ടു പറയുന്നു ഈ ടേംസ് ഒക്കെ നെഗോഷിയേറ്റ് ചെയ്ത് വ്യവസ്ഥകളിൽ മാറ്റം വരുത്തി ഇനിയും കമ്മീഷൻ കുറയ്ക്കാൻ തയ്യാറാണെന്ന്. ഡൽഹിയിൽ എന്തു നടന്നു എന്ന് അങ്ങേക്ക് അറിയില്ല. അത് പോകട്ടെ, നേരത്തെ വന്ന ഇവരുടെ ഓഫർ വായിച്ചില്ല എന്നുള്ളതും സമ്മതിച്ചു തരാം. ഇത് അങ്ങ് വായിച്ചിട്ട് മാർക്ക് ചെയ്തതാണ്. എന്നിട്ട് സംസ്ഥാനത്തിന് നഷ്ടം വരുന്ന കാര്യം നീക്കം ചെയ്യാൻ ധനമന്ത്രിയായിരുന്ന അങ്ങ് ഒരു ചെറുവിരൽ അനക്കാൻ തയ്യാറാകാത്തത് എന്തുകൊണ്ടാണ് ?

ശ്രീ. ഉമ്മൻ ചാണ്ടി : അങ്ങയോട് ഞാൻ കഴിഞ്ഞ പ്രാവശ്യം പറഞ്ഞു ഇങ്ങനെ നഷ്ടം വരുത്തിയ ഒരു ധനകാര്യമന്ത്രിയെ എന്തുകൊണ്ട് കേസ്സിൽ പെടുത്തിയില്ല. അങ്ങ് മന്ത്രിയല്ലേ ; ഇത് ഗവൺമെന്റിന്റെ ഭാഗമല്ലേ ? ഈ നഷ്ടം വരുത്തിയ ആളുകളെ എന്തുകൊണ്ട് പ്രതിയാക്കിയില്ല എന്ന് ഉദ്യോഗസ്ഥരോട് ചോദിച്ചുകൂടെ ? എല്ലാ ഇന്റർനാഷണൽ ട്രേഡിന്റെ സമയത്തും ഈ കരാർ ഇല്ലാതാക്കാൻ ഇതുപോലുള്ള ഫാൾസ് മെസേജുകളൊക്കെ വരും. കോംപറ്റീറ്റേഴ്സ് വന്ന് മറ്റവർക്ക് കിട്ടാതിരിക്കാൻ വേണ്ടി. വിജിലൻസുകാർ

LIBRARY ARCHIVES Kerala Legislative Assembly

അന്വേഷിച്ചിട്ടും ഇവരെ സംബന്ധിച്ച വിവരമൊന്നും കിട്ടിയില്ലല്ലോ ? ഈ മെസ്സേജുകളെ സംബന്ധിച്ച് വിജിലൻസുകാർ അന്വേഷിച്ചിട്ടും ഇവരുടെ ക്രഡിബിലിറ്റിയെ സംബന്ധിച്ച് ഒന്നും കിട്ടിയില്ല. അതുകൊണ്ട് ഇതുപോലുള്ള കാര്യങ്ങൾ പറഞ്ഞ് സമയം കളയരുത്. ഇനി നിങ്ങൾക്ക് അധിക ദിവസം ഇല്ല. കുറച്ചു ദിവസമേയുള്ളു. ആ ദിവസത്തിനുള്ളിൽ നിങ്ങൾക്ക് ചെയ്യാവുന്ന കാര്യങ്ങൾ ഉദ്യോഗസ്ഥന്മാരെക്കൊണ്ട് ചെയ്യിക്കണം. ഇവിടെ പാമോയിൽ ഇറക്കുമതി നടത്തിയ 5 സംസ്ഥാനങ്ങളിൽ തമിഴ്നാട് ഒഴിച്ച് എല്ലാ സ്റ്റേറ്റുകളിൽ നിന്നും കുറഞ്ഞ വിലയ്ക്കാണ് കേരളം ഇറക്കിയത്. ബംഗാളിൽ 407 ഡോളർ, കേരളത്തിൽ 405 ഡോളർ ഏറ്റവും കുറഞ്ഞ വിലയ്ക്ക് ഇറക്കിയത് തമിഴ്നാടാണ്. പക്ഷേ സെൻട്രൽ ഗവൺമെന്റ് പറഞ്ഞ ഇൻഡിക്കേറ്റീവ് പ്രൈസ് വച്ച് നോക്കുമ്പോൾ ഈ 5 സംസ്ഥാനങ്ങളിൽ വച്ച് ഏറ്റവും കുറഞ്ഞ റേറ്റിൽ ഇറക്കിയിട്ടുള്ളത് കേരളമാണ്. അതെല്ലാം ഈ ഫയലിലുണ്ട്.

ഡോ. ടി. എം. തോമസ് ഐസക് : നിങ്ങളുടെ ചോദ്യങ്ങൾക്ക് മറുപടി തരില്ല. കാരണം അത് ഇന്നുവരെ ഞാൻ എടുത്തുവന്ന നിലപാടിന് ഘടക വിരുദ്ധമായിരിക്കും. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഇന്നുവരെ പറഞ്ഞിരുന്നത് എന്താണെന്നുവച്ചാൽ ഇത് ഗുണകരമായിരുന്നു. സർക്കാരിന് നഷ്ടമുണ്ടായിട്ടില്ല എന്നുള്ളതാണ്. അപ്പോൾ ഇത് ഗുണകരമല്ല, സർക്കാരിന് നഷ്ടമുണ്ടായിട്ടുണ്ട് എന്ന് സമ്മതിക്കേണ്ടിവരും എന്നുള്ളതുകൊണ്ടാണ് മറുപടി പറയാത്തത്. അദ്ദേഹം തന്നെ പറയുന്നത് ഇതുവരെ എടുത്തുവന്ന നിലപാടിന് വിരുദ്ധമായ നിലപാട് പറയേണ്ടിവരും, പണ്ട് എടുത്ത നിലപാടിൽ തെറ്റുപറ്റി എന്ന് വന്നുകഴിഞ്ഞാൽ അത് സമ്മതിക്കുന്നതല്ലേ നല്ലത് ? സി.ബി.ഐ.-യെ വച്ചിട്ട് മായാവതി ഇപ്പുറത്ത് വന്നാൽ ആ കേസ് പിൻവലിക്കണം. മായാവതി അപ്പുറത്താണെങ്കിൽ പോയി കണ്ണ് കെട്ടണം എന്നു പറയുന്ന കോൺഗ്രസ്സിന്റെ ശീലം ഞങ്ങൾക്കില്ല. ഇൻവെസ്റ്റിഗേഷൻ ടീമുണ്ട്. അവർ പരിശോധിച്ചിട്ട് തീരുമാനിക്കും അല്ലാതെ ശ്രീ. ഉമ്മൻചാണ്ടിയെ കൂടി പ്രതിചേർക്കണം എന്നു പറയുന്നത് സർക്കാരല്ല. അത് നിങ്ങളുടെ ഒരു പാരമ്പര്യവും പതിവുമാണ്. അതിവിടെ നോക്കണ്ട. എന്നാലും ഇത് അങ്ങേക്ക് അറിയാമായിരുന്നു എന്നത് സത്യമാണ്.

ശ്രീ. ഉമ്മൻ ചാണ്ടി : ഇപ്പോൾ കാര്യം മനസ്സിലായി. നിങ്ങൾക്ക് ഇതിന്റെ ഉത്തരവാദിത്വം ഏറ്റെടുക്കാനോ ഇതിനകത്ത് ഉദ്യോഗസ്ഥന്മാർക്ക് വീഴ്ച വന്നിട്ടുണ്ടെങ്കിൽ ആ വീഴ്ച തിരുത്താനോ താൽപ്പര്യമില്ല. രാഷ്ട്രീയമായ പ്രചരണത്തിനുവേണ്ടി ഒരു പുകമറയുണ്ടാക്കാൻ മാത്രം ശ്രമിക്കുന്നതാണോ ഒരു ഭരണ കർത്താവ് അല്ലെങ്കിൽ ഉത്തരവാദിത്വമുള്ള ഒരാൾ ചെയ്യേണ്ടത് ?

ഡോ. ടി. എം. തോമസ് ഐസക് : ഇതുവരെ ഫയലിൽ ഡൽഹിയിലെ ഗുഡാലോചനയെക്കുറിച്ച് വന്ന ഓഫറിനെക്കുറിച്ചും മറ്റും ധനമന്ത്രിക്ക് നേരിട്ട് പങ്കില്ല. അദ്ദേഹം ചെയ്ത ഏക തെറ്റ് വന്നു കൗൺസിലിൽ വച്ചേക്കാൻ പറഞ്ഞു. കൗൺസിൽ തീരുമാനമാണ്. ഇത്രയുംനേരം അങ്ങനെയായിരുന്നു. എന്നാൽ ഇന്നുമുതൽ അങ്ങനെയല്ല. പുതിയ തെളിവിന്റെ അടിസ്ഥാനത്തിൽ മേശപ്പുറത്തുവച്ച ഫയൽ സംബന്ധിച്ച് അങ്ങേക്ക് അറിയാമായിരുന്നു. വേറെ ഓഫറുകൾ ഉണ്ടായിരുന്നു. കമ്മീഷൻ 15 ശതമാനം വേണ്ട 14 ശതമാനം മതി എന്നുള്ള ഓഫർ ഉണ്ടായിരുന്നു. വില 405 സോളർ അല്ല 387-നാകാം

LIBRARY ARCHIVES Kerala Legislative Assembly

എന്നുള്ള ഓഫർ ഉണ്ടായിരുന്നു. ഈ ടേംസ് വീണ്ടും നെഗോഷിയേറ്റ് ചെയ്ത് കുറയ്ക്കാമെന്നുള്ള ഓഫർ ഉണ്ടായിരുന്നു. എന്നിട്ടും അങ്ങ് നിശ്ശബ്ദത പാലിച്ചു. നിങ്ങൾ അതിൽ കൂട്ടുപ്രതിയാണ്.

<u>ശ്രീ. ഉമ്മൻ ചാണ്ടി:</u> ഡോക്ടർ ഐസക് കയ്യടിച്ചിട്ട് ഒന്നും കാര്യമില്ല. അങ്ങ് വായിച്ചത് വിജിലൻസിന്റെ കയ്യിലുള്ള ഫയലാണ്. മേശപ്പുറത്ത് വയ്ക്കണമെന്ന് ആരും പറഞ്ഞില്ല. അതുകൊണ്ട് വച്ചില്ല. പക്ഷേ ഫയൽ വിജിലൻസിന്റെ കയ്യിലുണ്ട്. ഈ ഫയൽ മുഴുവനും നോക്കിയതിനുശേഷമാണ് വിജിലൻസ് ഫിനാൻസിൽ വന്ന് ഉദ്യോഗസ്ഥന്മാരോട് ക്വസ്റ്റ്യൻ ചെയ്ത് അവരുടെ മൊഴിയും രേഖപ്പെടുത്തിയതിനുശേഷം തീരുമാനമെടുത്തത്. അങ്ങ് പറയുന്നതു കേട്ടാൽ അങ്ങ് എവിടെനിന്നോ തപ്പിയെടുത്തു കൊണ്ടുവന്ന ഫയലാണെന്ന് തോന്നും. ഈ ഫയൽ ഫിനാൻസിലുള്ളതാണ്. ഈ ഫയലിനെ കുറിച്ച് എല്ലാവർക്കുമറിയാവുന്നതാണ്. ഈ ഫയലുകളെല്ലാം വിജിലൻസ് പരിശോധിച്ചതാണ്. അതിനുപുറമേ വിജിലൻസ് വന്ന് ഫിനാൻസിലെ മുഴുവൻ ആളുകളേയും ക്വസ്റ്റ്യൻ ചെയ്തിട്ടുള്ളതാണ്. പറയുന്നതിൽ എന്തെങ്കിലും ആത്മാർത്ഥതയുണ്ടെങ്കിൽ നിങ്ങൾ ഉദ്യോഗസ്ഥരെ വിളിച്ചിട്ട് തന്റേടമുണ്ടെങ്കിൽ പ്രതിയാക്കാൻ പറയണം. അല്ലാതെ രാഷ്ട്രീയ പ്രചരണത്തിനുവേണ്ടി പുകപടലമുണ്ടാക്കാൻ ശ്രമിച്ചാൽ അതിനകത്തൊന്നും ഞാൻ ഭയപ്പെടില്ല. നിങ്ങൾക്ക് തന്റേടമുണ്ടെങ്കിൽ അത് ചെയ്യൂ.

<u>ഡോ. ടി. എം. തോമസ് ഐസക്:</u> അതെ നമ്മൾ തമ്മിലുള്ള നിലപാടുകൾ വളരെ വ്യക്തമാണ്. അദ്ദേഹമിപ്പോൾ ഞാൻ പറഞ്ഞ നിലപാട് സമ്മതിച്ചു തരുമോ, ഇല്ലല്ലോ. അദ്ദേഹത്തിന്റെ നിലപാടും എന്റെ നിലപാടും ഇവിടെയുണ്ട്. ഏതായാലും ഇൻവെസ്റ്റിഗേഷൻ ടീം ഈ കാര്യങ്ങൾ പരിശോധിച്ച് അവർക്ക് എന്താണ് ബോദ്ധ്യമുള്ളത് അവർ അത് ചെയ്യും. ഏതായാലും സംസ്ഥാനത്തെ സർക്കാർ ഇയാളെക്കൂടി പ്രതിയാക്കി എന്നു പറഞ്ഞ് പോകില്ല. കോടതിയിൽ നിൽക്കുന്ന കാര്യം കോടതിയിൽ പറഞ്ഞ് അവർ വേണ്ടത് ചെയ്യും. പക്ഷേ തർക്കമില്ലാതെ കേരളത്തിലെ ജനങ്ങളുടെ മുന്നിൽ ഒരുകാര്യം തെളിഞ്ഞിട്ടുണ്ട്. ഇതുവരേയും സമ്മർദ്ദങ്ങൾക്ക് കീഴടങ്ങി അങ്ങ് കണ്ണടച്ചു നിന്നു എന്നൊക്കെ പറയാമെങ്കിലും ഇന്ന് നിങ്ങൾ കണ്ണുതുറന്ന് കണ്ട ഒരു ലറ്ററുണ്ട്. ഇത് ഇൻഡ്യാ ഗവൺമെന്റിന്റെ ഗൈഡ്‌ലൈൻസ് തെറ്റിച്ചിട്ടുള്ളതാണ്. ഫിനാൻസിലെ നോട്ട് ഫയൽ അങ്ങ് കണ്ടില്ലാ എന്ന് ഇരുന്നോട്ടെ. നിങ്ങൾക്ക് അറിവുള്ള കാര്യമായിട്ടും നിങ്ങൾ അന്വേഷിച്ചില്ല. കാബിനറ്റ് എടുക്കുന്ന തെറ്റായിട്ടുള്ള തീരുമാനത്തെകുറിച്ച് തെറ്റാണ് എന്ന് രേഖയിലൂടെ അങ്ങേക്ക് ബോദ്ധ്യപ്പെട്ടിട്ടും അങ്ങ് അന്വേഷിക്കുന്നില്ല, അറിയുന്നില്ല, ഞാൻ കേൾക്കുന്നില്ല, കാണുന്നില്ല, മിണ്ടുന്നില്ല. അതാണ് ഞാൻ അന്ന് അങ്ങയോട് പറഞ്ഞത് ഇപ്പോൾ മാപ്പുസാക്ഷിയാകണമെന്നല്ല, അന്ന് അങ്ങ് മാപ്പുസാക്ഷിയായി നിൽക്കുകയായിരുന്നു. ശ്രീ. ഉമ്മൻ ചാണ്ടിയുടെ പേര് ഞങ്ങൾ ഇവിടെ ഉന്നയിക്കാതിരുന്നത്. പി. യു. സി. - യിൽ അന്നത്തെ മുഖ്യമന്ത്രിയെ പിടിക്കുന്നതിനുവേണ്ടി ഉമ്മൻ ചാണ്ടി സാറിനോടൊപ്പമുള്ള അന്നത്തെ ഭരണകക്ഷിയംഗങ്ങൾ ഇങ്ങനെ റിപ്പോർട്ട് തയ്യാറാക്കുമ്പോൾ ഞങ്ങൾ എന്തിനാണ് അങ്ങയെ പിടിക്കുന്നത് ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഉമ്മൻ ചാണ്ടി : സർ, അങ്ങ് ആദ്യം പറഞ്ഞു. ഈ അഴിമതി പുറത്ത് കൊണ്ടുവന്നത് കോൺഗ്രസിന് കൂടുതൽ അംഗങ്ങളുള്ള പബ്ലിക് അണ്ടർടേക്കിംഗ് കമ്മിറ്റിയാണ്. ഇത് 1992-ൽ ഈ ആരോപണം ഈ സഭയിൽ വന്നു. 1994-ലാണ് സി.ആന്റ് എ.ജി.-യുടെ റിപ്പോർട്ട് നിയമസഭയുടെ മേശപ്പുറത്ത് വരുന്നത്. അത് കഴിഞ്ഞാണ് പി.യു.സി. പരിശോധിക്കുന്നത്. അത് പിന്നെ അങ്ങ് അഡ്മിറ്റ് ചെയ്തു. അങ്ങേക്ക് പറ്റിയ തെറ്റാണെന്ന് പറഞ്ഞു അങ്ങ് മാപ്പ് സാക്ഷിയെന്നു പറഞ്ഞു. മാപ്പ് സാക്ഷിയാക്കണമെങ്കിൽ ആദ്യം ഇൻവെസ്റ്റിഗേഷൻ ടീം പ്രോസിക്യൂഷൻ പ്രതിയാക്കണം. പ്രതിയാക്കി കഴിഞ്ഞിട്ട് കോടതിയുടെ അനുമതിയോടുകൂടിയേ മാപ്പ് സാക്ഷിയാക്കാൻ പറ്റുകയുള്ളു. ഞാൻ ഇവിടെ പ്രതിയാക്കാൻ പറഞ്ഞിട്ട് നിങ്ങൾ പ്രതിയാക്കുന്നില്ല പിന്നെ എങ്ങനെയാണ് മാപ്പ് സാക്ഷിയാക്കുന്നത്.

ഡോ. ടി. എം. തോമസ് ഐസക് : സർ, നിയമപരമായിട്ട് ആലോചിക്കുക. ഞാൻ പറയുന്നത് ഞങ്ങൾ രാഷ്ട്രീയമായിട്ടാണ്. രാഷ്ട്രീയമായി അങ്ങ് മാപ്പ് സാക്ഷിയാണ്. ഞങ്ങളുടെ രാഷ്ട്രീയം എന്താണ് .....(ബഹളം).....

ശ്രീ. ഉമ്മൻ ചാണ്ടി : അഴിമതിക്കാര്യം രാഷ്ട്രീയമായിട്ടാണോ കൈകാര്യം ചെയ്യേണ്ടത് ; അത് നിയമത്തിന്റെ വഴിക്കായിരിക്കണം ; ഇവിടെ അതാണോ ?

ഡോ. ടി. എം. തോമസ് ഐസക് : സർ, ഞങ്ങൾ നിയമസഭയിൽ ഒരു ആരോപണം ഉന്നയിക്കുന്നു. ആ ആരോപണം സി.ആന്റ് എ.ജി. ശരിവയ്ക്കുന്നു. ആ സി.ആന്റ് എ.ജി. റിപ്പോർട്ട് പി.യു.സി-യിൽ ചർച്ച ചെയ്യുന്നു. പി.യു.സി-യിൽ അങ്ങയോടൊപ്പം നിൽക്കുന്ന കോൺഗ്രസ് എം.എൽ.എ.-മാർ മുഖ്യമന്ത്രിയെ പിടിക്കാൻ വേണ്ടിയുള്ള റിപ്പോർട്ട് ഉണ്ടാക്കുന്നു. ഞങ്ങൾ മാപ്പ് സാക്ഷിയാണ് ഇന്ന് അതാണ് പറഞ്ഞത്. അതുകൊണ്ടാണ് അങ്ങയുടെ പേര് പറയാതിരുന്നത്. .....(ബഹളം)..... അതെ അതേന്ന്, അന്ന് നിങ്ങളുടെ നിലപാട് അതായിരുന്നു. സർ, ഇനി നമുക്ക് നിയമത്തിന്റെ അടിസ്ഥാനത്തിൽ കോടതി എന്ത് നിലപാട് എടുക്കുമെന്നുള്ളത് അതിന്റെ വഴിയെ നോക്കാം... അതുണ്ടാവും, ഇതിൽ രാഷ്ട്രീയമുണ്ട്. നാട്ടിൽ നമുക്ക് വർത്തമാനവും പറയാം. ഇന്ന് ഇവിടെ വലിയ ഒരു അഴിമതി ആരോപണമായിട്ട് ചർച്ചയ്ക്ക് ഉന്നയിച്ച പ്രശ്നം, സ്വാധീനത്തിന് വഴിപ്പെട്ട് സഖാവ് വി. എസ്. അച്ചുതാനന്ദൻ ചന്ദന ഫാക്ടറികൾക്ക് എതിരായ സമരം ഉപേക്ഷിച്ചു. അപ്പോൾ അതിന് നിയമസഭയിൽ നടന്ന ഡിമാന്റ് ചർച്ചയിൽ, കേരളത്തിലുള്ള ഓരോ ചന്ദന ഫാക്ടറിയും എൽ.ഡി.എഫ്.-ന്റേത് മുഴുവൻ ഒന്നൊന്നായിട്ട് അടച്ചു പൂട്ടി, ഒരെണ്ണം ഹൈക്കോടതിയുടെ വിധിയുണ്ടായിയെന്ന് പറഞ്ഞ് തെറ്റിദ്ധരിപ്പിച്ച് പൂട്ടാതിരുന്നത് ഞങ്ങൾ പൂട്ടിക്കും. ബാക്കിയുള്ളതൊക്കെ നിങ്ങളുടേതാണ്. നിങ്ങളുടെ പഞ്ചായത്തുകളിലാണ് എന്ന് പറഞ്ഞ് വച്ചിട്ട് ആ പഞ്ചായത്തിൽ യു.ഡി.എഫ്.-ന്റെ ചന്ദന ഫാക്ടറി പൂട്ടിക്കണമെന്ന് പറഞ്ഞില്ലെന്നാണല്ലോ പറയുന്നത്. ഞാൻ വഴങ്ങിത്തരാം. ഇതിനുശേഷം പാമോയിലിലേക്കും വരാം. മൂന്ന് ലേഖനങ്ങൾ സഖാവ് വി. എസ്. ദേശാഭിമാനിയിൽ എഴുതി. ഇത് 2003 ഡിമാന്റ് ചർച്ചയിലാണല്ലോ, 2004 ഡിസംബർ 16-ന് 'ചന്ദനമാഫിയയുടെ വിജയന്മാർ' 2005 ഫെബ്രുവരി

10-ന് 'തെളിയുന്നത് കഴിവില്ലായ്മ' 2005 മാർച്ച് 17-ന് 'നിയന്ത്രണം ചന്ദനമാഫിയയക്ക് തന്നെ'. നിങ്ങളുടെ മാറി മാറി വന്ന അന്നത്തെ വനം മന്ത്രിയായിരുന്ന ശ്രീ. കെ. സുധാകരൻ അദ്ദേഹത്തിനെതിരെ നോക്ക്. ശ്രീ. കെ. പി. വിശ്വനാഥന്റെ രാജി ; അതുകഴിഞ്ഞ് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ഇതിന്റെയൊക്കെ കഥകൾ പറഞ്ഞിട്ടുള്ള ഈ ലേഖനത്തിൽ നിന്ന് ശ്രീ. വി. എസ്. അച്ചുതാനന്ദൻ ചന്ദന മാഫിയകൾക്കെതിരെയുള്ള പോരാട്ടം ഉപേക്ഷിച്ചുവെന്ന് പറഞ്ഞിട്ടല്ലേ ബഹളം. കേട്ടോളൂ. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനെക്കുറിച്ചാണ് തുടങ്ങുന്നത്. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ വനം വകുപ്പുമന്ത്രിയായതിനുശേഷം നിയന്ത്രണം ചന്ദന മാഫിയയുടെ കൈയിൽ തന്നെയാണ് എന്നുള്ളതിന് ഇനിയും വ്യക്തമായ തെളിവുകൾ നിരത്താനാകും.... ....(ബഹളം).... ഞാൻ വഴങ്ങുന്നില്ല. ഞാൻ വായിക്കുന്നത് കേട്ടശേഷം നിങ്ങൾക്ക് പറയാമല്ലോ,

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഇവിടെ മന്ത്രി സംസാരിക്കുമ്പോൾ രേഖകൾ വച്ച് സംസാരിക്കണം. അവിടെ അതിന് ആധാരമായ സപ്പോർട്ടീവായിട്ടുള്ള ഏത് എവിഡൻസ് ഉണ്ടെങ്കിലും ഗവൺമെന്റിന് കൊണ്ടുവരാം. ചന്ദനമാഫിയയെ തളയ്ക്കുന്നതിനുവേണ്ടി ശ്രീ. ഉമ്മൻചാണ്ടിയുടെ നേതൃത്വത്തിലുള്ള ഗവൺമെന്റിൽ ഞാൻ വനംവകുപ്പുമന്ത്രിയായിരുന്നപ്പോൾ അപ്പുറത്ത് അന്ന് ആലവാതി ഉന്നയിച്ച ശ്രീ. വി. എസ്. അച്ചുതാനന്ദൻ മുഖ്യമന്ത്രിയും ശ്രീ. ബിനോയ് വിശ്വം വനംവകുപ്പുമന്ത്രിയുമായിരിക്കുമ്പോൾ ചെയ്തതിനെക്കാൾ കൂടുതൽ ഞാനും ഇ-ഗവൺമെന്റും ഒന്നും ചെയ്തിട്ടില്ല. നാല് ഫോറസ്റ്റ് സ്റ്റേഷൻ, ഫെൻസിംഗ് ഇടാനുള്ള നടപടി, ദ്രുതകർമ്മ സേന, (തടസ്സം)... എല്ലാം കൊടുത്ത് ചന്ദന മാഫിയായെ ഞങ്ങൾ തളച്ചു.

ഡോ. ടി. എം. തോമസ് ഐസക്: സർ, ഇതിൽ ഒരു പോയിന്റില്ല, പോയിന്റ് ഉണ്ട്, ഓർഡറില്ല. ഇത്തിരി പ്രസംഗം നടത്തണമെന്നു പറയുമ്പോൾ പോയിന്റ് ഓഫ് ഓർഡർ പറയുക, എഴുന്നേറ്റ് നിൽക്കുക, എന്നിട്ട് പ്രസംഗം നടത്തുക അത് ശരിയായിട്ടുള്ള രീതിയല്ല. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ നിങ്ങളുടെ ചോദ്യത്തിനാണ് മറുപടി പറയുന്നത്. ഇരുന്ന് കേൾക്ക്, കേട്ടതിനുശേഷം ഞാൻ ഇതിലേക്ക് വരാം. എന്നിട്ട് നിങ്ങൾക്ക് ഇഷ്ടം പോലെ ചോദിക്കാം. നിങ്ങളുടെ വാദം, 2003-ലെ പ്രമാദമായ ഡിമാന്റ് ചർച്ചയ്ക്കുശേഷം ശ്രീ. വി. എസ്. അച്ചുതാനന്ദൻ ഈ സമരം വിട്ടു കളഞ്ഞുവെന്നുള്ളതാണല്ലോ, ഈ മൂന്ന് ലേഖനങ്ങളുടെ നിലപാട് പറയണം. ...(ബഹളം)... ആദ്യം കേൾക്കുക കേരളത്തിലെ ഉന്നത രാഷ്ട്രീയ നേതാക്കളുടെ ഒത്താശയോടെ പ്രവർത്തിക്കുന്ന 23 അനധികൃത ഫാക്ടറികളുണ്ട്. കേരളത്തിൽ നടക്കുന്ന ചന്ദന കൊള്ളയുടെയും ചന്ദന തൈല നിർമ്മാണത്തിന്റെയും മുഖ്യസ്രോതസ്സ് ഈ 23 അനധികൃത ഫാക്ടറികളാണ്. ഇതിൽ 12 എണ്ണവും പാലക്കാടും ഒരെണ്ണം മലപ്പുറത്തും 8 എണ്ണം കാസർഗോഡും 2 എണ്ണം കണ്ണൂരിലും പ്രവർത്തിക്കുന്നതായിട്ടാണ് വനം വകുപ്പ് കണ്ടെത്തിയിട്ടുള്ളത്. ഈ 23 ചന്ദനഫാക്ടറികൾ ഉടനടി അടച്ചു പൂട്ടണമെന്ന് 2005 ജനുവരി 27-ന് വനം വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിക്ക് പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ കത്ത് അയയ്ക്കുകയുണ്ടായി. എന്നാൽ ഈ കത്ത് ലഭിച്ച് രണ്ട് മാസത്തോളമായിട്ടും ഒരൊറ്റ അനധികൃത

LIBRARY ARCHIVES Kerala Legislative Assembly

ചന്ദനഫാക്ടറി പോലും പൊളിച്ചു കളയാനുള്ള ആർജ്ജവം സംസ്ഥാന സർക്കാരിന് ഉണ്ടായിട്ടില്ല. ഈ ആവശ്യം തന്നെ ജുഡീഷ്യൽ അധികാരങ്ങളുള്ള എംപവേർഡ് കമ്മിറ്റിയും മുന്നോട്ട് വച്ചു. എന്നാൽ അനധികൃത ചന്ദനഫാക്ടറികളെല്ലാം മുൻമന്ത്രിയടക്കമുള്ള ഉന്നത രാഷ്ട്രീയ നേതാക്കന്മാരുടേതാണെന്നുള്ളതുകൊണ്ടാണ് ഇവ അടച്ചുപൂട്ടാൻ സർക്കാരിന് ധൈര്യം വരാത്തത്. അതിനുപകരം ഓരോ തവണയും അടച്ചുപൂട്ടിയ ചന്ദന ഫാക്ടറികൾ വീണ്ടും അടച്ചുപൂട്ടിക്കുകയാണ് സർക്കാർ ചെയ്തു വരുന്നത്. ഇങ്ങനെ അടച്ചുപൂട്ടിയ അനധികൃത ചന്ദന ഫാക്ടറികളാണ് വനം വകുപ്പ് ഉദ്യോഗസ്ഥരുടെ ഒത്താശയോടെ ചന്ദനം വാറ്റ് നടത്തുന്നത്. പൂട്ടിക്കിടക്കുന്ന വാളയാർ, ഇൻഡസ്ട്രീസിന്റെ ചന്ദന ഫാക്ടറിയിൽ നിന്ന് അനധികൃത ചന്ദനം പിടിച്ചെടുത്തത് ഇതിന് ഒന്നാന്തരം തെളിവാണ്. കേരളത്തിലാകെയുള്ള 21 അനധികൃത ചന്ദന ഫാക്ടറികൾ പൊളിച്ചടുക്കിയാൽ കേരളത്തിൽ നടക്കുന്ന ചന്ദനകൊള്ള ഒരു വലിയ അളവുവരെ തടയാൻ കഴിയും. അതിനുള്ള ഇച്ഛാശക്തിയും ആർജ്ജവവും പ്രകടിപ്പിക്കാൻ പുതിയ വനം വകുപ്പുമന്ത്രി തിരുവഞ്ചൂർ രാധാകൃഷ്ണന് കഴിഞ്ഞോ ? അതിന് നിങ്ങൾക്കും കഴിഞ്ഞില്ല, പിന്നെ ആര്, ഏത്, സമരം ഉപേക്ഷിച്ചെന്നാണ് പറയുന്നത്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, ഞാൻ ഒരു കാര്യം പറയാം. ശ്രീ. ഉമ്മൻചാണ്ടി മുഖ്യമന്ത്രിയായിരുന്ന സർക്കാരിനോടൊപ്പം ഞാൻ വനം വകുപ്പുമന്ത്രിയായിരിക്കുമ്പോഴാണ് 23 ചന്ദന ഫാക്ടറികൾ പൂട്ടിച്ചത്. ഞങ്ങളാണ് പൂട്ടിച്ചത്.

ഡോ. ടി. എം. തോമസ് ഐസക് : സർ, എന്താണ് ഉണ്ടായതെന്ന് ഞാൻ സഭയിൽ പറയാം. ഹൈക്കോടതി വിധി വന്നു പൂട്ടിക്കണമെന്ന്. പൂട്ടിക്കണമെന്ന് വിധി വന്നതിനുശേഷവും പൂട്ടിക്കുക, അത് വീണ്ടും തുറക്കുക എന്ന പ്രക്രിയ തുടർന്നുകൊണ്ടിരുന്നു. അതിന് തെളിവ് ഞാൻ വയ്ക്കാം. ഞാൻ വഴങ്ങാം. അങ്ങയുടെ ഭരണകാലവും ശ്രീ. ബിനോയ് വിശ്വത്തിന്റെ ഭരണകാലവും തമ്മിലുള്ള വ്യത്യാസം പറഞ്ഞു തരാം. ഒന്ന് നിയമം ഭേദഗതി ചെയ്തു. കേൾക്കുമ്പോൾ അസ്വസ്ഥരാകരുത്. എപ്പോഴും നിങ്ങൾ എഴുന്നേറ്റ് നിന്നാൽ ഞാൻ വഴങ്ങിത്തരാറുണ്ട്. നിങ്ങൾ ഭരിക്കുന്ന കാലത്തെ ഓരോവർഷത്തെയും കണക്ക് പറയാം. കേട്ടോളൂ. 2001-ൽ 351 ചന്ദന മരങ്ങൾ മോഷണം പോയി. 2002-ൽ 1541 എണ്ണം 2003-ൽ 793, 2004-ൽ 2660, 2005-ൽ 2496 ഈ കണക്ക് ഞങ്ങൾ ഉണ്ടാക്കിയതല്ല. വനം വകുപ്പിന്റെ സർവ്വേയാണ്. ശ്രീ. ബിനോയ് വിശ്വം മന്ത്രിയായിരുന്നപ്പോൾ 2005-ൽ 2496, 2006-199, 2007-61, 2008-61, 2009-66, 2010-67. നിങ്ങൾ ഭരിച്ചിരുന്ന അഞ്ചുവർഷക്കാലത്ത് ശരാശരി 1588 മരം ഓരോ വർഷവും പോയിരുന്നുവെങ്കിൽ ശ്രീ. ബിനോയ് വിശ്വം മന്ത്രി ആയപ്പോൾ 67 മരം പോയിട്ടുണ്ട്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, ഇവിടെ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് നടപടികൾ എടുക്കാനുള്ള കാരണം ചന്ദന കൊള്ളയെ കുറിച്ചുള്ള വലിയ ആവലാതികളാണ്. കേരളത്തിലെ പരിസ്ഥിതി ചിന്തകരായ ആളുകളാണ് ഇതിനകത്ത് പ്രമുഖമായും പങ്കാളിത്തം വഹിച്ചത്. ഞാൻ ശ്രീമതി സുഗത കുമാരി ടീച്ചറിനെ അനുസ്മരിക്കുകയാണ്. അവരുടെയെല്ലാം സഹായത്തോടുകൂടി ഞങ്ങൾ പുതിയ ചന്ദന ഡിവിഷൻ, നാല് അഫോറസ്റ്റേഷൻ, ദ്രുതകർമ്മസേന, 86 കി.മീ. ഫെൻസിംഗ്, തോക്കുപയോഗിക്കുവാനുള്ള അനുവാദം ഇതെല്ലാം കൊടുത്തുകൊണ്ടാണ് മോഷണം കുറച്ചുകൊണ്ട് വന്നത്. അല്ലെന്ന് ശ്രീ. ബിനോയ് വിശ്വം പറയട്ടെ, ...(ബഹളം)...

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ബാബു : ബഹുമാനപ്പെട്ട മന്ത്രി, അങ്ങ്, ഞാൻ രാവിലെ കൊണ്ടുവന്ന അടിയന്തര പ്രമേയത്തെക്കുറിച്ച് പരാമർശിച്ചതുകൊണ്ടാണ് ഞാൻ ഇപ്പോൾ ചോദിക്കുന്നത്. ഇവിടെ എന്റെ ആരോപണം ഇന്നലെ ശ്രീ, കാദർ പത്ര സമ്മേളനം നടത്തി പറഞ്ഞ ആരോപണം .....(ബഹളം)..... 2003, ജൂലൈ മാസം ആറാം തീയതി പ്രതിപക്ഷനേതാവിനെ ചന്ദനഫാക്ടറി ഉടമകൾ പോയി കണ്ടുഎന്നാണ്. ജൂലൈ ഏഴാം തീയതി കേരള നിയമസഭയിൽ വനം വകുപ്പിന്റെ ധനാഭ്യർത്ഥന ചർച്ച വരുന്നു. ആ ഡിമാന്റ് ചർച്ചയിൽ അന്നത്തെ പ്രതിപക്ഷ നേതാവ് ഒരു വാചകം പോലും ഈ ഫാക്ടറി അടച്ചുപൂട്ടണമെന്ന് പറഞ്ഞില്ല എന്നാണ് ഞാൻ പറഞ്ഞത് അതൊന്ന് പറയാമോ ?

ഡോ. ടി. എം. തോമസ് ഐസക് : ശരി, നമ്മൾ വാദിച്ച് അഭിപ്രായ സമന്വയത്തിലൊന്നും എത്താൻ പോകുന്നില്ല. എങ്കിലും നിലപാടുകൾ അങ്ങോട്ടും ഇങ്ങോട്ടും മനസ്സിലായി പോകണം. അത്രയുള്ളൂ. ഇവിടെ വാദിച്ച് തോൽപ്പിച്ച് മാനസാന്തരപ്പെടുത്തണമെന്നൊന്നുമില്ല. എന്നാൽ കാര്യങ്ങൾ വ്യക്തമാക്കപ്പെടണം. നിങ്ങളുടെ വാദത്തിന്റെ സാരാംശം സഖാവ് വി. എസ്. അച്ചുതാനന്ദൻ ഈ പറയുന്ന 2003 ജൂലൈ മാസം ഒന്നു മുതൽ നിലപാട് മാറ്റി. ഞാൻ സ്ഥാപിച്ചിരിക്കുന്ന അദ്ദേഹത്തിന്റെ നിലപാടിൽ നിന്നും കണിക പോലും മാറിയിട്ടില്ല. നിയമസഭയിലെ അന്നത്തെ ധനാഭ്യർത്ഥന ചർച്ചയിൽ സഖാവ് വി. എസ്. അച്ചുതാനന്ദന്റെ നിലപാട് ഫാക്ടറി പൂട്ടണമെന്നു തന്നെ യാണ്. എൽ.ഡി.എഫിന്റെ പഞ്ചായത്തിൽ ഫാക്ടറി പൂട്ടിച്ചതിനെ കുറിച്ച് അഭിമാനപുരസരം പറയുകയാണ്, ബാക്കി നിങ്ങളുടെ ഫാക്ടറികൾ പ്രവർത്തിക്കുന്നത് നിങ്ങളുടെ കീഴിലല്ലേ ? എന്ന് ചോദിച്ചിട്ട് ഏയ് അതുപോരാ അവർ പറയുന്നതുപോലെതന്നെ പറയണം. അവർ പറയുന്നതു പോലെ തന്നെ പറയണമെങ്കിൽ എത്ര രേഖകൾ എടുത്തു കാണിക്കണം ? .....(ബഹളം)..... ഇനി ഒരുപാട് കാര്യങ്ങളുണ്ട്. ശ്രീ. വിഷ്ണുനാഥ് പറഞ്ഞ ഗൗരവമായ ഒരു അഴിമതി ആരോപണമുണ്ട്.

ശ്രീ. വി. ഡി. സതീശൻ : സർ, സഭയിൽ അന്ന് ഞാൻ ഹാജരുണ്ടായിരുന്ന ആളാണ്. അന്നത്തെ വനംവകുപ്പുമന്ത്രി സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ പല പ്രാവശ്യം ചോദിച്ചു. പ്രതിപക്ഷ നേതാവ് അഭിപ്രായം പറയണം. ഫാക്ടറികൾ അടച്ചു പൂട്ടണോ ? അപ്പോൾ പ്രതിപക്ഷനേതാവ് പറഞ്ഞത്, "ഇലപ്പുള്ളി പഞ്ചായത്തിൽ എൽ.ഡി.എഫ്. ആണ് ഭരിക്കുന്നത്. അവിടെ ഒരു കോടതി വിധി ഉണ്ടെന്ന് കരുതിയാണ് തുടർന്നു കൊണ്ടു പോകുവാൻ സമ്മതിച്ചത്. ഇപ്പോൾ ആ കോടതി വിധി ഇല്ല എന്ന് മനസ്സിലായതുകൊണ്ട് അത് അടച്ചു പൂട്ടുകയാണത്രേ." യഥാർത്ഥത്തിൽ ഇലപ്പുള്ളി പഞ്ചായത്തിൽ നടന്നത് അന്നത്തെ പ്രതിപക്ഷ നേതാവിന്റെ ഓഫീസിൽനിന്ന് വിളിച്ചു പറഞ്ഞിട്ടാണ് ഇലപ്പുള്ളി പഞ്ചായത്തിൽ ചന്ദന ഫാക്ടറിക്ക് അനുമതി കൊടുത്തത് എന്ന കാര്യത്തിൽ പാർട്ടിയിൽ അക്കാലത്ത് ശ്രീ. വി. എസ്. അച്ചുതാനന്ദന് എതിരായി വലിയ ചർച്ചയായിരുന്നു. .....(ബഹളം)..... യഥാർത്ഥത്തിൽ അന്ന് പ്രതിപക്ഷ നേതാവിന്റെ ഓഫീസിൽനിന്ന് .....(ബഹളം)..... ആർക്കാണ് ഇത് അറിയാത്തത് ?

ഡോ. ടി. എം. തോമസ് ഐസക് : നിങ്ങളുടെ ഈ മൂന്ന് വനം വകുപ്പുമന്ത്രിമാരേയുംകൊണ്ട് ഈ ചന്ദന ഫാക്ടറി പൂട്ടിക്കുന്ന നിലപാട് എടുത്തതിന്റെ പോരാട്ടമാണ് എൽ.ഡി.എഫ്. അഞ്ചുവർഷം നടത്തിയത്. എന്നിട്ട് ഇപ്പോൾ പറയുന്നു വനം വകുപ്പുമന്ത്രി പലവട്ടം ചോദിച്ചു പൂട്ടണോ എന്ന് ? .....(ബഹളം).... എന്തോന്ന് വർത്തമാനമാണിത് ? ശ്രീ. ബിനോയ് വിശ്വം എന്തെല്ലാം നടപടികൾ സ്വീകരിച്ചു. കേരളത്തിൽ ഇനി സ്വകാര്യ ഫാക്ടറി സാധ്യമല്ല, പൊതുമേഖലയിലെ ഫാക്ടറി പറ്റൂ എന്ന് നിയമ നിർമ്മാണം നടത്തി. എൽ.ഡി.എഫ്. ഭരിക്കാൻ വന്നപ്പോൾ ചെയ്ത കാര്യമാണ് പറയുന്നത് (2) എത്ര ചന്ദനം കൈവശം സൂക്ഷിക്കാം തുടങ്ങിയ നിയമങ്ങൾ ഭേദഗതി ചെയ്ത് കർശനമാക്കി. പിടിക്കപ്പെടുകയാണെങ്കിൽ സാന്റൽ മോണിട്ടറിംഗ് സെല്ലിൽ ഏഴ് വർഷം കിടക്കണം. അതിന് ട്രൈബൽസിനെയും കൂടി പങ്കാളിയാക്കിയിട്ടുള്ള പുതിയ വന പരിപാലന സംഘങ്ങൾ ഉണ്ടാക്കി ഇങ്ങനെയൊക്കെ ചെയ്തതിന്റെ ഫലമായിട്ടാണ് ചന്ദനമരം മോഷണം 1588-ൽ നിന്നും 67 ആയി കുറയ്ക്കാൻ കഴിഞ്ഞത്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, ഇവിടെ ഗവൺമെന്റ് ഉടമസ്ഥതയിൽ ചന്ദനത്തെല ഫാക്ടറി വേണമെന്ന് തീരുമാനിച്ചത് യു.ഡി.എഫ്. ആണ് ബില്ലുണ്ടാക്കി പ്രസിഡന്റ് ഓഫ് ഇന്ത്യയുടെ അസ്സെന്റിന് അയച്ചു. ആ അസ്സെന്റ് കിട്ടിയ ബില്ലാണ് നിങ്ങളുടെ കുഞ്ഞിനെപ്പോലെ നിങ്ങൾ കൊണ്ടുനടന്നത്. ഞങ്ങളാണ് കൊണ്ടുവന്നത്. ഒന്നുകൂടി ഞാൻ പറയാം. കാൻസർ വന്ന് മരിച്ചു പോയ സി.സി.എഫ്. ശ്രീ. വർഗ്ഗീസിനെ ഡൽഹിയിൽ പറഞ്ഞുവിട്ട് അതിന്റെ അസ്സെന്റ് മേടിച്ചിട്ടാണ് ഈ നിയമ നിർമ്മാണത്തിന്റെ തുടക്കം കുറിച്ചത്.

ഡോ. ടി. എം. തോമസ് ഐസക് : അങ്ങനെ അങ്ങ് സമാധാനിച്ചിരുന്നുകൊള്ളൂ. നിയമന തട്ടിപ്പ് എന്നു പറഞ്ഞുകൊണ്ട് ഒരു അഴിമതി ആരോപണം ശ്രീ. പി. സി. വിഷ്ണുനാഥ് ഉന്നയിക്കുകയുണ്ടായി. ആദ്യം ശ്രീ. വിഷ്ണുനാഥിനോട് യു.ഡി.എഫ്. കാലത്ത് നിങ്ങൾ ചെയ്ത നിയമനങ്ങളെക്കുറിച്ച് ഒന്നു പറയാം. പൊതുമേഖലയിലേത് മാത്രം. ബാക്കിയൊക്കെ നിൽക്കട്ടെ. 1991-1995-ൽ കെൽ-ൽ 300 ആളുകളെ നിയമിച്ചു. പരസ്യംപോലും കൊടുത്തില്ല. മലബാർ സിമെന്റ്സിൽ 98 പേരെ നിയമിച്ചു. പരസ്യം പോലും കൊടുത്തില്ല. ബാംബു കോർപ്പറേഷനിൽ 11 പേരെ നിയമിച്ചു. പരസ്യം കൊടുത്തില്ല. ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സിൽ 90 പേരെ നേരിട്ട് നിയമിച്ചു. കെ.എം.എം.എൽ.-ൽ 179 പേരെ നിയമിച്ചതിൽ 48 പേരെ നേരിട്ട് നിയമിച്ചു. ബാക്കി ആശ്രിത നിയമനമാണ് നടത്തിയിരിക്കുന്നത്. ഇനി സ്ഥിരപ്പെടുത്തിയ കാര്യം. ഉമ്മൻചാണ്ടി സാറിന്റെ അവസാനത്തെ കാബിനറ്റിൽ കെ.എം.എൽ.-ൽ ഒറ്റയടിക്ക് 603 പേരെ വർക്കർ തസ്തികയിൽ സ്ഥിരപ്പെടുത്തി.

പ്രതിപക്ഷ നേതാവ് (ശ്രീ. ഉമ്മൻ ചാണ്ടി) : അവിടെ എടുത്തിട്ടുള്ള വർക്കേഴ്സ് എല്ലാ യൂണിയൻകാരും ഉൾപ്പെട്ടതാണ്. .....(ബഹളം)..... അവരെ സ്ഥിരപ്പെടുത്തുന്നതിന് മുൻകയ്യെടുത്തത് ഞാനാണ്. എന്റെ ഒരു ബന്ധുവും അവിടെ കയറിയിട്ടില്ല. ഞാൻ പറഞ്ഞിട്ടുള്ള ഒരാളും കയറിയിട്ടില്ല. എല്ലാം അറിയുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ഡോ. ടി. എം. തോമസ് ഐസക്: വെരി ഗുഡ് ഒരു വർക്കർ കോൺട്രാക്ട് അടിസ്ഥാനത്തിലോ അല്ലാതയോ ഒരു പത്തുവർഷം ജോലി ചെയ്താൽ, അല്ലെങ്കിൽ അഞ്ചുവർഷം ജോലി ചെയ്താൽ എല്ലാ ട്രേഡ് യൂണിയനുകളും സംയുക്തമായി ആവശ്യപ്പെടും. തൊഴിൽ സ്ഥിരത എന്നു പറയുന്നത് അവരുടെ അവകാശമാണ്. അല്ലാതെ ഡെയ്‌ലി വേജസായി നിറുത്തുവാൻ ആകുകയില്ല. അവിടുത്തെ ഫാക്ടറിയിൽ വർക്കറിനെ എടുക്കുന്നത് പി.എസ്.സി. വഴി അല്ല. അതുകൊണ്ട് അങ്ങയുടെ അടുത്തുവന്ന് എല്ലാ ട്രേഡ് യൂണിയനുകളും പറഞ്ഞതുപോലെതന്നെ ഓരോ സ്ഥലത്തുനിന്നും ഞങ്ങളെ സ്ഥിരപ്പെടുത്തണം എന്ന് ആവശ്യപ്പെടും. പി.എസ്.സി.-ക്ക് വിട്ട സ്ഥാപനമാണെങ്കിൽ അത് വേറെ കേസ്സാണ്. പി.എസ്.സി.-ക്ക് വിടാത്ത കോൺട്രാക്ട് അടിസ്ഥാനത്തിൽ പണിയെടുക്കുന്ന ഫാക്ടറിയിലൊക്കെയുള്ള തൊഴിലാളിയുടെ അവകാശമാണ് സ്ഥിരപ്പെടുത്തണമെന്നത്.

പ്രതിപക്ഷ നേതാവ് (ശ്രീ. ഉമ്മൻചാണ്ടി): അങ്ങ് കെ.എം.എം.എൽ.-ലെ വർക്കർമാരെ സ്ഥിരപ്പെടുത്തിയതും ശ്രീ. വിഷ്ണുനാഥ് ഇവിടെ പറഞ്ഞ അഴിമതി ആരോപണവും തമ്മിൽ ഒന്നിപ്പിക്കരുത്. ശ്രീ. പി. സി. വിഷ്ണുനാഥ് പറഞ്ഞത്, എട്ട് പൊതുമേഖലാ സ്ഥാപനങ്ങളിലേക്ക് പുതിയ തസ്തികകൾ സൃഷ്ടിച്ച് നടത്തുന്ന നിയമനങ്ങൾ സംബന്ധിച്ചാണ്. അല്ലാതെ വർഷങ്ങളായി അവിടെ ജോലി ചെയ്യുന്ന ആളുകളെ സ്ഥിരപ്പെടുത്തുന്നതോ മറ്റ് കാര്യങ്ങളോ സംബന്ധിച്ചല്ല. അതിനകത്ത് അഴിമതി ഉണ്ട്, സ്വജന പക്ഷപാതം ഉണ്ട്. കമ്മ്യൂണൽ റൊട്ടേഷൻ പാലിച്ചിട്ടില്ല. ഈ വക പരാതികളാണ് ശ്രീ. പി. സി. വിഷ്ണുനാഥിന്റെ ഭാഗത്തുനിന്നും ഉയർന്നു വന്നിട്ടുള്ളത്. അതും കെ.എം.എം. എൽ-ൽ നടന്ന സ്ഥിരപ്പെടുത്തലും തമ്മിൽ ഒരിക്കലും താരതമ്യപ്പെടുത്തരുത്.

ഡോ. ടി. എം. തോമസ് ഐസക്: കെഎംഎംഎൽ, അവസാനം പറഞ്ഞല്ലേ. അതിനു മുൻപ് ഞാൻ പറഞ്ഞ കേസുകളുണ്ടല്ലോ. അതൊക്കെ പുതിയ നിയമനങ്ങളാണ്. .....(ബഹളം)..... ഞാൻ നേരത്തെ വായിച്ചത്. കെൽ-ൽ 300 ആളുകളെ പരസ്യം പോലും ചെയ്യാതെ എടുത്തു. മലബാർ സിമന്റ്സിൽ 96 പേരെ പരസ്യം പോലും ചെയ്യാതെ എടുത്തു; ബാംബു കോർപ്പറേഷനിൽ 11 പേരെ എടുത്തു. ട്രാവൻകൂർ പ്രോഡക്ട്സിൽ 90 പേരെ നേരിട്ട് നിയമിച്ചു. ഇതെല്ലാം പുതിയ നിയമനമാണ്. അല്ലാതെ പഴയ ആളുകളെ സ്ഥിരപ്പെടുത്തുന്ന കാര്യമല്ല.

ശ്രീ. ഉമ്മൻ ചാണ്ടി: അങ്ങ് ആദ്യം വായിച്ചതിനകത്ത് ടൈറ്റാനിയത്തിന്റെ കാര്യം കൂടി വായിച്ചു. ഇപ്പോൾ അത് വായിച്ചില്ല. ടൈറ്റാനിയം ഇല്ലേ?

ഡോ. ടി. എം. തോമസ് ഐസക്: ടൈറ്റാനിയം പ്രോഡക്ട്സിൽ 90 പേരെ നേരിട്ട് നിയമിച്ചു.

ശ്രീ. ഉമ്മൻ ചാണ്ടി: അവിടത്തെ പരിസ്ഥിതി പ്രശ്നങ്ങളുമായി ബന്ധപ്പെട്ട് സമീപവാസികളെ ...(ബഹളം)... നിയമിക്കണമെന്ന് കരാറിൽ വ്യവസ്ഥയുണ്ട്. അതനുസരിച്ചാണ് ആളുകളെ എടുത്തത്. അതും നിങ്ങൾ ഇപ്പോൾ ഈ അഴിമതി നിയമനം നടത്തുന്നതും തമ്മിലുള്ള ബന്ധമെന്താണ്?

LIBRARY ARCHIVES Kerala Legislative Assembly

ഡോ. ടി. എം. തോമസ് ഐസക്: എല്ലാവർക്കും മനസ്സിലാകുന്നുണ്ട് ബന്ധങ്ങൾ.

ശ്രീ. വി. ശിവൻകുട്ടി: 90 പേരെ ട്രാവൻകൂർ ടൈറ്റാനിയം ഫാക്ടറിയിൽ എടുത്തപ്പോൾ പ്രാദേശികമായി പരിഗണന കൊടുത്തില്ലെന്നും പുറം വാതിൽ നിയമനം നടത്തി എന്നും പറഞ്ഞ് ആഴ്ചകളോളം നീണ്ടുനിന്ന സമരം അവിടെ നടന്നിട്ടുണ്ട്. ഞാൻ വ്യക്തമായി പറയുകയാണ്. ഞാൻ തീർത്തും ബോദ്ധ്യപ്പെടുത്തുകയാണ്.

ശ്രീ. കെ. ശിവദാസൻ നായർ: ഞാൻ നേരത്തെ സപ്ലിമെന്ററി ഡിമാന്റിന്റെ ചർച്ചാ വേളയിൽ ചക്രവട്ടം പദ്ധതി നടത്തിപ്പിന് 15 കോടി രൂപ യാതൊരുവിധമായ ടെണ്ടർ നടപടികളും ഇല്ലാതെ പണികൾ അലോട്ട് ചെയ്തിരിക്കുന്നു എന്ന കാര്യം പറഞ്ഞിരുന്നു. അത് സംബന്ധിച്ച് അങ്ങയുടെ ഒരു വിശദീകരണം കിട്ടിയാൽ നന്നായിരുന്നു.

ഡോ. ടി. എം. തോമസ് ഐസക്: ഞാനത് പറയാം. ഞാൻ പറഞ്ഞ് തീർക്കാതെ നിർത്തുകയില്ല. ഞങ്ങൾ യുദ്ധകാലാടിസ്ഥാനത്തിൽ ഒറ്റ വർഷത്തിനുള്ളിൽ 8 ഫാക്ടറികൾ തുറക്കാൻ തീരുമാനിക്കുന്നു. അതിനു വേണ്ടി പോസ്റ്റ് ക്രിയേറ്റ് ചെയ്യുന്നു. ആ പോസ്റ്റ് വർക്കർ കാറ്റഗറിയായതിനാൽ പി.എസ്.സി.-ക്ക് കൊടുക്കേണ്ടതില്ല. ഹൈക്കോടതി പോലും അംഗീകരിച്ചിട്ടുണ്ട്. സുതാര്യമായ രീതിയിൽ കേരള സ്റ്റേറ്റ് പ്രൊഡക്ടിവിറ്റി കൗൺസിൽ, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പേഴ്സണൽ മാനേജ്മെന്റ്, കിറ്റ്കോ എന്നിവർ പരസ്യം നൽകി. ഏതാണ്ട് ഒന്നര ലക്ഷത്തിൽപ്പരം പേർ പരീക്ഷയ്ക്കിരുന്നു. ...(ബഹളം)... ഐ.എം.ആർ. സിസ്റ്റമാണ്. എഴുത്തു പരീക്ഷയല്ല. ഈ അംഗീകൃത സ്ഥാപനങ്ങൾ പരീക്ഷ നടത്തി. ഇന്നിപ്പോൾ ഓരോരുത്തർക്കും കിട്ടിയ മാർക്ക് അവരവരുടെ വെബ്സൈറ്റിലുണ്ട്. ആർക്കെങ്കിലും ആക്ഷേപമുണ്ടെങ്കിൽ ആ ആക്ഷേപം ഉന്നയിക്കാം. പരിശോധിക്കാം. ...(ബഹളം)... അങ്ങനെയാണെങ്കിൽ.... നിങ്ങളുടെ മോഹം എന്താണെന്നറിയാം. ഈ ഫാക്ടറികൾ തുറക്കരുത്. 1800 പേർക്ക് വി.ആർ.സ്. കൊടുത്തുവിട്ട പാരമ്പര്യത്തിന്റെ ഉടമകളാണ് നിങ്ങൾ. ഞങ്ങൾക്കൊരു വാശിയുണ്ട്. നിങ്ങൾ പിരിച്ചുവിട്ടതിനേക്കാൾ കൂടുതൽ ആളുകളെ ഞങ്ങൾ ഫാക്ടറിയിൽ നിയമിക്കും. അതുകൊണ്ട് ശ്രീ. പി. സി. വിഷ്ണുനാഥ് കാടടച്ച് വെടിവയ്ക്കരുത്. ഒരു നിയമനത്തിന് അഞ്ച് ലക്ഷം രൂപ വച്ച് വാങ്ങിച്ചു എന്നു പറഞ്ഞല്ലോ; ഒരു സ്പെസിഫിക് കേസ് എടുത്തു പറയൂ. അല്ലാതെ "അഞ്ച് ലക്ഷം രൂപ, 1190 എന്നല്ല" ഒരു സ്പെസിഫിക് കേസ് ഓഫ് അഡിഗേഷൻ, ഏതെങ്കിലും ഒരു സ്ഥലത്തു നിന്ന് കാശ് വാങ്ങിയിട്ടുണ്ട്. ഇയാൾ ടെസ്റ്റ് എഴുതിയിട്ട് മാർക്ക് കൊടുക്കാതെ മാറ്റി നിർത്തി, മറ്റൊരാളിന് നിയമനം കൊടുത്തു എന്നുള്ളതിന് നിങ്ങൾ ഒരു സ്പെസിഫിക് കേസ് കൊണ്ടുവന്നാൽ അന്വേഷിക്കാം. അങ്ങനെ ഒന്ന് കൊണ്ടുവരാൻ അങ്ങേക്ക് കഴിഞ്ഞില്ലെങ്കിൽ മാപ്പ് പറയേണ്ടിവരും. നിങ്ങളുടെ ആരോപണത്തിന്റെ പരിഹാസ്യത എന്താണെന്ന് വച്ചാൽ ഇന്നാണ് ടെസ്റ്റിന്റെ ഫലം പ്രസിദ്ധീകരിക്കുന്നത്. ഇന്റർവ്യൂ ടൈമിലോ മറ്റോ വാങ്ങിച്ചു എന്നു പറഞ്ഞാൽ മനസ്സിലാക്കാം. ടെസ്റ്റ് എഴുതുന്നതിന് മുമ്പ്, അപേക്ഷ കൊടുക്കുമ്പോൾ തന്നെ അഞ്ച് ലക്ഷം രൂപാ വച്ച് വാങ്ങിക്കുക എന്നു പറഞ്ഞാൽ, എങ്ങനെയാണ് ഇങ്ങനെയൊക്കെ ഉന്നയിക്കാൻ പറ്റുന്നത്. ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. സി. വിഷ്ണുനാഥ് : ഞാൻ അതിൽ ഉറച്ച് നിൽക്കുകയാണ്. അങ്ങ് ഒരു കാര്യം മനസ്സിലാക്കണം. 9 പൊതുമേഖലാ സ്ഥാപനങ്ങളിലേക്ക് എന്റെ കയ്യിലുള്ളത് ഒരു അഡ്മിറ്റ് കാർഡാണ്. ഇതുപോലുള്ള നൂറു കണക്കിന് അഡ്മിറ്റ് കാർഡുകൾ അങ്ങയുടെ കയ്യിൽ നേരിട്ട് കൊണ്ടു തരാം. ഈ അഡ്മിറ്റ് കാർഡ് എന്നു പറയുന്നത് 5-ാം തീയതി പരീക്ഷയ്ക്കുള്ള കാർഡാണ്. ഫസ്റ്റ് ക്ലാസിൽ ബി.ടെക് പാസായ രാജേഷ് എന്നു പറയുന്ന ഒരു കുട്ടിയുടെ അഡ്മിറ്റ് കാർഡാണ്. ഈ കുട്ടിക്ക് അഡ്മിറ്റ് കാർഡ് കിട്ടുന്നത് 7-ാം തീയതിയാണ്. ഒരാൾക്കല്ല. നൂറു കണക്കിനാളുകൾക്ക്. ...(ബഹളം)... മൂന്ന് സ്ഥാപനത്തിലേക്ക് അപേക്ഷിച്ച ആളുകൾക്ക് അഡ്മിറ്റ് കാർഡ് അയച്ചത് രാവിലെ പത്ത് മണിക്ക് ആലപ്പുഴ, പതിനൊന്ന് മണിക്ക് എറണാകുളത്ത്, എന്നിങ്ങനെയാണ്. റിസൾട്ട് ഇന്ന് വരുന്നതേയുള്ളൂ. എന്ന് അങ്ങ് പറഞ്ഞു. അഡ്മിറ്റ് കാർഡ് അയച്ചതിൽ ആലപ്പുഴയിൽ പരീക്ഷയുടെ ചോദ്യപേപ്പർ ചോർന്നു മാതൃഭൂമി, മനോരമ തുടങ്ങിയ പ്രധാനപ്പെട്ട പത്രങ്ങളിൽ വാർത്ത വന്നിട്ടുണ്ട്. പ്രൊഡക്ടിവിറ്റി കൗൺസിൽ പരീക്ഷ നടത്തി എന്നാണ് പറയുന്നത്. ശ്രീ. എളമരം കരീം ചെയർമാനായ പ്രൊഡക്ടിവിറ്റി കൗൺസിൽ ടെസ്റ്റ് നടത്തിയിട്ട് അഴിമതി നിയമനം നടത്തുകയാണ്. ഞാൻ ഒരിടത്തും മാപ്പു പറയാൻ തയ്യാറല്ല. തെളിയിക്കാൻ തയ്യാറാണ്. ഞാൻ തെളിയിച്ചുകൊള്ളാം.

ശ്രീ. പി. സി. ജോർജ് : ഈ നിയമനമൊക്കെ വളരെ സുതാര്യമാണെന്ന് അങ്ങ് പറഞ്ഞു. എല്ലാം അംഗീകരിച്ചുകൊണ്ട് ഞാൻ പോട്ടെ. കെഎംഎംഎൽ-ൽ നിലവിൽ വേക്കൻസിയുള്ള പോസ്റ്റിൽ നിയമിച്ചാൽ പോരെ ? 2011 ഡിസംബർ 31-ാം തീയതി വരെ വരാൻ പോകുന്ന വേക്കൻസി കണക്കാക്കി നിയമനം നടത്തുന്നതിന്റെ മര്യാദയെന്താണ്. ?

ഡോ. തോമസ് ഐസക് : ഓരോ പാർട്ട് ചോദിച്ചാൽ പറയാൻ പറ്റത്തില്ല. നാളെപ്പറയാം. കെ.എസ്.സി.പി.-യുടെ കഥ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ഉന്നയിച്ചത് നന്നായി. 2004-05-ൽ 24 ലക്ഷം രൂപയുടെയും 2005-06-ൽ ഏതാണ്ട് 30 ലക്ഷം രൂപയുടെയും ഉൽപാദനമുള്ള ഈ പൊതുമേഖലാ സ്ഥാപനത്തിൽ നിന്നും ആകെ ചോദിച്ചത് എന്താണെന്ന് അറിയാമോ ? രണ്ട് മൂന്ന് കോടി രൂപയുടെ മരുന്നു സർക്കാർ വാങ്ങണമെന്നും ആ പണം അഡ്വാൻസ് തരണമെന്നും ആവശ്യപ്പെട്ടതല്ലാതെ വേറൊന്നും ആവശ്യപ്പെട്ടിട്ടില്ല. ഈ ഫാക്ടറി ഞങ്ങൾ നടത്താം. പതിപാടി കൃത്യമായി എഴുതിക്കൊടുത്തു. ഒരു പൈസയുടെ ഓർഡർ തരാൻ കഴിവുണ്ടായില്ല. ആന്ധ്രയിലൊങ്ങോ ഉണ്ടാക്കുന്ന മരുന്ന് വാങ്ങിക്കാൻ ആരെയോ ചുമതലപ്പെടുത്തി. ആ സ്ഥാപനത്തിന്റെ ഇപ്പോഴത്തെ ഉൽപ്പാദനം എത്രയാണെന്നറിയാമോ ? ഈ വർഷം 31 കോടി രൂപയുടെ ഉൽപാദനമുണ്ട്. ആ ഫാക്ടറിയെക്കുറിച്ചാണ് ഇപ്പോൾ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ഉന്നയിച്ചത്. അങ്ങ് ആരോഗ്യ വകുപ്പുമന്ത്രി കൂടി ആയിരുന്ന സ്ഥിതിക്ക് ഇത് പറയാൻ പാടില്ലായിരുന്നു. ബീറ്റാലാക്ടം ഫാക്ടറി പഴയ വിറ്റാമിൻ പ്ലാന്റ് നടത്തുന്നു ....(ബഹളം)... ജി.എം.പി. സ്റ്റാന്റേർഡ്സിലുള്ള ഫാക്ടറി ഇപ്പോൾ എങ്ങനെയാണെന്ന് നോക്കണം. ജി.എം.പി. സ്റ്റാന്റേർഡ് എന്ന് പറയുമ്പോൾ, മൂന്നു നില കെട്ടിടത്തിൽ, ഒരു നിലയിൽ മാത്രം ഉൽപാദനം. മൂന്നാമത്തെ

നില എയർ ഡസ്റ്റ് എന്നിവ വലിച്ചെടുത്ത് ശുചീകരണത്തിനു വേണ്ടിയിട്ടുള്ളതാണ്. താഴെത്തെ നിലയിൽ റെസ്റ്റ് റൂമും കാര്യങ്ങളും. കയറിക്കഴിഞ്ഞാൽ വൈകുന്നേരം അല്ലാതെ പുറത്തിറങ്ങാൻ പറ്റില്ല. ഈ ബീറ്റാലാക്ടം ഫാക്ടറിയിലും ഇപ്പോൾ പണിയാൻ പോകുന്ന നോൺ ബീറ്റാലാക്ടം ഫാക്ടറിയിലും അതുപോലെ തന്നെയാണ് ഈ ബീറ്റാലാക്ടം ഫാക്ടറിയും ഉദ്ഘാടനം ചെയ്ത് മൂന്ന് വർഷത്തിനുള്ളിൽ അതിന്റെ ഉൽപാദനം 71 കോടി രൂപയായിരിക്കും. ഏതാണ്ട് ഇത്ര തന്നെയായിരിക്കും നോൺ ബീറ്റാലാക്ടം ഫാക്ടറിക്കും.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: എനിക്ക് അങ്ങയോട് ഒറ്റ ചോദ്യമേയുള്ളു. ലാഭമുണ്ടാകുന്നതൊക്കെ അവിടെ നിൽക്കട്ടെ. ഈ ഫാക്ടറി വിൽക്കുന്നതിനു വേണ്ടി ആലോചന നടന്നിട്ടുണ്ടോ; ...(ബഹളം)... ഈ ഫാക്ടറി വിൽക്കുന്നതിനു വേണ്ടിയുള്ള കരാറിലേക്ക് പോയിട്ടുണ്ടോ; ഈ ഫാക്ടറി കച്ചവടം ചെയ്യുന്നതിന് നാല് കോടി രൂപ വില നിശ്ചയിച്ചുകൊണ്ട്. ഒരു ബോംബെ കമ്പനിയുമായി ആലോചന നടന്നിട്ടുണ്ടോ? ഇല്ലെങ്കിൽ ആ വിവരം പറഞ്ഞാൽ മതി.

ഡോ. ടി. എം.തോമസ് ഐസക്: ഇനിയിപ്പോൾ അവിടെ ടാബ്‌ലറ്റും മറ്റും ഉണ്ടാക്കിക്കൊണ്ടിരിക്കുന്ന മെഷീനൊക്കെ സ്ക്രാപ്പ് ചെയ്യേണ്ടിവരും. സ്ക്രാപ്പ് ചെയ്യും. ....(ബഹളം)... ഭയങ്കര പുരോഗമനത്തിനും ആധുനികവത്ക്കരണത്തിനുംവേണ്ടി നിൽക്കുന്നവർ ആ പഴയ മെഷീൻ സ്ക്രാപ്പ് ചെയ്യും. വൈറ്റമിൻ എ പ്ലാന്റ് ലാഭകരമായി നടത്താൻ പറ്റില്ലെന്നുള്ള നിഗമനത്തിൽ എത്തിച്ചേർന്നു. അതിന്റെ അടിസ്ഥാനത്തിൽ രണ്ടു തവണ ഇത് ആരെങ്കിലും ലീസിന് എടുത്ത് നടത്താൻ പറ്റുമോയെന്ന് അന്വേഷിച്ചു നടന്നു. ഇല്ല. അതുകൊണ്ട് അത് സ്ക്രാപ്പ് ചെയ്യേണ്ടിവരും. പിന്നെങ്ങനെയാണ്? ഇതൊക്കെ ബിസിനസ് പ്ലാനിന്റെ ഭാഗമാണ്. 20 ലക്ഷം രൂപ നഷ്ടത്തിലോടിയിരുന്ന സ്ഥാപനം ഇപ്പോൾ 31 കോടി രൂപയുടെ ലാഭത്തിൽ നടക്കുന്നു. ....

4.00 PM]

അപ്പുറത്തുനിന്നും ആരോ പറഞ്ഞു ചക്രവട്ടം പദ്ധതിയ്ക്ക് പതിനാലോ പതിനഞ്ചോ കോടി രൂപയുടെ അഡീഷണൽ വർക്ക് ടെണ്ടർ വിളിക്കാതെ കൊടുത്തുവെന്ന്. ഞാൻ ഈ സഭയിൽ ചക്രവട്ടം പദ്ധതിയെക്കുറിച്ച് പറഞ്ഞു. ഒന്നര വർഷംകൊണ്ട് തീരുന്ന 186 കോടി രൂപയുടെ പദ്ധതി 6-ാം തീയതി ഉദ്ഘാടനം ചെയ്യാൻ പോകുകയാണ്. അതിന്റെ റെഗുലേറ്റർ പണിതു കഴിഞ്ഞപ്പോൾ മുമ്പ് ആലോചിക്കാതിരുന്ന ഒരു പുതിയ പ്രശ്നം വന്നു. ഈ റെഗുലേറ്ററിന്റെ രണ്ട് സൈഡിലുമുള്ള നദിയുടെ കര വലിയ തോതിൽ ഇടിയ്ക്കുകയും ഇടിഞ്ഞതിന്റെ ഫലമായി അവിടെ നാട്ടുകാരെല്ലാം കക്ഷിഭേദമന്യേ അടിയന്തരമായി പ്രൊട്ടക്ഷൻ വേണമെന്ന് ആവശ്യപ്പെടുകയും ചെയ്തു. നമ്മുടെ ഒറിജിനൽ വർക്കിൽ ഇത് എൻവിസേജ് ചെയ്തിട്ടില്ല. അഡീഷണൽ വർക്കറായി കരാർ കൊടുത്ത തീയതിയിലെ റേറ്റ് പ്രകാരമുള്ള എസ്റ്റിമേറ്റ് തുകയ്ക്ക് അതും ചെയ്യുന്നു. പിന്നല്ലാതെ എന്തു ചെയ്യണം? അല്ലാതെ ഈ പണി നിർത്തിവയ്ക്കണമെന്ന് ശ്രീ. ശിവദാസൻ നായർക്ക് മോഹമുണ്ടാകും. ഈ പണി നിർത്തിവച്ച് രണ്ടാമത് ടെണ്ടർ വിളിച്ച് ഒന്നര വർഷവും രണ്ടു വർഷവും നീട്ടിക്കൊണ്ടു പോകാതെ ഇതാണ് ചെയ്തത്. അവസാനം ലോട്ടറി പിന്നെ ഇന്നലത്തെ അടിയന്തര പ്രമേയം അതുംകൂടി പറഞ്ഞിട്ട് അവസാനിപ്പിക്കാം.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ : സമയം ഒരുപാടായി.

ഡോ. ടി. എം. തോമസ് ഐസക് : ലോട്ടറി ആയതുകൊണ്ടാണ് .....(ബഹളം)..... പ്രതിപക്ഷ നേതാവ് ഇന്നലെ ചില ചോദ്യങ്ങൾ ചോദിച്ചത് അതിന് മറുപടി പറയേണ്ട ? വേണ്ടെങ്കിൽ വേണ്ട.... (ബഹളം)... ഞാൻ അതു സംബന്ധിച്ച് ഒരു സ്റ്റേറ്റുമെന്റ് ഒരു സഭയിൽ നടത്താൻ ഉദ്ദേശിക്കുകയാണ്.

മി. സ്പീക്കർ : മേശപ്പുറത്ത് വച്ചാൽ മതി.

ഡോ. ടി. എം. തോമസ് ഐസക് : സർ, ഇന്നലെ പ്രതിപക്ഷം ഇവിടെ നിന്ന് ഇറങ്ങിപ്പോക്ക് നടത്തിയതിനുശേഷം ഇവിടെ മുഖ്യമന്ത്രി പറഞ്ഞതല്ല ശരി, കേന്ദ്രത്തോട് നടപടിയെടുക്കാൻ ആവശ്യപ്പെടുകയല്ല, മറിച്ച് സി.ബി.ഐ.-യെ കൊണ്ട് അന്വേഷിപ്പിക്കാനാണ് ആവശ്യപ്പെടുന്നത് എന്നു പറഞ്ഞു. ആ പാരഗ്രാഫിൽ രണ്ടും പറയുന്നുണ്ട്. ആദ്യം പറയുന്നത് ഇവരുടെ ലോട്ടറി നടത്തിപ്പ് അടിയന്തരമായി സ്റ്റോപ്പ് ചെയ്യണം. അവർ തെറ്റ് ചെയ്തിരിക്കുന്നു. തിരുത്തി എല്ലാം റെഡിയാകുമ്പോൾ അപ്പോൾ ആലോചിക്കാം. ഇന്നിപ്പോൾ നടപടി എടുക്കണം. രണ്ടാമത് സംസ്ഥാന സർക്കാർ ഉന്നയിച്ചിട്ടുള്ള പ്രശ്നങ്ങൾ സംബന്ധിച്ച് എൻ.ഐ.എ. സി.ബി.ഐ. ഇതിൽ ഉചിതമായ ഏജൻസിയെക്കൊണ്ട് അന്വേഷണം നടത്തണം. സംസ്ഥാന സർക്കാർ ഉന്നയിച്ചിട്ടുള്ള ആവശ്യം സംബന്ധിച്ച് അതിൽ ഒരു പാരഗ്രാഫ് എഴുതിവച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് മുഖ്യമന്ത്രിയായിരിക്കുന്നതിന് മുമ്പുള്ള കാലം 2006 മുതൽ ഇന്നുവരെ 15 കത്തുകൾ ആകെക്ഷപമായി കേന്ദ്രത്തിന് കൊടുത്തിട്ടുണ്ട്. ഇത് എൽ.ഡി.എഫ്./യു.ഡി.എഫ്. വ്യത്യാസമില്ലാത്ത കേരളത്തിലെ സർക്കാരുകൾ ഒരേ രീതിയിൽ പറഞ്ഞിട്ടുള്ള കാര്യങ്ങളാണ്. അതിൽ പറഞ്ഞ പ്രശ്നങ്ങൾ എന്തുകൊണ്ട് നടപ്പായില്ല എന്നു ചോദിക്കുമ്പോൾ മുഖ്യമന്ത്രി ഇന്നലെ പറഞ്ഞതുപോലെ, ഇങ്ങനെ അന്വേഷണം നടത്താൻ കേന്ദ്രത്തിന് താൽപര്യമുണ്ടാകില്ല. കാരണം പ്രതിസ്ഥാനത്ത് കേന്ദ്ര സർക്കാരാണ്. മണിക് സുബ്രയുടെ പാർട്ടിയായിരിക്കും പ്രതിസ്ഥാനത്ത് നിൽക്കുക. അല്ലാതെ ശ്രീ. വി. എസ്. അച്ചുതാനന്ദനും ഞാനുമല്ല.

ശ്രീ. ഉമ്മൻ ചാണ്ടി : മുഖ്യമന്ത്രി പറഞ്ഞിരിക്കുന്നത്, കഴിഞ്ഞ നാല് വർഷക്കാലമായി 80,000 കോടി രൂപയുടെ തട്ടിപ്പാണ് കേരളത്തിലെ ജനങ്ങൾക്ക് നേരിടേണ്ടി വന്നിട്ടുള്ളതെന്നാണ്. അവസാനത്തെ പാരഗ്രാഫിൽ രണ്ടു കാര്യങ്ങൾ പറയുന്നുണ്ട്. ഒന്ന്, അങ്ങ് പറഞ്ഞതുപോലെ ഇതിന് എതിരായിട്ടുള്ള നിയമ നടപടികൾ കേന്ദ്ര ഗവൺമെന്റ് സ്വീകരിക്കണം. അതാണ് നമ്മുടെ ഓർഡിനൻസിന് ഏറ്റവും അനുകൂലമായിട്ടുള്ള അഫിഡവിറ്റ് കേന്ദ്ര ഗവൺമെന്റ് കൊടുത്തത്. ഈ ലോട്ടറി മാഫിയക്കാർ കോടതിയിൽ കൊടുത്തത് കേന്ദ്ര നിയമമാണ്. സംസ്ഥാന ഗവൺമെന്റിന് ഒരു നിയമം അതിനിടയിൽ കൊണ്ടുവരാൻ അവകാശവും അധികാരവുമില്ല. കേന്ദ്രം പറഞ്ഞത്. സംസ്ഥാന ഗവൺമെന്റിന് അധികാരമുണ്ട്. സംസ്ഥാന ഗവൺമെന്റ് ഓർഡിനൻസ്

LIBRARY ARCHIVES Kerala Legislative Assembly

കൊണ്ടുവന്ന നടപടി ശരിയാണ്. സംസ്ഥാന ഗവൺമെന്റിനെ പൂർണ്ണമായി സപ്പോർട്ട് ചെയ്തുകൊണ്ടുള്ള നിലപാട് കോടതിയിലെടുത്തു. ഇന്ന് നമ്മുടെ നാട്ടിൽ ഒരു ടിക്കറ്റുപോലും വിൽക്കുന്നില്ല. സംസ്ഥാനം ഗവൺമെന്റ് ഓർഡിനൻസ് കൊണ്ടുവന്നു. അതിനെ കേന്ദ്ര ഗവൺമെന്റ് സപ്പോർട്ട് ചെയ്തു. ഇത് എന്തുകൊണ്ട് നേരത്തെ ചെയ്തില്ലെന്നുള്ളതാണ് മുഖ്യമന്ത്രിയുടെ ചോദ്യം അത് നിങ്ങൾ മനസ്സിലാക്കണം.

ഡോ. ടി. എം. തോമസ് ഐസക്: അങ്ങ് ചോദിച്ചതിന് ഓരോന്നിനായി മറുപടി പറയാം. കേരളത്തിൽ 80,000 കോടി രൂപയുടെ തട്ടിപ്പ് ഉണ്ടായി എന്നു പറഞ്ഞു. വിജിലൻസ് റിപ്പോർട്ട് കൊടുത്തത്. 36,000 കോടി മുതൽ 80,000 കോടി രൂപ വരെ കഴിഞ്ഞ നാലര വർഷംകൊണ്ട് കേരളത്തിൽ ഉണ്ടാവാം. അതിനു മുമ്പുള്ള കാലത്തെ കണക്ക് ഞാൻ കൂട്ടി നോക്കി ഇൻഡ്യാ രാജ്യത്ത് മൊത്തം 15 ലക്ഷം കോടി രൂപയുടെ ലോട്ടറി ടിക്കറ്റാണ് വിറ്റിരിക്കുന്നത്. ഇതിന് ഉത്തരവാദി ഈ മണിക് സുബ്ബയാണ്. അദ്ദേഹം നിങ്ങളുടെ പാർട്ടിയുടെ നേതാവായിരുന്നു. ആ പാർട്ടിയുടെ ഒത്താശയോടെയാണ് ഈ പതിനഞ്ച് ലക്ഷം കോടി രൂപയുടെ ടിക്കറ്റ് ഇൻഡ്യ വിറ്റിരിക്കുന്നത്. ഇവർക്കെതിരായി സി.ആന്റ് എ.ജി.-യുടെ റിപ്പോർട്ട് ഉണ്ടായി. ഇവർക്കെതിരായി നിങ്ങളും ഞങ്ങളും എല്ലാവരും കത്ത് അയച്ചു. ചെയ്യേണ്ടതൊക്കെ ചെയ്യുമെന്ന് പറയുന്നു. ഇന്നിപ്പോൾ സിക്കിം സർക്കാരുമായി ചർച്ച നടക്കുകയാണ്. ഇത്രയും കൊല്ലത്തിനുശേഷം സിക്കിമിന്റെ മറുപടി ആകപ്പാടെ മുന്നേറ്റത്തിന് മാത്രമാണ്. മറുപടി കിട്ടാതെ നടപടിയിലേക്ക് നിങ്ങുകയല്ല. ഇന്നിപ്പോൾ ചർച്ചയ്ക്ക് വിളിച്ചിരിക്കുകയാണ്. മദ്ധ്യസ്ഥന്റെ റോളാണ്. കഴിഞ്ഞ മുന്നാല് വർഷത്തിനിടയിൽ മൂന്നു കോടതിവിധികളുണ്ടായിട്ടുണ്ട്. സിംഗിൾ ബഞ്ചിന്റെയും ഡിവിഷൻ ബെഞ്ചിന്റെയും. ഇപ്പോൾ ഓർഡിനൻസുമായി ബന്ധപ്പെട്ട് സിംഗിൾ ബെഞ്ചിന്റെ വിധി. മൂന്നു കോടതിയും പറഞ്ഞിരിക്കുന്നത് ഒന്നുതന്നെയാണ്. റെഗുലേറ്ററി അധികാരം കേന്ദ്ര സർക്കാരിന് മാത്രമാണ്. സംസ്ഥാന സർക്കാരിന് നികുതി പിരിക്കാനുള്ള അവകാശമേയുള്ളൂ. നികുതി പിരിക്കുന്ന നിയമംവച്ച് നിങ്ങൾ ലോട്ടറി റെഗുലേറ്റ് ചെയ്യാൻ നോക്കേണ്ടതില്ല. ഇങ്ങനെയൊക്കെ കോടതി വിധിച്ചിട്ടും നിയമം എങ്ങനെയായാലും, ഏതെല്ലാം രീതിയിൽ ഇടപെടാൻ പറ്റുമോ, എന്തെല്ലാം രീതിയിൽ ലോട്ടറി മാഫിയയെ ചെക്ക് ചെയ്യാൻ പറ്റുമോ ; അതെല്ലാം നോക്കും. നിങ്ങൾ ഡി.എം.കെ.-യുടെ വലിയ സുഹൃത്താണ് നിങ്ങൾ എന്ത് സഹായം ചെയ്തുകൊടുത്താലും എങ്ങനെയൊക്കെ തടയാൻ പറ്റുമോ അതൊക്കെ ഞങ്ങൾ നോക്കും. ഇപ്പോൾ ഡിവിഷൻ ബഞ്ചിൽ കേസ്സ് വന്നിരിക്കുകയാണ്. കേന്ദ്ര സർക്കാർ കൊടുത്തിരിക്കുന്ന അഫിഡവിറ്റിൽ കേന്ദ്ര സർക്കാർ നടപടിയെടുക്കണമെന്ന് ആവശ്യപ്പെടണം. നമ്മുടെ മുൻ കേന്ദ്ര സർക്കാരിനാണ് ചുമതല. കാരണം, കോടതി വിധികൾ പറയുന്നു, കേന്ദ്ര സർക്കാർ പറയുന്നു, ഇങ്ങനെ കോടതി വിധിക്കാൻ പാടില്ല. നിങ്ങൾക്ക് രാഷ്ട്രീയമായ നിലപാടുണ്ടെങ്കിൽ ഞങ്ങൾ നോക്കും. ഞങ്ങൾ പരിശോധിക്കും. ഞങ്ങൾ തീരുമാനമെടുക്കും എന്നല്ല പറയേണ്ടത്. കോടതിയിൽ കേന്ദ്ര സർക്കാർ അതിനെ എതിർത്തിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഉമ്മൻ ചാണ്ടി: ഇങ്ങനെ കാര്യങ്ങൾ തെറ്റിദ്ധരിപ്പിക്കുന്നത് ശരിയല്ല. ഓർഡിനൻസ് വന്നപ്പോഴാണ് സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം കേന്ദ്ര ഗവൺമെന്റിന്റെ സപ്പോർട്ട് വേണ്ടി വന്നത്. വളരെ വ്യക്തമായ അഫിഡവിറ്റ് കേരള ഹൈക്കോടതിയിൽ കേന്ദ്ര ഗവൺമെന്റ് കൊടുത്തു. സംസ്ഥാന ഗവൺമെന്റിന് നിയമം കൊണ്ടുവരാനുള്ള അധികാരമുണ്ടെന്ന് അഫിഡവിറ്റ് കൊടുത്ത കേന്ദ്ര ഗവൺമെന്റ് ഒരു വശത്ത്, ഇപ്പോൾ നിങ്ങൾ പറയുന്നു. സംസ്ഥാന ഗവൺമെന്റിന് റെഗുലേറ്റ് ചെയ്യാൻ അധികാരമുണ്ട്. നിരോധിക്കാൻ അധികാരമില്ല എന്ന്. റെഗുലേറ്റ് ചെയ്യാൻ അധികാരമുണ്ട്.. പക്ഷേ ആ അധികാരം ഉപയോഗിക്കാതെ സാന്റിയാഗോ മാർട്ടിനിൽ നിന്നും ദേശാഭിമാനിക്ക് രണ്ട് കോടി രൂപ വാങ്ങി കൈരളിയുടെ ലൈവ് പരസ്യവും വാങ്ങി ഇരുന്നിട്ട് ഇത് പറയാൻ നാണമില്ലേയെന്ന് ഞാൻ ചോദിക്കുകയാണ്.

ഡോ. ടി. എം. തോമസ് ഐസക്: സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന് നാണം എന്ന വികാരമുണ്ടോ? 16 ലക്ഷം കോടി രൂപയ്ക്കാണ് വിറ്റത്. എന്നിട്ട് കൊള്ളയടിക്കാൻ ഈ മാഫിയക്കാരെ അനുവദിക്കില്ല എന്ന് ....(തടസ്സം)..... മണിസുബ്ബയുടെ പാർട്ടിക്കാരായ ഇവർ ഇവിടെ വന്നിട്ട് പറയുകയാണ്. 2 ജി സ്പെക്ട്രത്തിന്റെ അഴിമതിക്കാർ എസ്. ബാൻഡിന്റെ അഴിമതിക്കാർ ...(തടസ്സം).... അഴിമതിക്കാരായ നിങ്ങൾക്ക് നാണമെന്ന വികാരമില്ല. ഇറങ്ങിപ്പോകണം....(ബഹളം)...

(ധനകാര്യ വകുപ്പുമന്ത്രിയുടെ മറുപടിയിൽ പ്രതിഷേധിച്ച് പ്രതിപക്ഷം തുടർന്നും ശേഷിക്കുന്ന സഭാനടപടികൾ ബഹിഷ്കരിച്ചു.)

മി. സ്പീക്കർ: യെസ്, ബഹുമാനപ്പെട്ട മിനിസ്റ്റർ.....

ഡോ. ടി. എം. തോമസ് ഐസക്: സർ, ഈ വോട്ട് ഓൺ അക്കൗണ്ട് പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: സർവ്വശ്രീ. എ. എ. ഷുക്കൂർ, കെ. സി. ജോസഫ്, കെ. ബാബു, തിരുവഞ്ചൂർ രാധാകൃഷ്ണൻ, ജി. കാർത്തികേയൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ അവതരിപ്പിച്ച ഭേദഗതികളെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഭേദഗതികൾ സഭ നിരാകരിച്ചു.....

വോട്ട് ഓൺ അക്കൗണ്ട് അനുവദിക്കുന്നത് സംബന്ധിച്ച ഉപക്ഷേപം പാസ്സാക്കണമെന്ന പ്രമേയത്തെ.....

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഉപക്ഷേപം പാസ്സായിരിക്കുന്നു. വോട്ട് ഓൺ അക്കൗണ്ടിനുള്ള ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.